# ചീക്കോട് ഗ്രാമപഞ്ചായത്ത്

# "വികസന രേഖ"



ഒമ്പതാം പദ്ധതി ജനകീയപദ്ധതി

# ചീക്കോട് ഗ്രാമപഞ്ചായത്ത്
# "വികസന രേഖ"



ഒമ്പതാം പദ്ധതി ജനകീയപദ്ധതി


ഗ്രാമപഞ്ചായത്ത്


AREA - 46.72 Sq Km
No WARD - 15
N
PHC
H
V
P
1
2
3
4
5
6
7
8
9
10
11
12
13
14
15
REFERENCE
panchayath boundary
ward
road (pwd)
river
high school
panchayath office
village oofice
p.h.c


N

# എഡിറ്റോറിയൽ ബോർഡ്

കെ. ബീരാൻഹാജി

കെ.എ.സഗീർ

അബ്ദുള്ള വാവൂർ

കെ.എം. മണിരഥൻ

പി.എ. അബ്ദുൽ അലി

കെ.വി. അബൂബക്കർ

എ. ചിത്രാംഗധൻ

സി. അബ്ദുറഹിമാൻ

# അദ്ധ്യായങ്ങളിൽ ..........


| | പേജ് |
|---|---|
| മുൻഭരണസാരഥികൾ | 7 |
| നിലവിലുള്ള ഭരണസമിതി | 8 |
| പഞ്ചായത്ത് ഒറ്റനോട്ടത്തിൽ | 9 |
| നിങ്ങളുടെഖി | 10 |
| ആമുഖം | 12 |
| അല്പം ചരിത്രം | 14 |
| ഭൂ-ജല-ജന പ്രകൃതി | 17 |
| കൃഷിയും ജലസേചനവും | 19 |
| മൃഗസംരക്ഷണവും മത്സ്യബന്ധനവും | 26 |
| വിദ്യാഭ്യാസം | 30 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 40 |
| വ്യവസായം | 53 |
| ഗതാഗതം-ഊർജ്ജം-മാർക്കറ്റ്-വാർത്താവിനിമയം | 59 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 72 |
| സംസ്കാരം | 84 |
| വനിത | 90 |
| സഹകരണം | 95 |
| പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം | 101 |
| വിഭവ സമാഹരണം | 109 |
| വികസനരേഖ തയ്യാറാക്കിയ മുഖ്യസംഘം | 112 |

# മുൻഭരണ സാരഥികൾ...



കൊലത്തിക്കൽ
ഉമ്മത് കുട്ടി ഹാജി
(1963-1974)



പി.കെ. മുഹമ്മദ്
(1974-1979)



എം. മുഹമ്മദ് കുട്ടി ഹാജി
(1979-1988, 1991-1995)

# നിലവിലുള്ള ഭരണസമിതി



പ്രസിഡന്റ്
കെ. ബിരാൻ ഹാജി



വൈസ്. പ്രസിഡന്റ്
കെ.സി.കെ. തങ്ങൾ



സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ
ടി. മാക്കാരുട്ടി

<u>മെമ്പർമാർ</u>

ടി. പുഷ്പവല്ലി

കെ.പി.ഖാദർ

കെ.പി. സൈതാലിക്കുട്ടി

കെ.പി. മുഹമ്മദാജി

എം.പി. ഖദീജ

സി. ശ്യാമള

പി.എ. മുഹമ്മദ്കുട്ടി

സി. സുബ്ബ രായൻ

ഇ.കെ. മൂസ്സ

സി. ഇന്ദിര

ഡി.ടി.മൂസ്സക്കുട്ടി

പി.ടി. ആസ്യ

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചീക്കോട് |
| ജില്ല | : | മലപ്പുറം |
| താലൂക്ക് | : | ഏറനാട് |
| പാർലിമെന്റ്മണ്ഡലം | : | മഞ്ചേരി |
| അസംബ്ലിമണ്ഡലം | : | മഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | അരീക്കോട് |
| വിസ്തീർണ്ണം: | : | 46.72 ച:കി.മി. |
| അതിരുകൾ: | | |
| വടക്ക് | : | ചാലിയാർ പുഴയും വാഴക്കാട് പഞ്ചായത്തും |
| തെക്ക് | : | കൊണ്ടോട്ടി, നെടിയിരുപ്പ് കുഴിമണ്ണപഞ്ചായത്തുകൾ |
| കിഴക്ക് | : | അരീക്കോട്, കുഴിമണ്ണപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | പുളിക്കൽ, വാഴക്കാട് പഞ്ചായത്തുകൾ |
| ഉൾപ്പെടുന്നവില്ലേജുകൾ | : | ചീക്കോട്, മുതുവല്ലൂർ |
| ജനസംഖ്യ | : | 42125 [1991 സെൻസസ്] |
| പു | : | 20836 |
| സ്ത്രീ | : | 21281 |
| വാർഡുകൾ | : | 15 |
| പ്രസിഡണ്ട് | : | കെ.ബീരാൻഹാജി |
| വൈ:പ്രസിഡണ്ട് | : | k.c.k. തങ്ങൾ |
| സ്റ്റാന്റിങ്കമ്മറ്റിചെയർമാൻ | : | ടി. മരക്കാരുട്ടി |

# നിങ്ങളോടായി.......

ഒരു താലൂക്കെന്ന് മുൻമുഖ്യമന്ത്രി സി.എച്ച് വിശേഷിപ്പിച്ച ഒരുപഞ്ചായത്ത്

വിസ്തീർണ്ണം 46.72 ച.കി.മി. ഉയർന്നുനിൽക്കുന്ന കുന്നും മലകളും,ജനസംഖ്യയിലും ഏറെമുന്നിൽ. ഭൂരിഭാഗവും കർഷകർ. വ്യവസായികവളർച്ചയിൽ ഏറെ പിന്നിൽ. ഗൾഫ് സ്വാധീനം വളരെ വിരളം തൊഴിൽ മേഖല അപൂർണ്ണം. വികസനത്തിനുകാതോർത്തു നിൽക്കുന്ന ഗ്രാമീണ ജനത. ബ്രിട്ടീഷ് ഭരണാധികാരികളുടെ അവഗണനകൾക്ക് വിധേയമായ ഒരു നിഷ്കളങ്കപ്രദേശം. സ്വാതന്ത്ര്യത്തിന് ജീവാർപ്പണം ചെയ്ത ഒരുപറ്റം ദേശഭക്തരുടെ ജന്മദേശം. ഉന്നതമായ സാംസ്കാരിക മൂല്യങ്ങളുടെ ഉറവിടം. അതാണീദേശം. അഥവാ ചീക്കോട് പഞ്ചായത്ത്.

1960-ൽ പഞ്ചായത്ത് നിലവിൽവരുമ്പോൾ വൈദ്യുതി, ഗതാഗതം, ആരോഗ്യം, വ്യവസായം തുടങ്ങിയരംഗങ്ങളിൽ പൂജ്യം. തെരഞ്ഞെടുക്കപ്പെട്ട ബോർഡ് നിലവിൽവരുന്നത് 1963ൽ. പ്രഥമസാരഥികൊലത്തിക്കൽമമ്മത് കുട്ടി ഹാജി. പതിനാറുവർഷങ്ങൾക്ക് ശേഷം 1979ൽ രണ്ടാമത്തെ ബോർഡ്. മൂന്നാമത്തെബോർഡ് 1987ൽ. മുൻഭരണസമിതികളുടെ തടുർച്ചയായി 1995 ഒക്ടോബർ 2ന് നിലവിലുള്ള ബോർഡ്.

പറയണമല്ലോ ഏറെ വികസനങ്ങൾ മേൽകാലയളവിൽ തുടങ്ങുകയും പൂർത്തികരിക്കുകയുംചെയ്തു. ഗതാഗതരംഗത്ത് കൊണ്ടോട്ടി-വാഴക്കാട് റോഡ്, അരീക്കോട്-വാഴ ക്കാട്, കുഴിമണ്ണ ഓമാനൂർ റോഡുകൾ, ആരോഗ്യരംഗത്ത് വിളയിൽ, ഓമാനൂർ ഹെൽത്ത് സെന്റുറുകൾ ഓമാനൂർ ഹോമിയൊ ആശുപത്രി. വിദ്യാഭ്യാസരംഗത്ത് ഒരു വി.എച്ച് എസ്.സി. ഒരു ഹൈസ്കൂൾ മറ്റു പന്ത്രണ്ട് പ്രൈമറി സ്കൂളുകൾ. വൈദ്യുതി മേഖലയിൽ വാവൂർ, വെട്ടുപ്പാറ, ചീക്കോട്, വിളയിൽ വൈദ്യുതീകരണം സാംസ്കാരിരംഗത്ത് വെട്ടുപാറമുണ്ടുക്കുളം സാംസ്കാരിക നിലയങ്ങൾ, മിനിസ്റ്റേഡിയങ്ങൾ, സാമൂഹ്യക്ഷേമരംഗത്ത്, ലക്ഷം വീട് കോളനികൾ, ഐ.എച്ച് ഡി.പി.കോളനികൾ, പൊതുശ്മാശനം, അംഗനവാടികൾ, കൃഷിഭവൻ, മൃഗാശുപത്രി, ഗ്രാമീണറോഡുകൾ വില്ലേജ്ഓഫീസുകൾക്ക് കെട്ടിടങ്ങൾ എന്നിവ പ്രത്യേകം എടുത്തുപറയാൻ പറ്റിയതാണ്. ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിച്ചു പ്രാധാനകരങ്ങൾ കെ. മമ്മദ്കുട്ടിഹാജി, പി.കെ. മുഹമ്മദ്സാഹിബു എം.മുഹമ്മദ്കുട്ടിസാഹിബ് എന്നീ മുൻസാരഥികൾ.

വികസനരംഗത്ത് ശ്രദ്ധേയമാണ് പുതിയകാലഘട്ടം വെളിച്ച വിപ്ലവം ഏഴുകരകളിലായി മൊത്തം നാലായിരിത്തിൽ പരം ഗാർഹികകണക്ഷനുകൾ. ആരോഗ്യരംഗത്ത് പ്രാധാനകേന്ദ്രങ്ങൾക്ക് കെട്ടിടം വിദ്യാഭ്യാസമേഖലയിൽ കാലങ്ങളോളമായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാവൂർ, മുതുവല്ലൂർ, ചീക്കോട് സ്കൂളുകൾക്ക് ഡി.പി.ഇ.പി. പദ്ധതിയിൽ കെട്ടിടം. സ്വയം തൊഴിലിനായി ഗ്രാമീണജനതക്ക് സാമ്പത്തിക സഹായം. സമ്പർണ്ണസാനിറ്റേഷൻ എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നാനൂറിൽപരം വീടുകൾക്കും കക്കൂസുകൾ, ഹരിജനങ്ങൾക്കും ദുർബ്ബലവിഭാഗങ്ങൾക്കും രാപ്പാർക്കാൻ വീടുകൾ, രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം കാണാൻ എൽ.ഐ.സി സഹായത്തോടെ തുടക്കംകുറിച്ച പത്തുകോടിരൂപയുടെ ചീക്കോട് വാട്ടർ സപ്ലൈസ്കീം. ഗതാഗതരംഗത്ത് കടങ്ങലൂർ ചാലിയാപുറം, വാവൂർ-മുണ്ടക്കൽ, പള്ളിപ്പുറായ-പുതിയേടത്ത് പറമ്പ്, മുണ്ടകുളം-പീടികക്കണ്ടി കുഴിമണ്ണ, മുതുവല്ലൂർ -ടീച്ചർ പടി, മുണ്ടംപറമ്പ്-വിളയിൽ, മൂച്ചിക്കൽ വലിയപറമ്പ് തുടങ്ങിയ റോഡുകൾ പൊതുമരാമത്ത് വകുപ്പ് എറ്റെടുക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയുംചെയ്തു, ഫ്ളഡ്സ്കീമിൽ, സി.എസ്.ആർ.ഐ, അൺടൈഡ് തുടങ്ങിയ പദ്ധതികളിൽ ഏതാനും ഗ്രാമീണ റോഡുകൾ പൂർത്തിയാക്കാൻ കഴിഞ്ഞു, ആരോഗ്യവ്യവസായികസെമിനാറുകൾ നടത്തി.

നമ്മുടെ വിസ്തൃതിയും ജനസംഖ്യയും, ഭൂമിശാസ്ത്രപരമായകിടപ്പും പരിഗണക്കുമ്പോൾ നാം ഇപ്പോഴും പിന്നിൽ! എറെപടവുകൾ കയറേണ്ടതുണ്ട് എങ്കിലെ ലക്ഷ്യസാക്ഷാത്ക്കാരമാവൂ. പദ്ധതിവിഹിതമായിലഭിക്കുന്ന 40ശതമാനം ഫണ്ടും മറ്റുമേഖലകളിൽനിന്നും ലഭിക്കുന്ന സഹായവും കൊണ്ട് മാത്രം ഇത് സാധ്യമല്ല. നമ്മുടെ പഞ്ചായത്തിലെ യുവതലമുറയുടെ കർമ്മശേഷി ഇവിടെ നിർണ്ണായകമാണ്. അതിനായി നമുക്കൊത്തൊരുമിക്കാം വികസന മാവട്ടെ നമ്മുടെ മുദ്രാവാക്യം. ജവഹർലാൽ നെഹറുവിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ് ''നമ്മുക്ക് ഉറങ്ങാറായിട്ടില്ല, ഉറങ്ങുന്നതിനു മുമ്പ് കാതങ്ങൾ താണ്ടാനുണ്ട് ചീക്കോട് പഞ്ചായത്തിന്റെ ഈവികസനരേഖപഞ്ചായത്ത് സെമിനാറിനുമുമ്പിൽ സമഗ്രമായചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കട്ടെ.

എന്ന്

കെ.ബീരാൻഹാജി

പ്രസിഡണ്ട്, ചീക്കോട് ഗ്രാമപഞ്ചായത്ത്



*"പ്രസംഗത്തിന്റെ കാലം കഴിഞ്ഞു,*
*ഇനി പ്രയത്നത്തിന്റെയും*
*വിയർപ്പിന്റെയും കാലമാണ്"*

- മോഹൻദാസ് കരം ചന്ദ് ഗാന്ധി

# ആമുഖം

1215 ജൂൺ 15 ന് ഇംഗ്ലണ്ടിലെ ജോൺരാജാവ് അവിടത്തെ മാടമ്പിമാർ താല്പര്യപ്പെട്ടതനുസരിച്ച് ചാർത്തുവെച്ച ചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമാണ് 'മാഗ്നാകാർട്ട'. അധികാരം ജനങ്ങൾക്ക് എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. കാലം കുറെയേറെ കടന്നുപോയി. ആദിവാസികളായ വേട്ടക്കാരുടെ കാലവും നടന്നുനീങ്ങി. അധികാരം ജനങ്ങളിലെത്തിയെങ്കിലും ആസൂത്രണത്തിലും വികേന്ദ്രീകരണത്തിലും അവർ പങ്കാളികളായില്ല. അവരുടെ കാര്യങ്ങൾ നിശ്ചയിക്കപ്പെട്ടത് മാളികപ്പുറത്ത് നിന്ന് പക്ഷെ പടിയിറങ്ങിവന്ന പല പദ്ധതികളും ജനങ്ങളുടെ ഗ്രാമത്തിനോ ഗ്രാമീണർക്കോ അനുയോജ്യമായിരുന്നില്ല. കാർഷിക-വ്യാവസായിക മേഖലകളിൽ ഉയരാൻ കഴിഞ്ഞില്ല. സ്ഥായിയായ സാമ്പത്തിക വളർച്ച കൈവരിക്കാൻ കഴിയുന്നുമില്ല. ഗൾഫ്മേഖലയിൽ നിന്നുള്ള വരുമാനം എത്രകാലം വരെ എന്നത് ഉത്തരം കിട്ടാത്ത ചോദ്യം. വികസനവളർച്ചയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയാത്ത അവസ്ഥ. സാമ്പത്തിക വളർച്ചയിൽ അഖിലേന്ത്യാ ശരാശരിയേക്കാൾ പിന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനമെന്നനിലക്ക് നമ്മുടെ ഭാവിയിലുള്ള ആശങ്ക. ഈനില തുടരാൻ അനുവദിച്ചുകൂടാ...

1977 ഏപ്രിൽ 1 ന് ആരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതി അത് കൊണ്ട്തന്നെ ജനകീയപദ്ധതിയായി മാറണം. കക്ഷി-ജാതി-മത പരിഗണനക്കതീതമായി വികസന രംഗത്ത് ഒരു വൻമുന്നേറ്റമാണ് ലക്ഷ്യപ്രാപ്തിയിലെക്കുള്ള ഏകമാർഗ്ഗം. ശക്തമായ ജനകീയ ഇടപെടലുകൾ ഇതിനാവശ്യമാണ്. പടിയിറങ്ങിവന്ന പദ്ധതികൾക്ക് പകരം പദ്ധതികൾ പടികയറിപോകണം. അത് വഴിയെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്ത സമ്പൂർണ്ണഗ്രാമസ്വരാജ് പ്രാവർത്തികമാക്കാൻ കഴിയൂ.

ചീക്കോട് പഞ്ചായത്ത് ജനകീയാസൂത്രണ പ്രക്രിയയിൽ ഏറെ മുന്നൊക്കം പോയിട്ടുണ്ട്. സമ്പൂർണ്ണസാക്ഷരതായജ്ഞത്തിൽ ജില്ലയിൽ നമ്മുക്ക് പ്രഥമസ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ആസൂത്രണപ്രക്രിയയിൽ നമുക്ക് പ്രചോദനം നൽകുന്നു. 46.72 ച.ശ്ര.കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 1991 ലെ സെൻസ്പ്രകാരം ജനസംഖ്യ 42125 ആണെങ്കിലും CBNP നടത്തിയ കണക്കനുസരിച്ച് 50000 ത്തിലധികം വരും. മൊത്തം 15 വാർഡുകളുള്ള ഈ പഞ്ചായത്തിനെ അരീക്കോട്, കുഴിമണ്ണ, നെടിയിരുപ്പ്, കൊണ്ടോട്ടി, പുളിക്കൽ, വാഴക്കാട് പഞ്ചായത്തുകൾ വലയം ചെയ്തിരിക്കുന്നു. വടക്ക് മൂകമായി ഒഴുകുന്ന ചാലിയാർ.

ഒന്നാംഘട്ടജില്ലാതല പരിശീലനം 14-9-96 മുതൽ 16-9-96 വരെ അരീക്കോട് ജി.യു.പി. സ്ക്കൂളിലായിരുന്നു. പഞ്ചായത്ത് പ്രസിഡണ്ട് കെ. ബീരാൻ ഹാജി, ബ്ലോക്ക് മെമ്പർമാരായ യു.കെ.അബുബക്കർ മാസ്റ്റർ, പി.കെ.ചന്ദ്രൻ, എ.കെ.ഖദീജ എന്നിവരും മറ്റുപ്രതിനിധികളായി കെ.എ.സഗീർ, കെ.വി. അബൂബക്കർ, സി.സുരേഷ്രാജൻ, കെ.പി. അലവികുട്ടി, പി.മമ്മദ്, കെ.സി.ഗോപിനാഥൻ, യു.കെ. മുഹമ്മദ്കുട്ടി, പി.എ. അബ്ദുൾ അലി, പി.കെ. ബാലസുബ്രമണ്യൻ കെ.മുഹമ്മദ്, കെ.എം മണിരഥൻ, പി.സുരേഷ് എന്നിവരും പങ്കെടുത്തു.

തുടർന്ന് 19-9-96 ന് ഓമാനൂരിൽ ഒന്നാംഘട്ടപഞ്ചായത്ത് തല ശില്പശാല നടന്നു. 18 മെമ്പർമാർ, 19

ഉദ്യോഗസ്ഥർ, 9 ഡി. ആർ.പി.മാർ ഉൾപ്പെടെ മൊത്തം 154 പേർ പങ്കെടുത്തു ഈ ശിൽപശാലയിൽ 17 പേർവനിതകളായിരുന്നു. 26-9-96, 2-10-96, 28-9-96, 29-9-96,1-10-96, 2-10-96 തീയതികളിലായി ഗ്രാമസഭകൾചേർന്നു. ശരാശരി 258 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഇവരിൽ 32% വനിതകളും 6 ശതമാനം പട്ടികജാതി പട്ടികവർഗവിഭാഗവുമായിരുന്നു.

തുടർന്ന് നടന്ന രണ്ടാംഘട്ട ജില്ലാതലപരിശീലനത്തിൽ പഞ്ചായത്തിലെ ഡി.ആർ. പി.മാരും, ബോർഡ് പ്രസിഡണ്ട് ബ്ലോക്ക് മെമ്പർമാരും പങ്കെടുത്തു. 3.11.96ന് രണ്ടാംഘട്ട പഞ്ചായത്ത് തലശില്പശാല നടത്തി, വീഡിയോ പ്രദർശനവും ചർച്ച ക്ലാസുളും നടന്നു മൊത്തം 107 പേർ പങ്കെടുത്തതിൽ 9പേർ വനിതകളായിരുന്നു. 4.11.96 ന്ന് ഉദ്യോഗസ്ഥരും മെമ്പർമാരും റിസോഴ്സ്പെഴ്സൺസും ഉൾപ്പെട്ട പതിനഞ്ചംഗ പഠനപര്യടനസംഘം പഞ്ചായത്തിന്റെ ഒരറ്റമായ മുതുവല്ലൂരിൽ നിന്നും യാത്ര തുടങ്ങി വെട്ടുപാറയിൽ സമാപിച്ചു.

വിശാലമായനമ്മുടെ പഞ്ചായത്തിന്റെ ഭൂജല ജനപ്രകൃതിയടക്കം ആവശ്യമായ ദ്വിതീയവിവരശേഖരങ്ങൾ ഇതോടെ പൂർത്തീയാക്കാൻ കഴിഞ്ഞു യുവാക്കളിലും, മഹിളകളിലും സന്നദ്ധസംഘടനകളിലും ഇതിനകം ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ളബോധം വളർത്താൻ നമുക്ക് കഴിഞ്ഞു ആദ്യമൊക്കെ ആശങ്കയോടെയും പരിഹാസത്തോടെയും വീക്ഷിച്ചവർ സമ്പൂർണ്ണസഹകരണാലുക്കളായി എന്നത് ഞങ്ങൾക്ക് ആവേശം പകരുന്നു. ശേഖരിച്ച വിവരങ്ങൾവെച്ചും നാട്ടുകാരണവൻമാരെ സമീപിച്ചും, ലഭ്യമായ ഭൂതകാലചരിത്രത്തിന്റെ അടിസ്ഥാനത്തിലുമാണ് ഞങ്ങൾ ഈ വികസന രേഖതയ്യാറാക്കിയത്.

പദ്ധതിവിഹിതമായിലഭിക്കുന്ന ഫണ്ട് 40 ശതമാനം മറ്റു ഏജൻസികളിൽ നിന്നുംകിട്ടുന്ന ധനസഹായവും സർവ്വോപരി നമ്മുടെ പഞ്ചായത്തിലെ ത്യാഗസന്നദ്ധരായ യുവജനശേഷിയും ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് വേണ്ടിജനങ്ങൾ നിശ്ചയിക്കുന്ന വികസനപ്രവർത്തനങ്ങൾ സാധീതാകുന്ന ഒരു നാളെയെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതിന്റെ ഒരു ചെറിയമാർഗ്ഗരേഖമാത്രം ഈ വികസനറിപ്പോർട്ട്

"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി

# അല്പം ചരിത്രം

ഒരു സമൂഹത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിന് വഴികാട്ടിയാണ് ചരിത്രം. നമ്മുടെ പഞ്ചായത്തിന്റെ ചരിത്രവാതായനങ്ങൾ തുറന്നാൽ വിസ്മയകരമായ ഒരു പാട് ഉറവകളിൽ നമുക്ക് ചെന്നത്താൻ പറ്റും.

സാമൂതിരി രാജവംശത്തിന്റെ ഭാഗമായിരുന്ന മുതുവല്ലൂർ രാജ്യത്തിലെ പത്ത്ദേശങ്ങളുടെ ഭാഗമായിരുന്ന ഈ പഞ്ചായത്ത്. ചീക്കക്കോട് കോവിലകം, കൊട്ടേക്കാട്, പൂക്കോട്ട്, പാണാട്ട്, ചെമ്പാഴി, മണാട്, തലയൂർ തുടങ്ങിയ ഇല്ലങ്ങൾ കേന്ദ്രീകരിച്ചായിരുന്ന ഈ ദേശങ്ങളുടെ അധികാരസ്ഥാനങ്ങൾ. ഇതിൽ ചീക്കക്കോട് കോവിലകത്തിന്റെ പേരുമായിബന്ധപ്പെട്ടാണ് നമ്മുടെ പഞ്ചായത്തിന് ചീക്കോട് എന്ന പേര് ലഭിച്ചെതെന്നും ചരിത്രത്തിന്റെ ഭാഗം

മാനവസംസ്കാരത്തിന്റെ ഉത്ഥാന പതനവുമായി ബന്ധപ്പെട്ട് 'ഇരുമ്പുയുഗം' വഹിച്ച പങ്കും സ്വാധീനവും അളവറ്റതാണ്. പഞ്ചായത്തിലെ വിളയിൽ പാലക്കൽ ഇല്ലപ്പറമ്പിൽ പൗരാണിക കാലത്ത് ഇരുമ്പുസംസ്കരണം നടന്നതിന്റെ അവശിഷ്ടങ്ങൾകണ്ടെത്തിയിട്ടുണ്ട്.

മുതുവല്ലൂരിലെ പെരും തൃക്കോവിൽ ക്ഷേത്രത്തിൽ നിന്ന് ആയിരം വർഷങ്ങൾ പഴക്കമുള്ള ശിലാലിഖിതങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയപ്പോൾ അത് നമ്മുടെ പഞ്ചായത്തിന്റെ ഭൂതകാലങ്ങളുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്ന ചരിത്ര രേഖകളായി

ആദ്യകാല വിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്ന എഴുത്തച്ചൻ പള്ളികൂടങ്ങളും ഓത്തുപള്ളികളും നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു. വിളയിൽ അല്ലം കണ്ടിയിൽ ചാത്തു കുട്ടിനായരുടെ എഴുത്തച്ചൻ പള്ളിക്കൂടം 1886 വരെ നിലവിലുണ്ടായിരുന്നുവത്രെ. മുസ്ലിംകളുടെ ഇടയിൽ ഓത്തു പള്ളികളിൽ അറബി മലയാളത്തിൽ മതപഠനവും കണക്കും, സാമാന്യ ചരിത്രങ്ങളും പഠിപ്പിച്ചിരുന്നവരിൽ വനിതളും ഉണ്ടായിരുന്നു. വാവൂരിലെ മൊല്ലാച്ചി പാത്തുമ്മ ഈ രംഗത്തെ പ്രതിഭയായിരുന്നു

പഴയ ബിംബന്നൂരാണ് ഇന്നത്തെ ഓമാനൂർ എന്നതും ആ പ്രദേശത്തിന്റെ പേരിലറിയപ്പെടുന്ന ശുഹദാക്കളുടെ ചരിത്രം നമ്മെ മുന്നൂറ്റി അൻപത് വർഷം പിറകോട്ട് കെണ്ടുപോകുന്നു. ജന്മിത്വത്തിനെതിരിൽ, സവർണ്ണാധിപത്യത്തിനെതിരിൽ പൊരുതി വീരമൃത്യു വരിച്ചവരുടെ പോരാട്ടത്തിന്റെ കഥ 1646 ലാണ്. 1840 ൽ ചേകനൂരിലെ ചാക്കീരി മൊയ്തീൻകുട്ടി ഓമാനൂരിലെ ശുഹാദാക്കളുടെ ജീവചരിത്രം രേഖപ്പെടുത്തുന്ന മൗലീദ് രചിച്ചതോടെ പിൻതലമുറക്ക് ഈ സംഭവം പകർന്നുകിട്ടി.

രാജഭരണത്തിന്റെ കീഴിലായിരുന്ന പത്ത് ദേശങ്ങളിലും ജന്മിത്വ സമ്പ്രദായത്തിലധിഷ്ഠിതമായ ഭരണ സമ്പ്രദായമായിരുന്നു നിലനിന്നിരുന്നത്. ഇത് മധ്യകാലഘട്ടത്തിലെ നാടുവാഴിത്ത വ്യവസ്ഥ (ഫ്യൂഡലിസം) പോലെ തന്നെയായിരുന്നു. ഈ ജന്മി-കുടിയാൻ വ്യവസ്ഥയിൽ ഭൂരിഭാഗവും യാഥാർത്ഥ മണ്ണിലദ്ധ്വാനിക്കുന്ന കർഷകർ മാപ്പിള ജനസമൂഹമായിരുന്നു. ടിപ്പുവിന്റെ ഭരണത്തിൻ കീഴിൽ മലബാർ വന്നപ്പോഴാണ് യാഥാർത്ഥ കുടിയാന്മാർക്ക് ഭൂമിയുടെ അവകാശം ലഭിച്ചത്. എന്നാൽ ടിപ്പുവിന്റെ പതനശേഷം ബ്രിട്ടീഷധീശാധികാരം സ്ഥാപിതമായപ്പോൾ ജന്മിമാർക്ക് ഭൂവുടമാവകാശം വീണ്ടും ലഭിച്ചു.ഇത് ജന്മി-കുടിയാൻ കലാപത്തിനു കാരണമാവുകയും ചെയ്തു. ഒറ്റപ്പെട്ട ഈ കലാപങ്ങൾ 1921-ൽ ഖിലാഫത്ത് പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ശക്തമായ ദേശീപ്രസ്ഥാനമായി മാറുകയായിരുന്നു. വൈദേശികാധിപത്യത്തിനെതിരിൽ

മണ്ണിന്റെ സ്വാതന്ത്ര്യത്തിനായി പോരാടിയ ധീരദേശാഭി മാനികളുടെ കഥയും ഈ പഞ്ചായത്തിനു പറയാനുണ്ട്. ബ്രട്ടീഷുകാർക്ക് കീഴടങ്ങി ജീവിക്കുന്നതിലും നല്ലത് അവർക്കെതിരിൽ പോരാടി മരിക്കലാണെന്ന ഖിലാഫത്ത് പ്രക്ഷോഭനേതാക്കന്മാരുടെ ആഹ്വാനം ശിരസ്സാവഹിച്ച് സ്വാതന്ത്ര്യത്തിന്റെ രണഭൂമിയിൽ പോരാടി മരിച്ച ഓമാനൂരിലെ പറമ്പൻ കുന്നൻ അത്തനുണ്ണിഹാജിയും അവ്ലൻ കുട്ടിഹാജിയും ഇവിടെ പ്രത്യേകം സ്മരണീയമാണ്. ബ്രട്ടീഷ് വിരുദ്ധ സമരത്തിൽ പങ്കെടുത്തുവെന്നാരോപിച്ച് വെല്ലൂരിലെ സെൻട്രൽ ജയിലിൽ കാരാഗൃഹവാസമനുഷ്ഠിച്ചവരും അന്തമാനിലേക്കും മറ്റും നാടുകടത്തപെട്ടവരും ഈ പഞ്ചായത്തിൽ നിരവധിയുണ്ട്.

ഖിലാഫത്ത് പ്രക്ഷോഭത്തോടെ ഈ പഞ്ചായത്തിൽ ദേശീയാവബോധമുണ്ടാവുകയും അത് ദേശീയപ്രസ്ഥാനങ്ങളുടെ കമ്മറ്റി രൂപീകരണത്തിലേക്കെത്തിക്കുകയും ചെയ്തു. ഗാന്ധിജിയുടെ കീഴിൽ ബ്രിട്ടീഷുകാർക്കെതിരിൽ അടങ്ങാത്ത ദേശീയബോധവുമായി സ്വാതന്ത്ര്യപ്രസ്ഥാനം ശക്തിപെട്ടനാളുകളിൽ 1931 ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ശാഖ വിളയിൽ രൂപം കൊണ്ടു. വടക്കീട്ടിൽ ഗോപാലൻ നായർ, നടരുവീട്ടിൽ ഗോവിന്ദൻ നായർ തലയതെടി വിഷ്ണു നമ്പൂതിരി എം.വി.വേലായുധൻ നായർ തുടങ്ങിയവരായിരുന്നു കോൺഗ്രസ്സ് രൂപീകരിക്കുന്നതിൽ മുൻകൈ എടുത്ത് പ്രവർത്തിച്ചിരുന്നത്. ഇവരിൽ ഗോപാലൻ നായർ ഇന്നും ജീവിച്ചിരിപ്പുണ്ട്.

1921 ലെ ഖിലാഫത്ത് പ്രക്ഷോഭം സൃഷ്ടിച്ച അരക്ഷിതാവസ്ഥയും അരാജകത്വവും ഈ പ്രദേശങ്ങളിലെ മുസ്ലിംകളിൽ സുരക്ഷിതത്വ ബോധമില്ലായ്മ സൃഷ്ടിച്ചിരുന്നു. മുസ്ലിംലീഗ് മലബാർ രാഷ്ട്രീയത്തിൽ 1930 കളിൽ സജീവമായി നിലനിന്നിരുന്നകാലം അതിന്റെ സന്ദേശത്തിന് ദ്രുതഗതിയിൽ ഈ പഞ്ചായത്തിൽ വേരോട്ടം ലഭിച്ചു. 1935-ൽ നെല്ലാര് ദേശത്ത് കൊലത്തിക്കൽ മമ്മദ്കുട്ടി ഹാജി, കൂടാൻ തൊടി മുഹമ്മദാജി, ടി.കെ. മുഹമ്മദാജി എന്ന പൂസാൻ ഹാജി തുടങ്ങിയവർ മുൻകൈ എടുത്ത് മുസ്ലിംലീഗിന്റെ കമ്മറ്റിയുണ്ടാക്കി. മോയങ്ങാടൻ ആലിഹാജി, ഓമാനൂരിലെ യു. അബൂബക്കർ ഹാജി, ഇക്കാലത്തെ ഇതിഹാസപുരുഷനായിരുന്ന പരതക്കാട്ടെ കുഞ്ഞാലൻ മൊല്ല മൊടത്തിൽക്കുണ്ടൻ വീരാൻകുട്ടി അധികാരി തിടങ്ങിയവർ പഞ്ചായത്തിലെ ആദ്യകാല മുസ്ലിംലീഗ് പ്രവർത്തകരായിരുന്നു.

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിനകത്തെ സോഷ്യലിസ്റ്റുകാർ 1940 കളിൽ കോൺഗ്രസ്സിൽനിന്നകന്ന് കമ്മ്യൂണിസ്റ്റ് പാർടിക്ക് രൂപം നൽകിയപ്പോൾ അതിന്റെ ചലനങ്ങൾ ചിക്കോട് പഞ്ചായത്തിലുമുണ്ടായി. ആദ്യത്തെ കമ്മ്യൂണിസ്റ്റ് പാർടി സെല്ല് 1940 ഡിസംബർ 2ന് വിളയിൽരൂപം കൊള്ളുകയും ചെയ്തു. വിളയിലെ തലയൻ തൊടിഇല്ലത്ത് വച്ച് കീഴ്‌വീട്ടിൽ രാവുണ്ണി, ഗോപാലൻ നായർ, തലയതൊടി വിഷ്ണു നമ്പൂതിരി, എം.വി.വേലായുധൻ നായർ തുടങ്ങിയവരായിരുന്നു ഇതിന് മുൻകൈയെടുത്തവർ.

ഐക്യകേരളം നിലവിൽ വരുന്നതിന് മുൻപ് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്നല്ലോ മലബാർ. അന്ന് മലബാർ ഡിസ്ട്രിക്ബോർഡിന്റെ ഭാഗമായിരുന്നു ഈ പ്രദേശം. അന്നീ പ്രദേശത്തിന്റെ ശബ്ദം മലബാർ ഡിസ്ട്രിക്ട് ബോർഡിൽപ്രതിധ്വനിച്ചിരുന്നു. സ്വാതന്ത്ര്യസമരനായകനും പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടുമായിരുന്ന കൊലത്തിക്കൽ മമ്മദ്കുട്ടി ഹാജി മലബാർ ഡിസ്ട്രിക് ബോർഡിൽ അംഗമായിരുന്നു. ഡിസ്ട്രിക്ബോർഡിലെ തന്റെ പ്രാതിനിധ്യത്തിലൂടെ നമ്മുടെ പഞ്ചായത്തിന്റെ അഭിമാനം ഉയർത്തിപിടിക്കാൻ മമ്മദ്കുട്ടി ഹാജിക്ക് കഴിഞ്ഞിരുന്നു.

1962 ൽ കേരള പഞ്ചായത്ത് നിയമം നിലവിൽവന്നതോടെ വി.ജെ.ജോർജ് ചിക്കോട് പഞ്ചായത്തിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിതനായി. 21-12-1963 ലാണ് പ്രഥമ പഞ്ചായത്ത് ബോർഡ് നിലവിൽവന്നത്. കൊലത്തിക്കൽ മമ്മദ്കുട്ടി ഹാജി പ്രഥമ പ്രസിഡണ്ടും പി.കെ.മുഹമ്മദ് സാഹിബ് വൈസ്പ്രസിഡണ്ടുമായിരുന്നു. കാപ്പാടൻ പാത്തുമ്മ നോമിനേറ്റ് ചെയ്യപ്പെട്ട പഞ്ചായത്തിലെ പ്രഥമ വനിതാമെമ്പറായിരുന്നു. അന്ന് പ്രസിഡണ്ടിനും വൈസ് പ്രസിഡണ്ടിനും 5രൂപ സിറ്റിംങ്ങ് ഫീസും മെമ്പർമാർക്ക് 3രൂപ സിറ്റിംങ്ങ് ഫീസുമ്ണ് ലഭിച്ചിരുന്നത്. കെ. മമ്മദ്കുട്ടി ഹാജി, പി.കെ. മുഹമ്മദ്, എം മുഹമ്മദ്കുട്ടി, പി. കുഞ്ഞാലൻകുട്ടി, കോയ്ഉമ്മർകുട്ടിഹാജി (മുസ്ലിംലീഗ്) എ. രായിൻകുട്ടി ഹാജി, നരിക്കോടൻ കണ്ണൻ, പി.എം.മോനുദ്ദീൻ (കോൺഗ്രസ്സ്) തെറ്റൻ അലവികുട്ടി ഹാജി(സ്വതന്ത്രൻ) എന്നിങ്ങനെ ആയിരുന്നു കക്ഷിനില. പ്രഥമ ബോർഡിൽ പ്രസിഡണ്ടായ മമ്മദ്കുട്ടി ഹാജി തന്റെ

മരണം വരെ (22-7-74) ആസ്ഥാനത്ത് തുടർന്നു.

മുമ്മദ്കുട്ടി ഹാജിയുടെ മരണത്തെ തുടർന്ന് 8.8.1974 ൽ പി.കെ. മുഹമ്മദ് ആക്ടിങ്ങ് പ്രസിഡണ്ടാവുകയും പിന്നീട് 17.9.74ന് പ്രസിഡണ്ടായിതീരുകയും ചെയ്തു. 1979 സെപ്തംബർ 1 വരെ പി.കെ. മുഹമ്മദ് ആസ്ഥാനത്ത് തുടർന്നു.

തുടർന്ന് 1979 ഒക്ടോബറിൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് സെപ്തംബറിൽ പുതിയ ബോർഡ് നിലവിൽ വന്നു. ബോർഡിൽ മൊത്തം പതിനൊന്ന് മെമ്പർമാരുണ്ടായിരുന്നു. എം മുഹമ്മദ്കുട്ടി പ്രസിഡണ്ടും കെ. ബീരാൻ വൈസ് പ്രസിഡണ്ടുമായി. മെമ്പർമാർ വാർഡ് 1 സി. ആയിഷാബീ, 2. ടി. ഉണ്ണിമൊയ്തീൻകുട്ടിഹാജി, 3. പി ഹുസൈൻകുട്ടി, 4. എം മുഹമ്മേദ് കുട്ടി 5. സി.ടി. ഏനിക്കുട്ടി, 6. കെ. ബീരാൻ, 7. കെ.വി. അബ്ദുള്ളക്കുട്ടി, 8പി.എ. മുഹമ്മദ്കുട്ടി, 9. പി.കെ മുഹമ്മദ് 10. സി. നീലാണ്ടൻ 11. പി. എ. കുഞ്ഞുമുഹമ്മദ്

1988 ഫെബ്രവരി 2ന് നിലവിൽ വന്ന മൂന്നാമത്തെ ബോർഡിൽ മൊത്തം പന്ത്രണ്ട് അംഗങ്ങളുണ്ടായിരുന്നു. ആദ്യം കെ. ബീരാൻഹാജി പ്രസിഡന്റും തുടർന്ന് 1991 മുതൽ 1995 ഒക്ടോബർ 2 വരെ എം. മുഹമ്മദ് കുട്ടിഹാജിയും പ്രസിഡണ്ടായി. കെ. സി. കെ. തങ്ങളായിരുന്നു വൈസ് പ്രസിഡന്റ്. മെമ്പർമാർ വാർഡ് 1. കെ. പി. ആയഷക്കുട്ടി, 2 ടി. മരക്കാരുട്ടി, 3 കെ.പി. മൂസ്സക്കുട്ടിഹാജി, 4 എം. മുഹമ്മദ് കുട്ടി ഹാജി, 5 സി.ടി. ഏനിക്കുട്ടി, 6 കെ. ബീരാൻഹാജി, 7 കെ. സി. കെ. തങ്ങൾ, 8 എം. പാത്തുമ, 9 ഇ.കെ മൂസ്സ, 10 എം. വാസു, 11. പി. ഹൈദർസ്ഹാജി 12 കെ. വേലായുധൻ

1995 ഒാക്ടോബർ 2ന് ഗാന്ധി ജനയന്തി ദിനത്തിൽ നലവിൽ വന്ന നാലാമത്തെ ബോർഡിൽ മൊത്തം 15 മെമ്പർമാരുണ്ട്. കെ. ബീരാൻഹാജി പ്രസിഡണ്ടും കെ.സി.കെ തങ്ങൾ വൈസ്പ്രസിഡണ്ടും ടി. മരക്കാരുട്ടി സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനുമാണ്. മെമ്പർമാർ വാർഡ്1 ടി. പുഷ്പവല്ലി, 2 കെ. പി ഖാദർ, 3 ടി. മാരക്കാരുട്ടി, 4കെ.പി. സൈതാലിക്കുട്ടി, 5 കെ.പി. മുഹമ്മദാജി. 6. എം.പി. ഖദീജ, 7 സി. ശ്യാമള, 8 കെ. ബീരാൻഹാജി, 9 കെ.സി.കെ തങ്ങൾ, 10 പി. എ. മുഹമ്മദ്കുട്ടി, 11 സി. സുബ്ബരായൻ, 12. ഇ.കെ. മൂസ്സ, 13 സി. ഇന്ദിര 14 ഡി.ടി മൂസ്സക്കുട്ടി, 15 പി.ടി.ആസ്യ

ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന മഞ്ചേരി നിയോജകമണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധീകരിച്ച് മൂന്നു പതിറ്റാണ്ട് കാലം കേരളരാഷ്ട്രീയത്തിൽ നിറഞ്ഞ് നിന്ന് മുഖ്യമന്ത്രിവരെ ആവുകയും ചെയ്ത സി.എച്ച്. മുഹമ്മദ്കോയ സാഹിബ് നമ്മുടെ പഞ്ചായത്തിന്റെ കുതിപ്പിലും കിതപ്പിലും പങ്കാളിയായിരുന്നു. ഈ പഞ്ചായത്തിനെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ സി.എച്ച് ന് വലിയ പങ്കുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പാത പുൻതുടർന്ന് ഇപ്പോഴത്തെഎം.എൽ. എ ഇസ്ഹാഖ് കുരിക്കളും പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ നമ്മോടൊപ്പമുണ്ട്

പോത്തട്ടിപ്പാറയിലെ വാടക കെട്ടിടത്തിൽ പ്രവർത്തനം കുറിച്ച പഞ്ചായത്ത് ഓഫീസിന് 1976 ജനുവരി ഒന്നിന്ന് ഇന്നത്തെ ആസ്ഥാനവും കെട്ടിടമുണ്ടായി.

# ഭൂ-ജല-ജനപ്രകൃതി

ഭൂപ്രകൃതി

ചീക്കോട് പഞ്ചായത്ത് വളരെ വിശാലമായ ഒരു പ്രദേശമാണ്. മൊത്തം 46.72 ച.കി.മി. വിസ്തീർണ്ണമുണ്ട്. ഭൂപ്രകൃതി അനുസരിച്ച് ഈ പ്രദേശത്തെ താഴെ പറയുന്ന പ്രകാരം വേർതിരിച്ചിരിക്കുന്നു.

1. മലനിര
2. കുന്നിൻ തടങ്ങൾ
3. ചെങ്കുത്തായ ചെരിവ്
4. ചെരിഞ്ഞ സമതലം
5. വയൽ
6. തീരം
7. ചിറ

## T1 : മലനിര

ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 15% മലനിരകളാണ്. സമുദ്രനിരപ്പിൽ നിന്ന് 132 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ ഇക്കൂട്ടത്തിലുണ്ട്. മലനിരകളിൽ 80% തരിശ് ഭൂമിയും പാറപ്രദേശവും ആണ്. മൊത്തത്തിൽ വെട്ടുപാറ പ്രദേശങ്ങളാണ് അധികവും ചിലയിടങ്ങളിൽ കരിമ്പാറകളും ഉണ്ട്. മലനിരകളിൽ കാണപ്പെടുന്ന പ്രധാകൃഷി കശുമാവ് ആണ്. ചിലിയിടങ്ങളിൽ റബ്ബർ കൃഷിയും കാണുന്നു. മലനിരകളുടെ ഏകദേശം 25% കുറ്റിക്കാടുകളും പുല്ലുകളും നിറഞ്ഞ്കിടക്കുന്നു. മൊത്തത്തിൽ ഇവിടങ്ങളിൽ ലാറ്ററൈറ്റ് മണ്ണാണ് കാണപ്പെടുന്നത്. പലസ്ഥലങ്ങളിലും മണ്ണ് വളരെക്കാലത്തെ മണ്ണൊലിപ്പ് മൂലം നഷ്ടപ്പെട്ടിരിക്കുന്നു. മഴയാണ് മുഖ്യകാരണം. ഇത്തരം പ്രദേശങ്ങൾ പലയിടത്തും മേൽമണ്ണ് നഷ്ടപെട്ട് പാറ പ്രദേശങ്ങളായി മാറിയിരിക്കുന്നു. കൃഷിക്ക് അനുയജ്യമല്ലാത്ത രീതിയിൽ ആയിരിക്കുന്നു.

## T2. കുന്നിൻ തടങ്ങൾ

കുന്നിൻ നിരകൾ ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 26% വരും കുന്നിൻ തടങ്ങളിൽ കുറ്റിക്കാടുകളും, പുൽമേടുകളും കാര്യമായി കാണപ്പെടുന്നു. നിരപ്പായ പ്രതലത്തോട് കൂടിയതടങ്ങളിൽ ജലസംഭരണ ശേഷി കാര്യമായി ബാധിച്ചിട്ടില്ല. ഇത്തരം പ്രദേശങ്ങളിൽ അധികവും ചെങ്കൽപാറകളും അങ്ങിങ്ങായി വെള്ളാരംപാറകളുടെ അംശവും കാണപ്പെടുന്നു.

## T3. ചെങ്കുത്തായ ചെരിവ്

ചെങ്കുത്തായ ചെരിവ് മൊത്തം പ്രദേശത്തിന്റെ 18%വരും കുന്നിനെയും താഴ്വരകളെയും തമ്മിൽ ബന്ധിപ്പിക്കുന്നു ഈ ചെരിവുകൾ. ഭൂരിഭാഗവും കൃഷിക്ക് അനുയോജ്യമായ ഫലഭൂയിഷ്ടിയുള്ള പ്രദേശങ്ങളാണ്. അങ്ങിങ്ങ് ഉയർന്നുനിൽക്കുന്ന ചെങ്കൽ പാറകളും കരിമ്പാറകളും ഉണ്ട്. തെങ്ങ്, റബർ, കശുമാവ് കൃഷികൾ അങ്ങിങ്ങായി കാണപ്പെടുന്നു. കൃഷിക്ക് കാര്യമായി ഉപയോഗിക്കാത്തതുകൊണ്ട് മണ്ണൊലിപ്പ് കാര്യമായി അനുഭവപ്പെടുന്നു. അശാസ്ത്രീയമായ കൃഷരീതി മണ്ണൊലിപ്പിന് ആക്കം കൂട്ടുന്നു. തട്ട് തട്ടുകളായി ചെരിവിന് കുറുകേ വരമ്പ് നിർമ്മിച്ചാൽ മണ്ണൊലിപ്പ് തുടയാനും കൃഷിക്ക് അനുയോജ്യമാക്കാനും സാധിക്കും.

## T4. ചെരിഞ്ഞ സമതലം

മൊത്തം വിസ്തീർണ്ണത്തിന്റെ 22% വരും ഇത്തരത്തിലുള്ള പ്രദേശം. ഇവിടെ തെങ്ങ് കാര്യമായി കൃഷിചെയ്യപ്പെടുന്നു. കറുത്ത ഫലഭൂയിഷ്ഠമായ മണ്ണ് ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നു. മണ്ണൊലിപ്പ് താരതമ്യേന കുറവാണെ

ങ്കിലും കുറഞ്ഞതോതിൽ മണ്ണും ജലവും നഷ്ട പ്പെടുന്നു. ഇത്തരം ചില പ്രദേശങ്ങളിൽ നിന്ന് ജല സ്രോതസ്സുകൾ ഉൽഭവിക്കുന്നു. കാരാട്ട് ചോല, ചുണ്ടത്ത ചോല, പാണ്ട്യൻ ചോല, ഉലു വായിൽ ചോല, എടത്തോട്ട് ചോല, മലമ്മൽ ചോല എന്നിവ ഇക്കൂട്ടത്തിൽ പെടുന്നു.

## T5. വയൽ

വയലുകൾ മൊത്തം ഭൂപ്രദേശത്തിന്റെ 12% വരും. വളരെ ഫലഭൂയിഷ്ഠമായ അലൂവിയൽ മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. മലനിരക ളുടെ ചെരിവുകളിലായി തോടുകളുടെ പാർശ്വ ങ്ങളിലുമായി കിടക്കുന്നു ഇത്തരം വയലുകൾ നെൽകൃഷിക്ക് അനുയോജ്യമാണ്. ഈ പഞ്ചാ യത്തിലെ പ്രധാന തോടുകൾ പാടങ്ങളുടെ പാർശ്വങ്ങളിൽ കൂടിയും ഇടയിൽ കൂടിയും പോകുന്നു. തോടുകൾ വേണ്ട രീതിയിൽ സൈഡ് കെട്ടാത്തത് വയലുകളിൽ മണ്ണ് കടുന്നു കൂടാൻ കാരണമാകുന്നു. ജല ദൗർലഭ്യം വയ ലുകളിൽ അനുഭവപ്പെടുന്നു. ഇത് മൂലം വിരിപ്പ്, പുഞ്ചകൃഷി ചെയ്യാൻ ബുദ്ധിമുട്ടുന്നു. വയലുക ളിൽ ഇടവിളയായി പച്ചക്കറി, വാഴ എന്നിവ കൃഷിചെയ്യപ്പെടുന്നു.

## T6. തീരപ്രദേശം

ചാലിയാറിന്റെ തീരം ഉൾക്കൊള്ളുന്ന പ്രദേശമാണ് ചീക്കോട്. തീരപ്രദേശം മൊത്തം വിസ്തൃതിയുടെ 7%വരും. തീര പ്രദേശങ്ങൾ പല കാലങ്ങളായി രൂപപെട്ടതാണ് മണൽ കലർന്ന പശ്ചമരാശി മണ്ണും അങ്ങിങ്ങായി കറുത്ത മണ്ണും കാണപ്പെടുന്നു. ഈ പ്രദേശത്ത് വേനൽക്കാല ങ്ങളിൽ ചെറിയതോതിൽ കൃഷികൾ ചെയ്യപ്പെ ടുന്നു. ചാലിയാറിന്റെ കരഭാഗം ഇടിഞ്ഞ് വിസ തൃതി കൂടിയിരിക്കുന്നു.

## T7. ചിറ

ഇത്തരം പ്രദേശങ്ങൾ നീർകെട്ടുള്ള പ്രദേ ശങ്ങളാണ്. ചീക്കോട് ചാലിപ്പാടം, വാവൂർ, എന്നിവ ഇതിന് ഉദാഹരങ്ങളാണ്.

## കാലാവസ്ഥ

തെക്കുപടിഞ്ഞാറൻ കാലവർഷം മെയ് ഒന്നുമുതൽ സെപ്തംബർ വരെ അനുഭവപ്പെ ടുന്നു. ശക്തമായ മഴ അനുഭവപ്പെടുന്നത് ജൂൺ 10 മുതൽ ജൂലായ് 25വരെയുള്ള ദിവസങ്ങളി ലാണ്. ശരാശരി മഴയുടെ അളവ് 3000mm ആകുന്നു. പക്ഷേ ജലസംഭരണത്തിന്റെ ആവ ശ്യകതയെക്കുറിച്ച് ബോധവാന്മാരല്ലാത്ത ജന ങ്ങൾ മഴവെള്ളം സംഭരിക്കുന്നില്ല. ഇത് വരൾച്ചക്ക് വരേ കാരണമാകുന്നു. മണ്ണ് സംര ക്ഷണത്തേക്കുറിച്ചും ജല പരിപാലനത്തെക്കു റിച്ചും ജനങ്ങൾ ഇപ്പോഴും ബോധവാന്മാരല്ല എന്നതാണ് സത്യം. കൂടിയ ഊഷ്മാവ് 38ഡിഗ്രി സെൽഷ്യസും കുറഞ്ഞ ഊഷ്മാവ് 20 ഡിഗ്രി സെൽഷ്യസും ആകുന്നു. തുലാവർഷം പഴയത് പോലെ ലഭിക്കാത്തത് കാർഷിക മേഖലയെ ബാധിക്കുന്നു. കുടിവെള്ളത്തെഴും ഇത് ബാധി ക്കുന്നു. മൊത്തം മഴയുടെ 17%മാത്രമാണ് തുലാ വർഷം ലഭിക്കുന്നത്. തുലാവർഷക്കാലം ഒക്ടോ ബർ മുതൽ ജനുവരി വരേയാണെങ്കിലും നവം ബറിന്റെ ആദ്യം തന്നെ മഴ അവസാനിക്കുന്നു. മഴ അവസാനിക്കുന്നതോടെ ശൈത്യം ആരംഭി ക്കുകയും ചെയ്യുന്നു. ഫെബ്രുവരി മുതൽ മെയ് ആദ്യം വരെ കൊടും വേനലാണ്.

## ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം പഞ്ചായ ത്തിലെ മൊത്തം ജനസംഖ്യ 42125 ആണ്. ഇതിൽ 20836 പുരുഷന്മാരും 21289 സ്ത്രീകളും പട്ടികജാതിക്കാർ 4754ആണ്. പട്ടികജാതി പുരു ഷന്മാർ 2347ഉം സ്ത്രീകൾ 2407ഉം ആണ്. പട്ടിക വർഗത്തിൽപെട്ട ഒരു പുരുഷന്മാത്രം പഞ്ചായ ത്തിന്റെ വിസതൃതി 46.72 ച.ശ്ര.കി.മീ.യാണ്. മുതുവല്ലൂർ,ചീക്കോട് വില്ലേജുകൾ അടങ്ങിയ താണ് ഈ പഞ്ചായത്ത്. നേരത്തെ ചീക്കോട് വില്ലേജിന്റെ ഭാഗമായിരുന്ന വിളയിൽ പീന്നീട് പ്രത്യേക അംശമാകുകയും തുടർന്ന് 1962ൽ മുതു വല്ലൂർ വില്ലേജിൽ കൂട്ടിചേർക്കുകയും ചെയ്തു. വില്ലേജടിസ്ഥാനത്തിൽ മുതുവല്ലൂരിൽ മൊത്തം ജനസംഖ്യ 26068ഉം ചീക്കോട് വില്ലേജിൽ 16057മാണ്. ഇതിൽ യഥാക്രമം സ്ത്രീകൾ 13267ഉം 8022 ആണ്. സാക്ഷരതാ രംഗത്ത് ഏറ്റവും മുന്നിലാണ് ഈ പഞ്ചായത്ത്. ആദി ആന്ധ്രാവിഭാഗവും പേരിന് ഈ പഞ്ചായത്തി ലുണ്ട്.

സമരത്തിൽ പങ്കെടുത്ത് വീരമൃത്യുവരിച്ച വരും നാടുകടത്തപ്പെട്ടവരും ഇവിടെയുണ്ട്.

ഒരുപാട് മാതൃകാ പുരുഷന്മാർക്ക് ജന്മം നൽകിയ ഈ പ്രദേശത്തിന് അവരുടെ പാദ സ്പർശങ്ങൾ പിന്തുടരുന്നതും സന്നദ്ധരായ ഒരു തലമുറയെ കൈമുതലായുണ്ട്.



# കൃഷിയും ജലസേചനവും

## ചരിത്രം

**ചീ**ക്കോട് പഞ്ചായത്ത് മുഖ്യമായും കൃഷിയെ ആശ്രയിക്കുന്ന ഒരു പ്രദേശമാണ്. കാർഷിക മേഖലയിൽ ഇൻഡ്യൻ ശരാശരിയേക്കാൾ അധികമാണ് അതിനെ ആശ്രയിക്കുന്നവർ. വ്യവസായ മേഖല എന്തെന്ന് അപരിചിതമായ ഈ ഗ്രാമത്തിലുള്ളവർ മുഖ്യമായും കൃഷിയെ ആശ്രയിക്കുന്നു. മുഖ്യ കൃഷി തെങ്ങ്, നെല്ല് എന്നിവയാണ്. ഭൂമിസംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക 1**

| ക്രമനമ്പർ | വിസ്തീർണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1 – 10 സെന്റ് | 1328 |
| 2 | 10 –20 സെന്റ് | 1640 |
| 3 | 25 –50 സെന്റ് | 1471 |
| 4 | 50 –100 സെന്റ് | 1258 |
| 5 | 1–2 ഏക്കർ | 756 |
| 6 | 2–5 ഏക്കർ | 570 |
| 7 | 5 ഏക്കറിന് മേൽ | 120 |

**പട്ടിക 2**

**ഭൂവിനിയോഗം**

| ക്രമനമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 158ഹെക്ടർ |
| 2. | " (രണ്ടാം വിള) | 170ഹെക്ടർ |
| 3. | " " (മൂന്നാം വിള) | 30ഹെക്ടർ |
| 4. | തെങ്ങ് | 1050ഹെക്ടർ |
| 5. | കശുമാവ് | 550ഹെക്ടർ |
| 6. | കുരുമുളക് | 50ഹെക്ടർ |
| 7. | പച്ചക്കറികൾ | 30ഹെക്ടർ |
| 8. | റബ്ബർ | 25ഹെക്ടർ |
| 9. | കവുങ്ങ് | 2.60ഹെക്ടർ |
| 10. | മരച്ചീനി | 40ഹെക്ടർ |
| 11. | വാഴ | 250ഹെക്ടർ |
| 12. | പയർ | 15ഹെക്ടർ |
| 13. | ഇഞ്ചി | 15ഹെക്ടർ |
| 14. | മാവ് | 25ഹെക്ടർ |
| 15. | എള്ള് | 15ഹെക്ടർ |

(അവലംബം : കൃഷിഭവൻ, വില്ലേജ് ഓഫീസ്, നാട്ടറിവ്)

ആദ്യകാലത്ത് മുഖ്യ പ്രാധാന്യം നൽകിയിരുന്ന കൃഷിനെല്ലായിരുന്നു. മഴയെ ആശ്രയിച്ച് തന്നെയാണ് കൃഷി നടത്തിയിരുന്നത്. വളരെ പിന്നോക്കമായ ഈ പ്രദേശത്ത് ഇന്നും പറയ

ത്തക്ക ജലസേചനപദ്ധതികൾ ഒന്നും തന്നെ യില്ല. മുൻകാലങ്ങളിൽ തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി ജലസേചനത്തിന് ഉപയോഗിച്ചിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം പ്രധാനമായും ഉണ്ടായിരുന്നത് നേർമങ്ങാട് ദേവസ്വം, ദാറുൽ ഉലും മദ്രസ, കൊണ്ടോട്ടി തങ്ങൾ വക എന്നിവയായിരുന്നു.

നെൽപാടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞ് വരുന്നതായി കാണുന്നു. പല സവിശേഷതകളോടും കൂടിയ നാടൻ വിത്തിനങ്ങളായിരുന്നു ഇവിടെ ഉപയോഗിച്ചിരുന്നത്. ആര്യൻ കാളി, കൊമ്പളോൻ, മുണ്ട, കുട്ടൻ, കൊളപ്പാല, ചുവന്നക്കൻ, പറമ്പിൽ – തോട്ടച്ചീര, കല്ലിരുണി, അരിമോടൻ, കുട്ടിവിത്ത് എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു. ഇവയെല്ലാം മുഖ്യമായും ജൈവവളങ്ങൾ ഉപയോഗിച്ച് തന്നെയായിരുന്നു കൃഷിചെയ്തിരുന്നത്. 70 കളുടെ മധ്യം മുതൽ ആധുനിക വിത്തിനങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ കുറഞ്ഞതോതിലെങ്കിലും സ്വാധീനം ചെലുത്തിതുടങ്ങി.

ഇടവിളകളായി വയലുകളിൽ ചാമാ, മുത്താറി, ചീര എന്നിവയും കിഴങ്ങ് വർഗങ്ങളായ മരച്ചീനി, ചേമ്പ്, മധുരക്കിഴങ്ങ് എന്നിവയും കൃഷിചെയ്തിരുന്നു. പറമ്പുകളിൽ കാവുത്ത്, ചേന, നടുതല എന്നിവയും ഉണ്ടാക്കിയിരുന്നു. പഞ്ഞമാസങ്ങളിൽ ഉണക്കക്കപ്പ, വാട്ടിയ കപ്പ, ചക്ക, മാങ്ങാത്തോല്, പനയുടെ ചോറ്, വാഴക്കിഴങ്ങ് എന്നിവ ഉപയോഗിച്ചിരുന്നു. അവയിൽ പലതും പുതിയ തലമുറക്ക് പുതുമയുള്ളതാണ്. തോടുകൾ, കുളങ്ങൾ, എന്നിവയായിരുന്നു മുഖ്യമായും ജലസേചനത്തിന് ഉപയോഗിച്ചിരുന്നത്. ഈ പഞ്ചായത്തിലെ ഏകദേശം എല്ലാതോടുകളും മുൻപുണ്ടാക്കിയതിനേക്കാൾ ആഴവും വീതിയും കുറഞ്ഞു. പൂങ്കുടിതോട് ഒഴികെ ആഴമാകട്ടെ ഈ തോടും കുറഞ്ഞു. മണ്ണൊലിപ്പ് ഇതിന് ഒരു പ്രധാന കാരണമാകുന്നു. തോടുകളിൽ വേനലിൽ മുൻപ് കാലത്ത് വെള്ളം കെട്ടി നിർത്തിയിരുന്നു. ഇന്നാകട്ടെ പലഭാഗങ്ങളും വരണ്ട് പോകുന്നു. വനനശീകരണം ഇതിന് ഒരു പ്രധാന കാരണമാകുന്നു. വേനൽകാലത്ത് മലമുകളിൽ നിന്ന് ഒഴുകിയിരുന്ന ചോലകളുടെ വേഗത ഇന്ന് 'ഒച്ചിന്റെ' വേഗതയായിരിക്കുന്നു.

മുൻകാലങ്ങളിൽ കീടങ്ങളെ മുറംകെട്ടി വീശിപ്പിടിച്ച് കുഴിച്ച്മൂടുകയോ പാറപ്പുറത്തിട്ട് ഉണക്കുകയോ ചെയ്യും. കീടങ്ങളുടെ ശല്യം ഇന്ന് പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു. കീടനാശിനികളുടെ അമിതമായ പ്രയോഗം മുമ്പ് വയലുകളിൽ കണ്ടിരുന്ന അട്ട, ഞവുഞ്ഞിക്ക, തവള, ഞെണ്ട് മുതലായവ ഇന്ന് കാണപ്പെടാത്ത രീതിയിലാക്കായിട്ടുണ്ട്. എലിയെപ്പിടിക്കാൻ മുളം കൊത്തിക്കെണി, വെട്ടുകെണി എന്നിവ ഉപയോഗിച്ചിരുന്നു. പന്നി, മുള്ളൻ, മൊച്ച്, മുയൽ എന്നിവ കൃഷി നശിപ്പിച്ചിരുന്നു. തോടുകളിൽ മുതലകൾ ഉണ്ടായിരുന്നു. ഇന്ന് അവയൊന്നും ഇവിടെ കാണപ്പെടുന്നില്ല.

തെങ്ങ് കൃഷിയോട് മുൻകാലങ്ങളിൽ ആഭിമുഖ്യം കുറവായിരുന്നു. കാരണം ദീർഘകാല വിള നടത്താൻ കർഷകർക്ക് ഭൂമികൈവശമുണ്ടായിരുന്നില്ല. ഇപ്പോൾ 1050 ഹെക്ടർ സ്ഥലത്ത് ഇവിടെ തെങ്ങ് കൃഷിയുണ്ട്. തെങ്ങു കർഷകർ വിവിധ കാരണങ്ങളാൽ പൊതുവെ നിരാശരാണ്. റബർകൃഷിക്ക് ഈ പ്രദേശത്ത് അടുത്ത കാലത്തായ പ്രാധാന്യം കൂടിവരുന്നുണ്ട്. അടക്കക്കുണ്ടായ വിലവർദ്ധനവ് കവുങ്ങകൃഷിക്ക് പ്രോത്സാഹനം നൽകുന്നു. കറുത്ത പൊന്ന് എന്ന് അറിയപ്പെടുന്ന കുരുമുളകാകട്ടെ ദ്രുതവാട്ടരോഗം ബാധിച്ച് നശിച്ച്കൊണ്ടിരിക്കുന്നു.

1960ന് ശേഷം ആളുകൾ വയലുകൾ തൈവെച്ച് തുടങ്ങിയത് വയലുകളുടെ വിസ്തൃതികുറയാൻകാരണമായി. വയലുകൾ കെട്ടിടമുണ്ടാക്കാൻ ഉപയോഗിച്ചതും റോഡ് നിർമ്മിക്കാൻ ഉപയോഗിച്ചതും മറ്റു കാരണങ്ങളാണ്. ഉൽപാദനച്ചെലവ് കൂടിയത് കർഷകരെ ഈ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കാൻ കാരണമായി. കൊക്കോ കൃഷി എൺപതുകളിൽ തുടങ്ങിയെങ്കിലും പെട്ടെന്ന് ഒഴിവാക്കുകയും ചെയ്തു.

കൃഷിയിൽ കുടുംബ പങ്കാളിത്തം കുറഞ്ഞു മുൻകാലങ്ങളിൽ കൃഷിക്ക് ആളുകൾക്കുണ്ടായിരുന്ന താൽപര്യം കുറഞ്ഞു. വിലനിലവാരത്തിലെ അസ്ഥിരത പ്രധാനകാരണമാകുന്നു. മണ്ണിലിറങ്ങി ജോലിചെയ്യുന്നത് ജനങ്ങളിൽ അപകർഷതാബോധം വളർത്തുന്നു. ഭൂമി വിൽപന ചരക്കുകളായി മാറുന്നു. ഗൾഫിന്റെ

സ്വാധീനവും മറ്റു മേഖലകളിലേക്കുള്ള നീക്കവും മറ്റു കാരണങ്ങളാണ്. പുതിയ തലമുറ തൊഴിലില്ലാത്തവർ പോലും കാർഷിക മേഖലയിൽ പ്രവർത്തിക്കുവാൻ മടിക്കുന്നു.

ആധുനിക കൃഷി സമ്പ്രദായവും, കാർഷിക ഉപകരണങ്ങളും അടുത്തകാലത്തായി ജനങ്ങളുടെ ഇടയിൽ കുറഞ്ഞ തോതിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയിട്ടുണ്ട്. ഉൽപാദനക്ഷമത കൂടിയിട്ടുണ്ടെങ്കിലും ഉൽപാദനച്ചെലവിന്റെ വർദ്ധനവ് അതിന്റെ ഗുണം നഷ്ടപ്പെടുത്തുന്നു. രാസവളങ്ങൾ ഉപയോഗിച്ച് തുടങ്ങിയതോടെ ജൈവവളത്തിന്റെ ഉപയോഗം കുറഞ്ഞു. ഉദാ:- മുൻകാലങ്ങളിൽ വയലുകളിൽ പച്ചിലവളങ്ങൾ, ചാണകം എന്നിവ ഉഴുത്ത് മറിച്ചായിരുന്നു നെല്ലുണ്ടാക്കിയിരുന്നത്. ഇന്നാകട്ടെ മൊത്തം വളപ്രയോഗത്തിന്റെ 50%ത്തിലധികവും രാസവളങ്ങളാണ്.

കീടനാശിനി പ്രയോഗം വളരെ കൂടുതലാണ് പച്ചക്കറി കൃഷിയിൽ അമിതമായി ഇവ ഉപയോഗിക്കുന്നു. ഗുണത്തെക്കാൾ ഗണത്തിന് കർഷകൻ പ്രാധാന്യം നൽകുന്നത് ഇതിന് മുഖ്യ കാരണമാകുന്നു. പച്ചക്കറികൾ ഉപയോഗിക്കുമ്പോൾ വളരേയധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കർഷകരുടെ വിനോദാപാധികളിൽ ഒന്നായിരുന്നു കാളപൂട്ട് മത്സരം. വൻവിലകൊടുത്ത് വാങ്ങുന്ന കാളകളുടെ മത്സരയോട്ടം കാണുവാൻ കർഷകർ കൂട്ടമായി പോകുമായിരുന്നു. മുതുവല്ലൂർ, പൊന്നാട്, ചീക്കോട്, അപ്പാടപള്ളിയാളി, അടൂർപറമ്പ്, കക്കോട്ട് പള്ളിയാളി എന്നിവിടങ്ങളിൽ മത്സരം നടത്തിയിരുന്നു. ഇന്നതിൽ മുതുവല്ലൂരിൽ മാത്രമേ കാളപൂട്ട് മത്സരം നടക്കുന്നുള്ളൂ. സാമൂഹ്യഘടനയിൽ ഉണ്ടായ മാറ്റം ഇത്തരം വിനോദങ്ങൾ കുറയാൻ കാരണമായി.

മുകളിൽ പറഞ്ഞകാര്യങ്ങളിൽ നിന്ന് ഈ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. ഉൽപാദനച്ചെലവ് കൂടിയത് കർഷകനെ കൃഷിയിൽ നിന്ന് അകറ്റാൻ കാരണമായി. വിളവിലയിലുള്ള അസ്ഥിരത അശാസ്ത്രീയമായ കൃഷിസമ്പ്രദായം ഇവയെല്ലാം കൃഷിയെ ബാധിക്കുന്നു. ജലസേചന സൗകര്യമാകട്ടെ പഴയരീതികൾ തന്നെയാണ് കാര്യമായും പിന്തുടരുന്നത്.

**പട്ടിക 3 B**

**1995-96 വർഷത്തിൽ കൃഷിഭവൻ മുഖേന വിവിധ പദ്ധതികൾ വഴി നൽകിയ സാമ്പത്തിക സഹായം.**

| ക്രമനമ്പർ | പദ്ധതികൾ | തുക |
|---|---|---|
| 1. | ഐ.പി.ഡി.എസ് | 23570 |
| 2. | പി.പി.ഐ | 17265 |
| 3. | കശുവണ്ടി | 48100 |
| 4. | സി.സി.ഡി.പി | 57708 |
| 5. | പച്ചക്കറി | 710 |
| 6. | വെറ്റിലകൃഷി | 3500 |
| 7. | കശുമാവ് മരുന്ന് തളി | 6000 |
| 8. | എണ്ണക്കുരു | 1420 |
| 9. | പശ്ചിമഘട്ട | 75588 |

## കൃഷിഭവൻ

പഞ്ചായത്തിലെ കൃഷിഭവൻ സ്ഥാപിതമായത് 1987 സെപ്റ്റംബർ 1ന് ആണ്. തികച്ചും കാർഷികമായ പഞ്ചായത്തിന്റെ, വളരെ പ്രതീക്ഷയോട് കൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം വേണ്ട രീതിയിൽ എല്ലാ ഭാഗങ്ങളിലും എത്തുന്നില്ല. ആവശ്യമായ സ്റ്റാഫ് ഇല്ലാത്തതും വളരെ വിസ്തൃതമായ പ്രദേശമായതും കൃഷിഭവന്റെ പ്രവർത്തനം പൂർണമായും ഉപകരിക്കുന്നതിന് തടസ്സമാകുന്നു. കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ പട്ടിക താഴെകൊടുക്കുന്നു.

**പട്ടിക 3 A**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-1994 | 1994-1995 | 1995-1996 |
| തെങ്ങ് | 1065 | 514 | 1377 |
| കശുമാവ് | 4680 | 4490 | 4500 |
| കുരുമുളക് | 12850 | 600 | 10850 |
| കവുങ്ങ് | 605 | 404 | 288 |
| പച്ചക്കറി | 1845 | 1530 | 735 |
| പയർ ഇനം | 102 Kg | 36 Kg | 382 Kg |
| നെല്ല് | 1020 Kg | 2000 Kg | 1080 Kg |
| ഒട്ടുമാവ് | 57 | 44 | 447 |

## കർഷകത്തൊഴിലാളികൾ

**1995 വർഷത്തിൽ കൃഷിഭവൻ മുഖേന വിവിധ പദ്ധതികൾ വഴി നൽകിയ സാമ്പത്തിക സഹായം**

| ക്രമ നമ്പർ | പദ്ധതികൾ | തുക |
|---|---|---|
| 1 | ഐ.പി.ഡി.എസ് | 23570 |
| 2 | പി.പി.ഐ | 17265 |
| 3 | കശുവണ്ടി | 48100 |
| 4 | ഡി.സി.സി.പി | 57708 |
| 5 | പച്ചക്കറി | 710 |
| 6 | വെറ്റിലകൃഷി | 3500 |
| 7 | കശുമാവ് മരുന്ന് തളി | 6000 |
| 8 | എണ്ണക്കുരു | 1420 |
| 9 | പശ്ചിമഘട്ടം | 75588 |

ഈ പഞ്ചായത്തിൽ മൊത്തം കർഷകത്തൊഴിലാളികൾ 5950 ആകുന്നു. അതിൽ പുരുഷന്മാർ 4700ഉം സ്ത്രീകൾ 1250ഉം വരും. പുരുഷന്മാരുടെ കൂലിനിരക്ക് 85 രൂപയും സ്ത്രീകളുടേത് 65രൂപയും ആകുന്നു.

## കാർഷിക ഉപകരണങ്ങൾ

ഈ പഞ്ചായത്തിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്ത കാർഷിക ഉപകരണങ്ങൾ ട്രാക്ടർ-2, ട്രില്ലർ-2, പമ്പ്സെറ്റ് (ഡീസൽ)-97, സ്പ്രേയർ- 13, നാപ്സ്റ്റാക്ക് സ്പ്രെയർ-66, എന്നിവ കാർഷിക ഉപകരണങ്ങളായിട്ടുണ്ട്. ഈ പഞ്ചായത്തിലെ കാർഷിക വിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ ഇവയുടെ എണ്ണം വളരെക്കുറവാണ്. 118 ജോടി ഉഴവ് കാളകളും ഈ പഞ്ചായത്തിലുണ്ട്.

## കാർഷിക വായ്പ:-

കാർഷിക വായ്പകൾ ഈ പഞ്ചായത്തിലെ കർഷകർക്ക് ലഭിക്കുന്നത് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ഓമാനൂർ, ചീക്കോട് സർവ്വീസ് സഹകരണ സംഘം, കാർഷിക വികനസ ബാങ്ക് കൊണ്ടോട്ടി കാർഷിക വികസന ബാങ്ക് ഐക്കരപ്പടി, കനറാബാങ്ക് കൊണ്ടോട്ടി, അർബൻ ബാങ്ക് *കിഴിശ്ശേരി* എസ്.ബി.ടി കൊണ്ടോട്ടി എന്നിവയാണ്.

## നെൽകൃഷി

നെൽകൃഷി ചെയ്യുന്ന വയലുകൾ മൊത്തം പ്രദേശത്തിന്റെ 12% വരും. വിരിപ്പ് കൃഷി 158 ഹെക്ടർ സ്ഥലത്തും മുണ്ടകൻ 170 ഹെക്ടർ സ്ഥലത്തും പുഞ്ച 30 ഹെക്ടർ സ്ഥലത്തും കൃഷിചെയ്യപ്പെടുന്നു.

## പാടശേഖരസമിതികൾ:-

A. ചീക്കോട് B. കൊളമ്പലം

C.ഓമാനൂർ D. വാവൂർ

E. മുതുവല്ലകർ F. വിളയിൽ

G. പറപ്പൂർ H. മുണ്ടക്കൽ

മേൽപറഞ്ഞ പാടശേഖര കമ്മറ്റികളിൽ കൊളമ്പലം, ഓമാനൂർ, വിളയിൽ പാടശേഖരക്കമ്മറ്റികളേ പ്രവർത്തിക്കുന്നുള്ളൂ. മറ്റുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

## കീടനാശിനികൾ:-

നെല്ല്, വാഴ, പച്ചക്കറികൾ എന്നിവയിലാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശിനികൾ തെളിക്കുമ്പോൾ

വേണ്ട മുൻകരുതലുകളെക്കുറിച്ചോ ശാസ്ത്രീയ മായ രീതിയെക്കുറിച്ചോ കർഷകൻ ബോധവാനല്ല. പഞ്ചായത്തിലെ പച്ചക്കറികൾ അവ കൃഷി ചെയ്യുന്ന വിസ്തീർണവും താഴെ കൊടുക്കുന്നു.

**പട്ടിക – 4**

| ക്രമനമ്പർ | പേര് | വിസ്തീർണ്ണം | ഉൽപാദനം |
|---|---|---|---|
| 1. | പയർ | 12 ഹെക്ടർ | 4 ടൺ |
| 2. | കൈപ്പ | 2 " " | 5 ." |
| 3. | കുമ്പളൻ | 4." " | 4 " |
| 4. | ചീര | 2 " " | 3.5 " " |
| 5. | പടവലങ്ങ | 2 " " | 4.5 " " |
| 7. | വെണ്ട | 1 " " | 5 " " |

## തോടുകൾ:-

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക 5**

| ക്രമനമ്പർ | തോടിന്റെ പേര് | നീളം | വീതി |
|---|---|---|---|
| 1. | പൂങ്കുടി തോട് | 11 KM | 20-35m |
| 2. | വലിയ തോട് | 8 KM | 5-1 |
| 3 | വളശ്ശീരി തോട് | 5KM | 3-4 |
| 4. | അരൂമുപറ്റതോട് | 2KM | 3-4 |
| 5. | ബെംഗോൾ-വലഞ്ചീരി തോട് | 5KM | 4 |
| 6. | ഇരുപ്പിൻ ചാൽ – വാലഞ്ചീരി തോട് | 2KM | 3-4 |
| 7. | കോലിപ്പുറത്ത് തോട് | 5KM | 5-7 |
| 8. | വെളുത്താലിൽ – പള്ളിയാളി തോട് | 4KM | 2 |
| 9. | തിരുവാചോല തോട് | 3KM | 2 |
| 10. | രായിൻ കോട് തോട് | 1KM | 2 |
| 11. | മാമ്പറ്റ – പാച്ചാക്കൽ തോട് | 2KM | 3 |
| 12. | വാവൂര് തോട് | 2KM | 3 |

മേൽപറഞ്ഞ തോടുകളിൽ അനുയോജ്യമായ സ്ഥലത്ത് ബണ്ട് കെട്ടുകയും വേണ്ട സ്ഥലങ്ങളിൽ സൈഡ് കെട്ടുകയും ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിലെ ജലസേചനത്തിനും അതുവഴി കൃഷിക്കും വളരെ അനുയോജ്യമായി തീരും.

## കുളങ്ങൾ:-

പഞ്ചായത്തിൽ മൊത്തം 16 പൊതുകുളങ്ങൾ ഉണ്ട്. കുറേ സ്വകാര്യകുളങ്ങളും ഉണ്ട്. കാർഷികാവശ്യത്തിനും മറ്റു ആവശ്യങ്ങൾക്കും ഇത്തരം കുളങ്ങൾ ഉപയോഗിക്കാവുന്നതാണ്. പക്ഷേ പലകുളങ്ങളും വേണ്ട രീതിയിൽ സംരക്ഷണം നൽകാത്തത് മൂലം മണ്ണൊലിപ്പും മറ്റുമായി കേടുവന്നിരിക്കുന്നു.

## പ്രശ്നങ്ങൾ :-

ചീക്കോട് പഞ്ചായത്തിലെ പൂങ്കുടിയിൽ നിന്ന് തുടങ്ങി ഏകദേശം 4km ഓളം വരുന്ന ചാലിയാറിനെ ഫലപ്രദമായി ഉപയോഗിക്കാത്തത് കാർഷിക മേഖലക്ക് വൻ നഷ്ടമാകുന്നു.

**ഈ പഞ്ചായത്തിലെ തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.**

**പട്ടിക 6**

തെങ്ങ് എണ്ണം

| തെങ്ങ് കൃഷി | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ |
|---|---|---|---|
| വിസ്തീർണ്ണം | | | |
| 1050h | 200h | 850h | 186900 |

മുഖ്യകൃഷിയായ തെങ്ങ് കൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

a. നാളികേരത്തിന്റെ വിലയിടിവ്

b. ഉൽപാദനച്ചെലവ് കൂടിയത്

c. സ്കീമുകളുടെ വിഹിതം വർദ്ധിക്കാത്തത്

d. ഉൽപാദന ക്ഷമത കൂടിയ തൈകളെക്കുറിച്ചും ആധുനിക കൃഷി രീതിയെ ക്കുറിച്ചും കർഷകർക്ക് അറിവില്ലാത്തത്.

e. തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങൾ

നെൽകൃഷി ലാഭകരമല്ലാത്തത് മുൻപുള്ളതിനേക്കാൾ വയലുകളുടെ വിസ്തീർണ്ണം കുറയാൻ കാരണമായി. വർദ്ധിച്ച ഉൽപാദനച്ചലവ്, നീർക്കെട്ട്, ജലസേചന സൗകര്യങ്ങളുടെ അഭാവം മുതലായവ മറ്റു പ്രശ്നങ്ങളാണ്. പുതിയ ഇനം വിത്തുകൾ, കാർഷിക യന്ത്രങ്ങൾ ഇവയുടെ ഉപയോഗം ജനങ്ങളിൽ പറയത്തക്ക സ്വാധീനം ചെലുത്തിയിട്ടില്ല. നെൽകൃഷി വികസനത്തിന് ഉണ്ടാക്കിയ പാടശേഖര സമിതികൾ പലതും നിർജ്ജീവമാണ്.

കുരുമുളക്, കശുമാവ്, റബർ, പച്ചക്കറി, പഴവർഗങ്ങൾ എന്നിവയാണ് മറ്റു പ്രധാന കൃഷികൾ കുരുമുളക് കൃഷി ഫലത്തിൽ നാശത്തിന്റെ വക്കിൽ എത്തിയിരിക്കുന്നു. കശുമാവ് കൃഷിയാകട്ടെ ഉൽപാദനം വർദ്ധിപ്പിക്കാൻ വേണ്ടിയാതൊരു വിധ പ്രത്യേകശ്രദ്ധയും നൽകുന്നില്ല. റബർകൃഷിക്ക് അനുയോജ്യമായ ധാരാളം സ്ഥലമുണ്ടെങ്കിലും കർഷകർ വേണ്ടരീതിയിൽ ഈ മേഖലയിലേക്ക് നീങ്ങിയിട്ടില്ല. എങ്കിലും കുറഞ്ഞ മാറ്റം അടുത്തകാലത്തായിട്ടുണ്ട്. പച്ചക്കറി കൃഷിക്ക് കീടങ്ങളുടെ ശല്യം രൂക്ഷമാണ്. തന്മൂലം അമിതമായി കീടനാശിനി പ്രയോഗം വരുന്നു. കൂടുതൽ ഫലങ്ങളുണ്ടാക്കുന്ന ഫലവൃക്ഷങ്ങൾ വേണ്ടത്ര സ്വാധീനം ചെലുത്തിയിട്ടില്ല. കച്ചോലം (5[illegible]) കൊടുവേരി (7[illegible]) എന്നിവയും വളരെ കുറഞ്ഞ തോതിലെ കൃഷിചെയ്യപ്പെടുന്നുള്ളൂ.

മണ്ണ് പരിശോധന നടത്താത്തത് അശാസ്ത്രീയമായ കൃഷി സമ്പ്രദായത്തിന് കാരണമാകുന്നു. രാസ-ജൈവ വള അനുപാതത്തിലുണ്ടായ മാറ്റം മണ്ണിന്റെ ഘടനയെത്തന്നെ ബാധിച്ചിരിക്കുന്നു. മണ്ണ് സംരക്ഷണത്തെക്കുറിച്ചും, സ്ഥല ജലപരപാലനത്തെക്കുറിച്ചും ജനങ്ങൾ ബോധവാന്മാരല്ലാത്തത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവ വേണ്ടരീതിയിൽ സംരക്ഷണം നൽകാത്തത് ജലസേചന സ്രോതസ്സുകളുടെ ശക്തികുറക്കുന്നു.

വിസതൃതമായ ഈ പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം വേണ്ട രീതിയിൽ എത്തിക്കാനും കഴിയുന്നില്ല. ആധുനിക കൃഷിസമ്പ്രദായം കാർഷിക യന്ത്രങ്ങൾ, വിത്തിനങ്ങൾ എന്നിവ വളരെക്കുറഞ്ഞ തോതിൽ മാത്രമേ സ്വാധീനിച്ചിട്ടുള്ളൂ.

മേൽപറഞ്ഞ പ്രശ്നങ്ങളെല്ലാം ഈ പഞ്ചായത്തിലെ കൃഷിയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. സർക്കാരിന്റെ ചില പദ്ധതികൾ വന്നിട്ടുണ്ടെങ്കിലും അവ പഞ്ചായത്തിൽ തന്നെ മുഴുവൻ പ്രദേശങ്ങളിൽ എത്തിയിട്ടില്ല. ഉദാഹരണം:- പശ്ചിമഘട്ട പദ്ധതി, വെള്ളപ്പൊക്കവും വരൾച്ചയും ഈ പഞ്ചായത്തിലെ കൃഷിയെയും ബാധിക്കുന്നു. ദുരിതാശ്വാസ വിതരണ വിവരം താഴെ കൊടുക്കുന്നു.

**പട്ടിക 7**

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 1993-94 | 187 | 60518 |
| 1994-95 | 815 | 132751 |
| 1995-96 | 18 | 23266 |
| 1996-97 | 208 | 173920 |

## നിർദ്ദേശങ്ങൾ

1. ചാലിയാർ പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി വെള്ളം കൃഷിക്ക് എത്തിക്കുക.

2. പശ്ചിമഘട്ട പദ്ധതി നടപ്പിലാക്കുക.

3. നടപ്പിലാക്കുന്ന സ്കീമുകൾക്ക് പഞ്ചായത്ത് വിസ്തൃതിക്കനുസരിച്ച് കൃഷിഭവനിൽ സ്റ്റാഫില്ല. യാത്രാപ്രശ്നം ഒരിടത്തേക്ക് ഒരു ദിവസം എന്ന രീതിയിലേ പറ്റുന്നുള്ളൂ.

4. രാസവള വിൽപനശാല ഒന്നും തന്നെ ഇല്ല. ആളുകൾ മുന്നോട്ട് വരാത്തതും കാരണമാകുന്നു.

5. വായ്പാ സൗകര്യം വേണ്ടത്ര ഇല്ല. ഒരു S.M.G.B മാത്രമാണ് രംഗത്തുള്ളത്. സഹകരണ സംഘം വായ്പകൾ അനുവദിക്കുന്നതിൽ പിന്നിലാണ്.

6. പുതിയ രീതികൾ ഉൾക്കൊള്ളാൻ കർഷകർക്കുള്ള വൈമനസ്യം.

7. അകാലത്ത് വരുന്ന നടീൽ വസ്തുക്കൾ

8. കശുമാവ് കൃഷിക്ക് വളരെ സാധ്യത യുള്ള ഈ പ്രദേശത്ത് കൃഷിഭവൻ മുഖേന നല്ല യിനം തൈകൾ കൂടുതൽ തോതിൽ വിതരണം ചെയ്യുക.

9. ശാസ്ത്രീയ ജലസേചന പദ്ധതികൾ ഇല്ലാത്തത് വിളയുൽപാദനത്തെ ബാധിക്കുന്നു.

10. തോടുകളുടെ സംരക്ഷണവും ആവ ശ്യമുള്ളിടത്ത് തടയിണ നിർമ്മിക്കുകയും ചെയ്താൽ വെള്ളപ്പൊക്കം വരൾച്ച എന്നിവക്ക് ആശ്വാസം ലഭിക്കും.

11. ചീക്കോട് പഞ്ചായത്തിനെ ഒരു യൂണിറ്റ് ആയി എടുത്ത് കൊണ്ട് നീർമറി വികസനപദ്ധ തികൾ ഉൾപ്പെടുത്തി ജലവും മണ്ണും സംരക്ഷി ക്കുക.

12. കൂട്ടുകൃഷിക്ക് പ്രോത്സാഹനം നൽകുക.

13. കർഷകർക്കും കാർഷിക വിളകൾക്കും ഇൻഷൂർ ഏർപ്പെടുത്തുക.

14. മണ്ണ് പരിശോധന നടത്തുക, ശാസ്ത്രീയ കൃഷി സമ്പ്രദായത്തെക്കുറിച്ച് ജന ങ്ങളെ ബോധവാന്മാരാക്കുക.

15. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കുറഞ്ഞനിരക്കിൽ നൽകുക, മണ്ണെണ്ണയുടെ തോത് വർദ്ധിപ്പിക്കുക

16. പഞ്ചായത്തിലെ കേരവികസന സമിതി സർക്കാർ സഹായം നൽകി പ്രവർത്തനക്ഷമമാ ക്കുക.

17. പുതിയ 114 കുളങ്ങൾ നിർമ്മിക്കുക.

18. കുറുക്കൻ കുന്ന് മലയിൽ കുഴൽ കിണർ നിർമ്മിച്ച് ടാങ്ക് കെട്ടി കൃഷിക്കാർക്ക് വെള്ളമെത്തിക്കുക.

19. മൈനർ ഇറിഗേഷൻ നിലവിലുള്ളത് എത്രയും പെട്ടെന്ന് നടപ്പിലാക്കുക.

20. വാവൂരിലെ നിലവിലുള്ള പമ്പ് സെറ്റിന്റെ ശ്ക്തി വർദ്ധിപ്പിക്കുക.

21. ചീക്കോട് വില്ലേജിൽ ഒരു കൃഷി ഓഫീസ് അനുവദിക്കുക.

22. പൂങ്കുടി മുതൽ ഇരുട്ടുമുഴി വരെ സൈഡ്കെട്ടുക.

23. വാച്ചാൽ മുതൽ പൂങ്കുടി വരേ സൈഡ് കെട്ടുക

24. പഞ്ചായത്തിലെ പ്രധാനപ്പെട്ട കുള ങ്ങൾ ആഴംകൂട്ടി പമ്പുസെറ്റ് സ്ഥാപിച്ചാൽ കാർഷികാവശ്യങ്ങൾക്ക് വലിയ സഹായകരമാ യിരിക്കും.

25. പ്ളാസ്റ്റിക്കു കൊണ്ടുള്ള പാഴ്വസ്തു ക്കൾ കൃഷിയിടങ്ങളിൽ നിക്ഷേപിക്കുന്നത് ബോധവൽക്കരണത്തിലൂടെ തടയണം.

26. ശീമക്കൊന്ന, തോല് ധാരാളം ലഭി ക്കുന്ന പടുമരങ്ങൾ എന്നിവ വച്ചുപിടിപ്പിച്ച് ജൈവവള ലഭ്യത ഉറപ്പുവരുത്തുക. ഓരോ കൃഷി ക്കാരനും ഒരു കമ്പോസ്റ്റ് കുഴിയെങ്കിലും നിർമ്മി ക്കണമെന്ന ലക്ഷ്യം നടപ്പിൽ വരുത്തണം.

27. സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള ജല സ്രോതസ്സുകളിൽ പമ്പുസെറ്റ് വെയ്ക്കുന്ന തിനും പുതുതായി കിണറുകൾ കുഴിക്കുന്ന തിനും ധനസഹായം നൽകുന്നതിനുള്ള നിലവി ലുള്ള പദ്ധതി ഉദാരവൽക്കരിക്കണം.

28. കൂൺ കൃഷി, പൂകൃഷി, അലങ്കാര ചെടി വളർത്തൽ, ഔഷധ സസ്യങ്ങൾ എന്നിവ യുടെ സാധ്യതകൾ നമ്മുടെ പഞ്ചായത്തിൽ ഉപ യോഗപ്പെടുത്തണം.

# മൃഗസംരക്ഷണം

ജില്ലയിലെ വലിയ പഞ്ചായത്തുകളിൽ ഒന്നായ ചീക്കോട് ഒരു കാർഷിക ഗ്രാമപഞ്ചായത്തായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളാണ് ഭൂരിഭാഗം ജനങ്ങൾക്കുമുണ്ടായിരുന്നത്. കന്നു പൂട്ടുന്നതിനും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. കാർഷികാവശ്യത്തിന് കന്നുകാലികളെ വളർത്തുന്ന പ്രവണത ഇന്ന് കുറഞ്ഞുവരികയാണ്. നെൽകൃഷിരംഗത്തു നിന്നും കർഷകർ ദീർഘകാല വിളവിലേക്ക് മാറിയതും ട്രാക്ടർ തുടങ്ങിയ ആധുനിക യന്ത്രങ്ങൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയതും, കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ക്രമാതീതമായ വില വർദ്ധനവും മൂലം കർഷകർക്ക് കാലിവളർത്തൽ ലാഭകരമല്ലാതായി. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ ഇന്ന് കൂടുതലായും നിർമാണ രംഗത്തും മറ്റു പല മേഖലകളിലുമാണ് ജോലിചെയ്യാൻ താല്പര്യം കാണിക്കുന്നത്. ഈപ്രവണതയും കാർഷിക മേഖലയുടെ വളർച്ചക്ക് വിഘാതമായി.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ, ഉഴവുകാളകളും എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. അപൂർവ്വമായി താറാവുകളെയും വളർത്തുന്നുണ്ട്. വിനോദത്തിനുവേണ്ടി ഏതാനും വീടുകളിൽ പ്രാവ്, തത്ത തുടങ്ങിയവയെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഒരു അംഗീകൃത മുട്ടക്കോഴി വളർത്തു കേന്ദ്രമുണ്ട്. കൂടാതെ പഞ്ചായത്തിൽ ഏതാനും ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകളുമുണ്ട്. മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ ബാച്ചുകളായി 500 മേത്തരം മുട്ടക്കോഴികളെ വളർത്തുന്നു. കോഴി വസന്ത, IBD എന്നീ മാരകരോഗങ്ങൾ കാരണം ധാരാളം കോഴികൾ യഥാസമയം ചികിത്സ കിട്ടാതെ ചത്തൊടുങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ ഏകദേശം 70% വീടുകളിലും നാടൻ കോഴികളെയാണ് വളർത്തുന്നത്. ചുരുക്കം ചില വീടുകളിൽ നാടൻ ഇനം മുയലുകളെയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ വളർത്തുമൃഗങ്ങളും പക്ഷികളും പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക 1**

**വളർത്തുമൃഗങ്ങളും പക്ഷികളും**

| | ആൺ | പെൺ | ആകെ |
|---|---|---|---|
| സങ്കരയിനം പശു | 43 | 386 | 429 |
| നാടൻ പശുക്കൾ | 805 | 1846 | 2651 |
| പോത്ത് | 75 | 205 | 280 |
| ആട് | 626 | 2328 | 2945 |
| നായ | | | 321 |
| കോഴി | | | 31228 |
| താറാവ് | | | 68 |

(അവലംബം 1987 ലെ കന്നുകാലി സെൻസസ്ണ)

പഞ്ചായത്തിൽ 10% വീടുകളിലും കറവപശുക്കളെ വളർത്തുന്നുണ്ട്, ഇവ വിവിധ ഇനങ്ങളിൽപെടുന്നവയാണ്. എന്നാൽ പാൽവിപണനത്തിനു വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിൽ

ഇല്ല. നിലവിലുണ്ടായിരുന്ന ഓമാനൂർ പാൽ സൊസൈറ്റി എന്ന ഒരേയൊരു സ്ഥാപനം ഇന്ന് പ്രവർത്തിക്കുന്നില്ല. പാൽ വിപണനസൗകര്യവും കാലിത്തീറ്റയുടെ വിലവർദ്ധനവും, വേണ്ടത്ര തീറ്റപുൽ ലഭ്യമാവാത്തതും- വിദഗ്ദ ചികിത്സ യുടെ അഭാവവും ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു. 15 വാർഡുകളുള്ള ഈ പഞ്ചാ യത്തിൽ ഒരേയൊരു മൃഗാശുപത്രിയാണുള്ളത്. ഇവിടെ വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ലഭ്യ വുമല്ല. കറവപ്പശുക്കളിൽ പൊതുവെ കണ്ടുവ രുന്ന രോഗം അകിടുവീക്കം, കുളമ്പു രോഗം, ഉദരരോഗം, പനി എന്നിവയാണ്. രോഗ പ്രതി രോധ നടപടികളെ സംബന്ധിച്ച് ശാസ്ത്രീയമായ അറിവില്ലായ്മയും വേണ്ട സമയത്ത് വിദ്ഗ്ദ ചികിത്സ ലഭിക്കാത്തതുമൂലവും കാലികൾ ചത്തുപോകാറുണ്ട്. പഞ്ചായത്തിൽ കാണപ്പെ ടുന്ന പ്രധാന രോഗങ്ങൾ പട്ടിക രണ്ടിൽ കൊടു ത്തിട്ടുണ്ട്.

പട്ടിക 3

**പഞ്ചായത്തിലെ കൃത്രിമ ബീജസങ്കലനം**

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനംനടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസംങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 469 | 342 | 127 |
| കിടാരി | 115 | 80 | 35 |
| എരുമ | 7 | 6 | 1 |

പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ഗോബർ ഗ്യാസ് പ്ളാന്റുകളും പ്രവർത്തന ക്ഷമമല്ല. കൂടു തൽ സ്ഥാപിക്കാൻ സാധ്യതയുണ്ടെങ്കിലും ഈ രംഗത്ത് കർഷകരുടെ അജ്ഞതയാണ് പ്രധാന തടസ്സം.

പഞ്ചായത്തിൽ ആട് വളർത്തലിന് നല്ല സാധ്യതയാണുള്ളതെങ്കിലും മേത്തരം ആടു കളെ ലഭിക്കാത്തതും ഈ രംഗത്ത് ശാസ്ത്രീയ മായ പരിജ്ഞാനക്കുറവുമൂലവും ആടു വളർത്തൽ പരിമിതമായ തോതിലെയുള്ളു.

പട്ടിക രണ്ട്

**Cheacode Grama Panchyath (From Sept 92 to Sept 96)**

**രോഗവിവരങ്ങൾ**

| ക്രമമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 464 | 10 | 475 | | 10 | 20 | | | | |
| 2 | ശ്വാസകോശസംബന്ധം | 116 | 4 | 237 | | 4 | 133 | | | | |
| 3 | ഉപാചയ സംബന്ധം | 93 | 3 | 178 | | - | - | | | | |
| 4 | ത്വക്ചരോഗങ്ങൾ | 81 | 2 | 59 | | 8 | 31 | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 35 | - | 30 | | 1 | 10 | | | | |
| 6 | പരാദരോഗങ്ങൾ | 92 | 6 | 83 | | 2 | 2 | | | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 58 | 2 | 55 | | - | - | | | | |
| 8 | വന്ധ്യത | 90 | 5 | 24 | | - | - | | | | |
| 9 | അകിടുവീക്കം | 70 | | 32 | | - | - | | | | |
| 10 | മുടന്തൻ പനി | 50 | | - | | - | - | | | | |
| 11 | പകർച്ചവ്യാധികൾ | 3 | | 6 | | | | | | | |

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതൽ

2. പുല്ല്–വൈക്കോൽ തുടങ്ങിയവയുടെ ലഭ്യതക്കുറവ്

3. മൃഗ ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത

4. ക്ഷീര വിപണനത്തിനുള്ള സൗകര്യക്കുറവ്

5. കർഷകർക്ക് വേണ്ട പ്രോത്സാഹനം ലഭിക്കായ്മ

6. പേപ്പട്ടി ശല്യം

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു ക്ഷീര വികസന സൊസൈറ്റി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. വാർഡ് അടിസ്ഥാനത്തിൽ പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. വിതരണത്തിനു ശേഷം മിച്ചംവരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റി വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. സൊ സൈറ്റി മുഖേന മേത്തരം കാലിത്തീറ്റയും മറ്റു സഹായങ്ങളും ലഭ്യമാക്കുക.

2. മൃഗചികിത്സ കർഷകന് യഥാസമയം ലഭ്യമാക്കുന്നതിന് നിലവിലുള്ള ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഇവിടെ പ്രതിരോധ കുത്തിവെപ്പിനും ബീജസങ്കലനത്തിനും വേണ്ട സൗകര്യങ്ങൾ പ്രത്യേകം ഉണ്ടായിരിക്കണം. പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ ആശുപത്രിയുടെ കീഴിൽ ഓരോ സബ്സെന്റർ സ്ഥാപിക്കേണ്ടതാണ്. ഇതിനു പുറമെ ആശുപത്രിയുടെ കീഴിൽ ഒരു മൊബൈൽ ചികിത്സായൂണിറ്റ് ഏർപ്പെടുത്തുന്നത് ഫലപ്രദമായിരിക്കും.

### Cheekode Gramma Panchayat 4.4

### പേ വിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം കുടിയേറ്റത്തിനു ശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | | | | 20 | | |

3. പഞ്ചായത്തിലെ ഓരോ വീട്ടിലും പത്ത് മുട്ടക്കോഴികളെ വീതം വളർത്തുന്നതിന് വേണ്ട പ്രോത്സാഹനം നൽകുകയാണെങ്കിൽ തീർച്ചയായും കോഴിമുട്ടയുടെ കാര്യത്തിൽ സ്വാശ്രയത്വം കൈവരിക്കാൻ സാധിക്കും. ഇതിനു വേണ്ട കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയാണ് മുഖ്യപ്രശ്നം ജില്ലയിൽ ഗവൺമെന്റ് ഉടമയിൽ കോഴിമുട്ട വിരിയിക്കാൻ കേന്ദ്രം തുടങ്ങേണ്ടത് അത്യാവശ്യമാണ്.

4. ഇറച്ചിക്കോഴിവളർത്തൽ നല്ലൊരു കുടിൽ വ്യവസായമാണ്. വിപണന സൗകര്യമില്ലായ്മയും തീറ്റയുടെ വിലവർധനയുമാണ് ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നത്. കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറച്ചിക്കോഴി യഥേഷ്ടം ഇറക്കുമതി ചെയ്യുന്നതിൽ ബന്ധപ്പെട്ടവർ വേണ്ട നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്താൽ അഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാനും അതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിക്കും. കോഴിത്തീറ്റ ഉല്പാദന കേന്ദ്രവും തുടങ്ങേണ്ടതാണ്.

5. അത്യുല്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നതിനു വേണ്ട സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക. കാലിത്തീറ്റയുടെ നികുതി പിൻവലിക്കുകയും കർഷകന് സബ്സിഡി അനുവദിക്കുകയും ചെയ്താൽ പശുവളർത്തലിന് കൂടുതൽ പ്രചോദനമാകും.

6. പേപ്പട്ടി ശല്യം വർദ്ധിച്ചു വരുന്നതിനാൽ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം. പേപ്പട്ടി വിഷ ബാധക്കെതിരെയുള്ള

കുത്തിവെപ്പ് മരുന്ന് മൃഗാശുപത്രിയിൽ ലഭ്യമാക്കേണ്ടതാണ്.

7. ആട് വളർത്തലിന് വൻസാധ്യതയാണ് പഞ്ചായത്തിൽ ഉള്ളത്. ആട്ഫാം തുടങ്ങാനുള്ള സന്നദ്ധത ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. അതുകൊണ്ട് തന്നെ ഇത്തരം ഫാം തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകേണ്ടതുണ്ട്.

## മത്സ്യബന്ധനം

പഞ്ചായത്തിൽ 15കി.മീ. ആണ് പുഴയോരമുള്ളത് (ചാലിയാർ, പൂങ്കുടി ചെറുപുഴ) പുഴയോര മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 300ൽപരം വരും. അരീക്കോട്, കൊണ്ടോട്ടി ഭാഗങ്ങളിൽ നിന്ന് മത്സ്യം കൊണ്ട് വന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപണനം ചെയ്യുന്ന തൊഴിലാളികൾ 55 പേരുണ്ട്.

പുഴയിൽ നിന്നും പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങൾ വലിയചെമ്മീൻ (കദള) ചെമ്പല്ലി, വാള, ചെള്ളി, വയമ്പ്, നരിമീൻ, ഏട്ട കോലി കടുങ്ങാലി എന്നിവയാണ്. ഇതിൽ കദള എന്നറിയപ്പെടുന്ന വലിയചെമ്മീന് നല്ലവില ലഭിക്കുന്നു. ഇതിന് നല്ലഡിമാന്റും ഉണ്ട്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് മത്സ്യം ധാരാളം പിടിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന മത്സ്യം വിൽക്കുന്നതിന് പ്രത്യേക മാർക്കറ്റ് സൗകര്യങ്ങൾ ഒന്നും നിലവിലില്ല. പ്രാദേശികമായ വിപണന സൗകര്യമേയുള്ളൂ. ചാലിയാറിന്റെ കൈവഴി പുഴയായ ചെറുപുഴയിലും ഇതേപോലെ മത്സ്യം പിടിക്കുന്നു. ഉൾ നാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്ന പതിവുണ്ട്. മത്സ്യ രോഗം കാരണം ധാരാളം മത്സ്യങ്ങൾ ചത്തൊടുങ്ങിയിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതയുണ്ടെങ്കിലും യാതൊരു പ്രോത്സാഹനവുമില്ല.

2. പരമ്പരാഗത മത്സ്യ ബന്ധനോപകരണങ്ങളെ ഉപയോഗിക്കുന്നുള്ളു.

3. നഞ്ച്-തോട്ട-കീടനാശിനി എന്നിവയുടെ ഉപയോഗം മൂലം മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു.

4. മത്സ്യവിപണനത്തിന് പൊതു മാർക്കറ്റ് പഞ്ചായത്തിൽ ഇല്ല.

5. മത്സ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങളൊ മറ്റു ആനുകൂല്യങ്ങളൊ ലഭിക്കുന്നില്ല.

### സാധ്യതകൾ

ചാലിയാറിലും കൈവഴിപുഴയായ ചെറുപുഴയിലും കേന്ദ്രീകരിച്ച് മത്സ്യകൃഷിക്ക് സാധ്യതയുണ്ട്. അത് ഉപയോഗപ്പെടുത്തണം.

2. ഉൾനാടൻ ജലാശയങ്ങളിൽ വളർത്താൻ പറ്റിയ മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം.

3. മത്സ്യവിപണനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതിയുണ്ടാക്കുക.

4. മത്സ്യവിപണനത്തിന് പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ പൊതുമാർക്കറ്റ് ഉണ്ടാവണം.

5. വ്യാപകമായി കണ്ടുവരുന്ന മത്സ്യരോഗത്തെക്കുറിച്ച് പഠനങ്ങൾ നടത്തണം.

6. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളിൽ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും ഉൾപ്പെടുത്തുക.

# വിദ്യാഭ്യാസം

പിന്നോക്ക ജില്ലയായ മലപ്പുറം ജില്ലയിലെ 46.72 ച. കി.മീറ്റർ വിസ്തീർണ്ണമുള്ള ചീക്കോട് പഞ്ചായത്ത് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്നുവെങ്കിലും നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഈ പ്രദേശത്ത് വിദ്യാഭ്യാസപരമായി പലതരത്തിലുള്ള പ്രവർത്തനങ്ങളും നടന്നിരുന്നു.

ഒന്നര നൂറ്റാണ്ട് മുമ്പ് തന്നെ എഴുത്തച്ചൻ പള്ളിക്കൂടങ്ങളും ഓത്തുപള്ളിക്കൂടങ്ങളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചതായറിയുന്നു. ഓത്തുപള്ളിക്കൂടങ്ങൾ നടത്തിയിരുന്ന എൻ.സി. മുഹമ്മദ് മൊല്ല, ആലി മമ്മദ് മുസ്ല്യാർ, മൊല്ലാച്ചി പാത്തുമ്മ എന്നിവരും എഴുത്തച്ചൻ പള്ളിക്കൂടങ്ങൾ നടത്തിയിരുന്ന പാലക്കതൊടി ചാത്തുക്കുട്ടി നായർ, ശങ്കരൻ നായർ മുതലായവരും അന്നത്തെ സാമൂഹ്യ പരിഷ്കർത്താക്കൾക്കൂടിയായിരുന്നു.

വർത്തമാനകാലത്ത് മലപ്പുറം ജില്ലയിലെ നൂറ് ശതമാനം സാക്ഷരത കൈവന്ന അരീക്കോട് പഞ്ചായത്തിന്റേയും വികസന, പുരോഗമനകാര്യങ്ങളിൽ മുന്നിട്ടുനിൽക്കുന്ന വാഴക്കാട്, കൊണ്ടോട്ടി പഞ്ചായത്തുകളുടെയും സാമീപ്യം, ഇവിടെ വിദ്യാഭ്യാസപരമായി വലിയ പുരോഗതി പ്രാപിക്കാൻ കഴിഞ്ഞിട്ടില്ല.

ഇടക്കാലത്ത് ജനങ്ങളിലുണ്ടായ വിദ്യാഭ്യാസ അവബോധവും യാഥാസ്ഥികത്വവും ഭൗതിക വിദ്യാഭ്യാസത്തിൽനിന്നും ജനങ്ങളെ അകറ്റി നിർത്തിയെങ്കിലും മുസ്ലിംകളിൽ ഭൂരിപക്ഷവും അറബി മലയാളത്തിൽ പ്രാവീണ്യം നേടിയവരായിരുന്നു. ജുമുഅത്ത് പള്ളികൾക്ക് കീഴിൽ നടത്തിപ്പോന്നിരുന്ന പള്ളി ദർസുകൾ അന്നത്തെ സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു.

1912 ഡിസംബറിൽ ആരംഭിച്ച പറപ്പൂരിലെ ലോവർ എലിമെൻററി സ്കൂളായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. കലാ സാംസ്കാരികരംഗങ്ങളിൽ കൂടി പ്രശസ്തരായിരുന്ന ശങ്കരയ്യരായിരുന്നു അവിടുത്തെ പ്രധാനാദ്ധ്യാപകൻ. തുടർന്ന് 1920കളോടെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ പ്രവർത്തനം തുടങ്ങി. ഹയർ എലിമെൻററിക്ക് വേണ്ടി കൊണ്ടോട്ടിയിലും ഹൈസ്കൂൾവിദ്യാഭ്യാസത്തിന് വേണ്ടി മഞ്ചേരിയിലുമാണ് പോയിരുന്നത്.

ഒ.എൻ. ഗോവിന്ദൻ നായർ, ഇ.ടി. മൂസ്സക്കുട്ടി മാസ്റ്റർ, ആലസ്സൻ മാസ്റ്റർ, ലവക്കുട്ടി മാസ്റ്റർ, പി. കെ. അയമുട്ടി മാസ്റ്റർ, കുഞ്ഞീതുമാസ്റ്റർ, അരീക്കോട് അബ്ദുറഹ്മാൻ മാസ്റ്റർ, രാമപ്പണിക്കർ, പി.എ. ഹസ്സൻ തുടങ്ങിയവരുടെ സേവനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹിക, വിദ്യാഭ്യാസപരമായ ചലനങ്ങൾ സൃഷ്ടിച്ചു.

പ്രഫസർ ഓമാനൂർ മുഹമ്മദ്, പ്രൊ. പി.എ. അബ്ദുൽ കരീം, പ്രഫ. കേശവൻ നമ്പൂതിരി മുതലായവർ ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദാനന്തരബിരുദധാരികളാണ്.

വിളയിൽ യശോധ ടീച്ചർ, കാളാടൻ പാത്തുമ്മ ടീച്ചർ മുതലായവരായിരുന്നു പഞ്ചായത്തിലെ ആദ്യ

ത്തെ വനിതാദ്ധ്യാപികമാർ.

പി.എ. മുഹമ്മദ് അശ്റഫാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ മെഡിക്കൽ വിദ്യാർത്ഥി. ഇപ്പോൾ ഇവിടെനിന്നും മെഡിസിന് പഠിക്കുന്ന വാവൂരിലെ ഒരു വിദ്യാർത്ഥിനി ഈ രംഗത്തെ വനിതകളുടെ ഉന്നതവിദ്യാഭ്യാസത്തെ വിളിച്ചറിയിക്കുന്നു.

ഒറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലുമില്ലാത്ത ഈ പഞ്ചായത്തിൽ നിന്നും വിദൂരസ്ഥലങ്ങളിൽ പോയി ആ രംഗത്ത് പ്രാവീണ്യം നേടിയ നിരവധി പേർ ഈ പഞ്ചായത്തുകാരുടെ സാങ്കേതികവിദ്യാഭ്യാസത്തോടുള്ള അഭിവാഞ്ജയെയാണ് സൂചിപ്പിക്കുന്നത്.

1974ൽ സ്ഥാപിതമായ ഓമാനൂർ ഹൈസ്കൂളും 1976ൽ സ്ഥാപിച്ച ചീക്കോട് ഹൈസ്കൂളുമടക്കം ഈ പഞ്ചായത്തിൽ ആകെ 24 വിദ്യാലയങ്ങളുണ്ട്. മൊത്തം സ്കൂളുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ പട്ടിക I A യിൽ കൊടുക്കുന്നു.

ഇവയിൽ 13 സ്കൂളുകൾ സർക്കാർ മേഖലയിലും 11 സ്കൂളുകൾ സ്വകാര്യമേഖലയിലുമാണ്. കൂടാതെ വിളയിൽ CBMS യതീംഖാനയിൽ 1995-96 വർഷത്തിൽ കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടെ ഒരു LP സ്കൂൾ ആരംഭിച്ചിട്ടുണ്ട്.

മുസ്ലിംകളുടെ മതപഠനകേന്ദ്രങ്ങളായ 54 മദ്രസകൾ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്നു.

## പ്രശ്നങ്ങൾ

### (a) പ്രീ പ്രൈമറി തലം:

5 വയസ്സിന് താഴെയുള്ള പിഞ്ചുകുഞ്ഞുങ്ങളുടെ ഉല്ലാസകേന്ദ്രങ്ങളാകേണ്ട അംഗനവാടികൾ ഭൗതികസാഹചര്യങ്ങളുടെ അഭാവംമൂലം മാനസികപീഠനകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ആവശ്യത്തിന് വേണ്ട കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, കളിപ്പാട്ടങ്ങൾ, കുടിവെള്ളം, ഉച്ചഭക്ഷണം ആദിയായ അടിസ്ഥാനസൗകര്യങ്ങൾപോലും ഒട്ടുമിക്കവയിലുമില്ല. ജനസംഖ്യാനുപാതികമായി നോക്കിയാൽ ഇവയുടെ എണ്ണവും വളരെ കുറവാണ്. ICDS ൻെറ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അംഗനവാടികൾ ഈ പഞ്ചായത്തിൽ 21 എണ്ണമേയുള്ളൂ. ഇവിടുത്തെ ജനസംഖ്യ 1991ലെ സെൻസസനുസരിച്ച് 42125 ആണ്. അതുകൊണ്ട്തന്നെ ഈ പ്രായക്കാരിൽ 5%ന് മാത്രമേ അംഗനവാടികളിൽ പോകാൻ കഴിയുന്നുള്ളൂ. സർക്കാർ അംഗീകാരമില്ലാത്ത രണ്ട് നഴ്സറി വിദ്യാലയങ്ങളും ഇവിടെയുണ്ട്. 9-ാം വാർഡിലെ നഴ്സറി സ്കൂളിൽ പ്രൈമറി ക്ലാസ് ആരംഭിച്ചതോടെ സമീപത്തുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

### (a) പ്രൈമറി തലം:

പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടി പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ നിന്നും രണ്ട് കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടിവരുന്നു. ഗതാഗതസൗകര്യങ്ങൾ തികച്ചും ഇല്ലാത്തതുകൊണ്ടും, സ്കൂളുകളുടെ ഭൗതിക സൗകര്യക്കുറവ് കൊണ്ടും, പ്രൈമറി വിദ്യാഭ്യാസത്തിന് ധാരാളം പ്രയാസങ്ങളനുഭവിക്കുന്നുണ്ട്. മിക്ക പ്രൈമറി സ്കൂളുകളും സർക്കാർ ഉടമയിലാണെങ്കിലും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. ഈ കെട്ടിടങ്ങൾ മുഴുവനും വിദ്യാഭ്യാസ നിയമ. ചട്ടങ്ങൾക്ക് വിധേയമല്ലാത്ത അശാസ്ത്രീയരീതിയിൽ പണികഴിപ്പിച്ചവയാണ്. കുട്ടികൾക്ക് പഠനം നടത്തേണ്ടരീതിയിൽ വെളിച്ചമോ വിശാലതയോ ഇല്ലാത്തവയുമാണ്. ഓരോ ക്ലാസിലും കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. ഈ കെട്ടിടങ്ങൾക്കാണെങ്കിൽ സർക്കാരിൽനിന്നും യാതൊരുവിധ സഹായവും ലഭ്യമാക്കാൻ നിയമസാധുതയില്ല.

മിക്ക പ്രൈമറി വിദ്യാലയങ്ങളിലും മൂത്രപ്പുര. കക്കൂസ്, കുടിവെള്ളം, വൈദ്യുതി മുതലായ ഭൗതികസൗകര്യങ്ങൾ ഇല്ലാത്തവയാണ്. അക്കാദമിക് സൗകര്യങ്ങളും കുറവാണ്. സ്കൂളുകളുടെ ഭൗതികസൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും യഥാക്രമം പട്ടിക I B, C യിൽ കൊടുക്കുന്നു.

### ഹൈസ്കൂൾ തലം

ഗവ. വൊക്കേഷനൽ ഹയർ സെക്കൻററി സ്കൂൾ ഓമാനൂർ, കമ്മുക്കുട്ടി മെമ്മോറിയൽ ഹൈസ്കൂൾ ചീക്കോട് എന്നിവയാണ് ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകൾ.

## പട്ടിക I A

## സ്കൂളുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

| വാർഡ് | HSS / HS | | | | | UPS | | | | | LPS | | | | | NURSARY | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | അൺ ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ |
| 1 | - | - | - | - | - | 1 | - | - | - | 1 | - | - | - | - | - | - | - | - | - | - |
| 2 | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 3 | - | - | - | - | - | - | 1 | - | - | 1 | - | 1 | - | - | 1 | - | - | - | - | - |
| 4 | - | - | - | - | - | - | - | - | - | - | 2 | 1 | - | - | 3 | - | - | | - | |
| 5 | 1 | - | - | - | 1 | - | - | - | - | | - | 1 | - | - | 1 | - | - | 1 | - | 1 |
| 6 | - | - | - | - | - | - | 1 | - | - | 1 | 1 | - | - | - | 1 | - | - | - | - | - |
| 7 | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 8 | - | 1 | - | - | 1 | 1 | - | - | - | 1 | - | - | - | - | - | - | - | - | - | - |
| 9 | - | - | - | - | - | - | 1 | - | - | 1 | 1 | 1 | - | - | 2 | - | - | 1 | - | 1 |
| 10 | - | - | - | - | - | - | - | - | - | - | 2 | | - | - | 2 | | - | - | - | - |
| 11 | - | - | - | - | - | - | 1 | - | - | 1 | 1 | | - | 1 | 2 | | - | - | - | - |
| 12 | - | - | - | - | - | - | - | - | - | - | 1 | - | - | - | 1 | - | - | - | - | - |
| 13 | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 14 | - | - | - | - | - | 1 | 1 | - | - | 2 | 1 | - | - | - | 1 | - | - | - | - | - |
| 15 | - | - | - | - | - | - | 1 | - | - | 1 | - | - | - | - | - | - | - | - | - | - |
| | | ആകെ | | | **2** | | | | | **9** | | | | | **14** | | | | | **2** |

പട്ടിക 1 (b)

## വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ

| വാർഡ് | സ്കൂളുകൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | GUPS മുതുവല്ലൂർ | 761 | 19 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | CHMKMUPS മുണ്ടക്കുളം | 608 | 22 | 1 | 2 | ഉണ്ട് (കിണർ) | ഇല്ല |
| 3 | AMLPS മുണ്ടക്കുളം | 404 | 13 | 3 | 1 | ഉണ്ട് (കിണർ) | ഇല്ല |
| 4 | GMLPS പരതക്കാട് | 121 | 4 | 1 | ഇല്ല | ഇല്ല | ഇല്ല |
| 4 | PMSA LPS മുതുപറമ്പ | 285 | 10 | 2 | ഇല്ല | ഉണ്ട് (കിണർ) | ഇല്ല |
| 4 | AMLPS തവനൂർ സൗത്ത് | 372 | 9 | 1 | ഇല്ല | ഉണ്ട് (കിണർ) | ഇല്ല |
| 5 | GVHSS ഓമാനൂർ | 1004 | 40 | 2 | 1 | ഉണ്ട് | ഉണ്ട് |
| 5 | AMLPS ഓമാനൂർ | 249 | 17 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | VAHMUPS ഓമാനൂർ | 655 | 21 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6 | GLPS പൊന്നാട് | 193 | 7 | 1 | 1 | ഇല്ല | ഇല്ല |
| 8 | KKMHS ചീക്കോട് | 1570 | 56 | 2 | 2 | ഉണ്ട് | ഉണ്ട് |
| 8 | GUPS ചീക്കോട് | 744 | 22 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | MHMUPS വാവൂർ | 540 | 21 | 1 | 1 | ഉണ്ട് | ഉണ്ട് |
| 9 | Govt. LPS പാറപ്പുറത്ത് പറമ്പ | 193 | 7 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | AMLPS വാവൂർ | 271 | 10 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 10 | GLPS വിളയിൽ പറപ്പൂർ | 262 | 9 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | GLPS വിളയിൽ | 217 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | VPAUPS വിളയിൽ പറപ്പൂർ | 548 | 21 | 1 | 1 | ഉണ്ട് | ഇല്ല |
| 11 | CBMS LP സ്കൂൾ പറപ്പൂർ | | 3 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 11 | GLPS പറപ്പൂർ | 131 | 5 | 1 | 1 | ഉണ്ട് | ഇല്ല |
| 12 | AMLPS പാണാട്ട് | 328 | 11 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 14 | UPS തവനൂർ | 305 | 13 | 2 | 1 | ഉണ്ട് | ഉണ്ട് |
| 14 | GUPS ചുള്ളിക്കോട് | | | ഉണ്ട് | | ഇല്ല | ഇല്ല |
| 14 | GMLPS തവനൂർ | 287 | 8 | 1 | ഇല്ല | ഇല്ല | ഇല്ല |
| 15 | AUPS മുണ്ടക്കൽ | 465 | 20 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |

## പട്ടിക - IC

| | | ലാബ് | ലൈബ്രറി | ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ | പഠനോപകരണങ്ങൾ | ബ്ലാക്ക് ബോർഡ് നിലവിലുള്ളത് | ബ്ലാക്ക് ബോർഡ് ആവശ്യമായത് | PTA/ മാതൃസംഗം |
|---|---|---|---|---|---|---|---|---|
| 1 | ജി.യു.പി.എസ്. മുതുവല്ലൂർ | ഉണ്ട് (നാമമാത്രം) | ഉണ്ട് (നാമമാത്രം) | ഇല്ല | ഉണ്ട് (പരിമിതം) | 10 | 15 | സജീവം |
| 2 | CHMKM UPS മുണ്ടക്കുളം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 16 | 5 | സജീവം |
| 3 | എ.എം.എൽ.പി.എസ്. മുണ്ടക്കുളം | ഉണ്ട് Science Corner ഇല്ല | ഉണ്ട് (പ്രവർത്തനമില്ല) | ഉണ്ട് | ഇല്ല | 11 | 12 | സജീവം |
| 4 | എ.എം.എൽ.പി.എസ്. തവനൂർ സൗത്ത് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | 9 | 9 | സജീവം |
| 5 | ജി.എം.എൽ.പി.എസ്. പരതക്കാട് | ഉണ്ട് (ഭാഗികം) | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | 2 | 2 | സജീവമല്ല |
| 6 | പി.എം.എസ്.എ. എൽ.പി.എസ്. മുളപറമ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 18 | 6 | സജീവം |
| 7 | ജി.വി.എച്ച്.എസ്.എസ്. ഓമാനൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 18 | 6 | സജീവമല്ല |
| 8 | എ.എം.എൽ.പി.എസ്. ഓമാനൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 15 | സജീവം |
| 9 | വി.എ.എച്ച്.എം.യു.പി.എസ്. ഓമാനൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 15 | 15 | സജീവം |
| 10. | ഗവ. എൽ.പി.എസ്. പൊന്നാട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 5 | 4 | സജീവം |
| 11 | കെ.കെ.എം.എച്ച്.എസ്. ചീക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 34 | - | സജീവം |
| 12 | ജി.യു.പി.എസ്. ചീക്കോട് | ഉണ്ട് | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | 4 | 8 | സജീവമല്ല |
| 13 | എം.എച്ച്.എം.എ.യു.പി.എസ്. വാവൂർ | ഉണ്ട് (പരിമിതം) | ഉണ്ട് | ഇല്ല | ഉണ്ട് (പരിമിതം) | 10 | 4 | സജീവം |
| 14 | ഗവ. എൽ.പി.എസ്. പാറപ്പുറത്ത് പറമ്പ | ഇല്ല | ഉണ്ട് (പരിമിതം) | ഇല്ല | ഇല്ല | 2 | 7 | സജീവം |

## പട്ടിക - IC

| | | ലാബ് | ലൈബ്രറി | ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ | പഠനോപകരണങ്ങൾ | ബ്ലേക്ക് ബോർഡ് നിലവിലുള്ളത് | ബ്ലേക്ക് ബോർഡ് ആവശ്യമായത് | PTA/ മാതൃസംഗം |
|---|---|---|---|---|---|---|---|---|
| 15 | എ.എം.എൽ.പി.എസ്. വാവൂര് | ഇല്ല | ഉണ്ട് (പരിമിതം) | ഇല്ല | ഉണ്ട് (പരിമിതം) | - | - | സജീവം |
| 16 | ജി.എൽ.പി.എസ്. വിളയിൽ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 2 | 3 | സജീവമല്ല |
| 17 | ജി.എൽ.പി.എസ്. വിളയിൽ പറപ്പൂര് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 7 | 7 | സജീവമല്ല |
| 18 | വി.പി.എ.യു.പി.എസ്. വിളയിൽ പറപ്പൂര് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 13 | 3 | സജീവം |
| 19 | ജി.എൽ.പി.എസ്. പറപ്പൂര് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് (പരിമിതം) | 2 | 4 | സജീവം |
| 20 | എ.എം.എൽ.പി.എസ്. പാണാട്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 9 | 9 | സജീവം |
| 21 | ജി.എം.യു.പി.എസ്. ചുള്ളിക്കോട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് (പരിമിതം) | 4 | 7 | സജീവം |
| 22 | എം.യു.പി.എസ്. തവനൂര് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 9 | 2 | സജീവം |
| 23 | ജി.എം.എൽ.പി.എസ്. തവനൂര് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 6 | 2 | സജീവം |
| 24 | എ.യു.പി.എസ്. മുണ്ടക്കൽ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് (പരിമിതം) | 17 | 17 | സജീവം |

ഓമാനൂരിലെ GVHSS ൽ നാമമാത്രമായി മാത്രമേ തൊഴിലധിഷ്ടിത കോഴ്സുകളുള്ളൂ. കമ്പ്യൂട്ടർ സയൻസോ മറ്റു ഉപകാരപ്രദമായ നല്ല കോഴ്സുകളോ ഒന്നും തന്നെ ഇവിടെയില്ല. സ്ഥലപരിമിതിമൂലം ഇപ്പോൾ ഇവിടെ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പഠനം നടക്കുന്നത്. ഇത് കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. ഇവിടെ ആവശ്യത്തിന് വേണ്ട അദ്ധ്യാപകർ ഒരുകാലത്തും ഉണ്ടാവാറില്ല. ആവശ്യത്തിന് വേണ്ട അദ്ധ്യാപകരുടെ എണ്ണവും ഒഴിവുകളുടെ എണ്ണവും പട്ടിക 2 A യിൽ കൊടുക്കുന്നു.

പട്ടിക 2 A

**ആവശ്യത്തിന് വേണ്ട അദ്ധ്യാപകരുടെ വിവരം (HS)**

| സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവർ | ഒഴിവുകൾ | ദീർഘകാല അവധി |
|---|---|---|---|---|---|
| KKMHS ചീക്കോട് | 1570 | 56 | 56 | - | 3 |
| GVHSS ഓമാനൂര് | 1004 | 40 | 28 | 12 | 1 |

പട്ടിക 2 B

**വിജയശതമാനം (SSLC)**

| സ്കൂളിൻെറ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| KKMHS ചീക്കോട് | 33% | 31% | 29% | 24% | 18% |
| GVHSS ഓമാനൂര് | 39% | 27% | 21% | 17% | 19% |

1976ൽ സ്ഥാപിച്ച ചീക്കോട് ഹൈസ്കൂളിൽ ആവശ്യത്തിന് വേണ്ട അധ്യാപകരും മറ്റു സൗകര്യങ്ങളും ഉണ്ടെങ്കിലും വിജയശതമാനം വളരെ കുറവാണ്. രണ്ട് ഹൈസ്കൂളുകളുടെയും എസ്.എസ്.എൽ. സി. ശതമാനം പട്ടിക 2-B യിൽ കാണാം.

വിജയശതമാനം കുറവായതിനാൽ പരിസരപ്രദേശത്തുനിന്നും കുട്ടികൾ മെച്ചപ്പെട്ട പഠനം തേടി മറ്റു ദിക്കുകളിലേക്ക് പോകുന്നുണ്ട്. വിജയിക്കുന്നവരുടെ മാർക്ക് തന്നെ വളരെ കുറവായതിനാൽ അംഗീകൃത കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നവർ വളരെ കുറച്ച് മാത്രമേയുള്ളൂ. മറ്റുള്ളവർക്ക് പഠിക്കാൻ ഒരു പാരലൽ കോളേജ് പോലും ഈ പഞ്ചായത്തിലില്ല.

## ഉന്നതവിദ്യാഭ്യാസം

ഹൈസ്കൂളിൽനിന്നും പാസാകുന്ന കുട്ടികൾ ഉന്നതപഠനത്തിന് വേണ്ടി മഞ്ചേരി, മലപ്പുറം, കോഴിക്കോട്, തിരൂരങ്ങാടി ഭാഗങ്ങളിലേക്കാണ് പോകാറുള്ളത്. ഇത്രയും ദൂരം യാത്രചെയ്യുന്നതുകൊണ്ട് ഇവരുടെ പഠനം വിജയപ്രദമാക്കാൻ സാധിക്കുന്നില്ല. രാത്രി വളരെ വൈകിയേ പെൺകുട്ടികളടക്കം വീട്ടിൽ എത്താൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിൽ മറ്റു സാങ്കേതിക വിദ്യാഭ്യാസകേന്ദ്രങ്ങളോ തൊഴിലധിഷ്ടിത വിദ്യാഭ്യാസകേന്ദ്രങ്ങളോ ഒന്നുംതന്നെയില്ല. അതുകൊണ്ടുതന്നെ ഇവിടെ ഉന്നത വിദ്യാഭ്യാസം നേടിയവരും മറ്റു മെഡിസിൻ, റി

സർച്ച്, എഞ്ചിനീയറിംഗ് പോലെയുള്ള കോഴ്സുകളിൽ പഠിക്കുന്നവരും തുലോം കുറവാണ്.

## നിരക്ഷരത

24 വിദ്യാലയങ്ങൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മിക്ക വാർഡുകളിലും നിരക്ഷരർ ധാരാളമുള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. 1991ലെ സെൻസസനുസരിച്ച് പഞ്ചായത്തിലെ ആകെ നിരക്ഷരരുടെ എണ്ണം 4027 ആണ്.

ഒന്നാംഘട്ട സാക്ഷരതാപ്രവർത്തനം കാര്യക്ഷമമായെങ്കിലും രണ്ടാംഘട്ടപ്രവർത്തനം തീരെ നടക്കാത്തതിനാൽ ഒന്നാം ഘട്ടത്തിൽ സാക്ഷരത കൈവന്നവർപോലും ഇന്ന് നിരക്ഷരരായി മാറിയിരിക്കുന്നു. പഞ്ചായത്ത്തലത്തിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനുള്ള പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

## നിലവാരത്തകർച്ച

ഗ്രാമസഭകളിൽ നടന്ന വിദ്യാഭ്യാസചർച്ചകളിൽ പഞ്ചായത്തിലെ മിക്ക വാർഡുകളിലും വിദ്യാഭ്യാസപരമായി വളരെ പിന്നിലാണെന്ന് കണ്ടെത്തുകയുണ്ടായി.

അക്കാദമിക് കാര്യങ്ങളെയും, ഭൗതിക സാഹചര്യങ്ങളെയും, സൗകര്യങ്ങളെയും അടിസ്ഥാനമാക്കി പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസനിലവാരം വിലയിരുത്തപ്പെട്ടു.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ്, ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, വാടകക്കെട്ടിടങ്ങളുടെ അശാസ്ത്രീയത, പാഠപുസ്തകവിതരണത്തിലെ അലംഭാവം, രക്ഷിതാക്കളുടെ ബോധമില്ലായ്മ, സിലബസിൻെറ ആധിക്യം, പഠനനിലവാരം നോക്കാതെയുള്ള ക്ലാസ് കയറ്റം, അദ്ധ്യാപകരുടെ അഭാവം, അദ്ധ്യാപക-വിദ്യാർത്ഥി ആനുപാദത്തിലുള്ള അപാകത, പഠനോപകരണങ്ങളുടെ അശാസ്ത്രീയത, പ്രീപ്രൈമറി വിദ്യാഭ്യാസത്തിൻെറ കുറവ്, മോണിറ്ററിങ്ങിൻെറ അഭാവം, ഗൃഹ പഠന സൗകര്യങ്ങളുടെ പരിമിതി, വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ എന്നിവ നിലവാരത്തകർച്ചക്ക് കാരണമാണെന്ന് കണ്ടെത്തി.

ഇവയിൽ മർമ്മപ്രധാനമായ ഒന്നാണ് അക്കാദമിക് സൗകര്യങ്ങൾ. ഇത് ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കുറവാണ്. അശാസ്ത്രീയമായ കെട്ടിടങ്ങളും ഫർണിച്ചറുകളും ബ്ലേക്ക് ബോർഡും അവയിൽ ചിലതുമാത്രം. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സർക്കാർ സ്കൂളുകളുടെയും അവസ്ഥ ഇങ്ങിനെത്തന്നെയാണ്.

ഈ പഞ്ചായത്തിലെ ഒറ്റ വിദ്യാലയത്തിൽ പോലും സമരം മൂലം അധ്യയന ദിനങ്ങൾ നഷ്ടപ്പെടുന്നില്ല എന്നത് സ്തുത്യാർഹമായ ഒരു കാര്യമാണ്.

## പരിഹാരനിർദ്ദേശങ്ങൾ

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ച് വർഷത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

1 (a) അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കളിച്ചുല്ലസിച്ച് പഠിക്കാനുള്ള അംഗനവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ജനസംഖ്യാനുപാദികമായി 30 അംഗനവാടികൾ കൂടി പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ സ്ഥാപിക്കുക. ഇവക്ക് വേണ്ട കെട്ടിടങ്ങളും സൗകര്യങ്ങളും സർക്കാർ തലത്തിലും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കാൻ വേണ്ട സൗകര്യങ്ങൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

1 (b) പ്രീ പ്രൈമറി സ്കൂളുകൾ ആവശ്യമായ സ്ഥലങ്ങളിൽ അവ അനുവദിക്കുക.

2 (a) പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടി കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ട പ്രദേശങ്ങളിൽ അവ സ്ഥാപിക്കുക. ആവശ്യമായ സ്ഥലങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാർഡ് 2 | പാപ്പ്ത്ത് |
| വാർഡ് 5 | പാറപള്ളിയാളി |
| വാർഡ് 6 | തീണ്ടാപാറ |
| വാർഡ് 7 | അടൂർപറമ്പ്, കിഴക്കേ കൊളമ്പലം |

വാർഡ് 8 കൊളത്തിലാപൊയിൽ
വാർഡ് 10 കാഞ്ഞിരി
വാർഡ് 12 കുണ്ടുമണ്ണ്
വാർഡ് 13 വടക്കേപറമ്പ്
വാർഡ് 15 പോത്തട്ടിപാറ

നിലവിലുള്ള പ്രൈമറി വിദ്യാലയങ്ങളുടെ ഭൗതിക, അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അശാസ്ത്രീയ വാടക കെട്ടിടങ്ങൾ ഒഴിവാക്കി സർക്കാർ സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

2 (b) യു.പി. സ്കൂളുകളില്ലാത്ത പ്രദേശങ്ങളിൽ അവ അനുവദിക്കുക. നിലവിലുള്ളതിൻെറ ഭൗതിക, അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. നിലവിലുള്ള എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്താൻ ആവശ്യമായ സ്ഥലങ്ങളിൽ അവ ഉയർത്തുക.

ആവശ്യമായ സ്ഥലങ്ങൾ വാർഡടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

വാർഡ് 2 പാപ്പത്ത്
വാർഡ് 4 പരതക്കാട് എൽ.പി. Upgradation
വാർഡ് 6 പൊന്നാട് എൽ.പി. Upgradation
വാർഡ് 9 പാറപ്പുറത്ത്പറമ്പ് എൽ.പി. Upgradation
വാർഡ് 10 G.L.P.S. വിളയിൽ (കുനിത്തലകടവ്)
G.L.P.S. വിളയിൽ പറപ്പൂർ
വാർഡ് 12 കുണ്ടുമണ്ണ്

3 (a) വളരെ വർദ്ധിച്ച ജനസംഖ്യയും വിസ്തൃതിയുമുള്ള ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഒരു കോളേജ്, മൂന്ന് ഹൈസ്കൂളുകൾ മൂന്ന് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ അത്യാവശ്യമായ സ്ഥലങ്ങളിൽ അനുവദിക്കുക.

(b) ഉന്നത കോഴ്സുകളിൽ പ്രവേശനം ലഭിക്കുവാനുതകുന്ന തരത്തിൽ കോച്ചിങ്ങ് നൽകാൻ വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു കരിയർ സെൻറർ സ്ഥാപിക്കുക.

4 (a) പഞ്ചായത്ത് വിദ്യാഭ്യാസസമിതിയുടെ ആഭിമുഖ്യത്തിൽ അധ്യാപക പരിശീലന കോഴ്സുകൾ, പരീക്ഷകൾ, സ്പോർട്ട്സ്, ഫെസ്റ്റിവലുകൾ എന്നിവ നടത്തുക.

(b) PTA, MTA സജീവമാക്കുക, പ്രാദേശിക PTA ക്ലസ്റ്ററുകൾ മുഖേന കുട്ടികളെ ബന്ധിപ്പിക്കുക. ക്ലസ്റ്റർ ലവലിൽ കുട്ടികളുടെ പഠനകാര്യങ്ങൾക്ക് നേതൃത്വം നൽകുക.

(c) ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുക, ഉച്ചക്കഞ്ഞി അപാകത പരിഹരിക്കുക. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക. സാമ്പത്തിക, പഠന, ശേഷികുറഞ്ഞ കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട സാമ്പത്തിക, വിദ്യാഭ്യാസ സഹായങ്ങൾ പഞ്ചായത്ത് തലത്തിൽ നൽകുക.

(d) വിദ്യാർത്ഥികളുടെ സ്വഭാവ ശുദ്ധീകരണത്തിന് Moral Science വിഷയമാക്കുക.

(e) ഈ പഞ്ചായത്തിലെ അറബി കോളേജുകൾക്ക് അഫിലിയേഷൻ നൽകി പുതിയ കോഴ്സുകൾ ആരംഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

(f) പഞ്ചായത്തിലെ ഏക അനാഥശാലയായ CBMS യതീംഖാന തൊഴിലധിഷ്ടിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

(g) പാഠ്യേതര വിഷയങ്ങൾ പരിപോഷിപ്പിക്കുന്നതിന്വേണ്ടി കലാ, കായിക മത്സരങ്ങൾ പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കുക. അവക്കാവശ്യമായ സ്റ്റേഡിയങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ നിർമ്മിക്കുകയും ചെയ്യുക. വിനോദയാത്രകൾ, യുവജനോത്സവങ്ങൾ, ദിനാചരണങ്ങൾ, കയ്യെഴുത്ത് മാസികകൾ എന്നിവ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

(h) ബുക്ക് ബൈൻറിങ്ങ്, പാഠോപകരണനിർമ്മാണം മുതലായവ ഹൈസ്കൂൾ, യു.പി. സ്കൂളുകളിൽ തുടങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

(i) പഞ്ചായത്തിൽ നിന്നും നിരക്ഷരത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടി, ഈ പഞ്ചായത്തിനെ സമ്പൂർണ്ണ സാക്ഷരതാ പഞ്ചായത്തായി മാറ്റുവാൻ വേണ്ടി ആവശ്യമായ സംവിധാനങ്ങൾ ഏർപെടുത്താവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ശമ്പളം നൽകി പ്രഗത്ഭരായ വ്യക്തികളെ നിയമിച്ച് സാക്ഷരതാപ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിലൂടെ അധികാരം ജനങ്ങളിലേക്ക് മാറുമ്പോൾ പരേതനായ സി.എച്ച്. മുഹമ്മദ് കോയാ സാഹിബ് സ്വപ്നം കണ്ട അധകൃത, പിന്നോക്ക വിഭാഗക്കാരടക്കം മുഴുവൻ ജനങ്ങളുടെയും വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാനും, വിദ്യാഭ്യാസ മേഖലയിൽ ഇന്ന് കാണുന്ന നിലവാരത്തകർച്ചയും മൂല്യശോഷണവും ഇല്ലായ്മ ചെയ്യാനും നമുക്ക് സാധിക്കുമെന്ന് പ്രത്യാശിക്കാം.









# കുടിവെള്ളവും പൊതുജനാരോഗ്യവും

### കുടിവെള്ളം

**ജീ**വി വർഗ്ഗത്തിന്റെ അടിസ്ഥാനആവശ്യങ്ങളിലൊന്നാണ് കുടിവെള്ളം പഞ്ചായത്തിലെ 100% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത് പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും രൂക്ഷമായ ജലക്ഷാമം ഉണ്ടെന്നാണ് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഏതാനും ഗ്രാമ പ്രദേശങ്ങളിൽ ഒരിക്കലും വറ്റാത്ത നീരുറവകളുണ്ടെന്ന് പഠന പര്യടനത്തിൽ നിന്നും മനസ്സിലായി. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സ് പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് കൂടി ഒഴുകുന്ന ചാലിയാർ പുഴയാണ്. ഇതിനെ ആസുത്രിതമായ പദ്ധതിയിലൂടെ ഉപയോഗപ്പെടുത്തിയാൽ കുടിവെള്ള പ്രശ്നത്തിന് 60%ത്തോളം പരിഹാരം കാണാൻ കഴിയും. ഈ വഴിക്കൊരു നീക്കം പഞ്ചായത്ത് ഭരണസമതി നടത്തിയിരുന്നു. 1982ൽ ഡാനിഡയുടെ സഹായത്തോടെ ചീക്കോട് ശുദ്ധജല വിതരണ പദ്ധതിക്ക് ആരംഭം കുറിക്കുകയുണ്ടായി. 1986ൽ അതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം മുൻമന്ത്രി കെ.എം. മാണി നിർവ്വഹിച്ചു. ഇതിന്റെ ഒന്നാം ഘട്ട പ്രവർത്തനം വിജയകരമായി പൂർത്തിയാക്കി. എന്നാൽ രണ്ടാംഘട്ട പ്രവർത്തനം കേരളആ വാട്ടർ അതോറിട്ടിയും ഡാനിഡയുമായി ജലസ്രോതസ്സിനെ സംബന്ധിച്ചുള്ള അഭിപ്രായ വ്യത്യാസത്താലും ഇൻഡ്യാ ഗവൺമെന്റുമായി എഗ്രിമെന്റ് ഒപ്പുവെക്കാനുള്ള കാലതാമസത്താലും പാഴായി പോവുകയാണുണ്ടായത്. അതിന് പകരമായി k.W.A, LICയുടെ സഹകരണത്തോടെ ചീക്കോട് മുതവല്ലൂർ, വില്ലേജുകളിൽ വെള്ളമെത്തിക്കാൻ ചാലിയാർ പുഴയിൽ 'ഇരട്ടമുഴി' എന്ന സ്ഥലത്ത് പമ്പിംഗ്സ്റ്റേഷൻ സ്ഥാപിച്ച് രായിൻകോട് ചുള്ളിക്കോട് മലകളിൽ ജലസംഭരണികൾ നിർമ്മിച്ച് വൻകിട ജലവിതരണത്തിന് രൂപം നൽകിയിരിക്കുന്നു. ഈ പദ്ധതിക്ക് 10 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടന പരിശോധിക്കുമ്പോൾ നമുക്ക് ഏറ്റവും യോജിച്ചത് പ്രാദേശികമായി ആസൂത്രണം ചെയ്യുന്ന ചെറുകിട പദ്ധതികളാണു. ഇതിനായി പഞ്ചായത്തിലെ മലഞ്ചരിവുകളിൽ കാണപ്പെടുന്ന സമൃദ്ധമായ നീരുറവകളെ ഉപയോഗപ്പെടുത്താം.

**പട്ടിക 1**

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 34 | 12 | 3767 | 213 | 20 | 4046 |

പട്ടിക - 2

**കുടിവെള്ളം**

**പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും**

| വാർഡ് | പ്രശ്നമേഖല | പരിഹാര നിർദ്ദേശം |
|---|---|---|
| 1. | കോട്ടപ്പറമ്പ് ഹരിജൻ കോളനി<br>പള്ളിക്കുന്ന് ഹരിജൻ കോളനി<br>നെല്ലിക്കുന്ന് ഹരിജൻ കോളനി<br>ഗവ.യുപി.സ്കൂൾ<br>മുതുവല്ലൂർ പ്രദേശം | വാർഡിൽ നിന്നും ലഭിക്കുന്ന മൂന്ന് ലക്ഷം രൂപയും മനുഷ്യവിഭവവും ഉപയോഗിച്ചകുളിയാട് ചോല അരൂപ്പാടം, എന്നിവിടങ്ങളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ജി.എം.യുപി എസ്. കോമ്പൗണ്ടിൽ ശേഖരിച്ച് വിതരണം നടത്തുക. കുടിവെള്ള പ്രശ്നം രൂക്ഷമാകുന്ന വേനൽകാലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുക |
| 2. | ചെറുതടം ഹരിജൻ കോളനി<br>മാനീരി മയിലാംപാറ<br>,മേക്കാട്ടുഭാഗം,പാറക്കുളം | മൈനർ ഇരിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമാക്കുക. ചെറുതടം കോളനിയിൽ മേക്കട്ടു ഭാഗത്ത് മാനീരി ഹരിജൻ കോളനി എന്നിവടങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് മോട്ടാർ, സംവിധാനം ഏർപ്പെടുത്തുക മൂത്തേടത്ത് പറമ്പ്, മാനീരി തടം പാറക്കുളം കുറ്റിപ്പ്ൾ തലേപ്പറമ്പ് മാനീരി എന്നിവടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക. സ്ഥലം ലഭ്യമാണ്. |
| 3. | മൂച്ചിക്കൽ, കുറുക്കൻ കുന്ന്,<br>മുതിരക്കലായി, വെട്ടത്തു ആനമേയ് തടം, മുണ്ടക്കുളം അങ്ങാടി. | കുറുക്കൻ കുന്ന് മലയിലും ആനമേയ് തടത്തിലും കുന്നിൻ ചരിവിലുള്ള നീരുറവ വികസിപ്പിച്ചെടുത്ത വെള്ളം പമ്പ് ചെയ്തു ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുക ഇതിനാവശ്യമായ സ്ഥലവും പൈപ്പ് സ്ഥാപിക്കാനുള്ള മനുഷ്യാദ്ധ്വാനവും ലഭ്യമാണ്.<br>മൂച്ചിക്കൽ ഹരിജൻ കോളനി, മുതിരക്കലായ് വെട്ടത്ത് മുണ്ടക്കുളം അങ്ങാടിക്ക് സമീപം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. |
| 4. | മൂച്ചിത്താഴം ഹരിജൻ കോളനി<br>കുഴിക്കോടൻ മൂച്ചിത്താഴം<br>കുഴിത്തോളം കുറ്റിക്കാട് പ്രദേശം.<br>പരതാക്കാട് ഹരിജൻ കോളനി<br>താവരക്കാട് മൈലാങ്കടവ്<br>എരുമത്താടം, ഹരിജൻ കോളനി<br>പാലക്കാട് മണ്ണാൻകുഞ്ഞ്<br>മയിലമ്പറമ്പ് തടം, അത്തിച്ചോലക്കൽ<br>വെങ്കൊളം, വിട്ടിച്ചാലിൽ<br>മുതപറമ്പ് അങ്ങാടി | കോഴിക്കോടൻ മൂച്ചിത്താടം കോളനിമുതൽ മണ്ണാരുകുന്നു വരെ കിണറിനുള്ള സ്ഥലവും വാട്ടർ ടാങ്ക് കെട്ടാൻ മനുഷ്യപ്രയത്നവും ലഭ്യമാണ്. മൈലങ്കാവിൽ കുഴൽ കിണർ, കൊല്ലിയിൽ മുക്കിൽ എരുമത്തടം കോളനി കുന്നൻമുക്ക്, പാലപ്പറമ്പ്തടം എന്നിവിടങ്ങളിൽ കിണർ കുഴിക്കുക സ്ഥലം ലഭ്യമാണ് ഭാഗികമായ മനുഷ്യ പ്രയത്നം ലഭിക്കും. |
| 5 | .എരഞ്ഞിക്കോളിൽ മൂല<br>മുണ്ടേങ്ങരപുറായ, കക്കോട് പുറായ, കല്ലിയാക്കൽ,<br>ആരാശ്ശീരി, പുതുക്കുട്ടി, കാവുങ്ങൽ കണ്ടി, ഓമാനൂർ ഹൈസ്കൂൾ<br>തടം,. പള്ളിപ്പുറായ ലക്ഷം വീട് | കിണറുകൾക്കാവശ്യമായ സ്ഥലം ലഭ്യമാണ്. ആശാരിമൂലയിൽ മനുഷ്യപ്രയത്നവും ലഭ്യമാണ് കീഴ്മുറിയിൽ സ്ഥാപിച്ച കാറ്റാടി യന്ത്രത്തിലൂടെ ജലവിതരണം ത്വരിതപ്പെടുത്തുക ഓമാനൂർ ഹൈസ്കൂളിന്റെ താഴ്ഭാഗത്തുള്ള വലിയപാടത്ത് കിണർ കുഴിച്ച് സ്കൂൾ കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. |

| | |
|---|---|
| കോളനി നടുവീട്ടിൽ കോളനി, മാണിപ്പറമ്പത്ത് പുറായ്, അരിമ്പ്രത്തൊടിപുറായ, ആരാശ്ശേരി മുലപുറായ | |
| 6. അടൂരപ്പറമ്പ്, തടപ്പറമ്പ് പൊന്നാട് കാരാടു ചോല, പുൽക്കണ്ടിപ്പുറായ, തീണ്ടപ്പാറ, ഇരിപ്പൻതൊടി | കാരാട്ടു ചോലയിൽ കിണർ കുഴിച്ച് മുകളിലുള്ള കുന്നിൻ ജല സംഭരണി സ്ഥാപിച്ച ജലവിതരണം നടത്താം സ്ഥലം ലഭ്യ മാണ്. തടപ്പറമ്പ് തീണ്ടേപ്പാറ പുൽക്കണ്ടിപ്പുറായ് എന്നീ സ്ഥല ങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക ചീക്കോട് ജലവിത രണ പദ്ധതിയുടെ പ്രവർത്തനം വ്യാപിക്കുക |
| 7. പാലക്കൽകോളനി പാലക്കോട് കുന്ന് എരാമ്പ്രകുന്ന്, അലച്ചിലക്കോട് കുന്ന് പുളിയാറംകുന്ന്, ആനക്കോട് കൊളമ്പലത്ത്, മണ്ണാറക്കൽ, പടിഞ്ഞാറയിൽ പറമ്പ് | അലച്ചിലിക്കോട് മലയുടെ താഴ്ഭാഗത്തേക്ക് കിണർ കുഴിച്ച മലമുകളിൽ ടാങ്ക് സ്ഥാപിച്ച് ജല വിതരണം നടത്തുക. മറ്റു സ്ഥലങ്ങളിൽ ഭൂഘടന അനുസരിച്ച് സാധാരണ കിണറു കളോ കുഴൽകിണറുകോളോ സ്ഥാപിക്കുക |
| 8. കരിങ്ങതടം, രായിൻകോട് പുറ്റിയൻ ചാലിൽ, മനത്താകുന്ന് പുളിക്കലക്കണ്ടി, ചേപ്രമലഹരിജൻ കോളനി, ചേനങ്ങാട് കിളിയങ്ങൽ പ്രദേശം, വലിയ മല, പിലാതോട്ടത്തിൽ | ചീക്കോട് വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം ഊർജ്ജിത പ്പെടുത്തുക, മലമ്മൽ ചോല വിപുലീകരിച്ച് ജല വിതരണം നടത്തുക, പൊതു കിണറുകൾ കുഴിക്കുക, മിനി വാട്ടർ സ്കീം നടപ്പാക്കുക. |
| 9. കുന്നത്തുപുറായ്, നാറനാട് ഏലതൊടി ഹരിജൻ കോളനി, മാങ്കടവ്, രായിൻ കോട്, ലക്ഷം വീട് കോളനിപനന്തോടത്തിൽ പുറമായ, ചെറുകുണ്ട്, ചോലയിൽ പുറായ കോളനി, കുവ്വപ്രപുറായ, ഞാറാകുളം കുശവൻ കോളനി, | പാണ്ടിക്കോട് കയത്തിനടുത്ത് (ചാലിയാറിൽ) പമ്പ് സെറ്റ് സ്ഥാപിച്ച് 100 മി അകലെയുള്ള അല്ലിയൻ തടായിൽ ടാങ്ക് സ്ഥാപിച്ച ജലവിതരണം നടത്തുക നാറനാട് ചെറുകുണ്ട് മാങ്കടവ്, ലക്ഷം വീട് കോളനി. പനന്തോട്ടിത്തിൽ പുറായ, ഇരുട്ടുമുഴി ഏലാതൊടി ഹരിജൻ കോളനി എന്നിവിടങ്ങളിൽ ഭൂഘടന അനുസരിച്ച് സാധാരണ കിണറോ, കുഴൽകിണറോ സ്ഥാപിക്കുക സ്ഥലവും പരിമിതമായ മനുഷ്യധ്വാനവും ലഭ്യ മാണ്. കുവ്വപ്രപാടത്ത് കിണർ കുഴിച്ച് പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ച കുവ്വപ്പപുറായിൽ ടാങ്കുവഴി ജലവിതരണം നടത്താം കുശവൻ കോളനിയിൽ കിണർ കുഴിക്കുക. |
| 10. മലാമ്പറമ്പ് പുളക്കത്തടം മനുകുന്ന്, കോട്ടമ്മൽ, മുണ്ടത്തടം ഒടഞ്ഞിലി, വെള്ളപ്പചാലിൽ നീരാട്ടുചാലിൽ, മുട്ടിക്കലോടി ഹരിജൻ കോളനി, കുണ്ടുമണ്ണിൽ കാഞ്ഞീരിൽ | കുന്നുകടവ് എന്ന സ്ഥലത്ത് കിണർ കുഴിച്ച് ജലസംഭരണി നിർമ്മിച്ച ജലവിതരണം നടത്താം സ്ഥലവും മനുഷ്യപ്രയ ത്നവും ലഭ്യമാണ് 9- ാംവാർഡിൽ നിർദ്ദേശിച്ച അല്ലിയൻ തട യിലെ വാട്ടർ ടാങ്കിൽ നിന്നും ഈ പ്രദേശത്തേക്ക് ജലം എത്തി ക്കാൻ എളുപ്പമാണ് പൂങ്കുടിപുഴയിൽ മുരിത്തൊലി എന്ന സ്ഥലത്ത് നിന്ന് വെള്ളം പമ്പ് ചെയ്ത് മാലാപറമ്പിൽ ടാങ്ക് സ്ഥാപിച്ചാൽ 10.11.12 വാർഡുകളിൽ വെള്ളമെത്തിക്കാം. |
| 11. കോട്ടമ്മൽ, യതീംഖാന പരിസരം, തേക്കും തോട്ടത്തിൽ, ചോലയിൽ, വലിയഞ്ചീരി പുറായ ഹരിജൻ കോളനി, വിളയിൽ | ചോലയിൽ കുന്ന് നിലവിലുള്ള കിണർ റിപ്പയർ ചെയ്ത് ടാങ്ക് ഏർപ്പെടുത്തി ജലവിതരണം നടത്തുക. ചോലയിൽ വലിയ ഞ്ചേരി പുറായ എന്നിവടങ്ങളിൽ ചോലകളെ പുഷ്ടിപ്പെടുത്തി ജലവിതരണം നടത്തുക പാലാപ്പറമ്പിൽ നിലവിലുള്ള കിണർ |

| | |
|---|---|
| ചോലയിൽ കുന്ന് കോളനി, കൂടമ്പിലാക്കൽ പാലപറമ്പ് ഹരിജൻ കോളനി, തിരവാചോല | പുഷ്ടിപ്പെടുത്തുക ചുള്ളിക്കോട് പാടം ചുണ്ടത്തിച്ചോല മങ്ങാട്ടുചോല, ചടമുണ്ട ചോലഎന്ന്, ഉറവകളെ വികസിപ്പിച്ച് ജലവിതരണം നടത്തുക ചുള്ളിക്കോട് പാടത്ത് കിണർ കുഴിച്ച് ഉയർന്നസ്ഥലത്ത് ടാങ്ക് സ്ഥാപിച്ച ജലവിതരണം നടത്താവുന്നതാണ്. |
| 12. അവിട്ടം കുന്നത്ത്, അടമ്പാട്ട്, അച്ഛൻ കോലുമ്മൽ, വിളയിൽ അങ്ങാടി, മുണ്ട്മ്പറമ്പ്, പാണാട്ടാൽ, ചുള്ളിക്കോട്, മുള്ളൻ മടയ്ക്കൽ, കുണ്ടുമണ്ണ് കോളനി | 11,12 വാർഡുകളിലെ ചോലക്കുന്ന് ഭാഗത്ത് സമൃദ്ധമായ നീരുറവ വികസിപ്പിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്താം (സ്ഥലം സൗജന്യമായി ലഭിക്കുക) ശേഷിച്ച ഭാഗങ്ങളിൽ പൊതുകിണറോ കുഴൽ കിണറോ നിർമ്മിക്കുക. |
| 13. തനിയാമ്പുറം, വടക്കെപറമ്പ്, മുക്കണ്ണം ചോല, പള്ളിക്കുന്ന് നുടിശ്ശേരികോളനി, കൈപേങ്ങൽപള്ളിയാളി വടക്കെപറമ്പിലെ പൊതുകിണർ | കുഴൽ കിണർ സ്ഥാപിക്കണം<br>പള്ളിക്കുന്നിലെ വാട്ടർ ടാങ്ക് ഉയർത്തി തനിയാപുറം റോഡിലും വടക്കെപറമ്പ് റോഡിലും സ്ഥാപിച്ചിട്ടുള്ളലൈനുകളിൽ കൂടി ശുദ്ധജലം ലഭ്യമാക്കുക കൈപ്പേങ്ങൽ പള്ളിയാളിയിൽ പമ്പിംഗ് സ്റ്റേഷൻ ഏർപ്പെടുത്തി മുക്കണ്ണം ചോല തുളിശ്ശേരിക്കോളനികളിലെ ജലക്ഷാമം പരിഹരിക്കണം. വടക്കെപറമ്പിലെ പൊതുകിണർ ഉപയോഗ്യമാക്കുക. |
| 14. ചുള്ളിക്കോട്, ലക്ഷം വീട് കോളനി മേത്തലയിൽ കോളനി, മണ്ണാരകുന്ന് എളഞ്ചീരഭാഗം അത്യൻചോലഭാഗം മുണ്ടിലാക്കൽ അങ്ങാടി പോത്തട്ടിപ്പാറഭാഗം | ചുള്ളിക്കോട് യു.പി. സ്കൂളിന് സമീപം ജലസംഭരണി സ്ഥാപിച്ച് വെള്ളമെത്തിച്ച് വിതരണം ചെയ്യുക. മറ്റു സ്ഥലങ്ങളിൽ കുഴൽകിണറുകളോ സാധാരണ കിണരുകളോ സ്ഥാപിക്കുക.<br>LICയുടെ സഹായത്തോടെയുള്ള പദ്ധതിയിൽ റോഡ് സൈഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പൊതു ടാപ്പ് ഏർപ്പെടുത്തുക. |
| 15. പഞ്ചായത്ത് ഓഫീസിന് സമീപം അയ്യങ്ങൽമുക്ക്,കൊടിക്കുന്നത്ത് തലോളിയിൽ ഹരിജൻ കോളനി ചെറുതടം ഹരിജൻ കോളനി, കവുക്കൽ തടം, മാടശ്ശേരി ഹരിജൻ കോളനി, മേച്ചീരിപ്പറമ്പ് കിഴക്കേ തൊടിമുക്ക് മലമ്മൽ മതിലിനകത്ത് പറപ്പൂർ ചെരുചോല കൂനാലിത്തടം പടിഞ്ഞാറൻ തൊടി എച്ചിക്കാട്ടിൽ പുറായ ഉതിരപ്പള്ളി പുറായ സ്കൂൾ പരിസരം | ചുണ്ടത്തിച്ചോലയിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻവഴി 11 15 വാർഡുകളിൽ ജലവിതരണം നടത്താം ജലക്ഷാമം മുള്ള മറ്റുപ്രദേശങ്ങളിൽ സാധാരണ കിണറുകോളോ കുഴൽകിണറുകോളോ സ്ഥാപിക്കുക. |

### പഞ്ചായത്തിൽ നടപ്പാക്കാവുന്ന ഏതാനും ഇടത്തരം, ചെറുകിട പദ്ധതികൾ

**ഇടത്തരം പദ്ധതി**

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സ് ചാലിയാർ പുഴയാണല്ലോ അതിന് ഊർക്കടവിൽ നിർമ്മിക്കുന്ന റഗുലേറ്റർകം ബ്രിഡ്ജ് പൂർത്തിയാകുന്നതോട് കൂടി ജലവിതാനം ഉയരുന്നതോടൊപ്പം നമുക്ക് ജലം സമൃദ്ധിയായി ലഭിക്കുകയും ചെയ്യ[illegible] 9-ാംവാർഡിൽ വാവൂരിനടുത്തുള്ള പാണ്ടിക്കോട് [illegible] സ്ഥലത്ത് ചാലിയാറിൽ പമ്പിംഗ് സ്റ്റേഷൻ സ്ഥാ[illegible]

അടുത്തുള്ള അല്ലിയാൻ തടായിൽ ജല സംഭരണി സ്ഥാപിച്ചാൽ 8,9,10 വാർഡുകളിൽ പൂർണ്ണമായും വെള്ളം എത്തിക്കാൻ സാധിക്കും കൂടാതെ പാറപ്പുറത്ത് പറമ്പ് ജി.എൽ പി. സ്കൂളിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുകയും ചെയ്യും.

**ചെറുകിട പദ്ധതികൾ**

6-ാം വാർഡിലെ കാരാട്ടുചോലയിൽ കിണർ കുഴിച്ച് അടുത്തുള്ള കുന്നിൻ മുകളിൽ ടാങ്ക് സ്ഥാപിച്ചാൽ 6,7,8 വാർഡുകളിൽ ഭാഗികമായോ, പൂർണ്ണമായോ ജലവിതരണം നടത്താം.

3-ാം വാർഡിലെ കുറക്കൻ കുന്ന് ചരിവിലുള്ള ജല സ്രോതസ്സ് വികസിപ്പിച്ച് കുന്നിൻമുകളിൽ ജലസംഭരണി സ്ഥാപിച്ചാൽ 2.3 വാർഡുകളിൽ പൂർണ്ണമായും 4-ാം വാർഡിൽ ഭാഗിമായും ജലവിതരണം നടത്താം

3. മുതവല്ലൂർ.യു.പി.സ്കൂളിന്റെ സമീപത്തുള്ളകുളിയോട്ചോലയിലോ അരൂപാടത്തോ കിണർ നിർമ്മിച്ച് സ്കൂൾ കുന്നിൽ ടാങ്ക് സ്ഥാപിച്ചാൽ ഒന്നാം വാർഡിൽ മൊത്തമായും കുടിവെള്ളം എത്തിക്കാൻ കഴിയും ഈ പദ്ധതിക്ക് 3ലക്ഷംരൂപയും മനുഷ്യ പ്രയത്നവും വാർഡിൽ നിന്ന് ലഭ്യക്കും

വാർഡിലെ ചുണ്ടത്തിച്ചോലവികസിപ്പിച്ച് ജലസംഭരണി സ്ഥാപിച്ചാൽ 11,15 വാർഡുകളിലെ ജലക്ഷാമത്തിന് പരിഹാരമാകും

11,12 വാർഡുകളിലെ ചോലക്കുന്നു ഭാഗത്തുള്ള നീരുറവവികസിപ്പിച്ചെടുത്താൽ 10,11,12 വാർഡുകളിൽ ജലം എത്തിക്കാൻ കഴിയും

ഓമനൂരിലുള്ള ഉലുവായിൽ ചോല, പാണ്ട്യത്ത്ചോല, ചീക്കോട് മലമ്മൽ ചോല, എന്നിവ പുഷ്ടിപ്പെടുത്തിയാൽ ഈ പ്രദേശങ്ങളിൽ ഭാഗികമായി ജലവിതരണം നടത്താം.

**ചില നിർദ്ദേശങ്ങൾ**

പോത്തട്ടിപ്പാറ പ്രദേത്ത് ധാരാളം കരിങ്കൽ ക്വാറികളുണ്ട് പലതിലും വെള്ളം നിറഞ്ഞ് കിടക്കുന്നു ജലം ശുദ്ധീകരിച്ച് ആസുത്രിതമായി ഉപയോഗിക്കാൻ ശ്രമിക്കുക.

മഴക്കാലത്ത് മലഞ്ചരിവുകളിൽനിന്ന് പോകുന്ന ജലം തടഞ്ഞുനിറുത്തി ശുദ്ധീകരിച്ച് ജലവിതരണം നടത്താം

ഉപയോഗശൂന്യമായ കിണറുകൾ വൃത്തിയാക്കിഉപയോഗയോഗ്യമാക്കുക

വേനൽക്കാലത്ത് കുടിവെള്ളം ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുക

വെള്ളം ദുരുപയോഗപ്പെടുത്തുന്നതിനെതിരെ ജനങ്ങളിൽ ബോധവൽക്കരണം നടത്തുക

പഞ്ചായത്തിൽ നിലവിലുള്ള കേടുവന്ന കുഴൽ കിണറുകൾ റപ്പയർ ചെയ്യുക.

ഭൂമിശാസ്ത്രപരമായി, കുന്നുകളുംമലകളും നിറഞ്ഞതാണ് നമ്മുടെ പഞ്ചായത്ത് കുന്നിൻ ചരിവുകളിൽ സമൃദ്ധമായ ജലമുണ്ട് പ്രാന്ത പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവരുമാണ്. ഇവരെ സംഘടിപ്പിച്ച് നടപ്പാക്കാവുന്ന ഒരു പദ്ധതി നിർദ്ദേശിക്കുന്നു.

ഓരോ പ്രദേശത്തും ജനകീയകമ്മറ്റികൾ രൂപികരിക്കുക. ഈ കമ്മറ്റികൾ സ്ഥലം നിർണ്ണയിക്കുകയും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയാറാക്കുകയും ചെയ്യുക. ആവശ്യമായ സ്ഥലവും മനുഷ്യപ്രയത്നവും നൽകാൻ തയാറാകാണം മൊത്തം തുകയുടെ 25%ഗുണഭോക്താക്കൾ സ്വരൂപിക്കണം. ബാക്കി വരുന്ന 75%തുക ഗവ;ഏജൻസികളിൽ നിന്നോ ബാങ്കുകൾ വഴിയോ ലോണായി സ്വരൂപിക്കുക, ഈ ലോണുകൾക്കുള്ള പലിശ ഗ്രാമപഞ്ചായത്തവഹിക്കണം. ബാങ്ക് ലോൺ തിരിച്ച് പിടിക്കാൻ ദീർഘസമയവും പ്രയാസരഹിതമായ ഗഡുക്കളുമായി സംവിധാനം ചെയ്യണം പദ്ധതി പ്രവർത്തനം ജനകീയ കമ്മറ്റി വിലയിരുത്തുകയും പോരായ്മകൾ നികത്തുകയും ചെയ്യുക വർഷം തോറും പുതിയകമ്മറ്റികൾ സംഘടിപ്പിക്കണം. ഈ രൂപത്തിൽ ഒരു പദ്ധതി ആസൂത്രണം ചെയ്താൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.



# ആരോഗ്യം

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ.

മാനസികാരോഗ്യത്തിന് ശാരീരികാരോഗ്യം അനിവാര്യമാണ് എന്നാണ് ഈ വാക്യം കൊണ്ടുള്ള സുചന.

പഞ്ചായത്തിലെ ആരോഗ്യ ചരിത്രം വിശകലനം ചെയ്യുമ്പോൾ, പ്രഥമ ചികിത്സാ കേന്ദ്രം 1937 ൽ സ്ഥാപിതമായ ഗവ: ആയുർവേദ ഡിസ്പൻസറി ചാലിയപ്രം ആണ്. ഈ പ്രദേശത്തെ പൗരപ്രധാനിയും സാമൂഹ്യ സേവകനുമായിരുന്ന ശ്രീ. കുഞ്ഞുണ്ണി നായരാണ് ഇത് സ്ഥാപിക്കാൻ താൽപര്യമെടുത്തത്. കൂടാതെ ഏതാനും പാരമ്പര്യ വൈദ്യൻമാരെയാണ് ജനം ആശ്രയിച്ചിരുന്നത്. ഇന്നും അവരുടെ പിൻതലമുറ പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ട്. വിശ്വാസത്തിന്റെ ഭാഗമായി മന്ത്രവും ഹോമവും ഉഴിച്ചിലും വഴിപാടുകളും ജനം നടത്തിയിരുന്നെങ്കിലും ഇന്ന് സ്ഥിതിയാകെ മാറിയിട്ടുണ്ട്.

ഓമാനൂരിൽ പ്രവർത്തിക്കുന്ന ഗവ: ഹോമിയോഡിസ്പൻസറി, ചീക്കോട് പ്രൈമറി മഹൽത്ത് സെന്റർ (വിളയിൽ) ഓമാനൂർ പ്രൈമറി ഹെൽത്ത് സെന്റർ - പൊന്നാട്. എന്നിവ പഞ്ചായത്തിലെ ആധുനിക ചികിത്സാ കേന്ദ്രങ്ങളാണ്.ഓമാനൂർ PHC, രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരാസ്പത്രിയായി ഉയർത്താനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടക്കുന്നു എന്നുള്ളത് ചാരിതാർത്ഥ്യ ജനകമാണ്. ഈ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ആസ്പത്രിയോ, ഡിസ്പൻസറികളോ ഇല്ല.

ആരോഗ്യരംഗം ഇപ്പോഴും ആശാവഹമല്ല എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. രോഗികളിൽ അധിക പങ്കും സ്ത്രീകളാണ്. പരിസരജന്യം, ദാരിദ്ര്യജന്യം, വായു ജന്യം, തൊഴിൽ ജന്യ രോഗങ്ങളുണ്ട്. ത്വക്ക് രോഗം, വിരശല്യം, കുട്ടികളിൽ വിളർച്ച, ശ്വാസകോശ രോഗങ്ങൾ എന്നിവ കൂടുതലായി കാണുന്നു. കട്ടികളിൽ ദന്തരോഗം, വ്യാപകമാണ്. മിതമായ തോതിൽ ക്യാൻസർ, ഹൃദ്രോഗം എന്നിവയുമുണ്ട്. കുട്ടികളുടെ തൂക്കക്കുറവ് പ്രധാന പ്രശ്നമാണ് മലമ്പനി ചെറിയ

**പട്ടിക 1-2**

1992 മുതൽ 1996 ഒക്ടോബർ വരെ ഓരോ ചികിത്സാ കേന്ദ്രത്തിലും ചികിത്സ തേടിയെത്തിയ രോഗികളുടെ എണ്ണം (രോഗങ്ങളുടെ തരം തിരിവിന്റെ അടിസ്ഥാനത്തിൽ)

| No | Ward | സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | ത്വക്ക് രോഗം | വാതം | പകർച്ച വ്യാധി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 7 | ഗവ: ആയുർവേദ ഡിസ്പൻസറി, ചാലിയപ്രം | 1937 | 4 | - | 47677 | - | - | 47677 |
| 2 | 6 | പ്രൈമറി ഹെൽത്ത് സെന്റർ ഓമാനൂർ | 1985 | 21 | 21542 | 4257 | 21967 | 91119 | 138885 |
| 3 | 11 | പ്രൈമറി ഹെൽത്ത് സെന്റർ ചീക്കോട് വിളയിൽ | 1989 | 13 | 471 | 118 | 21 | 39873 | 40483 |
| 4 | 5 | ഗവ: ഹോമിയോ ഡിസ്പൻസറി ഓമാനൂർ | 1983 | 4 | 2362 | 1917 | 425 | 58828 | 63532 |
| | | | | | 24375 | 53969 | 22413 | 189820 | 290571 |

(അവലമ്പം ഒ.പി. രജിസ്റ്ററുകൾ)

തോതിലുണ്ട്. ആധുനിക യുഗത്തിലെ പേടിസ്വപ്ന മായ് എയ്ഡ്സ് എന്ന രോഗം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുള്ള 5,6,7,8,9,10 വാർഡുകളിൽ ശ്വാസകോശ രോഗികൾ അധികമുണ്ട് മിക്കവാറും മാവൂർ, ഗ്വാളിയോർ റയോൺസിൽ നിന്നുള്ള വായു മലിനീകരണമായി രിക്കാം ഇതിന് കാരണം.

പഞ്ചായത്തിൽ ജനസംഖ്യാനിരക്ക് കുറയുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് ജനസംഖ്യാ നിയ ന്ത്രണം ഫലപ്രദമായിട്ടുണ്ട് എന്നാണ് ജനനിരക്ക് 1000 ത്തിന് 11.3, മരണ നിരക്ക് ആയിരത്തിന് 2.48 ആകുന്നു. കുട്ടികളിൽ പ്രതിരോധകുത്തിവെപ്പ് നടത്താൻ ശ്രദ്ധി ക്കുന്നുണ്ട്. അത്കൊണ്ട് ടെറ്റനസ്, വില്ലൻ ചുമ, അഞ്ചാം പനി എന്നീ രോഗങ്ങൾ കുറവാണ്. പോളിയോ നിർമ്മാർജ്ജന യജ്ഞം, വളരെ ഫലപ്രദമായിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി, നടപ്പിലാക്കുക വഴി രോഗവി മുക്ത, ആരോഗ്യ പൂർണ്ണമായ ഒരു പഞ്ചായത്ത് എന്ന താണ് നമ്മുടെ ലക്ഷ്യം.

## പട്ടിക 3
## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതി വിവരക്കണക്കും

| വാർഡ് | സ്ഥാപനങ്ങൾ | പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1 | ഇല്ല | പഞ്ചായത്തിൽ പൊതുവേ കാണപ്പെടുന്ന രോഗങ്ങൾ | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു. പകർച്ച വ്യാധികൾ ഗുരുതരമായി ഇല്ല. പോഷകാഹാരക്കുറവ് താരതമ്യേന കുറ വാണ്. | സബ്സെന്റർ സ്ഥാപിക്കുക. (സ്ഥലം ലഭ്യം) ആയുർവേദയൂണിറ്റ് തുടങ്ങുക. അംഗൻ വാടിക ളിൽ മാസത്തിലൊരിക്കൽ ഡോക്ടറുടെ സെവനം ലഭ്യമാക്കുക. മെഡിക്കൽ, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക. |
| 2 | ഇല്ല | | കുട്ടികൾക്ക് ശരിയാം വണ്ണ പ്രതിരോധ കുത്തിവെപ്പ് നൽകാൻ കഴിയുന്നില്ല ആരോഗ്യ ബോധവൽക്കരണ ക്ലാസു കൾ നടക്കുന്നില്ല. | പാപ്പത്ത് PHC സ്ഥാപിക്കുക (സ്ഥലം ലഭ്യമാണ്) പാറക്കുളം ഭാഗത്ത് സബ് സെന്റർ സ്ഥാപിക്കുക. ആരോഗ്യബോധവൽക്കരണ ക്ലാസുകൾ സംഘ ടിപ്പിക്കുക. |
| 3 | ഇല്ല | വിളർച്ച | ആരോഗ്യ ക്ലാസുകൾ നടത്താറില്ല. പ്രതി രോധ കുത്തിവെപ്പ് നടത്തുന്നു. | ആയുർവെദ-ഹോമിയോ ആസ്പത്രികൾ തുട ങ്ങുക. ബോദവൽക്കരണ ക്ലാസുകൾ സംഘടി പ്പിക്കുക. |
| 4 | ഐ.പി.പി. സെന്റർ | ത്വക്ക് രോഗം | കുടുംബ ക്ഷേമ കേന്ദ്രത്തിൽ ജീവന ക്കാരില്ല. പ്രതിരോധകുത്തിവെപ്പ് നട ത്തുന്നു. | കുടുംബ ക്ഷേമ കേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ആരോഗ്യക്യാമ്പ് നട ത്തുക. ഹോമിയോ ആസ്പത്രി സ്ഥാപിക്കുക. ആയുർവേദ ചികിത്സാകേന്ദ്രം തുടങ്ങുക. |
| 5 | ഗവ: ഹോമിയോ ഡിസ്പൻസറി | ശ്വാസകോശ രോഗങ്ങൾ | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടക്കാറില്ല. ഹോമിയോ ഡിസ്പൻസ റിയിൽ മതിയായ സൗകര്യമില്ല. | ഹോമിയോ ഡിസ്പൻസറിയുടെ സൗകര്യം വർദ്ധി പ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക സഹക രണ മേഖലയിൽ ആശുപത്രി തുടങ്ങുക കുനു മ്മൽ പുറായയിൽ സ്ഥിതിചെയ്യുന്ന പൊതുശ്മ ശാനം ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുക. |
| 6 | പി.എച്ച്.സി ഓമാനൂർ | വയറുവേദന | പി.എച്ച്. സിയിൽ വേണ്ടത്ര ജീവനക്കാ രില്ല. പ്രതിരോധകുത്തിവെപ്പ് നടക്കുന്നു. ആവശ്യമായ മരുന്നില്ല. | പി.എച്ച്.സിയിൽ വേണ്ടത്ര ജീവനക്കാരെയും മരുന്നും ലഭ്യമാക്കുക. ഒരു ഗൈനക്കോളജിസ്റ്റി നെയും ശിശുരോഗ വിദഗ്ധനെയും നിയമിക്കുക. സ്ഥാപനം അരീക്കാട് ബ്ലോക്കിലും മേൽനോട്ടം കൊണ്ടോട്ടി ബ്ലോക്കിലുമായത്കൊണ്ട് പ്രവർത്ത നങ്ങൾക്ക് സാങ്കേതിക തടസ്സം നേരിടുന്നു. നട |

| | | |
|---|---|---|
| | | ത്തിപ്പിനുള്ള പൂർണ്ണാധികാരം അരീക്കോട് ബ്ലോക്കിന് നൽകുക. |
| 7 ഗവ: ആയുർവേദ ഡിസ്പെൻസറി ചാലിപ്രം പ്രഷർ ദന്തക്ഷയം | ആയുർവേദ ഡിസ്പൻസറി ശോചനീയാവസ്ഥയിലാണ്. മതിയായ ഉപകരണങ്ങളും ഫർണീച്ചറും ഇല്ല. മതിയായ മരുന്ന് ലഭിക്കുന്നു. | ആയുർവേദ ഡിസ്പൻസറിക്ക് ആവശ്യമായ ഫർണീച്ചറുകൾ നൽകുക. രോഗികളെ കിടത്തി ചികിത്സിക്കാൻ ഇരുപത് കിടക്കകളെങ്കിലുമുള്ള ഒരാശുപത്രിയായി ഉയർത്തുക. വൈദ്യുതിത്തകരാറു പരിഹരിക്കുക. |
| 8 ഐ.പി.പി. സെന്റർ അമീബിയാസിസ് | ഐ.പി.പി. സെന്ററിൽ ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തന ക്ഷമമല്ല. പ്രതിരോധ കുത്തിവെപ്പ് നടക്കുന്നു. | ഐ.പി.പി. സെന്ററിൽ മാസത്തിലൊരിക്കൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. ഹോമിയോ ചികിത്സാ കേന്ദ്രം തുടങ്ങുക |
| 9 ഇല്ല ക്ഷയം | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടക്കുന്നില്ല. പോഷകാഹാരക്കുറവ് അങ്ങിങ്ങായി കാണപ്പെടുന്നു. | ആരോഗ്യ, മെഡിക്കൽ, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക. ഈ വാർഡിൽ മുമ്പുണ്ടായിരുന്ന ഐ.പി.പി. സെന്റർ റോഡിന്റെ വികസനത്തിന് വേണ്ടി അക്വയർ ചെയ്തു. തൽസ്ഥാനത്ത് പുതിയ ഒരു സബ്സെന്റർ സ്ഥാപിക്കുക. സ്ഥലം വാവൂരിലും പെട്ടുപാറയിലും എടശ്ശേരിക്കടവിലും ലഭ്യമാണ്.) |
| 10 ഐ.പി.സെന്റർ ആസ്തമ | ഐ.പി.പി. സെന്ററിന്റെ അസൗകര്യം കാരണം ജീവനക്കാർ ഇവിടെ താമസിക്കുന്നില്ല. പ്രതിരോധകുത്തിവെപ്പ് നടക്കുന്നു. | ഐ.പി.പി. സെന്ററിന്റെ സൗകര്യം വർദ്ധിപ്പിക്കുക. പള്ളിമുക്കിൽ പി. എച്ച്. സി. സബ് സെന്റർ അനുവദിക്കുക. |
| 11 പി.എച്ച്.സി ചീക്കോട് വിളയിൽ ക്യാൻസർ | പി.എച്ച്. സിയിൽ പൂർണ്ണസമയ ചികിത്സക്ക് ഡോക്ടറില്ല. ആവശത്തിനുള്ള മരുന്നില്ല. വൈദ്യുതി ജലവിതരണ സൗകര്യങ്ങളില്ല. | കൂടുതൽ സ്റ്റാഫിനെ നിയമിച്ച് പി.എച്ച്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. ആവശ്യമായ മരുന്ന് ലഭ്യമാക്കുക. |
| 12 ഇല്ല ഹൃദ്രോഗം | പ്രതിരോധ കുത്തിവെപ്പ് നടത്തുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടക്കാറില്ല. | 11-ാം വാർഡിലെ പി.എച്ച്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ ഈ വാർഡിന് ചികിത്സാ സൗകര്യം ലഭ്യമാകും. |
| 13 ഇല്ല എന്നിവയാണ് | ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തുന്നു. പ്രതിരോധ കുത്തിവെപ്പ് നടക്കുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലസ് നടക്കാറില്ല. | 14-ാം വാർഡിലെ ഐ.പി.പി. സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ ഈ വാർഡിന് പ്രയോജനകരമാണ്. ആരോഗ്യബോധവൽക്കരണ ക്ലാസുകൾ നടത്തുക. |
| 14ഐ.പി.പി. സെന്റർ വെളുത്താൽ IPP Center | ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടക്കാറില്ല. പ്രതിരോധ കുത്തിവെപ്പ് നടക്കുന്നു. | ഐ.പി.പി. സെന്ററിന്റെ സൗകര്യം വർദ്ധിപ്പിച്ച് ഡോക്ടറുടെ സേവനം ലഭ്യമാക്കുക ജീർണ്ണിച്ച വെളുത്താൽ IPP Centre പ്രവർത്തന ക്ഷമമാക്കുക. |
| 15 ഇല്ല | ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടക്കാറില്ല. പ്രതിരോധകുത്തിവെപ്പ് നടക്കുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടക്കുന്നില്ല പ്രതിരോധ കുത്തിവെപ്പ് നടക്കുന്നു. | പഞ്ചായത്ത് ഓഫീസിന് സമീപമുള്ള പുറംപോക്ക് ഭൂമിയിൽ പി. എച്ച്.സിയോ ഹോമിയോ ആസ്പത്രിയോ സ്ഥാപിക്കുക. പോത്ത് വെട്ടിപ്പാറയിലുള്ള പൊതുസ്ഥലത്ത് ആയുർവേദ ഡിസ്പൻസറി സ്ഥാപിക്കുക. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. |

## അടിയന്തിര സ്വഭാവമുള്ള ചില നിർദ്ദേശങ്ങൾ

### 1. ഗവ: ആയുർവേദ ആശുപത്രി. ചാലിയാപ്രം

ഈ പഞ്ചായത്തിലെ ആദ്യത്തെ ചികിത്സാകേന്ദ്ര മായ ആയുർവേദ ഡിസ്പൻസറി ശോചനീയാവസ്ഥ യിലാണ്. കെട്ടിടം ചോർന്നൊലിക്കുന്നു. മരുന്നുകൾ സൂക്ഷിക്കുവാനോ റജിസ്റ്ററുകൾ ഭദ്രമായി വെക്കു വാനോ ഷെൽഫില്ല. ഈ പ്രശ്നം പരിഹരിക്കണം. കൂടാതെ ഡിസ്പൻസറിയുടെ സ്ഥലം അളന്നു തിട്ട പ്പെടുത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. ചുരു ങ്ങിയത് ഇരുപത് കിടക്കകളെങ്കിലും ഏർപ്പെടുത്തി രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ ഈ പ്രദേശത്തെ വാതരോഗം മൂലം കഷ്ടപ്പെടുന്ന വയോജനങ്ങൾക്ക് വലിയ ആശ്വാ സമായിരിക്കും.

### 2. ഓമാനൂർ പ്രൈമറി ഹെൽത്ത് സെന്റർ

ചോർന്നൊലിക്കുന്ന കെട്ടിടങ്ങൾ റിപ്പയർ ചെയ്യു കയും പണി പൂർത്തിയായ പുതിയ ബ്ലോക്ക് രോഗി കൾക്ക് തുറന്ന് കൊടുത്ത് കുടത്തി ചികിത്സിക്കാ നുള്ള സൗകര്യം ചെയ്തു കൊടുക്കണം. അതോട് കൂടി ശിശുരോഗ സ്ത്രീരോഗ വിദഗ്ധരെ നിയമിക്കാൻ നടപടിയുണ്ടാകണം.

### 3. ചീക്കോട് പ്രൈമറി ഹെൽത്ത് സെന്റർ - വിളയിൽ

പ്രാഥമിക സൗകര്യം വർദ്ധിപ്പിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടു ത്തണം. ആവശ്യമുള്ള ജീവനക്കാരെയും മരുന്നും അനുവദിക്കണം.

നിലവിലുള്ള IPP Centre കളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തി ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും ലഭ്യമാക്കണം. IPP Centre കളി ല്ലാത്ത സ്ഥലങ്ങളിൽ സബ്സെന്ററുകൾ തുടങ്ങണം. ചികിത്സാ സൗകര്യം കുറവുള്ള സ്ഥലങ്ങളെ കേന്ദ്രീക രിച്ച് സഹകരണാശുപത്രി തുടങ്ങാവുന്നതാണ്.

## പ്രാവർത്തികമാക്കാവുന്ന ചില നിർദ്ദേശങ്ങൾ

### 1. ശുചിത്വ-ആരോഗ്യബോധവൽക്കരണ ക്ലാസുകൾ

ശുചിത്വ ബോധക്കുറവ്കൊണ്ട് രോഗങ്ങൾ ഉണ്ടാ കുന്നു എന്നാണ് പഠനം തെളിയിക്കുന്നത്. ത്വക്ക് രോഗങ്ങൾ, വിരശല്യം എന്നിവ വളരെക്കൂടതലാണ്. ഹെൽത്ത് വിഭാഗം സാമൂഹ്യ സന്നദ്ധ സംഘടനകളു മായി സഹകരിച്ചുബോധവൽക്കരണ ക്ലാസ് നടത്തുക പുകവ ലി, മദ്യപാനം മയക്ക് മരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെപ്പറ്റി യുവാക്കളിൽ ബോധം ജനിപ്പി ക്കണം.

### 2. മെഡിക്കൽ ക്യാമ്പ്

സന്നദ്ധ-മത സാംസ്ക്കാരിക സംഘടനകൾളു ടെയും വാണിജ്യസ്ഥാപനങ്ങളുടെ സ്പോൺസർഷി പ്പോടെയും മെഡിക്കൽ ക്യാബു നടത്തുക. ആയുർവേ ദചികിത്സയുടെ മേന്മ ജനങ്ങളിലെത്തിക്കുവാനും വയോജനങ്ങൾക്ക് പ്രയോജനപ്പെടുവാനും വേണ്ടി ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തുക. ഔഷധി, നാഗാർജുന, കോയമ്പത്തൂർ ഫാർമസി,. കോട്ടക്കൾ വൈദ്യശാല എന്നിവയുടെ സഹകരണത്തോടെ ആവ ശ്യമായ മരുന്നുകൾ സ്വരൂപിക്കാം.

നമ്മുടെ പ്രദേശത്തുള്ള പാരമ്പര്യ നാട്ടുവൈദ്യൻമാ രുടെ സഹായത്തോടെ ഒരു ആയുർവേദ ചികിത്സാ ലയം പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. അഭിഘാത, മർമ്മ ചികിത്സാ രംഗത്തുള്ളവരെ സഹകരിപ്പിച്ച് ഒരു അഭിഘാത ചികിത്സാലയവും തുടങ്ങാവുന്നതാണ്.

### വയോജനാരോഗ്യ കേന്ദ്രം

സമൂഹത്തിലെ ആശ്രിത വിഭാഗമായ വയോജന ങ്ങളുടെ ആരോഗ്യ പരിപാലന രംഗത്ത് ശ്രദ്ധ കേന്ദ്രീ കരിക്കുവാൻ ഉപയുക്തമായ വയോജന ചികിത്സാ കേന്ദ്രം അത്യാവശ്യമാണ്. ഈ രംഗത്ത് നാട്ടുവൈ ദ്യൻമാരുടെയും മർമ്മ-അഭിഘാത ചികിത്സാ രംഗ ത്തുള്ളവരെയും ഏകോപിപ്പിച്ച് പ്രവർത്തനം നടത്താ വുന്നതാണ് കൂടാതെ മാനസികാരോഗ്യപ്രദമായ പ്രവർത്തനങ്ങളും വിഭാവനം ചെയ്യണം.

### ഹെൽത്ത് കാർഡ്

ആരോഗ്യ രംഗത്ത് വളരെ ഫലപ്രദമായൊരു സംവി ധാനമാണ് ഹെൽത്ത് കാർഡ്. ഇതിൽ നിന്നും വ്യക്തി യുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ച വിവരം ലഭിക്കുന്നതിനാൽ തുടർന്നുള്ള രോഗനിർണയവും ചികിത്സയും എളുപ്പമായിത്തീരുന്നു.

### രക്തഗ്രൂപ്പ് റജിസ്റ്ററും രക്ത ബാങ്കും

പഞ്ചായത്തിലെ രക്തഗ്രൂപ്പുകൾ നിർണയിച്ച റജി സ്റ്റർ അത്യാവശ്യമാണ്. അത്യാസന്നഘട്ടത്തിൽ രക്ത ത്തിന് വേണ്ടി നെട്ടോട്ടമോടേണ്ട അവസ്ഥയാണ് ഇന്നു ള്ളത്. രക്ത ഗ്രൂപ്പു രജിസ്റ്റർ വാർഡടിസ്ഥാനത്തിൽ രൂപപ്പെടുത്തണം. ഇത് പ്രാവർത്തികമാകണമെങ്കിൽ രക്ത ദാനത്തിന്റെ മാഹാത്മ്യം ബോധ്യപ്പെടുത്തുകയും രക്ത നിർണ്ണയക്യാമ്പുകൾ നടത്തുകയും വേണം. ഓമാനൂർ പി.എച്. സിയോട് ചേർന്ന് ഒരു രക്തബാങ്ക്

തുടങ്ങാനുള്ള സംവിധാനം ഉണ്ടാകണം. നേത്രദാനം, വൃക്കദാനം എന്നിവയെക്കുറിച്ചെല്ലാം ബോധവൽക്കരണം നടത്തിയാൽ കൊള്ളാം.

മോബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കാൻ പദ്ധതി ആസൂത്രണം ചെയ്യുക.

### കക്കൂസ്

**പൊതുജനാരോഗ്യ രംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ** പരിസര ശുചിത്വത്തിന് മുഖ്യപരിഗണന നൽകേണ്ടുതണ്ട്. മലമൂത്ര വിസർജ്ജനത്തിന് വീടുകളിൽ സൗകര്യങ്ങൾ അനിവാര്യമാണ്. കക്കൂസുകൾക്ക് പരിസര ശുചിത്വത്തിൽ പ്രഥമ സ്ഥാനമുണ്ട്. പഞ്ചായത്തിൽ 2773 വീടുകളിൽ കക്കൂസുകളില്ല എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. (30.63%) അത്കൊണ്ട് തന്നെ വിരശല്യം, വിളർച്ച, ത്വക്ക് രോഗം എന്നിവകൂടുതലായി കാണപ്പെടുന്നു. പഞ്ചായത്തിൽ കക്കൂസ് നിർമ്മാണത്തിന്നനുഭവപ്പെടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും വാർഡ് തിരിച്ച് താഴെ കൊടുക്കുന്നു.

| വാർഡ് | കക്കൂസില്ലാത്ത | പ്രശ്നം | പരിഹാരം |
|---|---|---|---|
| 1 | 128 | | |
| 2 | 100 | | |
| 3 | 160 | | |
| 4 | 200 | പഞ്ചായത്തിൽ കക്കൂസ് നിർമണത്തിന് പൊതുവെ അനുഭവപ്പെടുന്ന പ്രശ്നം സാമ്പത്തിക പരാധീനതയാണ് | പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തിലൂടെയും. മനുഷ്യവിഭവശേഷിയുലൂടെയും നിർമ്മിക്കാം. |
| 5 | 298 | | |
| 6 | 178 | | |
| 7 | 200 | | |
| 8 | 150 | | |
| 9 | 250 | | |
| 10 | 300 | | |
| 11 | 112 | | |
| 12 | 150 | | |
| 13 | 200 | | |
| 14 | 100 | | |
| 15 | 247 | | |
| | 2773 | | |

### സ്വീകരിക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. കക്കൂസിന്റെ ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്ത പ്രദേശങ്ങളിലും ജനവിഭാഗങ്ങളിലും ബോധവൽക്കരണം നടത്തുക.

2. ഉപയോഗിക്കുന്ന കക്കൂസുകളുടെ ശുചിത്വപരിപാലന ബോധം ജനിപ്പിക്കുക.

3 കക്കൂസുകുഴികളും കിണറുകളും തമ്മിലുള്ള നിയമാനുസൃതമായ അകലം ഉറപ്പു വരുത്തുക.

4. സാമൂഹ്യ സന്നദ്ധ സംഘടനകൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുടെ സ്പോൺസർഷിപ്പോടെ കക്കൂസ് നിർമ്മാണം ഊർജ്ജിതപ്പെടുത്തുക.

### പരിസര മലിനീകരണം

വ്യവസായ വൽക്കരണവും നസരവൽക്കരണവുമില്ലാത്തത് കൊണ്ട് പഞ്ചായത്തിൽ രൂക്ഷമായ പരിസര മലിനീകരണമില്ല. എന്നാൽ മാവൂർ ഗ്വാളിയോർ റയോൺസിലെ വിഷപ്പുക, പഞ്ചായത്തിന്റെ 6,7,8,9,10 വാർഡുകളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇവിടങ്ങളിൽ ശ്വാസകോശ രോഗങ്ങൾ, ക്യാൻസർ, എന്നിവ കൂടുതലായി കാണപ്പെടുന്നു. ഭാഗികമായ മലിനീകരണ പ്രശ്നങ്ങളും പ്രദേശങ്ങളും താഴെ പറയുന്നവയാണ്.

| പ്രദേശം | പ്രശ്നം | പരിഹാര നിർദ്ദേശം |
|---|---|---|
| 7-ാം വാർഡ് ഹരിജൻ കോളനി | വാർഡ് - 7:- പൊതുശ്മശാനമില്ലായ്മ. വീട്ടുവളപ്പിൽ ശവം അടക്കം ചെയ്യുന്നത്കൊണ്ട് കിണറുകളിലെ ജലം മലിനമാകുന്നു. | ഈ വർഡിൽ ജനവാസം കുറഞ്ഞസ്ഥലത്ത് പൊതുശ്മാശാനം ഏർപ്പെടുത്തുക. |
| 9-ാം വാർഡിലെ ഇരട്ടമുഴി. ചകിരിമിൽ പ്രദേശം | ചകിരിച്ചോറ് പുഴയിൽ നിക്ഷേപിക്കുന്നത്കൊണ്ട് വെള്ളം മലിനമാകുന്നു. പരിസരങ്ങളിൽ കൊതുകുശല്യം കൂടുന്നു. | ചകിരിച്ചോറ് ശാസ്ത്രീയമായി സംസ്ക്കരിക്കാൻ സംവിധാനമുണ്ടാക്കുക. |
| 12-ാം വാർഡിലെ വിളയിൽ അങ്ങാടി 6-ാം വാർഡിലെ പൊന്നാട് അങ്ങാടി 10-ാം വാർഡിലെ പള്ളിമുക്ക്, കുനിത്തലക്കടവ്. എളയങ്കാവ് മാങ്കടവ്. 5-ാം വാർഡിലെ ഓമാനൂർ അങ്ങാടി. | ഈ അങ്ങാടികളിലെ ചപ്പുചവറുകൾ പരിസരത്ത് അലങ്കോലമായി നിക്ഷേപിക്കുന്നത്. | ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള "ഡസ്റ്റ്ബിൻ" അങ്ങാടികളിൽ സ്ഥാപിക്കുക. |

## പരിഹാര നിർദ്ദേശം

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ അങ്ങാടികളിൽ ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള സൗകര്യവും അവ നീക്കം ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തുക.

2. വൃത്തിഹീനമായിക്കിടക്കുന്ന് പൊതുകുളങ്ങളും കുളിക്കടവുകളും വൃത്തിയാക്കുക.

3. അറവുശാലകളിൽനിന്നും തള്ളുന്ന അവശിഷ്ടങ്ങൽ സംസ്ക്കരിക്കാൻ സംവിധാനമുണ്ടാക്കുക.

4. മൽസ്യ, മാംസ വിപണനത്തിന് അങ്ങാടികളിൽ പ്രത്യേക സ്ഥലങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുക.

5. പൊതുജനങ്ങളിൽ ശുചിത്വബോധവൽക്കരണം നടത്തുക.

# പരിസ്ഥിതി

## ചാലിയാർ തീര സംരക്ഷണ പദ്ധതി

പ്രകൃതിയുടെ വരദാനമായ ചാലിയാർ പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുകൂടി ഒമ്പതാം വാർഡിനെ തഴുകിത്തലോടി കടന്നുപോകുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സാണിത് ആറു കിലോമീറ്ററലധികം ചാലിയാർ തീരം നമുക്കുണ്ട്. ചാലിയാറിനെ ആസൂത്രിതമായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ കുടിവെള്ളക്ഷാമവും കാർഷിക വിളകൾക്കുള്ള ജലദൗർലഭ്യവും പരിഹരിക്കാൻ കഴിയും. പ്രകൃതി സൗന്ദര്യം നിറഞ്ഞു നിൽക്കുന്ന ചാലിയാർ തീരത്ത് ടൂറിസം വികസനത്തിന് സാധ്യതകൾ ഏറെയുണ്ട്. ചാലിയാറിൽ ജലോൽസവവും ഉല്ലാസ നൗകകളും സംഘടിപ്പിച്ചാൽ പഞ്ചായത്തിന്റെ വിഭവ സമാഹരണ രംഗത്ത് ഒരു കുതിച്ചു ചാട്ടമുണ്ടാക്കാൻ കഴിയും. എന്നാൽ ഇന്ന് ചാലിയാറിനെ പരമാവധി നശിപ്പിക്കുകയാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ വ്യാപകമായ മണൽ വാരൽ തീരത്തെ കൃഷി ഭൂമികളെയും വിളകളെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മണ്ണൊലിപ്പും മണ്ണിടിച്ചിലും വ്യാപകമാണ്. മണലിന്നടിയിലെ ജലസ്രോതസ്സ് താഴുന്നത് കാരണം തീരത്തെ പറമ്പുകളിൽ വരൾച്ചയും കൃഷിയുണക്കവും അനുഭവപ്പെടുന്നു. കിണറുകളിലെ ജലവിതാനം താഴുന്നു തീരത്തുള്ള കണ്ടൽ വനങ്ങൾ നശിക്കുന്നു.

മണൽ ലേലത്തിൽ നിന്നും വർഷം തോറും പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപ വരുമാനം ലഭിക്കുന്നു. ഇതിന്റെ ചെറിയൊരംശമെങ്കിലും തീരസംരക്ഷണത്തിനുപയോഗിച്ചിരുന്നുവെങ്കിൽ ഈ അവസ്ഥ സംജാതമാകുമായിരുന്നില്ല ഇനിയും വൈകാതെ തീരസംരക്ഷണത്തിന് പദ്ധതികൾ നടപ്പാക്കിയേ പറ്റൂ.

| പ്രശ്നപ്രദേശം | പ്രശ്നങ്ങൾ | സാധ്യതകൾ/പരിഹാരങ്ങൾ |
|---|---|---|
| ഇടശ്ശേരികടവിന് താഴെ 500മീ ദൂരം | തീരം ഇടിയുന്ന മണ്ണൊലിപ്പ് കൃഷി നാശം സമീപത്തെ കിണറുകളിലെ ജലവിതാനം താഴുന്നു മണൽ വാരൽ | തീരം കെട്ടി സംരക്ഷിക്കുക മണൽ ലേലത്തിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്നതുകയുടെ 40% തീര സംരക്ഷണത്തിന് വേണ്ടി നീക്കി വെക്കണം |
| വാവൂർ തീരംകെട്ടി സംരക്ഷിക്കുക | തീരം ഇടിയുന്നു മണൽ വാരൽ മണ്ണൊലിപ്പ് | തീരം കെട്ടി സംരക്ഷിക്കുക |
| മച്ചിങ്ങൽമേലടത്ത് പറക്കോളിൽ പ്രദേശം | ഒഴുക്കിന്റെ വേഗതമണ്ണൊലിപ്പ് മണ്ണിടിച്ചിൽ | തീരംകെട്ടി സംരക്ഷിക്കുക |

## 1987 മുതൽ 1995 വരെ മണൽ ലേലത്തിൽ നിന്നും പഞ്ചായത്തിന് ലഭിച്ച വരുമാനം

| വർഷം | വരുമാനം |
|---|---|
| 1987-88 | 1500.00 |
| 1988-89 | 3550.00 |
| 1989-90 | 21100.00 |
| 1990-91 | 50100.00 |
| 1991-92 | 136900.00 |
| 1992-93 | 38000.00 |
| 1993.94 | 165000.00 |
| 1994.95 | 55500.00 |
| | 471650.00 |

(അവലംബം പഞ്ചായത്തിലെ ലേല രജിസ്റ്റർ)

1. ഈ പഞ്ചായത്തിലെ മുഖ്യപരിസ്ഥിതി പ്രശ്നമായി ഇതിനെ കാണേണ്ടതും സത്വര നടപടി സ്വീകരിക്കേണ്ടതുമാണ് ചാലിയാറിൽ തോട്ടപൊട്ടിക്കൽ. നഞ്ചു കലക്കൽ എന്നിവ നിരോധിക്കുക

കാവുകളെ സംരക്ഷിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക.



# വ്യവസായം

കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ ചീക്കോട് പഞ്ചായത്തിൽ കൊല്ലങ്ങൾക്ക് മുമ്പ പരമ്പരാഗത വ്യവസായ മേഖലയിൽ ഏതാനും കുടിൽ വ്യവസായങ്ങൾ നിലനിന്നിരുന്നതൊഴിച്ച് വ്യവസായ രംഗത്ത് കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. സഹകരണ മേഖലയിലോ പൊതുമേഖവലയിലോ വൻകിട-ചെറുകിട വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. എന്നാൽ പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ ഏകദേശം 50 വർഷങ്ങൾക്ക് മുമ്പുതന്നെ മൺപാത്ര നിർമ്മാണം, കൊല്ലപ്പണി, ചുണ്ണാമ്പു നിർമ്മാണം, കുട്ട-മുറം നിർമ്മാണം, സ്വർണ്ണപ്പണി, ചിപ്സ് നിർമ്മാണം തുടങ്ങിയവ നിലനിന്നിരുന്നു. പഞ്ചായത്തിന്റെ അതിർത്തിയിൽ എടവണ്ണപ്പാറക്കടുത്ത് പഴയകാലത്തുണ്ടായിരുന്ന ഒരു ചന്ത നിലനിൽക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണം പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും ലഭിക്കുന്നില്ല. പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രം ആരംഭിച്ചതൊഴിച്ചാൽ ഈ മേഖലയിലും നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ എടുത്ത് പറയാവുന്നത് തവനൂരിൽ സ്ഥിതിചെയ്യുന്ന "അസോസിയേറ്റഡ് എഞ്ചിനീയറിംഗ് കമ്പനി" എന്ന സ്വകാര്യ സ്ഥാപനമാണ്. ഈ ക്രഷർ യൂണിറ്റിൽ തന്നെ 75ഓളം ആളുകൾ (തൊഴിലാളികൾ) മാത്രമാണ് ജോലിചെയ്യുന്നത്. ഇത് കൂടാതെ ഏതാനും ഈർച്ചമില്ലുകളും, എണ്ണമില്ലുകളും, പൊടിമില്ലുകളും, ഒരു ചകിരി കൊണ്ടുള്ള ഫൈബർ പ്രോഡക്ഷൻ യൂണിറ്റും മാത്രമാണ് പ്രധാനമായുള്ളത്.

അരീക്കോട് ബ്ളോക്കിലെ ആദ്യത്തെ മുട്ടക്കോഴിവളർത്തൽ കേന്ദ്രം ആരംഭിച്ചത് നമ്മുടെ പഞ്ചായത്തിലെ ഒന്നാം വാർഡിലാണ്. ഈസ്ഥാപനവും സ്വാകാര്യ ഉടമസ്ഥതയിലുള്ളതാണ്. ഇതിന്റെ ഉടമക്ക് 1995 വർഷത്തിൽ സംസ്ഥാന തലത്തിൽ പ്രോത്സാഹന സമ്മാനം ലഭിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 1991ലെ സെൻസസ് പ്രകാരം വിവിധ മേഖലകളായി 7996 പേർ ജോലിചെയ്യുന്നു. 7207 പുരുഷന്മാരും 789 സ്ത്രീകളും. ഇതിൽ 864 പേർ മാത്രമാണ് വ്യവസായ മേഖലയിൽ പഞ്ചായത്തിനകത്ത് ജോലി ചെയ്യുന്നത്. കൂടാതെ മാവൂർ ഗ്വോളിയോർ റയോൺസ്, മലപ്പുറം, എടരിക്കോട് സ്പിന്നിംഗ് മില്ലുകൾ തുടങ്ങി പഞ്ചായത്തിന് പുറത്തുള്ള വ്യവസായ സ്ഥാപനങ്ങളിലും ഏതാനും തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്.

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങൾ പട്ടിക ഒന്നിലും, (Iൽ) ചെറുകിട കുടിൽ വ്യവസായങ്ങൾ പട്ടിക IIലും മറ്റു ചെറുകിട വ്യവസായങ്ങൾ പട്ടിക IIIളും ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ ചെറുകിട പരമ്പരാഗത കുടിൽ വ്യവസായങ്ങളാണ് കൂടുതൽ. തൊഴിലാളികൾ കൂടുതലുള്ളതും ഈ മേഖലയിലാണ്. പക്ഷെ ഈ മേഖല ദിനം പ്രതി തളർന്നു കൊണ്ടിരിക്കുകന്നു.

പരമ്പരാഗത വ്യവസായങ്ങളിൽ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വിപണന

രംഗത്തെ മാന്ദ്യവും ഈ മേഖലയെ ദോഷകരമായി ബാധിക്കുന്നു. മൺപാത്രങ്ങളുടെ ഉപയോഗം പഞ്ചായത്തിനകത്ത് കൊല്ലങ്ങളായി കുറഞ്ഞുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങളുടെ ആരംഭം തന്നെ അടുത്തകാലത്താണ് ഉണ്ടായത്. ഇന്ന് ഈ മേഖലയിലും നാമമാത്രമായ സ്ഥാപനങ്ങളേയുള്ളൂ.

ഇന്ന് ഏകദേശം 45000ത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ അഭ്യസ്ഥ വിദ്യരും സാങ്കേതിക ജ്ഞാനമുള്ളവരുമായവരുടെ ഇടയിൽ തന്നെ രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു. ദ്രുദഗതിയിലുള്ള വ്യവസായവൽക്കരണത്തിലൂടെ മാത്രമെ ഈ പ്രതിസന്ധിക്ക് ഏറെക്കുറെ പരിഹാരം കാണാനാവൂ.

## പ്രശ്നങ്ങൾ

ഏകദേശം 46.72 ച.കി.മീ. വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്താണ് ചീക്കോട്. 1991ലെ സെൻസസ് പ്രകാരം 42122 ജനസംഖ്യയുള്ള പഞ്ചായത്തിൽ 6791 ലധികം വീടുകളുണ്ട്. പഞ്ചായത്ത് നിത്യോപയോഗ സാധനങ്ങളുടെ വലിയൊരു വിപണിയായിട്ടുപോലും പ്രസ്തുത ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇല്ല. ഈ പ്രശ്നം വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്.

വ്യവസായ വളർച്ചക്ക് അനുകൂല ഘടകങ്ങളായ സ്ഥല സൗകര്യം, ജനസാന്ദ്രതക്കുറവ്, ജലലഭ്യത, കാർഷികോല്പന്നങ്ങളായ അടയ്ക്ക, തേങ്ങ, കശുവണ്ടി, റബ്ബർ, കുരുമുളക് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ, മാനുഷിക വിഭവം, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടുള്ള അഭിവാഞ്ജ, താരതമ്യേന പരിസ്ഥിതി പ്രശ്നങ്ങളുടെ കുറവ്, പശ്ചാത്തല സൗകര്യങ്ങളായ വൈദ്യുതി, ഗതാഗതം എന്നിവ ലഭിക്കാനുള്ള സൗകര്യം എന്നിവ ഉണ്ടായിട്ടുപോലും താഴെ പറയുന്ന പ്രധാന പ്രശ്നങ്ങൾ കാരണം വ്യവസായ വളർച്ച കൈവരിക്കാൻ കഴിയുന്നില്ല.

1. ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്ന ധാരാളം പേരുണ്ടെങ്കിലും അവരുടെ വരുമാനം വ്യവസായ മേഖലയിൽ പ്രയോജനപ്പെടുത്താനോ സംരംഭകരാക്കാനോ സാധിക്കുന്നില്ല.

2. വ്യവസായ വൽക്കരണത്തിന് അത്യാവശ്യമായ വൈദ്യുതി ഗതാഗതം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ വേണ്ട വിധത്തിൽ ലഭിക്കുന്നില്ല.

3. മുഖ്യ കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയോ, നിത്യോപയോഗ സാധനങ്ങളെ ആധാരമാക്കിയോ ഉള്ള ഒരു വ്യവസായം പോലും ആരംഭിക്കുന്നില്ല.

4. പരമ്പരാഗത വ്യവസായ മേഖലയിൽ കുറഞ്ഞ കൂലി നിരക്കും, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണന ബുദ്ധിമുട്ടും ഈ മേഖലയെ ദോഷകരമായി ബാധിക്കുന്നു.

5. സഹകരണ മേഖലയിലോ പൊതുമേഖലയിലോ ഒരു വ്യവസായം പോലം ആരംഭിക്കുന്നില്ല.

6. പഞ്ചായത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

7. പരമ്പരാഗത – കുടിൽ വ്യവസായങ്ങളെ ശാസ്ത്രീയമായി ആധുനിക വൽക്കരിക്കാനോ വൈവിധ്യ വൽക്കരിക്കാനോ വേണ്ട സാങ്കേതിക പരിശീലനമോ സഹായമോ ലഭിക്കുന്നില്ല.

8. പുതിയ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നിയമക്കുരുക്കുകളും, സഹായം ലഭിക്കാനുള്ള കാലതാമസവും വ്യവസായ സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നില്ല.

9. വനിതകൾ വ്യവസായ രംത്തേക്ക് ആകർഷിക്കപ്പെടുന്നില്ല.

10. വ്യവസായ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം വ്യവസായ രംഗത്തേക്ക് പുതിയ ആളുകളെ ആകർഷിക്കുവാനോ ഉള്ളവരെ നിലനിർത്താനോ പുതിയ ഒരു വ്യവസായ മനോഭാവം വളർത്തിയെടുക്കാനോ കഴിയുന്നില്ല.

11. സാങ്കേതിക പരിജ്ഞാനം ലഭിച്ചധാരാളം ആളുകൾ ഉണ്ടെങ്കിലും അവർക്ക് വേണ്ട ഉപദേശങ്ങളോ സഹായങ്ങളോ ലഭ്യമാക്കാനുള്ള സംവിധാനം ഇല്ലാത്തതിനാൽ അവരെ വ്യവസായ രംഗത്തേക്ക് കൊണ്ടുവരാൻ കഴിയുന്നില്ല.

12. ട്രൈസം പോലുള്ള തൊഴിൽ പരിശീലനം വേണ്ടത്ര ലഭിക്കുന്നില്ല.

13. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും മറ്റു വ്യവസായ മേഖലയുമായി സമ്പർക്കമില്ല.

14. വ്യവസായ സംരംഭകന് ആവശ്യമായ മാനസിക തയ്യാറെടുപ്പിന് വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല.

## സാധ്യതകൾ

1. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനം വ്യവസായ രംഗത്തേക്ക് മുതൽകൂട്ടാക്കി പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും.

2. ധാരാളം പേർ ജോലിചെയ്യുന്ന പരമ്പരാഗത-കുടിൽ വ്യവസായ മേഖലയെ ശാസ്ത്രീയമായി ഏകീകരിച്ചും ആധുനികവൽക്കരിച്ചും വൈവിധ്യവൽക്കരിച്ചും ഈ മേഖലയെകൂടുതൽ ശ്കതമാക്കാം.

3. പഞ്ചായത്തിന്റെ വ്യവസായ വളർച്ചക്ക് സംരംഭകരെ ആകർഷിക്കുവാൻ താഴെ പറയുന്ന പ്രദേശങ്ങളിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട്. ഇത് ഗൗരവമായി പരിശോധിക്കേണ്ടതാണ്.

(I) 14ാം വാർഡിൽ ചുള്ളിക്കോട് തടം എന്ന സ്ഥലത്ത് ഏകദേശം 20 ഏക്ര ഭൂമി തരിശുഭൂമിയായി കിടക്കുന്നു.

(II) 6ാം വാർഡിലെ പുന്നക്കതടം (വലിയ തടം) എന്ന സ്ഥലത്ത് ഏകദേശം 10 ഏക്രഭൂമി തരിശു ഭൂമിയായി കിടക്കുന്നു.

(III) 9ാം വാർഡിലെ അല്ലിയൻ തടായ് എന്ന സ്ഥലത്ത് ഏകദേശം 5 ഏക്ര സ്ഥലം തരിശു ഭൂമിയായി കിടക്കുന്നു.

4. പ്രധാന കാർഷിക ഉല്പന്നങ്ങളായ അടയ്ക്ക, തേങ്ങ, കശുവണ്ടി, റബ്ബർ, കുരുമുളക് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കാം.

5. ധാരാളം പച്ചക്കറി ഉൽപാദിപ്പിക്കുന്ന പഞ്ചായത്തിൽ പച്ചക്കറി സംസക്കരണ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

6. ഫർണീച്ചർ, ഫ്ളൈവുഡ്, തീപ്പെട്ടി വ്യവസായം റബ്ബർ ട്രീറ്റമെന്റ് വ്യവസായം എന്നിവക്കാവശ്യമായ വിവിധ മരങ്ങൾ ലഭ്യമാണ്.

7. ഇറച്ചിക്കും മുട്ടക്കും വേണ്ടി പഞ്ചായത്തിന് പുറത്തുള്ള വിപണിയെ ആശ്രയിക്കുന്ന നമുക്ക് കോഴി വളർത്തൽ ഒരു ലാഭകരമായ കുടിൽ വ്യവസായമാക്കാൻ ഒരു കോഴിതീറ്റ ഫാക്ടറി സ്ഥാപിക്കുകയും, കൂടുതൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്താൽ തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ഇറിച്ചി, മുട്ട എന്നിവ പഞ്ചായത്തിനകത്ത് ലഭ്യമാകുകയും ചെയ്യാം.

8. മാങ്ങ, കൈതച്ചക്ക, ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന നമ്മുടെ പഞ്ചായത്തിൽ ഭക്ഷ്യ സംസ്കരണ-വിപണന യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

9. വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ച് ചെറുകിട-വൻകിട വ്യവസായങ്ങൾ ആരംഭിക്കാം.

10. പ്രധാന കാർഷിക വിഭവമായ തേങ്ങയും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളും, ശാസ്ത്രീയമായ തൊണ്ടഴുക്കൽ നടപ്പാക്കി കയറും കയറുല്പന്ന യൂണിറ്റുകൾക്കും സാധ്യതയുണ്ട്.

11. ധാരാളം സോപ്പ് ഉപയോഗിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു അലക്ക് സോപ്പ് നിർമ്മാണ യൂണിറ്റ് മാത്രമാണുള്ളത്. പുതിയ യൂണിറ്റുകൾ ആരംഭിക്കാം.

**ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട മറ്റു വ്യവസായ യൂണിറ്റുകൾ**

1. കുടനിർമ്മാണം
2. ചെരിപ്പു നിർമ്മാണം
3. പ്ളാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം
4. മെഴുകുതിരി നിർമ്മാണം
5. കരകൗശല വസ്തുക്കളുടെ നിർമ്മാണം

6. ചന്ദനതിരി നിർമ്മാണം

7. ബുക്ക് ബൈന്റിംഗ് യൂണിറ്റുകൾ

8. നോട്ടബുക്ക് നിർമ്മാണം

9. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം

10. ഇളനീർ പന്തലുകൾ

11. ബാഗ്ഷൂട്ട്കേസ് നിർമ്മാണം

12. ബേക്കറി യൂനിറ്റുകൾ

13. ചിപ്സ് യൂണിറ്റുകൾ

14. സിമന്റ് ഫർണ്ണിച്ചർ

15. ശാസ്ത്രീയമായി തേനീച്ചവളർത്തൽ

16. എസ്.ടി.ഡി ബൂത്തുകൾ

17. ഭക്ഷ്യസംസ്കരണ ശാലകൾ.

18. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

19. അച്ചാർ യൂണിറ്റുകൾ

20. കറിപൗഡർ യൂനിറ്റുകൾ

21. വാഹന വർക്ക് ഷോപ്പുകൾ

22. കിടയ്ക്ക നിർമ്മാണം.

23. പാലും പാലുൽപന്നങ്ങളും.

24. കാർഷിക വിഭവസമാഹരണം-സംസ്കരണം.

25. കസേര നെയ്ത്ത്

26. കയറും കയറുല്പന്നങ്ങളും

27. കൊപ്ര സംസ്കരണവും-കേരഉല്പന്നങ്ങളും.

## വൻകിട പദ്ധതികൾ

പഞ്ചായത്തിലുള്ള അനുയോജ്യമായ സ്ഥലങ്ങൾ പരിശോധിച്ച് സഹകരണ മേഖലയിലോ പൊതുമേഖലയിലോ സ്പിന്നിംഗ് മില്ലുകളും, കശുവണ്ടി ഫാക്ടറി, കയർ ഫാക്ടറി എന്നിവ സ്ഥാപിക്കാവുന്നതാണ്.

## ടൂറിസം

പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന 6 കി.മി ചാലിയാർ പുഴയുടെ തീരങ്ങളിൽ ടൂറിസത്തിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. ഇവിടെ ഒരു ടൂറിസ്ററ് കേന്ദ്രമാക്കി വികസിപ്പിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാം.

## നിർദ്ദേശങ്ങൾ

1. കാർഷിക ഉല്പന്നങ്ങളുടെയും, വ്യവസായില്പന്നങ്ങളുടെയും വിപണനത്തിനായി പഞ്ചായത്തിന്റെ എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമായ സ്ഥലത്ത് പൊതുമാർക്കറ്റ് സ്ഥാപിക്കുക.

2. പഞ്ചായത്ത് തലത്തിൽ വ്യവസായ സംരംഭകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

3. താഴെ പറയുന്ന മേഖലകളിൽ വാർഡ് തലത്തിൽ തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.

1. ഗ്രാമീണ ടെക്നീഷ്യൻ സംഘങ്ങൾ
2. ബ്യൂട്ടീഷ്യൻ സംഘങ്ങൾ
3. ബ്ലീച്ചിംങ്ങ് സംഘങ്ങൾ
4. മരം കയറ്റ് തൊഴിലാളി സംഘങ്ങൾ.
5. കർഷകതൊഴിലാളി സംഘങ്ങൾ
6. നിർമ്മാണതൊഴിലാളി സംഘങ്ങൾ
7. സദ്യയൊരുക്കൽ സംഘങ്ങൾ
8. വീട്ടു ജോലി സംഘങ്ങൾ

4. പഞ്ചായത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. മിനി വൈദ്യുത പദ്ധതിക്ക് വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാണ്.

5. കൂടുതൽ വാഹന ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. വ്യവസായ സംബന്ധമായ പ്രസിദ്ധീകരണങ്ങൾ വാർഡ് തലത്തിൽ ലഭ്യമാക്കുക.

7. പഞ്ചായത്ത് തലത്തിൽ വ്യവസായ വികസന സമിതി രൂപീകരിച്ച് പുതിയ സംരംഭകരെ കണ്ടെത്തി വേണ്ട സഹായങ്ങൾ നൽകുകയും മോണിറ്ററിങ്ങ് നടത്തുകയും ചെയ്യുക. വ്യവസായ സംരംഭകത്വ പരിശീലനം നടത്തുകയും ചെയ്യുക.

8. വ്യവസായ സംരംഭകരെ കണ്ടെത്തി മറ്റു വ്യവസായികളുമായി ആശയവിനിമയ സംവിധാനം ലഭ്യമാക്കുകയും വ്യവസായ പഠന യാത്രകൾ സംഘടിപ്പിക്കുകയും ചെയ്യുക.

9. പഞ്ചായത്ത് തലത്തിൽ വ്യവസായ സെമിനാറും ശിൽപശാലയും നടത്തുക.

10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാമുഖ്യം നൽകുക.

11. സ്വയം തൊഴിൽ എക്സ്ചെയ്ഞ്ചുകൾ ആരംഭിക്കുക. തൊഴിൽ സംരംഭകർക്ക് എളുപ്പത്തിൽ സഹായം ലഭ്യമാക്കുക.

ഈ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചർച്ചയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിച്ച് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാനാകും. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും കമ്പോളങ്ങളെ ആശ്രയിക്കുന്ന നമുക്ക് ആ രംഗത്ത് സ്വയം പര്യാപ്തമാക്കാനും രൂക്ഷമായ തൊഴിലില്ലായ്മക്ക് ഏറെക്കുറെ പരിഹാരം കാണാനും കഴിയും. ഇതിലൂടെ പഞ്ചായത്തിന് സാമ്പത്തിക പുരോഗതി കൈവരിക്കാനും നമ്മുടെ അളോഹരി വരുമാനം വർദ്ധിപ്പിച്ച് സാംസ്കാരിക-സാമൂഹ്യ സാമ്പത്തിക രംഗത്ത് ഐശ്വര്യ സമൃദ്ധമായ ഭാവി കെട്ടിപ്പടുക്കുകയും ചെയ്യാം.

## പട്ടിക I

### പരമ്പരാഗത വ്യവസായങ്ങൾ

| No. | ഇനം | തൊഴിലാളികളുടെ എണ്ണം | | | ശരാശരി |
|---|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ. | |
| 1. | കുട, മുറം, നിർമ്മാണം | 9 | 4 | 13 | 7.3 |
| 2 | ചൂടി നിർമ്മാണം | 2 | 27 | 29 | 16.3 |
| 3. | മൺപാത്ര നിർമ്മാണം | 16 | 19 | 35 | 19.7 |
| 4. | കൊല്ലപ്പണി | 13 | – | 13 | 7.3 |
| 5. | ചുണ്ണാമ്പ് നിർമ്മാണം | 12 | 9 | 21 | 11.8 |
| 6. | സ്വർണ്ണപ്പണി | 33 | – | 33 | 18.5 |
| 7. | ബാർബർ | 34 | – | 34 | 19.1 |
| | ആകെ | 119 | 59 | 178 | 100 |

(അവലംബം സെക്കന്ററി ഡാറ്റ ഗ്രാമസഭ)

## പട്ടിക II

### ചെറുകിട കുടിൽ വ്യവസായങ്ങൾ

| നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | |
| 1. | തയ്യൽ | 23 | 56 | 79 | 14.8 |
| 2. | ഫർണിച്ചർ | 66 | – | 66 | 12.4 |
| 3. | തീപ്പെട്ടി | 5 | 14 | 19 | 3.6 |
| 4. | മെറ്റൽ യൂണിറ്റ് | 108 | 83 | 191 | 35.9 |
| 5. | ബേക്കറി | 5 | – | 5 | .9 |
| 6. | ബീഡി തെറുപ്പ് | 4 | 32 | 36 | 6.8 |
| 7. | ബുക്ക് ബൈന്റിങ്ങ് | 1 | – | 1 | .2 |
| 8. | അച്ചാർ യൂണിറ്റ് | 2 | 2 | 4 | .8 |
| 9. | കൊപ്ര സംഭരണം | 26 | – | 26 | 4.9 |
| 10. | അടയ്ക്ക സംഭരണം സംസ്കരണം | 27 | 68 | 95 | 17.9 |
| 11. | ബാഗ് നിർമ്മാണം വനിത | – | 10 | 10 | 1.8 |
| | ആകെ | 267 | 265 | 532 | 100 |

### നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | |
| 1. | പൊടിമിൽ | 12 | – | 12 | 7.8 |
| 2. | ഈർച്ചമിൽ | 21 | – | 21 | 13.6 |
| 3. | എണ്ണമിൽ | 7 | – | 7 | 4.5 |
| 4. | സിമെന്റ് ബ്ലോക്ക് നിർമ്മാണം | 4 | 2 | 6 | 3.9 |
| 5. | ക്രഷർ യൂനിറ്റ് | 67 | 16 | 83 | 53.9 |
| 6. | ടാക്കീസ് | 4 | – | 4 | 2.6 |

|  |  |  |  |  |  |
|---|---|---|---|---|---|
| 7. | ഇഷ്ടിക-ക്ലേവർക്സ് | 3 | 2 | 5 | 3.2 |
| 8. | വെൽഡിംങ് ഇന്റസ്ട്രീസ് | 2 | – | 2 | 1.3 |
| 9. | പൗൾട്രീഫാം | 1 | – | 1 | .6 |
| 10. | ചകിരി മിൽ | 2 | 8 | 10 | 6.5 |
| 11. | റബ്ബർ കൊട്ട നിർമ്മാണം | 3 | – | 3 | 2.00 |
| ആകെ |  | 126 | 28 | 154 | 100 |

## പട്ടിക IV

### വിവിധ മേഖലയിലെ കൂലി നിരക്ക്

| നമ്പർ | ഇനം | ശരാശരി കൂലിനിരക്ക് |  |
|---|---|---|---|
|  |  | പു | സ്ത്രീ |
|  | പരമ്പരാഗതവ്യവസായങ്ങൾ |  |  |
| 1. | കുട, മുറം നിർമ്മാണം. | 40 | 30 |
| 2. | മൺപാത്ര നിർമ്മാണം | 26 | 18 |
| 3. | ചൂടി നിർമ്മാണം | 35 | 35 |
| 4. | കൊല്ലപ്പണി | 60 | – |
| 5. | ചുണ്ണാമ്പ് | 60 |  |
| 6. | കുടിൽ വ്യവസായങ്ങൾ ഫർണിച്ചർ | 110 | – |
| 7. | തയ്യൽ | 80 | 60 |
| 8. | ബീഡിതെരുപ്പ് | 60 | 40 |
| 9. | മെറ്റൽ യൂണിറ്റ് | 32 | 32 |
| 10. | അടയ്ക്ക സംസ്കരണം | – | 16 |
|  | ചെറുകിട വ്യവസായങ്ങൾ |  |  |
| 11. | പൊടിമിൽ | 100 | – |
| 12. | ഈർച്ചമിൽ | 110 | – |
| 13. | എണ്ണമിൽ | 100 |  |
| 14. | ക്രഷർ യൂനിററ് | 100 | 70 |
| 15. | ചകിരി മിൽ | 40 | 30 |
| 16. | റബ്ബർ കൊട്ട നിർമ്മാണം | 70 | 60 |

അവലംബം സെക്കൻഡറി ഡാറ്റ ഗ്രാമസഭ.



# ഗതാഗതം ഊർജ്ജം മാർക്കറ്റ് വാർത്താവിനിമയം

## ഗതാഗതം

ഒരു ജനതയുടെ സമഗ്രപുരോഗതിയിൽ ഗതാഗത സൗകര്യങ്ങൾക്കുള്ള പങ്ക് പ്രഥമ ഗണനീയമാണ്. മഞ്ചലുകളും, പല്ലക്കുകളും ഒരു കാലത്ത് സഞ്ചാരത്തിന്റെ പ്രതീകങ്ങളായി നിലനിന്നിരുന്നു. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഭക്ഷ്യവസ്തുക്കളും മററും എത്തിച്ചിരുന്നതും കാർഷിക വിഭവങ്ങൾ പുറം ലോകത്തേക്ക് കൊണ്ടുപോയിരുന്നതും തലച്ചുമടായും കാളവണ്ടികളെ ആശ്രയിച്ചുമായിരുന്നു. പുതിയ സഞ്ചാര പഥങ്ങൾ തെളിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വന്നപ്പോൾ ജനങ്ങൾ സംഘടിക്കുകയും നിലവിലുണ്ടായിരുന്ന നടപ്പാതകൾ റോഡുകളാക്കി രൂപാവന്തരപ്പെടുത്തുകയും ചെയ്തു. അങ്ങനെ ആവിർഭവിച്ചതാണ് ഇന്ന് പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡുകളെല്ലാം. കൊണ്ടോട്ടി–എടവണ്ണപ്പാറ, എടവണ്ണപ്പാറ–അരീക്കോട് എന്നീ റോഡുകളാണ് പഞ്ചായത്തിലെ ഗതാഗത രംഗത്ത് മുൻപന്തിയിൽ നിൽക്കുന്നവ.

1963 ൽ ചീക്കോട് പഞ്ചായത്ത് ബോർഡ് നിലവിൽ വന്ന കാലത്ത് കേവലം നടപ്പാതകൾ എന്നതിലുപരി ഗതാഗത യോഗ്യമായ ഒരു റോഡും ഉണ്ടായിരുന്നില്ല. നെല്ലാർ, വാവൂർ, കുനിത്തലകടവ്, പറപ്പൂർ. വിളയിൽ ഭാഗങ്ങളിൽ സാധനങ്ങൾ എത്തിച്ചിരുന്നത് തൊട്ടടുത്ത ചാലിയാർ പുഴ വഴി തോണികളിലായിരുന്നു. ഇരുപത്തിയഞ്ചു വർഷം മുമ്പുവരെ ബോട്ട്, തോണി മുതലായവ ജലഗതാഗത ഉപാധികളായിരുന്നു. എന്നാൽ ഇന്ന് ഗതാഗതത്തിനുള്ള ഏക ആശ്രയം റോഡുകളാണ്. ഇവിടുത്തെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ നിലവിലുള്ള റോഡുകൾ വളരെ അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ ഗ്രാമസഭകളിൽ ഗതാഗതം വളരെ സജീവമായി ചർച്ച ചെയ്ത് പ്രശ്നത്തെ കുറിച്ചും പരിഹാരങ്ങളെകുറിച്ചും നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇവ ഒറ്റ നോട്ടത്തിൽ ഗ്രഹിക്കുന്നതിനുവേണ്ടിയും നിലവിലുള്ള റോഡുകളുടെ അവസ്ഥ മനസ്സിലാക്കുന്നതിനും ഉതകുന്ന പട്ടികകൾ ചുവടെ ചേർക്കുന്നു.

**പട്ടിക 1**

**കൂടുതൽ ഗതാഗതമുള്ള റോഡുകൾ**

| നമ്പർ | റോഡ് | ദൂരം |
|---|---|---|
| 1 | കൊണ്ടോട്ടി –എടവണ്ണപ്പാറ റോഡ് | 9Km |
| 2 | എടവണ്ണപ്പാറ–അരീക്കോട് റോഡ് | 6Km |

ടാർ റോഡുകളുടെ പ്രശ്നങ്ങൾ

1. മുഖ്യ റോഡുകളായ കൊണ്ടോട്ടി–എടവണ്ണപ്പാറ എടവണ്ണപ്പാറ– അരീക്കോട് എന്നിവയുടെ നിലവാരം മോശമാണ്. വാഹനങ്ങളുടെ എണ്ണം കൂടിവരുന്നതിനനുസരിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിന് വളവുകൾ വീതികൂട്ടുകയും പാലങ്ങൾ കേടുപാടുകൾ തീർക്കുയും വേണം.

2. ആവശ്യമായ ഓടകൾ ഇല്ല, ഓവുചാലുകൾ വേണ്ടരീതിയിൽ വൃത്തിയാക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നില്ല.

3. ആവശ്യമായ ബസ്സ്റ്റോപ്പുകളില്ല

4. റോഡുകൾ സമയത്ത് അറ്റകുറ്റപ്പണി നടത്താറില്ല.

പട്ടിക ‘

പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ | വീതി കി.മീ. | ബസ്/മററു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | കൊണ്ടോട്ടി–എടവണ്ണപ്പാറ | PWD | 9 | 8 | ഉണ്ട് |
| 2. | എടവണ്ണപ്പാറ–അരീക്കോട് | ” | 6 | 8 | ഉണ്ട് |
| 3. | ഓമാനൂർ–മുണ്ടക്കൽ–കിഴിശ്ശേരി | ” | 8 | 8 | ഉണ്ട് |
| 4. | ഓമാനൂർ–പോത്തിട്ടപ്പാറ | പഞ്ചായത്ത് | 4 | 8 | ഇല്ല |
| 5. | മുണ്ടകുളം–പോതുവെട്ടിപ്പാറ–കിഴിശ്ശേരി | PWD | 6 | 8 | ഇല്ല |
| 6. | വെട്ടുപാറ–കരിങ്കൽക്വാറി | ” | 0.600 | 8 | ഇല്ല |
| 7. | പൊന്നാട്–വാഴക്കാട് | പഞ്ചായത്ത് | 1 | 8 | ഇല്ല |
| 8. | ഇരുപ്ൻ തൊഴി–അടൂർ പറമ്പ് | ” | 0.800 | 4 | ഇല്ല |

പട്ടിക 3

ടാർചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ | വീതി കി.മീ. | ബസ്/മററു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1. | ചാലിയാപ്പുറം – കടുങ്ങല്ലൂർ | PWD | 8 | 8 | ഇല്ല |
| 2. | പള്ളിപുറായ – പുതിയേടത്ത് പറമ്പ | PWD | 2.5 | 8 | ഇല്ല |
| 3. | വെട്ടുകാട് – പുളിക്കൽ | PWD | 0.8 | 8 | ഇല്ല |

പട്ടിക 4

മെറ്റൽ ചെയ്ത് ടാറിടേണ്ട ചെമ്മൺ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ | വീതി കി.മീ. | ബസ്/മററു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1. | വാവൂർ – മുണ്ടക്കൽ | PWD | 4 | 8 | ഇല്ല |
| 2. | ചുള്ളിക്കോട് – വിളയിൽ | ” | 3.5 | 8 | ഇല്ല |
| 3. | മുതുവല്ലൂർ – ടീച്ചർപടി | ” | 3.5 | 8 | ഇല്ല |
| 4. | മൂച്ചിക്കൽ – വലിയ പറമ്പ് | ” | 2 | 8 | ഇല്ല |
| 5. | നീറാട് – ആലിൻ ചോട് | പഞ്ചായത്ത് | 1.5 | 8 | ഇല്ല |
| 6. | ആപാറക്കൽ – മുതുപറമ്പ് | ” | 2.3 | 6 | ഇല്ല |
| 7. | മുണ്ടുക്കുളം – ഹരിജൻ ശ്മശാനം വെട്ടുകാട് | ” | 2 | 6 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 8. | കൈപണ്ട ചാലി – ഒടഞ്ഞിലിൽ | ” | 0.5 | 4 | ഇല്ല |
| 9. | വെട്ടുകാട്ട് – പറമ്പാട്ട്പറമ്പ | ” | 1.2 | 6 | ഇല്ല |
| 10. | കൊല്ലച്ചോല – ബങ്കളം പരതക്കാട് | ” | 1.6 | 4 | ഇല്ല |
| 11. | മുതുപറമ്പ്–മലയിൽ മുക്ക് ഓമാനൂർ | ” | 3 | 4 | ഇല്ല |
| 12. | പാതിരിക്കൽ – കൊടക്കാട് മൂല | ” | 2 | 4 | ഇല്ല |
| 13. | നെരടുചാലി–പാലങ്ങാട്ടുപള്ളിയാളി | ” | 1 | 5 | ഇല്ല |
| 14. | പാറപ്പള്ളിയാളി – യതീംഖാന | ” | 2 | 4 | ഇല്ല |
| 15. | പൊന്നാട് – തീണ്ടാപാറ | ” | 1.5 | 5 | ഇല്ല |
| 16. | പറമ്പാട്ട് പറമ്പ് – PHC | ” | 1 | 4 | ഇല്ല |
| 17. | ഇരുപ്പൻതൊടി – ചീക്കോട് | ” | 2 | 4 | ഇല്ല |
| 18. | ഇരുപ്പൻ തൊടി – തടപ്പറമ്പ് | ” | 1 | 4 | ഇല്ല |
| 19. | വട്ടഞ്ചീരിചാൽ – ചീക്കോട് | ” | 1.5 | 4 | ഇല്ല |
| 20. | വെട്ടുപാറ – കാവുങ്ങൽ | ” | 1.5 | 6 | ഇല്ല |
| 21. | കാവുങ്ങൽ – പടിയഞ്ചാലി | ” | 1.5 | 4 | ഇല്ല |
| 22. | ഇരുപ്പൻതൊടി – പോത്തുകുണ്ട് | ” | 3 | 5 | ഇല്ല |
| 23. | വാവൂർ – മാങ്കടവ് | ” | 2.5 | 4 | ഇല്ല |
| 24. | ആലിൻ ചുവട് – ഇക്കല്ലൂർ പുറായ | ” | 2 | 6 | ഇല്ല |
| 25. | മുണ്ടക്കൽ – മേച്ചിരി പറമ്പ പറപ്പൂർ | ” | 1.5 | 6 | ഇല്ല |
| 26. | പഞ്ചായത്ത് ഓഫീസ്–പുളിക്കൽപീടിക–പോത്തട്ടിപ്പാറ | ” | 2 | 4 | ഇല്ല |
| 27. | തിരുവാചോലകോളനി–വിളയിൽ | ” | 0.5 | 4 | ഇല്ല |
| 28. | കക്കോട് – കുളത്തിൽ പോയിൽ | ” | 2 | 4 | ഇല്ല |
| 29. | നീരുട്ടിക്കൽ – ഒന്നാംമൈൽ | ” | 0.5 | 4 | ഇല്ല |
| 30. | തനിയാപ്പുറം – കുഴിഞ്ഞൊളം | ” | 1 | 6 | ഇല്ല |
| 31. | തനിയാപ്പുറം – അക്കരകുന്നത്ത് കോളനി | ” | 1.5 | 4 | ഇല്ല |
| 32. | മേത്തലയിൽ കോളനി – മുതപറമ്പ് | ” | 2 | 4 | ഇല്ല |
| 33. | വടക്കെപറമ്പ് – മുണ്ടംപറമ്പ് | ” | 2 | 4 | ഇല്ല |
| 34. | വെളുത്തൽ പുറായ –അത്യൻചോല മുതുപറമ്പ് | ” | 2 | 4 | ഇല്ല |
| 35. | മുതവല്ലൂർ സ്കൂൾ – കോട്ടപറമ്പ് HC | ” | 0.6 | 4 | ഇല്ല |
| 36. | ബങ്കള – കൊളങ്കണ്ടി | ” | 0.8 | 4 | ഇല്ല |
| 37. | മുണ്ടക്കളം – മുണ്ടക്കളച്ചോല | ” | 0.8 | 4 | ഇല്ല |
| 38. | പീടികക്കണ്ടി – കുറുക്കംകുന്ന് | ” | 0.9 | 4 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 39. | മുതുപറമ്പ് - വള്ളിക്കാട് കുണ്ട് | ” | 1 | 4 | ഇല്ല |
| 40. | ചെറുകുണ്ട്-ചെമ്പകുത്ത്-കാവുങ്ങൽ | ” | 2 | 4 | ഇല്ല |
| 41. | മുണ്ടം തടം - വള്ളിക്കണ്ടം | ” | 5 | 4 | ഇല്ല |
| 42. | അക്കരപറമ്പ് - കാഞ്ഞരക്കോട്ട | ” | 0.5 | 4 | ഇല്ല |
| 43. | കൊന്നേങ്ങൽ - കിളിയേങ്ങൽ | ” | 1 | 4 | ഇല്ല |
| 44. | ആലുങ്ങൽപ്പുറായ - കൊളതിൽപോയാൽ | ” | 1.5 | 5 | ഇല്ല |
| 45. | ഇല്ലത്തൊടി - എടശ്ശേരികടവ് | ” | 0.2 | 4 | ഇല്ല |
| 46. | കുന്നമുക്ക് - മാനീരി | ” | 2 | 4 | ഇല്ല |
| 47. | പാമ്പോട്ട്പാറ - മുത്തംചോല | ” | 1 | 4 | ഇല്ല |
| 48. | പാലക്കോട് - ചൂരപ്പട്ടി | ” | 1 | 4 | ഇല്ല |
| 49. | പള്ളിപ്പടി - പുത്തൂർ | ” | 1 | 4 | ഇല്ല |
| 50. | പള്ളിമുക്ക് - മുണ്ടം തടം | ” | 1 | 4 | ഇല്ല |
| 51. | പാണാട്ടാൽ - നെല്ലിക്കാട് | ” | 0.6 | 6 | ഇല്ല |
| 52. | പാണാട്ടാൽ - നെല്ലിക്കുന്ന് | ” | 0.5 | 4 | ഇല്ല |
| 53. | അനീക്കോട് - വള്ളിപ്പാലം | ” | 0.5 | 5 | ഇല്ല |
| 54. | ഉൾപ്പാറ - പൊറ്റമ്മൽ | ” | 0.2 | 4 | ഇല്ല |
| 55. | മേത്തലയിൽ കോളനി-താഴെമണ്ണാറക്കൽ | ” | 1 | 4 | ഇല്ല |
| 56. | കുണ്ടുമണ്ണിൽ - ഹരിജൻ കോളനി | ” | 0.6 | 4 | ഇല്ല |
| 57. | പയ്യാനകുത്ത് - രായിൻകോട് | ” | 1 | 4 | ഇല്ല |
| 58. | ചെറുവാമ്പറ്റ - ചെറുകുണ്ട് | ” | 1 | 4 | ഇല്ല |
| 59. | പള്ളിപ്പടി - ഞാറ്റുവെട്ടിയിൽ | ” | 1.2 | 4 | ഇല്ല |
| 60. | പൂങ്കുടി-മാങ്കടവ്-കോട്ടമ്മൽ | ബ്ളോക്ക് | 3 | 8 | ഇല്ല |
| 61. | മുതുപറമ്പ - കുഴിഞ്ഞൊളം | ” | 2 | 8 | ഇല്ല |
| 62. | മുണ്ടക്കളം - വള്ളിക്കാട്ട് കുണ്ട് | ” | 1 | 8 | ഇല്ല |
| 63. | ഓമാനൂർ - തീണ്ടാപാറ ഹരിജൻ കോളനി | ” | 2.5 | 8 | ഇല്ല |
| 64. | ചാലിൽ - കുനിത്തലകടവ് | ” | 3 | 8 | ഇല്ല |
| 65. | കിഴിശ്ശേരി-തനിയാമ്പുറം മേത്തൽ കോളനി | ” | 6 | 8 | ഇല്ല. |
| 66. | വിളയിൽ യതീംഖാന | ബ്ലോക്ക് | 1 | 8 | ഇല്ല |
| 67. | ചെറിയതടപ്പറമ്പ്-മുതുവല്ലൂർ | IHDP | 1 | 6 | ഇല്ല. |
| 68. | പടിയഞ്ചാലി-മാങ്കടവ് | പഞ്ചായത്ത് | 1.5 | 6 | ഇല്ല. |
| 69. | എളയങ്കാവ്-കുന്നുകടവ് | ” | 0.7 | 6 | ഇല്ല. |
| 70. | വിളയിൽ-കടുങ്ങല്ലൂർ അങ്ങാടി | ” | 0.5 | 8 | ഇല്ല. |
| 71. | പാണ്ടാട്ടാൻ-നെല്ലിക്കാട് | ” | 0.5 | 6 | ഇല്ല. |

പട്ടിക 5

പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

| No | നിർദ്ദേശിക്കുന്ന പേര് | ദൂരം കി.മീ | വീതി കി.മീ. |
|---|---|---|---|
| 1. | മലയിൽമുക്ക്-ഓമാന്നൂർ | 1 | 4 |
| 2. | ചെത്തുപാലം-അരിമ്പ്രതൊടിപുറായ | 0.75 | 4 |
| 3. | വെള്ളാമക്കൽ-തടപറമ്പ് | 1 | 4 |
| 4. | വാലഞ്ചേരി-തടത്തിൽപറമ്പ | 1.5 | 4 |
| 5. | വിളയിൽ-വാരിയംകോട് | 1 | 4 |
| 7. | ചുണ്ടത്തിചോല-പൂക്കോട്ടുപുറായ | 1 | 4 |
| 8. | പാലാപറമ്പ്-യതീംഖാന | 0.400 | 5 |
| 9. | നെരട്ടിച്ചാലിൽ-വള്ളിക്കണ്ടം | 0.500 | 4 |
| 10 | ചെത്തു വഴി പാലം-ഹരിജൻ കോളനി-കരിമ്പിൽ | 1.5 | 4 |
| 11. | വിളയിൽ-മുണ്ടംതടം | 0.500 | 4 |
| 12 | ഹാജിയാർപടി കോളനി-പാണാട്ടാൽ | 1.5 | 6 |
| 13 | തനിയംപറമ്പ്-അക്കരകുന്നത്ത് കോളനി | 1 | 5 |
| 14. | ചുള്ളിക്കോട് ലക്ഷം വീട്-പോത്തടിപാറ | 1 | 5 |
| 15. | തവന്നൂർ-ചുള്ളിക്കോട്-AEC | 0.500 | 4 |
| 16. | തിരുവാചോല-ചുള്ളിക്കോട്-മുണ്ട്ലാക്കൽ | | |
| 17. | പുളിക്കൽ പീടിക-തലോളിൽ കോളനി-പോത്തടിപാറ | | |
| 18. | തലോളിൽ കോളനി-കോർലോട്ട് മൂല | | |
| 19. | മുതുവല്ലൂർ ഈസ്റ്റ്-കാളക്കണ്ടി കോളനി. | | |
| 20. | പൂക്കാട്ടിരി-ചെറിയാപറമ്പ് | | |
| 21. | മൈലാം പാറ കോളനി-[illegible] | | |
| 22. | പാറക്കുളം-പാറക്കാട്ട്. | | |
| 23. | നെല്ലിക്കാത്തൊടി-മൂത്തേ[illegible] പറമ്പ് | | |
| 24. | പാപ്പത്ത്-ചോലയിൽ പുറാ[illegible] | | |
| 25. | വിളക്കത്തിൽ-നെല്ലിക്കുന്ന്. | | |
| 26. | പാറക്കുളം-പൊറ്റമ്മൽ-അമ്പലമുറി | | |
| 27. | കുറ്റിപ്പൂളിൽ-തേനാപ്പ് ഹരിജൻ കോളനി | | |
| 28. | വള്ളിക്കാട്ട്-ആപ്പാറക്കൽ | | |

29. മുണ്ടക്കുളം-കൊല്ലച്ചോല.

30. മൂചിക്കൽ-മാനിരികോളനി

31. മോയൻങ്ങാട് പറമ്പ്-ആനമങ്ങതടം

32. മുതുവല്ലൂർ പോസ്റ്റാഫീസ്-GUPS നീരാട്

33. മഞ്ഞിനിക്കാട്-കൊല്ലംചോല.

34. വെട്ടത്ത്-വാളശ്ശേരി

35. എടമ്പാട്-തേനാപ്പ് ഹരിജൻ ശ്മശാനം

38. കോഴിക്കോടൻ മൂചിതടം-പേരൂട്ടിപാറ

39. പാമ്പോട്ട്പാറ-മുത്തം ചോല

40. കിഴക്കെ കൊളമ്പലം-ഏരാമ്പലം

41. എടശ്ശേരി-മാട്ടുമ്മൽ

42. കാനക്കോട്മഠം-അരീക്കര

43. ഇട്ടശ്ശേരി-വളപ്പിൽ

44. ഒ: ങ്ങൾ-പടിയഞ്ചാലിൽ

45. കാവുങ്ങൽ-കൂനേങ്ങൽ

46. കണ്ണംതൊടി-അചോളങ്ങര

47. കൊന്നേങ്ങൽ-പാറക്കൽ

48. പയ്യാനംകുത്ത്-രായിൽകോട്

49. ചെറ്റാമ്പറ്റ-ചെറുകുണ്ട്.

50. ക്വാറി-വലിയമല

51. തെയ്യുള്ളവരമ്പ്-പനന്തോട്ടത്തിൽ

52. അടമുഖം-ചാലിൽ

53. കുറ്റിക്കടവ്-കുന്നമുക്ക്

54. തവളക്കുഴി-കോൽപറമ്പ്-പള്ളിക്കുന്ന്.

55. മുതുപറമ്പ്-പാലക്കോട്-പരതക്കാട് പള്ളി

56. ചാലിൽ-വാവൂർ ജുമാമസ്ജിദ്

57. കുറ്റിക്കാട്-ഭ്രാന്തൻകാവ്

58. ഭ്രാന്തൻകാവ്-കുന്നൻമുക്ക്.

59. ചോയക്കായ്-വീട്ടിച്ചൽ

60. ഏരുമതടം-വള്ളിക്കാട്ട് കുണ്ട്.

61. പാറപ്പുറത്ത് പറമ്പ സ്കൂൾ-താടായ തവളക്കുഴി

62. മലയിൽ മുക്ക്-പാലാട്ടിരി.

63. മാണിപ്പറമ്പ്-പാറപ്പള്ളിയാളി

64. കൊടക്കാട്ട് തടം- പരതക്കാട്.

65. തടപ്പറമ്പ്-കീഴ്മുറി.

66. പറമ്പാട്ട് പറമ്പ-എളക്കയിൽ

67. കോറലോട്ട്-ചൂരപ്പറമ്പ്

68. കോറലോട്ട്-മുണ്ടക്കൽ

69. ഓമാനൂർ യു.പി. സ്കൂൾ-തീണ്ടാപാറ

70. എളയടത്ത്-മൃഗാശുപത്രി.

71. പൊന്നാട്ട് ആശുപത്രിപ്പടി-ചെറുവായൂർ

72. മാങ്കുളം-തടപ്പറമ്പ്.

73. നാരാക്കോട്-കൊളമ്പലം.

74. വട്ടഞ്ചീരിചാൽ-മത്തിൽ.

75. വട്ടപ്പോയിൽ -കോളനി.

76. കൂട്ടശ്ശേരി-തലക്കോട്ടിൽ

77. നീരിട്ടിച്ചാൽ-ചാലങ്ങോട്ട്-പള്ളിയാളി.

78. പൂളക്കതടം-വടക്കെയിൽ

79. മാലാപറമ്പ്-ഒടിഞ്ഞിലിൽ

80. മാലാപറമ്പ്-മുറിഞ്ഞൊലിൽ

81. കകൂസാലിൽ-കുണ്ടുമണ്ണിൽ.

82. അണ്ണടമ്പിൽ-മാതംകുന്ന്

83. അക്കരപറമ്പ്-മുണ്ടംപറ

84. കൈപണ്ടച്ചാലിൽ-മേലെപണിച്ചാലിൽ

85. ചാളക്കതൊടി-വള്ളറപ്പംചാലിൽ.

86. കോട്ടന്മൽ-അണ്ണടമ്പ്

87. പാലാപറമ്പ്-ഹരിജൻ കോളനി.

88. ചാലിൽ-തിരുവാ ചോല.

89. അച്ചം കാലുങ്ങൽ-പള്ളിയാളിമുക്ക്.

90. പറശ്ശീരി പറമ്പ്-പാണാട്ടാൽ.

91. മണ്ണാറക്കണ്ടി-വാചാക്കൽ

92. ഉൽപാറ-തച്ചോട്ട്.

93. മാമ്പറ-പനച്ചികതടി.

94. മാറക്കാടം കുന്ന്-ചുള്ളിക്കോട്.

95. മുക്കണ്ണം ചോല-ചുള്ളിക്കോട്.

96. സ്റ്റേഡിയം-ഒന്നാം മയിൽ.

97. മുക്കണ്ണം ചോല-കോളനി.

98. തനിയാമ്പുറം-തുള്ളിശ്ശേരി.

99. മുണ്ട്ലാക്കൽ കോളനി-മുതുപറമ്പ്.

100. പള്ളിമുക്ക്-വെളുത്താൽപ്പുറായ.

101. വെളത്താൻ-പോത്തടിപ്പാറ.

102. കാവുങ്ങൽ-ഇരുപ്പിൽ-മാടശ്ശേരികോളനി.

103. പാറപ്പുറത്ത് പറമ്പ് സ്കൂൾ -കടവ്.

104. പരതക്കാട് കോളനി-മുതുപറമ്പ്

105. കോഴിക്കാടൻ മൂച്ചിതടം കോളനി-മുതുപറമ്പ്

106. വിളയിൽ ചോലകുന്ന്

107. ലാങ്ങോട്ട്മുക്ക്-പോത്തട്ടിപ്പാറ

പട്ടിക 6

പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

| No | പേര്/സ്ഥലം |
|---|---|
| 1. | കൂളിയോട് ചോല-പൂങ്കുടി തോടിന്ന് മാങ്കടവ് |
| 2. | പുളിശ്ശേരി ഇടവഴി. കുന്നത്തല മണ്ണ്. |
| 3. | അമ്പല മുറി കുന്നുകടവ്. |
| 4. | വാലഞ്ചേരിതോട് കടുകുറ്റി |
| 5. | പാറപ്പള്ളിയാളി തോട് |
| 6. | ഇരുപ്പൻ ചാൽ പാടത്ത് പള്ളിക്ക് സമീപം |
| 7. | കാവുങ്ങക്കണ്ടി. |
| 8. | കൊല്ലംങ്ങോറ. |
| 9. | ചോലാട്ടുമ്മൽ |
| 10. | കുണ്ടുങ്ങത്തോട്. |
| 11. | ചുണ്ടലിങ്ങൽതോട്. |
| 12. | അമ്പലക്കണ്ടി. |
| 13. | പൂവത്തിക്കണ്ടി. |
| 14. | കൂട്ടശ്ശേരിയിൽ വലിയ തോട്. |
| 15. | കൊളക്കാട്ടിൽ |
| 16. | കൊലോത്തും കടവ്. |
| 17. | പാറക്കൽ |
| 18. | നൂറേങ്ങൽ തോട്. |
| 19. | കുന്നത്ത് അരുതോട്. |
| 20. | ആടമുഖം തോട്-പുതിയേടത്ത് പറമ്പ്. |
| 21. | കൊല്ലം ചിറയിൽ കക്കുണ്ട് ചിറ. |
| 22. | വള്ളിപ്പാലം. |
| 23. | തനിയാംപ്പുറം തോടിന് പാലം. |
| 24. | കുന്നത്ത്,മണ്ണാറക്കൽതോട് |
| 25. | ലാങ്ങോട്ട് മുക്ക്. |
| 26. | പുളിയത്തിങ്ങൽ തോട്. |
| 27. | കിഴക്കേചോല. |
| 28. | കുറുവാമ്പ്ര |
| 29. | അയ്യുങ്ങൽ മുക്ക്. |

30. പുളിയാറ അരു
31. ഏച്ചിക്കാട്ടിൽ അരു
32. മുന്നൂടിത്തോട്.
33. പുളിക്കൽ പീടിക.
34. അറഞ്ഞിക്കുണ്ട്.

പട്ടിക 7.

പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ

| No | സ്ഥലം/പേര്. |
|---|---|
| 1. | കൊളത്തിലാപൊയിൽ-മാങ്കടവ്. |
| 2. | അടമുഖം-കരിമ്പ്-കൊളത്തിൽപൊയിൽ |
| 3. | കരിമ്പിൽബസാർ-ഹരിജൻകോളനി-വവൂർഅങ്ങാടി. |
| 4. | പട്ടാക്കൽ-പരതപ്പറമ്പിൽ ഇടവഴി-തടായി. |
| 5. | വെട്ടത്ത്-വളശ്ശേരി റോഡ് വരെ |
| 6. | അംഗൻവാടി-ആശാരിമുക്ക്. |
| 7. | കൊരങ്ങം ചോല- ആശാരികുന്ന്. |
| 8. | കാറ്റീരികുന്ന് കിഴക്കെപടി എറാമ്പ്രക്ഷേത്രം. |
| 9. | കൊളക്കാട്ടിൽ |
| 10. | ആലുങ്ങൽപ്പുറായ. |
| 11. | ചോലക്കൽ ഇടവഴിവാവൂർ-മാങ്കടവ്. |
| 12. | തച്ചുറക്കാവിൽ-കരിമ്പ്. |
| 13. | ഇല്ലത്തൊടി-വള്ളിപ്പാലം. |
| 14. | ചുള്ളിക്കോട്-മൂന്നടിത്തോട്. |
| 15. | പെരുമ്പിലാക്കൽ-ഉൾപാറ. |
| 17. | കളത്തിൽ പടി-പോസ്റ്റ് ഓഫീസ് ഇടവഴി |
| 18. | കാളക്കുണ്ട് ഇടവഴി. |
| 19. | കാവുങ്ങത്തൊടി-കൂടച്ചിലാക്കൽ |

# ഊർജ്ജം

**1975** ൽ ചീക്കോട് പഞ്ചായത്തിലെ വെട്ടു പാറ വാവൂർ പ്രദേശങ്ങളിലാണ് ആധുനിക ജീവിതത്തിന്റെ അടിത്തറയായ വൈദ്യുതി എത്തിയത്. 21 വർഷം പിന്നിട്ടപ്പോൾ വൈദ്യുതി രംഗത്ത് പഞ്ചായത്ത് കാര്യമായ പുരോഗതി പ്രാപിക്കാതെ നിൽക്കുകയാണ്. ഈയടുത്ത കാലത്ത് മാത്രമാണ് ഭൂരിഭാഗം പ്രദേശങ്ങളും വൈദ്യുതീകരിച്ചത്. വൈദ്യുതി രംഗത്ത് പൂർണ്ണ ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി ഒരു പാട് കാതം ഈ പഞ്ചായത്ത് ഇനിയും സഞ്ചരിക്കാനുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വൈദ്യുത സംബന്ധമായ ഒരു ഓഫീസും പഞ്ചായത്തിലില്ല. മലപ്പുറം ജില്ലയിലെ കിഴിശ്ശേരി 110Kv സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. അരീക്കോട്, കൊണ്ടോട്ടി സെക്ഷൻ ഓഫീസുകളിൽ നിന്നാണ് വൈദ്യുതി വിതരണം ചെയ്യുന്നത്.

90 ശതമാനം ഗാർഹിക ഉപഭോക്താക്കളുള്ള ഈ പഞ്ചായത്തിൽ കാർഷിക മേഖലയിൽ വളരെ കുറച്ചുകണക്ഷനെയുള്ളൂ. വ്യാവസായിക, വ്യാപാര രംഗത്ത് ഉപഭോഗം താരതമ്യേന കുറവാണ്. വൈദ്യുതി ചാർജ് അടക്കാനുള്ള സൗകര്യം ഈ പഞ്ചായത്തിലില്ലാത്തതിനാൽ 95 ശതമാനം പേരും 15 കിലോമീററർ ദൂരം യാത്ര ചെയ്താണ് ചാർജ് അടക്കുന്നത്.

മൊത്തം 19 ട്രാൻസ്ഫോർമറുകൾ ഉള്ള പഞ്ചായത്തിൽ ഭൂരിഭാഗം ട്രാൻസർഫർമറുകളും അമിതഭാരം ചുമക്കുകയാണ്. അതുകൊണ്ട് പുതിയതും ശക്തിയ കൂടിയതുമായ ട്രാൻസ്ഫർമറുകൾ പലസ്ഥലങ്ങളിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. പുതിയ ട്രാൻസർഫർമറുകൾ സ്ഥാപിച്ച് നിലവിലുള്ള വോൾട്ടേജ് കമ്മിക്ക് പരിഹാരം കാണണമെന്നും ഹരിജനങ്ങൾക്കും വികലാംഗർക്കും വൈദ്യുതി കണക്ഷ:ൻ അപേക്ഷ നൽകി മാസങ്ങളോളം കാത്തു നിൽക്കേണ്ട ദുരവസ്ഥക്ക് മാറ്റം വരണമെന്നൊക്കെ ഗ്രാമസഭകളിൽ സജീവമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ വൈദ്യുതീകരണ പ്രക്രിയ ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്നത്കൊണ്ട്. എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്നും അത് എവിടെയെല്ലാം വേണമെന്നുള്ളതും വ്യക്തമായും രേഖപ്പെടുത്താൻ സ്വാഭാവികമായും പ്രയാസകരമാണ്. പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളും പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| No | പേര് |
|---|---|
| 1 | പൂങ്കുടി |
| 2 | വാവൂർ |
| 3. | വെട്ടുപാറ |
| 4. | ചിക്കോട് |
| 5. | ഇരട്ടമുഴി I |
| 6. | ഇരട്ടമുഴി II |
| 7. | പൊന്നാട് |
| 8. | ഓമന്നൂർ I |
| 9. | ഓമന്നൂർ II |

10. പരതക്കാട്ട്.

11. മുണ്ടക്കുളം.

12. മുതുവല്ലൂര്

13. കൊരണ്ടോത്ത് മുക്ക്.

14. മുണ്ടക്കൽ.

15. പറപ്പൂർ

16. വാച്ചാക്കൽ

17. പാലാപറമ്പ്.

18. വിളയിൽ.

19. ചുള്ളിക്കോട്.

20. AEC I

21. ചുള്ളിക്കോട് II

22. മുക്കണ്ണം ചോല.

23. തവനൂർ

24. കുഴിഞ്ഞാളം

25. ഹാജിയാർ പടി.

26. പള്ളികുന്നത്ത്.

27. പാറമ്മൽ.

28. മുതുവലൂർ ഈസ്റ്റ് I

29. മുതുവല്ലൂർ II

30. വെട്ടുകാട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വാർഡിലും മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്തിൽ നിന്നും ശരാശരി 15 Km ദൂരെയാണ് ഇലക്ട്രിസിറ്റി ഓഫീസ് സ്ഥിതി ചെയ്യുന്നത്. ഇത് ഓഫീസുമായി ബന്ധപ്പെട്ട് അപ്പോഴപ്പോഴുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തടസ്സം സൃഷ്ടിക്കുന്നു.

3. പ്രേഷണ വിതരണ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനം ഈ ഓഫീസിൽ നിന്നും ഇല്ലാത്തത് ജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നു.

4. പഞ്ചായത്തിൽ ഹരിജനങ്ങൾക്കും വികലാംഗർക്കും വൈദ്യുതി കണക്ഷൻ OTP കാറ്റഗറിയിൽ കിട്ടാൻ വളരെയേറെ കാല താമസമുണ്ടാകുന്നു.

5. സ്ട്രീറ്റ് ലൈറ്റുകൾ മുമ്പെ നിലവിൽ വന്ന പല വാർഡുകളിലും ബൾബും, ഹോൾഡറുപോലുമില്ലാത്ത അവസ്ഥയിലാണ്.

6. സ്റ്റെപ്പ് അപ്പുകൾ ഉപയോഗിക്കുന്നത് മൂലം സാധാരണക്കാരൻ ബുദ്ധിമുട്ടനുഭവിക്കുന്നു.

7. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബോർഡ് ജീവനക്കാർ വിമുഖത കാണിക്കുന്നതായി ശക്തമായ പരാതിയുണ്ട്.

8. വോൾട്ടേജ് ക്ഷാമവും അപ്രഖ്യാപിതമായ പവർകട്ടും ഈ പഞ്ചായത്തിൽ താരതമ്യോ കൂടുതലാണ്.

## സാദ്ധ്യതകൾ

പഞ്ചായത്തിലെ മുഖ്യ പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ പതിനഞ്ച് കിലോറീറ്ററോളം ത്രീ ഫേസാക്കി മാറ്റേണ്ടതുണ്ട്. കിഴിശ്ശേരി 110Kv സബ് സ്റ്റേഷനിൽ നിന്ന് മുതുവല്ലൂർ മുതൽ പൊന്നാട് വരെയുള്ള ട്രാൻസ്ഫോർമറുകൾക്ക് ഒരു പുതിയ ഫീഡർ സ്ഥാപിച്ച് ലൈനുമായി ബന്ധിപ്പിക്കണം. സമയാസമയങ്ങളിൽ ലൈനുകളിലുണ്ടാകുന്ന തടസ്സങ്ങൾ (മരക്കമ്പുകളും മറ്റ് തടസ്സങ്ങളും) മാറ്റുവാൻ പ്രത്യേക സംവിധാനം സൃഷ്ടിക്കാൻ ജന പങ്കാളിത്തം ഉറപ്പ് വരുത്തണം.

കുന്നും മലയും നിറഞ്ഞു നിൽക്കുന്ന ഈ പ്രദേശത്തിന്റെ വൈദ്യുതീകരണം പ്രത്യേകം ശ്രദ്ധ വെച്ച് സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഇതിനാവശ്യമായ സംഘ ശക്തിയും മറ്റും നൽകുന്നതിന് ജനങ്ങൾ തയ്യാറാണെന്നും ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നുണ്ട്.

സ്ട്രീറ്റ് ലൈറ്റുകൾ കത്താത്തതും ബൾബും ഹോൾഡറുമില്ലാതെ നോക്കുകുത്തിയായി നിൽക്കുന്നതും മിക്ക ഗ്രാമസഭകളിലും പരാതിപ്പെട്ടതായി കാണുന്നു. ഇക്കാര്യത്തിൽ

പഞ്ചായത്ത് മാസം തോറും പണമടക്കാറുണ്ടെങ്കിലു ഇലക്ട്രിസിറ്റ് അധികൃതരുടെ അക്ഷന്തവ്യയമായ അനാസ്ഥ ഉണ്ടെന്നത് നിസ്തർക്കമാണ്. പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണമെന്നും നിലവിലുള്ളവയിൽ പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ഫണ്ടിന്റെ അപര്യാപ്തത ഇവിടെ സ്മരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടക്കാൻ പഞ്ചായത്ത് ഓഫീസിൽ സൗകര്യപ്പെടുത്തിയാൽ അത് ഗുണപ്രദമാണ്. അതിന് അധികൃതരുടെ ഭാഗത്തു നിന്ന് നീക്കം നടത്തേണ്ടതാണ്.

പഞ്ചായത്തിൽ മൊത്തം 5526 ഉപഭോക്താക്കളുണ്ട്. ഇവർക്ക് സൗകര്യ പ്രദമായ രീതിയിൽ ഒരു ഇലക്ട്രിസിറ്റി ഓഫീസ് എല്ലാവർക്കും സൗകര്യ പ്രദമായ സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2150 വീടുകൾ ഇനിയും വൈദ്യുതീകരിക്കേണ്ടതായുണ്ടെന്നാണ് ഗ്രാമസഭകളിൽ കാണുന്നത്. ഇതിൽ എട്ട് ഹരിജൻ കോളനികൾ പെടുന്നു. ഇതിന് പൊതുജന പങ്കാളിത്തത്തോടെ സമയബന്ധിതമായ നടപടി കൈക്കൊള്ളണം.

പഞ്ചായത്തിൽ വൈദ്യുതീകരിച്ച ഹരിജൻ കോളനികളുടെ പട്ടിക താഴെ ചേർക്കുന്നു.

| No | കോളനി |
|---|---|
| 1 | മുക്കണ്ണൻ ചോല |
| 2. | പള്ളികുന്നത്ത്. |
| 3. | പാലാപറമ്പ്. |
| 4. | മേത്തലയിൽ |
| 5. | തുളിശ്ശീരി |
| 6. | മാനീരി |
| 7. | വാവൂർ ഏലാതൊടി. |
| 8. | പള്ളിപ്പുറായ്. |
| 9. | പരതക്കാട്. |
| 10. | ചിക്കോട് |
| 11. | മുതുവല്ലൂർ കോട്ടാപറമ്പ്. |

ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമെന്ന നിലക്ക് പതിനൊന്നാം വാർഡിലെ ചുണ്ടത്തിച്ചോലയിലുള്ള വെള്ളച്ചാട്ടത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. ഇതുപോലെ തന്നെ 15 ാം വാർഡിലെ മേപ്പൊറ്റ മലയിൽ കാറ്റ് കൊണ്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ പറ്റും. ഇതിനായുള്ള മനുഷ്യ വിഭവം ധാരാലം ലഭ്യമാണെന്ന് ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നു.

പഞ്ചായത്തിലെ കുറഞ്ഞ വീടുകളിൽ മാത്രമെ ഇപ്പോൾ പുകയില്ലാത്തെ അടുപ്പുകൾ നിലവിലുള്ളൂ. ഭൂരിഭാഗം പേരും വിറകാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. ഇന്ധന ക്ഷാമം അനുഭവപ്പെടുന്ന ഇന്നത്തെയവസ്ഥയിൽ പുകയില്ലാത്ത അടുപ്പുകൾ കൂടുതലായും സ്ഥാപിക്കേണ്ടതാണ്.

മുതുവല്ലൂർ വില്ലേജുകാർക്ക് മാത്രമെ ഇപ്പോൾ LPG ഗ്യാസ് കണക്ഷൻ ലഭ്മാകുന്നുള്ളൂ. ഇത് ചീക്കോട് വില്ലേജ് നിവാസികൾക്ക് കൂടി ലഭ്യമാക്കേണ്ടതാണ്.

IREP (അനർട്ട്) ഓഫീസ് ചീക്കോട് പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിച്ചാൽ അത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാവും.

## മാർക്കറ്റ്

അളവറ്റ കാർഷിക വിളകൾ ഉത്പാദിപ്പിക്കുന്ന പഞ്ചായത്താണ് ചീക്കോട്. ഭൂരിഭാഗവും കർഷകവൃത്തിയിലേർപ്പെട്ടിരിക്കുന്നു. ജനതയായതുകൊണ്ട് അവരുടെ ഉത്പന്നങ്ങൾക്കാവശ്യമായ വില ലഭ്യമാവേണ്ടതും ആവശ്യമാണ്. ഇപ്പോൾ പഞ്ചായത്തിലെ വട്ടഞ്ചേരിയിൽ (എടവണ്ണപ്പാറ) ഒരു ആഴ്ച ചന്ത പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് പുറം പ്രദേശങ്ങളിലെ ഉത്പന്ന്ങ്ങൾ വിറ്റഴിക്കുന്ന ഒരു വിപണന കേന്ദ്രം മാത്രമാണ്.

പഞ്ചായത്തിലെ ഗ്രാമീണ കർഷകരെയും ഉത്പാദകരെയും കൂടിയിണക്കി ഒരു വിപണന

കേന്ദ്രം പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിച്ചാൽ അത് സ്വാശ്രയമെന്ന നമ്മുടെ സ്വപ്ന സാക്ഷാത്ക്കാരത്തിനു മാറ്റു കൂട്ടും. അതിനായുള്ള അടങ്ങാത്ത അഭിലാഷങ്ങൾ ഗ്രാമസഭകളിൽ പ്രകടിതമായത് കാണാൻ കഴിയും.

നേന്ത്രവാഴ, കശുവണ്ടി, അടയ്ക്ക, നാളീകേരം, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയാണ് പ്രധാന കാർഷിക വിളകൾ. ഈ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു വിപണനകേന്ദ്രം സ്ഥാപിച്ചാൽ അത് നമ്മുടെ കർഷകരുടെ ജീവിതത്തിൽ വലിയ മാറ്റം ഉണ്ടാക്കും.

## വാർത്താവിനിമയം

മാറുന്ന ലോകത്ത് അനുസൂയം വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യ വാർത്താവിനിമയ രംഗത്ത് മാറ്റുകൂട്ടുമ്പോൾ നമ്മുടെ പഞ്ചായത്തും ഇന്ന് ഈ രംഗത്ത് പിറകിൽതന്നെയാണ്.

വാർത്താവിനിമയ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ടെലഫോൺ എത്തിയത് വിളയിൽ പോസ്റ്റ് ഓഫീസിലാണ്. തികച്ചും ഇരുപത്തിയഞ്ചുവർഷങ്ങൾക്ക് മുമ്പ് ഈ ' ജീവനുള്ള ശബ്ദം' നമ്മുടെ പഞ്ചായത്തിൽ എത്തിയപ്പോൾ അത് വിസ്മയകരം തന്നെ ആയിരുന്നു.

ഇന്ന് ചീക്കോട് പഞ്ചായത്ത് മൂന്ന് ടെലഫോൺ എക്സേഞ്ചുകളെയാണ് ആശ്രയിക്കുന്നത്. കൊണ്ടോട്ടി, എടവണ്ണപ്പാറ, അരീക്കോട്, എന്നിവയാണവ. ഇതിൽ കൊണ്ടോട്ടിയും അരീക്കോട് എക്സ്ചേഞ്ച് കൂടുതൽ കണക്ഷനുള്ള എക്സ്ചേഞ്ചായി മാറിയപ്പോൾ എടവണ്ണപ്പാറ ഇന്നും 400 ൽ താഴെ കണക്ഷൻ ഉള്ള എക്സചേഞ്ച് മാത്രമാണ്. ഇവിടെ കണക്ഷന് അപേക്ഷ നൽകാതിരിക്കുന്ന ആയിരത്തോളം അപേക്ഷയുണ്ട്. അതിൽ ഭൂരിപക്ഷവും ചീക്കോട് പഞ്ചായത്ത് നിവാസികളാണ്.

## നിർദ്ദേശങ്ങൾ

1. എടവണ്ണപ്പാറ എക്സ്ചേഞ്ചിന്റെ കാര്യശേഷി വർദ്ധിപ്പിച്ച് കൂടുതൽ കണക്ഷൻ നൽകുക.

2. കിഴിശ്ശേരി എക്സചേഞ്ച് പൂർത്തിയക്കി പഞ്ചായത്തിലെ തൊട്ടടുത്ത പ്രദേശങ്ങൾ അതിന് കീഴിൽ കൊണ്ടുവരിക.

3. ഓർഡിനറി, ഒ.വൈ.ടി കണക്ഷന് വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് സമയബന്ധിതമായി കണക്ഷൻ നൽകുക.

4. ടെലഫോൺ നിലച്ചുപോയാൽ അത് എത്രയും പെട്ടന്ന് ശരിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുക.

5. ടെലഫോൺ അദാലത്ത് ഉപഭോക്താക്കളെ പങ്കെടുപ്പിച്ച് മാസത്തിലൊരിക്കൽ നടത്തുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസ പരമായും സാമ്പത്തികമായും ഏറെ പിന്നിൽ നിൽക്കുന്ന് ചീക്കോട്, മുതുവല്ലൂർ വില്ലേജുകൾ ഉൾപ്പെട്ടതാണ് ചീക്കോട് പഞ്ചായത്ത്. വിസ്തീർണ്ണത്തിൽ കേരളത്തിലെ തന്നെ ഏറ്റവും വലിയ (ഒരു താലൂക്കിനോളം) ഈ പഞ്ചായത്തിലെ പ്രധാന വരുമാനമാർഗം കാർഷികോത്പാദനം മാത്രമാണ്. ഗൾഫ് പണം കാര്യമായ സ്വാധീനം ചെലുത്തിന്നില്ലെങ്കിലും ലഭ്യമായ വിഭവം ക്രിയാത്മകമായി നിക്ഷേപിക്കുന്നതിന് പകരം കേവലം കോൺക്രീററ് ഭവനങ്ങൾ കെട്ടിപ്പടുക്കുന്നതിലേക്ക് തിരിച്ചു വിടുകയാണ്.

മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി കോളനികളും, പിന്നോക്കക്കാരും അധിവസിക്കുന്ന ഈ പഞ്ചായത്തിൽ പാർപ്പിട പ്രശ്നം വളരെ രൂക്ഷമാണ്. ഭവന നിർമ്മാണ രംഗത്ത് ഈ ദുർബ്ബല വിഭാഗത്തെ സഹായിക്കുന്ന ഒരു ഏജൻസിയുടെ അഭാവം പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. മാത്രമല്ല കൂലി ച്ചെലവുകളുടെ ക്രമാതീതമായ വർദ്ധന, സാധനസാമഗ്രികളുടെ ദൗർലഭ്യം, വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം, എല്ലാ തലത്തിലുമുള്ള വിലക്കയറ്റം, വാസയോഗ്യമായ ഭൂമിയുടെ അഭാവം എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

ഈ പഞ്ചായത്തിൽ 15 വാർഡുകളിലായി ആകെ 8272 വീടുകളുണ്ട്. ഇതിൽ 6489 എണ്ണം ഓടിട്ടതും 420 എണ്ണം കോൺക്രീറ്റ് മേൽക്കൂരയുള്ളതും 366 എണ്ണം ഇരുനില വീടുകളും 1027 എണ്ണം കുടിലുകളുമാണ്. പുതുതായി വീടെടുക്കുന്നവർ കൂടുതൽ സാമ്പത്തിക ചിലവുള്ള വലിയ വീട് വെക്കാനാണ് താൽപര്യം. കോൺക്രീറ്റ് ഭവനങ്ങളോട് പ്രിയം ഏറിവരുന്നുണ്ട്. PWD റോഡ്, പഞ്ചായത്ത് റോഡ് എന്നിവയുടെ സമീപത്ത് വീട് നിർമ്മിക്കാനാണ് കൂടുതൽ പേർക്കും താൽപര്യം ഉള്ളത് അതുകൊണ്ട് റോഡിന് സമീപം ഉള്ള ഭൂമിക്ക് വില ക്രമാതീതമായി ഉയർന്ന് കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ നിലവിലുള്ള വീടുകളുടെ തരംതിരിച്ചുള്ള പട്ടിക 1 കാണുക.

നമ്മുടെ പഞ്ചായത്തിൽ RLEGP,NREP, IAY,MWS,JRY തുടങ്ങിയ വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം 101 വീടുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. 1699 അർഹരായ ഗുണ ഭോക്താക്കൾ ഉണ്ടായിരിക്കേയാണ് ഈ അവസ്ഥ എന്ന വസ്തുത. കണക്കിലെടുക്കുമ്പോൾ പ്രശ്നത്തിന്റെ രൂക്ഷത എളുപ്പത്തിൽ ബോധ്യമാകും.

IRDP സർവ്വേ പ്രകാരം അർഹമായ 1598 കുടുംബങ്ങൾക്ക് പാർപ്പിടം ലഭ്യമാക്കാൻ നിലവിലുള്ള പദ്ധതികളോ സ്കീമുകളോ പര്യാപ്തമല്ല. 1991-92 ൽ ഒരു ചാക്ക് സിമിന്റിന് 110 രൂപയായിരുന്നത് 1995-96 ൽ 185 രൂപയിലെത്തി നിൽക്കുന്നു. അതുപോലേ 91-92 ൽ 300 രൂപയായിരുന്നു ഒരു ലോഡ് കരിങ്കല്ലിനെങ്കിൽ 95-96 ൽ അത് 600 രൂപയായി ഉയർന്നിരിക്കുന്നു. ചെങ്കല്ലിന്റെ സ്ഥിതിയും മറിച്ചല്ല. എന്നാൽ ക്രിയാത്മകമായ വർദ്ധനവ് നേരിട്ടത് തൊഴിലാളികളുടെ കൂലി നിരക്കിലാണ്. 1991-92 ൽ വിദഗ്ദ തൊഴി

### പട്ടിക 1

### വീടുകളുടെ വിവരം.

| വാർഡ് | ഓട് | ടെറസ് | ടെറസ്/ഓട് | ഇരുനില | കുടിൽ/ഓല | ആകെ |
|---|---|---|---|---|---|---|
| 1 | 221 | 10 | – | 20 | 45 | 296 |
| ii | 272 | 27 | 3 | 20 | 103 | 425 |
| III | 574 | 30 | 5 | 30 | 35 | 674 |
| IV | 525 | 25 | 5 | 10 | 85 | 609 |
| V | 551 | 20 | 3 | 52 | 34 | 660 |
| VI | 593 | 15 | 2 | 25 | 35 | 670 |
| | 377 | 8 | 3 | 27 | 55 | 470 |
| VIII | 330 | 25 | 10 | 50 | 75 | 490 |
| IX | 565 | 45 | 5 | 10 | 75 | 700 |
| X | 481 | 25 | 20 | 30 | 90 | 646 |
| XI | 321 | 10 | 9 | 10 | 100 | 450 |
| XII | 546 | 32 | 5 | 22 | 45 | 650 |
| XIII | 373 | 10 | 5 | 5 | 95 | 488 |
| XIV | 337 | 30 | 8 | 45 | 55 | 475 |
| XV | 393 | 15 | 10 | 10 | 100 | 528 |
| ആകെ | 6459 | 327 | 93 | 366 | 1027 | 8272 |

ലാളിക്ക് 50 രൂപയും അവിദഗ്ദ തൊഴിലാളിക്ക് 35 രൂപയും ഉള്ള സ്ഥാനത്ത് 95–96ൽ ഇവ യഥാക്രമം 130 രൂപയും 90 രൂപയും ആയി വർദ്ധിച്ചിരിക്കുന്ന. പട്ടിക 2 കാണുക

കൂടാതെ വാസയോഗ്യമായ ഭൂമിയുടെ അപര്യാപ്തതയും വിലക്കയറ്റവും വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം, ചെലവുകുറഞ്ഞ വീടുകളെക്കുറിച്ചുള്ള ജനങ്ങളുടെ അജ്ഞത, ഭവന വായ്പകൾ ലഭ്യമാക്കുന്നതിലുള്ള സാങ്കേതിക തടസ്സങ്ങളും മറ്റു നൂലാമാലകളും, ഉയർന്ന പലിശനിരക്കും ഈടു വ്യവസ്ഥകളും തുടങ്ങി അനേകം പ്രശ്നങ്ങൾ ഈ രംഗം കൂടുതൽ സങ്കീർണ്ണമാക്കുന്നു.

## നിർദ്ദേശങ്ങൾ :–

ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിച്ച് നാമമാത്ര പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക. അതോടൊപ്പം വായ്പ ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും ലഘൂകരിക്കുക.

2. നിലവിലുള്ള JRY, IAY, MWS, NREP, RIEGP തുടങ്ങിയ ഭവന നിർമ്മാണ പദ്ധതിമുഖേനയുള്ള സാമ്പത്തിക സഹായം ഇരട്ടിയെങ്കിലുമാക്കുക.

3. നിലവിലുള്ള കുടിലുകൾ, സന്നദ്ധസംഘടനകൾ മറ്റു ഏജൻസികളുടേയും, സഹായത്തോടെ പുനർ നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ സ്ഥാപിക്കാവുന്ന സ്ഥലങ്ങളിൽ (ഉദാ: ആനമൈത്തടം, ചേരും കുഴി) അവ സ്ഥാപിക്കുക. ഇതിനായി പഞ്ചായത്തിലെ സാമ്പത്തിക ഏജൻസികളെ സഹകരിപ്പിക്കുക.

**പട്ടിക 2**

**(വാർഡ് പുനസംഘടനക്ക് മുമ്പ്)**

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം. | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനി പൂർത്തീകരിക്കാനുള്ളവ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| I | 169 | 5 | 5 | – | 164 |
| II | 147 | 27 | 26 | 1 | 120 |
| III | 141 | 4 | 4 | – | 137 |
| IV | 85 | 8 | 8 | – | 77 |
| V | 98 | 12 | 12 | – | 86 |
| VI | 117 | 10 | 10 | – | 107 |
| VII | 142 | 9 | 9 | – | 133 |
| VIII | 211 | 1 | 1 | – | 210 |
| IX | 129 | – | – | – | 129 |
| X | 194 | 3 | 3 | – | 191 |
| XI | 168 | 13 | 11 | 2 | 155 |
| XII | 98 | 9 | 8 | 1 | 89 |
| ആകെ | 1699 | 101 | 97 | 4 | 1598 |

(അവലംബം IRDP സർവ്വേ)

5. കെട്ടിട നിർമ്മാണ സാമഗ്രികൾ (സിമെന്റ്, ഓട്, കമ്പി) കുറഞ്ഞ നിരക്കിൽ സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുക.

6. ഭവന നിർമ്മാണത്തിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമാക്കുകയും സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം വാർഡ് മെമ്പർക്ക് നൽകുക.

7. രാജീവ് ദശലക്ഷം പാർപ്പിട പ്രകാരമുള്ള സാമ്പത്തിക സഹായം 50000 രൂപയായെങ്കിലും ഉയർത്തുക. IAY,MWS,JRY എന്നിവ 15800 രൂപയിൽ നിന്ന് 30000 രൂപയായി ഉയർത്തുക.

8. പഞ്ചായത്തിനു കീഴിൽ ഒരു നിർമ്മിതി ഉപകേന്ദ്രം സ്ഥാപിക്കുകയും ചെലവുകുറഞ്ഞ വീടു നിർമ്മാണത്തിനുള്ള സാങ്കേതിക പരിശീലനം തൊഴിലാളികൾക്ക് ലഭ്യമാക്കുക.

9. 5 ലക്ഷത്തിനു മുകളിലുള്ള വീടുകൾക്ക് പ്രത്യേക ഫീസ് ഈടാക്കുകയും പ്രസ്തുത തുക ഇതര ഭവന പദ്ധതികൾക്ക് സബ്സിഡിയായി ലഭ്യമാക്കുക.

10. ചെലവ് കുറഞ്ഞ വീടുകൾക്ക് വ്യാപകമായ പ്രചരണം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.

11. ലക്ഷം വീട് ഹിരിജൻ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ജനബാഹുല്യം കൂടുതലും കൊച്ചു കൂരകളുമുള്ള കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം നടപ്പാക്കേണ്ടതാണ്.

12. പഞ്ചായത്തിന്റെ കീഴിൽ BOLT (Build, Operation,lesase and transfer) രീതിയിൽ ഹൗസിംഗ് കോളനികളും പ്ലോട്ടുകളും സ്ഥാപിക്കുക.

13.പഞ്ചായത്തിൽ കൂടുതൽ ഭാഗവും കുന്നുകളും മലകളുമായതിനാൽ കൃഷി ഭൂമി നിരത്തി വീടുകൾ നിർമ്മിക്കാനുള്ള പ്രവണത വർദ്ധിച്ചുവരുന്നു. നിലവിലുള്ള കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ (റോഡ്, വൈദ്യുതി,

കുടിവെള്ളം) വർദ്ധിപ്പിക്കുക വഴി ഇത്തരം പ്രശ്നങ്ങൾക്ക് കുറച്ചൊക്കെ അറുതി വരുത്താനാകും. ഒപ്പം ഭൂരഹിതർക്ക് വീട് വെക്കാനുള്ള സ്ഥലം ലഭ്യമാക്കൽ സുഗമമാക്കും.

14. പഞ്ചായത്തിൽ കുടിലുകളിൽ താമസിക്കുന്നവർക്ക് ഓടിട്ട വീടാക്കി മാറ്റുവാൻ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രാധാന്യമേറിയ പാർപ്പിടം ഒരു പ്രഹേളികയായി തുടരാനനുവദിക്കാതെ ലഭ്യമായ മുഴുവൻ വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ജന പ്രശ്നത്തിന് ഏറെക്കുറയെങ്കിലും പരിഹാരം കണ്ടെത്താൻ ശ്രമിക്കലാവട്ടെ നമ്മുടെ ലക്ഷ്യം.

## സാമൂഹ്യക്ഷേമം

ചീക്കോട് പഞ്ചായത്ത് വളരെയധികം ദരിദ്ര ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ്. ഗവൺമെന്റ് ഏജൻസികൾ മുഖനയോ അല്ലാതെയോ കാര്യമായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഇവിടെ ലഭിക്കുന്നില്ല. നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളുടെ അജ്ഞത പ്രശ്നം കൂടുതൽ വഷളാകുന്നു. മാത്രമല്ല എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ മാമൂലുകൾ ഒരു വ്യവസ്ഥയായിത്തന്നെ രൂപപ്പെട്ടിരിക്കുന്നു. മാത്രമല്ല വനിതാ വികസന കോർപറേഷൻ മുതലായവയുടെ യാതൊരു ആനുകൂല്യങ്ങളും ലഭ്യമാകണമെങ്കിൽ മാമൂലുകൾ ഒരു വ്യവസ്ഥയായിത്തന്നെ രൂപാന്തരപ്പെട്ടിരിക്കുന്നു. മാത്രമല്ല വനിതാ വികസന കോർപറേഷൻ മുതലായവയുടെ യാതൊരു ആനുകൂല്യങ്ങളും ലഭ്യമാക്കാൻ വനിതാ സമാജങ്ങൾ നാമമാത്രമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

IRDP സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 3717 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. ഇതിൽ SC/ST കുടുംബങ്ങൾ 585 ആണ്. അതുപോലെ തന്നെ പഞ്ചായത്തിൽ മൊത്തം 409 വികലാഗരം ഉണ്ട്. കൂടാതെ ക്ഷേമനിധി ആനുകൂല്യത്തിനു അർഹരായ കർഷക ത്തൊഴിലാളികൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, തെങ്ങ് കയററത്തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ തുടങ്ങിയവർ ധാരാളമായി ഉണ്ട്.

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം. (പട്ടിക 3 കാണുക)

നിലവിലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പെൻഷനുകളാണ്. അഗതി, വിധവ, വികലാംഗ, വാർദ്ധക്യ, അവശ കലാകാര-സാഹിത്യകാര, കായിക പെൻഷൻ, ക്ഷയരോഗ-കുഷ്ഠരോഗ- കാൻസർ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തൊഴിലില്ലായ്മാ വേതനം തുടങ്ങിയവ നിലവിലുണ്ടെങ്കിലും ഇതനുഭവിക്കുന്നവർ പഞ്ചായത്തിൽ തുലോം കുറവാണ്. (പട്ടിക 4 കാണുക)

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം അഗതി പെൻഷൻ, വാർദ്ധക്യ പെൻഷൻ, അവശകലാകാര-സാഹിത്യകാര-കായികതാര പെൻഷൻ എന്നിവ ഈ പഞ്ചായത്തിൽ തീരെ ലഭ്യമാകുന്നില്ല എന്നു തന്നെ പറയാം മാത്രമല്ല ഈ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ഇത്തരം ആനുകൂല്യങ്ങളെക്കുറിച്ചോ അവ നേടാനുള്ള നടപടി ക്രമങ്ങളെക്കുറിച്ചോ അറിവില്ലെന്നുള്ളത് ഒരു നഗ്നസത്യമാണ്.

## ട്രൈസം

പഞ്ചായത്തിൽ തൊഴിലില്ലായ്മാ വേതനം വാങ്ങുന്ന തൊഴിൽ രഹിതർ തന്നെ 235 പേരുണ്ട്. എന്നാൽ യഥാർത്ഥ തൊഴിൽ ഇതിലും എത്രയോ ഇരട്ടിയാണ്. എന്നാൽ ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടിയവർ ഈ പഞ്ചായത്തിൽ വെറും ഇരുപത്തഞ്ചുപേരാണ്. അവരിൽ 14പേർ മറ്റു തൊഴിൽ മേഖലയിലാണെന്നറിയുമ്പോൾ ഈ പദ്ധതിയുടെ അപര്യാപ്തത ബോധ്യമാകും. ബാക്കി 9 പേർ മാത്രമാണ് പരിശീലനം നേടിയ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളത്. മറ്റുതൊഴിൽ മേഖല തെരഞ്ഞെടുക്കുവാനുള്ള പ്രധാന കാരണം പരിശീലനത്തിന്റെ അപര്യാപ്തതയും ധനസഹായത്തിന്റെ കുറവുമാണ്.

## പട്ടിക 3

## (വാർഡ് പുനസംഘടനയ്ക്ക് മുൻപ്)

## IRDP സർവ്വേ

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചത് വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ(സഹായം ലഭിച്ചവരുൾപ്പെടെ |
|---|---|---|---|---|---|---|
| I | 187 | 77 | 48 | 31 | 2 | 185 |
| II | 276 | 26 | 27 | 19 | – | 276 |
| III | 344 | 41 | 22 | 8 | 1 | 343 |
| IV | 298 | 26 | 31 | 9 | 1 | 297 |
| V | 164 | 15 | 26 | 5 | 2 | 162 |
| VI | 197 | 15 | 32 | 8 | – | 197 |
| VII | 339 | 27 | 30 | 7 | – | 339 |
| VIII | 615 | 118 | 22 | 12 | 1 | 614 |
| IX | 462 | 44 | 16 | 8 | 2 | 460 |
| X | 464 | 87 | 41 | 14 | 1 | 463 |
| XI | 181 | 30 | 25 | 14 | 1 | 180 |
| XII | 201 | 19 | 14 | 5 | – | 201 |
| ആകെ | 3728 | 535 | 334 | 140 | 11 | 3717 |

## പട്ടിക 4

## അവലംബം വില്ലേജ് ഓഫീസ് ലേബർ ഓഫീസ്

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാകാര സാഹിത്യ പെൻഷൻ | അവശ കായിക താര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 91–92 | – | 4 | 1 | – | – | – | 5 | – | – | 1124 | 121 |
| 92–93 | – | 8 | 13 | – | – | – | – | 1 | | 1785 | 151 |
| 93–94 | – | 2 | 7 | | | | 4 | – | | 1804 | 181 |
| 94–95 | – | – | 4 | – | – | – | – | – | – | 1758 | 206 |
| 95–96 | – | 48 | 34 | 1 | – | – | 25 | – | – | 1688 | 235 |

## DWRCA പദ്ധതികൾ

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അധിലധികമോ സ്ത്രീകളുടെ കൂട്ടായ തൊഴിൽ സംരംഭമാണ് DWRCA. DWRCA പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം. (പട്ടിക 6 കാണുക)

DWRCA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ 4 എണ്ണം മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും അതാതു സ്ഥലങ്ങളിൽ കമ്മറ്റി രൂപീകരിക്കാനും അയൽകൂട്ട കമ്മറ്റികളേയും ഇതിനു ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സ്കീമിലെ മിക്കയൂണിറ്റുകളും പരാജയപ്പെടാൻ കാരണം ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താനുള്ള പ്രയാസമാണ്. ഈ സ്കീമിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളും മറ്റും സർക്കാർ ഏജൻസി മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

DRWCA പദ്ധതിയിൽ കൂടുതൽ യൂണിറ്റുകൾ ആരംഭിക്കേണ്ടത് ക്ഷീരമേഖലയിലാണ്.

### ട്രൈസം പരിശീലനം ലഭിച്ചർ

പട്ടിക 5

IRDP സർവ്വേ അവലംബം. വാർഡ് പുനസംഘടനക്ക് മുൻപ്

| വാർഡ് നമ്പർ | പരിശീലന നവിഷയത്തി ന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | ടൈലറിംഗ് | 1 | - | 1 | 6 |
| II | - | - | - | - | - |
| III | - | - | - | - | - |
| IV | ടൈലറിംഗ് | 1 | - | - | - |
| V | - | - | - | - | - |
| VI | ഗാർമെന്റ്സ് | 1 | - | 1 | - |
| VII | ടൈലറിംഗ് | 3 | - | 3 | - |
| VIII | ടൈലറിംഗ് ലെതർബാഗ് | 5 | 2 | 3 | - |
| IX | - | - | - | - | - |
| X | ടൈലറിംഗ് | 1 | | 1 | - |
| XI | ടൈലറിംഗ് ലെതർ ബാഗ് | 13 | 7 | 6 | - |
| XIII | - | - | - | - | - |
| ആകെ | - | 25 | 9 | 16 | - |

പട്ടിക 6

IRDP സർവ്വേ അവലംബം വാർഡ് പുനസംഘടനക്ക് മുമ്പ്

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I | Metal Jelly കല്ലുടക്കൽ | 1992-93 | 11 | പ്രവർത്തിക്കുന്നില്ല |
| II | കല്ലുടക്കൽ | 1991-92 | 11 | പ്രവർത്തിക്കുന്നില്ല |
| III | - | - | - | - |
| IV | പശുവളർത്തൽ | 1995-96 | 10 | പ്രവർത്തിക്കുന്നു |
| V | പച്ചക്കറി കൃഷി | 1988-89 | 15 | പ്രവർത്തിക്കുന്നില്ല |
| | പശുവളർത്തൽ | 1991-92 | 10 | പ്രവർത്തിക്കുന്നു |
| VI | ആട് വളർത്തൽ | 1993-94 | 12 | പ്രവർത്തിക്കുന്നു |
| VII | - | - | - | - |
| VIII | അവിൽ-പപ്പട നിർമ്മാണം | 1989-90 | 13 | പ്രവർത്തിക്കുന്നില്ല |
| IX | ആട്വളർത്തൽ | 1990-91 | 15 | പ്രവർത്തിക്കുന്നു |
| X | - | - | - | - |
| XI | ലെതർബാഗ് നിർമ്മാണം | 1995-96 | 10 | പ്രവർത്തിക്കുന്നു |
| xII | - | - | - | - |
| ആകെ | 9 | | 107 | |

പഞ്ചായത്തിൽ നിലവിൽ 21 അംഗൻവാടികളുണ്ട് ജനസംഖ്യാനുപാതികമായി (1000 പേർക്ക് ഒരു അംഗനവാടി) 42 അംഗനവാടികൾ വേണ്ടതാണ്. 21 അംഗനവാടികൾ ഇതിൽ ഉടനെ അനുവദിക്കേണ്ടതുണ്ട്.

മിക്ക അംഗൻ വാടികളിലും അടിസ്ഥാന സൗകര്യങ്ങളില്ല. സ്ഥിരമായ കെട്ടിടം, കളിപ്പാട്ടങ്ങൾ, കക്കൂസ്, കിണർ, ചുറ്റുമതിൽ എന്നിവ ലഭ്യമാക്കേണ്ടതാണ്. അംഗൻവാടി ജീവനക്കാരുടെ സേവനവ്യവസ്ഥ വളരെ പരിതാപകരമാണ്. മഹിളാ സംഘടനകൾ നടത്തുന്ന അംഗൻവാടികൾക്ക് ധനസഹായവും മറ്റും ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ അംഗൻവാടികളില്ലാത്ത മേഖലകളുണ്ട്. താഴെ പറയുന്ന സ്ഥലങ്ങളിൽ അവ ഉടനെ അനുവദിക്കേണ്ടതാണ്.

| | |
|---|---|
| മുതുവല്ലൂർ ജി.എം.യു.പി സ്കൂളിനു സമീപം | ഒന്നാംവാർഡ് |
| ചെറിയ തടപറമ്പ് കോളനി | 2ാം വാർഡ് |
| വാളക്കുളങ്ങര | 3ാം വാർഡ് |
| കോഴിക്കോടൻ മുച്ചിത്തടം | 5ാം വാർഡ് |
| കൊടക്കാട്ടിൽ ഹരിജൻ കോളനി | 5ാം വാർഡ് |
| തടപ്പറമ്പ് | 6ാം വാർഡ് |
| ഇരുപ്പൻ തൊടി | 6ാം വാർഡ് |
| പൊന്നാട് | 6ാം വാർഡ് |
| വനത്താനം കുന്ന് വളപ്പിൽ | 8ാം വാർഡ് |
| വാവുരങ്ങാടി ചാലിൽ മുക്ക് | 9ാം വാർഡ് |
| കൊലത്തിൻ കുഴി | 9ാം വാർഡ് |
| ഇടശ്ശേരിക്കടവ് | 9ാം വാർഡ് |
| ഇരട്ടമുഴി | 9ാം വാർഡ് |
| ചുള്ളിക്കോട് | 11ാം വാർഡ് |
| പടിയഞ്ചലി | 11ാം വാർഡ് |

പട്ടിക 7

അവലംബം ICDS Office

| ക്രമനമ്പർ | അംഗനവാടി പേര് | നമ്പർ | സ്വന്തമായി കെട്ടിടമുണ്ടോ | സ്വന്തഃമായി സ്ഥലമുണ്ടോ | ലാട്രിൻ സൗകര്യ മുണ്ടോ | കുടിവെള്ളം ലഭ്യമാണോ | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | മുതുവല്ലൂർ | 93 | ഉണ്ട് | ഉണ്ട | റിപ്പയർ ചെയ്യണം | ഇല്ല | |
| 2 | മാനീരി | 89 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 3 | മുണ്ടക്കുളം | 92 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | |
| 4 | മുതുപറമ്പ് | 86 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 5. | പോത്തട്ടിപ്പാറ | 87 | ഉണ്ട് | ഉണ്ട് | പണി പൂർത്തിയായിട്ടില്ല | ഇല്ല | |
| 6. | പരതക്കാട് | 83 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | |
| 7. | കീഴ്മുറി | 94 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | കെട്ടിടം പണി തുടങ്ങുന്നു |
| 8. | പാറപ്പള്ളിയാളി | 117 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 9. | പൊന്നാട് | 82 | ഉണ്ട് | ഉണ്ട് | ഇല്ല | റിപ്പയർ ചെയ്യണം | |
| 10. | തീണ്ടാപ്പാറ | 84 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | |
| 11. | കൊളമ്പലം | 91 | ഉണ്ട് | ഉണ്ട് | പണി പൂർത്തിയാക്കേ | ഇല്ല | കെട്ടിടം റിപ്പയർ ചെയ്യേണ്ടത് |
| 12. | ചീക്കോട് | 81 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 13. | വെട്ടുപാറ | 78 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | ഇല്ല | ഇല്ല | ഇല്ല | അംഗൻവാടിയിൽ കുട്ടികൾക്കുള്ള കളിക്കോപ്പുകളും ഭ |
| 14. | കുനിഞ്ഞലക്കടവ് | 79 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ക്ഷണം പാകം ചെ |
| 15. | ചെറിയപറമ്പ് | 80 | കെട്ടിടം പണി നടത്തുന്നു | ഉണ്ട് | ഇല്ല | ഇല്ല | യ്യുന്നതിനും വിതരണം ചെയ്യുന്നതി |
| 16. | തിരുവാചോല | 121 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | നും ഉള്ള പാത്രങ്ങ |
| 17. | കാനക്കോട് | 126 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ളും വളരെ പരിമിത |
| 18. | കാരയിൻമുല | 85 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | മാണ് ഫർണിച്ചർ |
| 19. | മുണ്ടിലാക്കൽ | 88 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | കുറവാണ |
| 20 | ചുള്ളിക്കോട് | 90 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട്. | |
| 21. | മുണ്ടക്കൽ | 120 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |

| | |
|---|---|
| കണ്ടുമണ്ണ് | 11ാം വാർഡ് |
| വിളയിൽ അങ്ങാടി പാണാട്ടാലിൽ | 11ാം വാർഡ് |
| ഹാജിയാർ പടി | 11ാം വാർഡ് |
| അടമ്പാട്ട് | 11ാം വാർഡ് |
| 10ാം മൈൽ | 13ാം വാർഡ് |
| തനിയാമ്പുറം | 13ാം വാർഡ് |
| മേച്ചേരി പറമ്പ് | 15ാം വാർഡ് |
| അയ്യങ്ങേൽ മൂല | 15ാം വാർഡ് |
| ലാങ്ങോട്ടുമൂല | 15ാം വാർഡ് |

ഇതിനു പുറമേ അംഗൻവാടികൾ ഇല്ലാത്ത എല്ലാ ഹരിജൻ കോളനികളും അവ സ്ഥാപിക്കേണ്ടതാണ്. അംഗൻവാടികൾക്ക് വെൽഫെയർ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. ഭൗതീക സാഹചര്യങ്ങളും കളിപ്പാട്ടങ്ങളും ലഭ്യമാക്കാൻ സന്നദ്ധസംഘടനകളുടേയും ക്ളബുകളുടേയും സഹായം തേടാവുന്നതാണ്.

IRDP സർവ്വേപ്രകാരം ചീക്കോട് ഗ്രാമപഞ്ചായത്തിൽ 2295 കുടുംബങ്ങൾ കക്കൂസില്ലാത്തവരാണ്. (പട്ടിക 8 കാണുക)

ഇവ കൂടാതെ പഞ്ചായത്ത് നേരിട്ട് കക്കൂസ് നിർമ്മിക്കുന്നതിനു നേരിട്ട് ധനസഹായവും നൽകിയിട്ടുണ്ട്. കൂടുതൽപേർക്ക് കക്കൂസ് നിർമ്മിക്കാനുള്ള സംവിധാനം. JRY പോലുള്ള സ്കീമിൽ കൂടുതൽ തുക വക കൊള്ളിച്ചുകൊണ്ട് സന്നദ്ധ സംഘടനകളുടെ സഹായം തേടിയും നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഗ്രാമീണകൈത്തൊഴിലാളികൾ ധാരാളമുണ്ട്. ഇവരുടെ തൊഴിൽ മേഖല വികസിപ്പിക്കുന്നതിന് കാര്യമായ സഹായങ്ങൾ വിവിധ പദ്ധതി മുഖേന ലഭിക്കാത്തതുകൊണ്ട് ഗ്രാമീണ കൈത്തൊഴിൽ മേഖല ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വേ പ്രകാരം 146 കൈത്തൊഴിലുകാരുണ്ട്. അതിൽ സഹായം ലഭിച്ചവർ 32 പേർ മാത്രമേയുള്ളൂ. 114 പേർക്ക് യാതൊരു സഹായവും ഇതുവരെ ലഭിച്ചിട്ടില്ല. തൊഴിലുപകരണങ്ങൾ നൽകി ഗ്രാമീണ കൈത്തൊഴിലുകാരെ സഹായിക്കേണ്ടതാണ്.(പട്ടിക 9 കാണുക)

സാമൂഹ്യക്ഷേമരംഗത്ത് വിവിധതരത്തിലുള്ള പെൻഷനുകൾ റവന്യൂ വകുപ്പ് മുഖേന പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ട്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല. എന്നുള്ളതിനു പരിഹാരം കാണേണ്ടിയിരിക്കുന്നു. അപേക്ഷ നൽകുന്നതിനുള്ള പ്രയാസവും, സഹായം ലഭിക്കാനുള്ള കാലതാമസവും ഒഴിവാക്കേണ്ടതാണ്. വിധവാ പെൻഷൻ പ്രായ

## കക്കൂസുകൾ സംബന്ധിച്ച വിവരം

പട്ടിക 8 (അവലംബം IRDP സർവ്വേ)

| വാർഡ് നമ്പർ | സാനിട്ടറികക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 121 | 3 | 1 | 118 |
| II | 119 | 4 | 1 | 115 |
| III | 223 | 1 | 1 | 222 |
| IV | 120 | - | - | 120 |
| V | 140 | - | - | 140 |
| VI | 151 | 5 | 5 | 146 |
| VII | 165 | 1 | 1 | 164 |
| VIII | 487 | - | - | 487 |
| IX | 241 | 8 | 6 | 233 |
| X | 348 | - | - | 348 |
| XI | 112 | - | - | 112 |
| XII | 90 | - | - | 90 |
| ആകെ | 2317 | 22 | 15 | 2295 |

പട്ടിക -9

(അവലംബം IRDP സർവ്വേ) പുനസംഘനടക്ക് മുൻപ്

| വാർഡ് നമ്പർ | IRDP പ്രകാരം ഗ്രാമീണ കൈത്തൊഴിലുക കാരുടെ എണ്ണം | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായ ത്തിന് അർഹത യുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 7 | 1 | 6 | |
| II | 13 | 2 | 11 | |
| III | 7 | 1 | 6 | |
| IV | 7 | 2 | 5 | |
| V | 8 | 2 | 6 | |
| VI | 25 | 9 | 16 | |
| VII | 14 | 6 | 8 | |
| VIII | 18 | 2 | 16 | |
| IX | 13 | 1 | 12 | |
| X | 10 | 1 | 9 | |
| XI | 9 | 1 | 8 | |
| XII | 15 | 4 | 11 | |
| ആകെ | 146 | 32 | 114 | |

പൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ലഭിക്കില്ല. ഈ നിയമത്തിൽ മാറ്റം വരുത്തി വരുമാനത്തിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 409 വികലാംഗർ വിവിധ പ്രായത്തിലുള്ളവരുണ്ട്. പെൻഷൻ ലഭിക്കുന്നവർ 34 പേരാണ്. വികലാംഗരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സഹായം ലഭിക്കുന്നുണ്ടെങ്കിലും സമയത്ത് ലഭിക്കുന്നില്ല. അദ്ധ്യയന വർഷത്തിൽ തന്നെ സഹായം ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ സ്കൂളിൽ നിന്നും വിദ്യാർത്ഥികൾ പിരിഞ്ഞു പോയതിനു ശേഷമാണ് സഹായം ലഭിക്കുന്നത്. വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കേറ്റ് ലഭിക്കുവാനുള്ള നിയമം ലഘൂകരിക്കേണ്ടതാണ്. ഇപ്പോൾ ജില്ലാ ആശുപത്രിയിൽ നിന്നാണ് വികലാംഗ സർട്ടിഫിക്കേറ്റ് ലഭിക്കുന്നത്. പ്രസ്തുത അധികാരം PHCയിലെ അസിസ്റ്റന്റ് സർജന് നൽകേണ്ടതാണ്.

## കർഷകത്തൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ 1996-96ൽ 1688പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായവരെ കണ്ടെത്താൻ വില്ലേജ് ഓഫീസിലെ കാലതാമസമാണ് കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കാതിരിക്കാനുള്ള പ്രധാന കാരണം. അർഹരായവരെ കണ്ടെത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകേണ്ടതാണ്.

## തൊഴിലില്ലായ്മാ വേതനം

നമ്മുടെ പഞ്ചായത്തിൽ 235 പേർ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നവർക്ക് 35 വയസ്സ് കഴിഞ്ഞാൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം നൽകേണ്ടതാണ്. അനർഹരായ ധാരാളം പേർ തൊഴിലില്ലായ്മാ വേതനം വാങ്ങുന്നവരുമുണ്ട്. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ക്ഷേമനിധികളെ സംബന്ധിച്ച് ചുമട്ടുതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ ധാരാളം തൊഴിലാളികൾ ചുമടെടുത്ത് ജീവിക്കുന്നവരാണ്. ഇവർ അസംഘടിതരും ക്ഷേമനിധിയിൽ അംഗത്വമില്ലാത്തവരുമാണ്. പലരും നിത്യ രോഗികളായി മാറിയിട്ടുണ്ട്. അർഹരായ മുഴുവൻ ചുമട്ടുതൊഴിലാളികളെയും സംഘടിപ്പിച്ച് ക്ഷേമനിധിയിൽ അംഗ

ങ്ങളാക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ട താണ്.

## കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ നിധി

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ദരും അവിദഗ്ദരുമായ തൊഴിലാളികൾ ധാരാളമുണ്ട്. വളരെകുറച്ചുപേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടുള്ളൂ. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം നിമിത്തം 50 വയസ്സാവുമ്പോഴേക്കും ജോലിയിൽ നിന്നു വിട്ടുനിൽക്കുകയാണ്. എല്ലാ കെട്ടിട നിർമ്മാണ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്.

പഞ്ചായത്തിലെ തെങ്ങ്കയറ്റ തൊഴിലാളികൾ, ആഭരണതൊഴിലാളികൾ, കയർതൊഴിലാളികൾ എന്നീ വിഭാഗത്തിൽപ്പെട്ട മുഴുവൻപേരെയും അതാത് ക്ഷേമനിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## പൊതുവിതരണം

പഞ്ചായത്തിൽ 15 റേഷൻഷാപ്പും ഒരു മാവേലി സ്റ്റോറും നിലവിലുണ്ട്. 6062 കുടുംബങ്ങൾക്ക് റേഷൻകാർഡുമുണ്ട്. റേഷൻകാർഡ് ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കേണ്ടതാണ്. റേഷൻ കടയിൽ കൂടി ഗുണനിലവാരമുള്ള അരി വിതരണം ചെയ്യേണ്ടതാണ്. കൂടുതൽ വിസ്തീർണ്ണമുള്ള പഞ്ചായത്തുകൊണ്ട് ഇനിയും റേഷൻഷാപ്പുകൾ അനുവദിക്കേണ്ടതാണ്. (പട്ടിക 10 കാണുക)

## സി. ബി. എൻ. പി

പഞ്ചായത്തിൽ 1994 സെപ്റ്റംബർ മുതൽ സി.ബി.എൻ.പി പ്രവർത്തനം തുടങ്ങി. 1432 പേരെ സർവ്വേയിലൂടെ റിസ്ക് ഫാമിലിയായി കണ്ടെത്തിയിട്ടുണ്ട്. 932 പേർ മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്. ഇവർ 53 അയൽകൂട്ടങ്ങളിലായി പ്രവർത്തിച്ചുവരുന്നുണ്ട്. അയൽകൂട്ടങ്ങൾ മുഖേന 189885 രൂ. ശേഖരിക്കുകയും 85000 രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ C.D.Sൽ നിന്ന് ലഭിച്ച 64950 രൂപ പലിശ രഹിത വായ്പയായി വിതരണം നടത്തിയിട്ടുണ്ട്. സി.ബി.എൻ.പി.യുടെ പ്രവർത്തനം പഞ്ചായത്തിലെ പകുതി വാർഡുകളിൽ മാത്രമേ സജീവമായി നടക്കുന്നുള്ളൂ. മുഴുവൻ വാർഡുകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. വിവിധ പെൻഷനുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുതലത്തിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. അർഹരായവരെ കണ്ടെത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുക.

2. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുക.

3. മിശ്രവിവാഹിതർക്ക് ലഭ്യമാകുന്ന സാമ്പത്തിക സഹായം 5000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

4. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ കൂടുതൽ കുടുംബങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

5. സാമ്പത്തിക ഏജൻസികൾ, JRY ഫണ്ട്, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹായം ഉപയോഗിച്ച്കൊണ്ട് കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമിക്കേണ്ടതാണ്. പുറംപോക്ക് ഭൂമിയോ മിച്ച ഭൂമിയോ സ്ഥലമില്ലാത്ത അംഗനവാടികൾക്ക് പതിച്ച് നൽകേണ്ടതാണ്.

6. അംഗനവാടി വർക്കർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതനവ്യവസ്ഥകൾ ഉയർത്തേണ്ടതുമാണ്.

7. 1000 ജനസംഖ്യക്ക് ഒരു അംഗനവാടി എന്നുള്ളത് 750 പേർത്ത് ഒരു അംഗനവാടി എന്നതോതിൽ അനുവദിക്കേണ്ടതാണ്.

8. അനാഥകുട്ടികൾ താമസിക്കുന്ന യതീംഖാനകൾക്കും അനാഥാലയങ്ങൾക്കും ഗ്രാന്റ് വർദ്ധിപ്പിക്കേണ്ടതാണ്. യതീംഖാന അന്തേവാസികൾക്ക് ഫലപ്രദമായ രീതിയിൽ തൊഴിൽ പരി

ശീലനം വേണ്ട സാമ്പത്തിക സഹായം നൽകേണ്ടതാണ്.

9. D.W.R.G.A യൂണിറ്റുകൾ ക്ഷീരമേഖലയിൽ കൂടുതൽ സ്ഥാപിക്കേണ്ടതാണ്. ഉൽപന്നങ്ങൾ വിതരണം ചെയ്യാൻ ഫലപ്രദമായ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

10. പാവങ്ങളും നിരാലംബരുമായ സ്ത്രീകളെ പുനരധിവസിപ്പിക്കാൻ ഒരു അബല മന്ദിരം സ്ഥാപിക്കേണ്ടതാണ്.

11. അഴിമതി അവസാനിപ്പിക്കാൻ അതാത് വകുപ്പിലുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും ഇടത്തുട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

12. വികലാംഗർക്ക് നൽകുന്ന വാഹനങ്ങൾക്കുള്ള ധനസഹായ പദ്ധതിക്ക് സന്നദ്ധസംഘടനയെയും ക്ളബുകളുടെയും സഹായം തേടേണ്ടതാണ്.

13. പഞ്ചായത്തിൽ കാർഷികമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ കുറവായതിനാൽ കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയും കാർഷികതൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടപദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

14. ട്രൈസം പരിശീലന പദ്ധതി കൂടുതൽ കാര്യക്ഷമമായും ലക്ഷ്യബോധത്തോടും കൂടി പരിശീലിപ്പിക്കുകയും സ്വയം തൊഴിൽ കണ്ടെത്താനുള്ള സഹായം നൽകുകയും ചെയ്യേണ്ടതാണ്.

15. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വിതരണം ചെയ്യുന്ന സൗജന്യ ഉപകരണങ്ങൾ പഞ്ചായത്തിലെ മുഴുവൻ വികലാംഗർക്കും ലഭ്യമാക്കുക. വികലാംഗക്ഷേമ കോർപ്പറേഷൻ, ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥൻമാരെ സംഘടിപ്പിച്ച് കേമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. വികലാംഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കേണ്ടതാണ്. വാഹനം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കേണ്ടതാണ്.

17. അശരണരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടത്തുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായ പദ്ധതി കൂടുതൽ വിപുലീകരിച്ച് പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

18. തൊഴിൽ രഹിതർക്ക് കുടിൽ വ്യവസായം, ചെറുകിട വ്യവസായം (മെഴുകുതിര, ബേക്കറി, തീപ്പെട്ടി മുതലായവ)പരിശീലനം നൽകേണ്ടതും ഇതിനായി ITI, ITC മുതലായ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുമാണ്.

19. ഹരിജൻ കോളനികൾ IHDP കോളനികളാക്കി ഉയർത്തേണ്ടതാണ്.

20. മാവേലിസ്റ്റോർ, റേഷൻഷോപ്പ് മുതലായ പൊതുവിതരണ കേന്ദ്രങ്ങൾ മുഖേന ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

21. പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കേണ്ടത് ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

22. പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്കുള്ള ധനസഹായം 5000രൂപയായി ഉയർത്തുക.

23. ഭവന ഇൻഷൂറൻസ് സ്കീം വിപുലീകരിക്കുക.

24. പട്ടികജാതിക്കാരും ദുർബലവിഭാഗങ്ങൾ എടുത്തവായ്പകൾക്ക് പലിശ ഇളവ് നൽകുക.

ദാരിദ്ര രേഖക്ക് താഴെയുള്ളവർ, വികലാംഗർ, അഗതികൾ, അനാഥകൾ, വിധവകൾ, പട്ടികജാതി പട്ടിക വർഗ്ഗക്കാർ, സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾ, പിന്നോക്കക്കാർ എന്നിവരുടെ ജീവിത നിലവാരവും സാഹചര്യവും പടിപടിയായി ഉയർത്തി ഐശ്വര്യത്തിലേക്ക് കൊണ്ട് വരിക എന്നതായിരിക്കട്ടെ ക്ഷേമപദ്ധതിക്കുള്ള ലക്ഷ്യം. യഥാർത്ഥ ഗ്രാമസ്വരാജ്യം വികസനമായിരിക്കട്ടെ 9ാം പദ്ധതി ജനകീയ പദ്ധതി ഇതിലേക്കുള്ള പ്രവർത്തനത്തിനായി നമുക്ക് ഒന്നിക്കാം.

# പട്ടിക 10
## പൊതു വിതരണം സംബന്ധിച്ച വിവരം
## (അവലംബം താലൂക്ക് സപ്ലൈ ഓഫീസ്)

| SL | ARS | കാർഡുകളുടെ എണ്ണം (E) | കാർഡുകളുടെ എണ്ണം (N.E) | മേജർ അംഗങ്ങൾ | മൈനർ അംഗങ്ങൾ | ആകെ അംഗങ്ങൾ | അരി യൂനിറ്റ് | ഗോതമ്പ് യൂനിറ്റ് | പഞ്ചസാര കിലോഗ്രാം | മണ്ണെണ്ണ പെർമിറ്റുള്ള വരുടെ എണ്ണം | അനുവദിച്ച മണ്ണെണ്ണ ലിറ്റർ | വൈദ്യുതീകരിച്ച കാർഡുടമകളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത കാർഡുടമകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 52 | 257 | 198 | 2209 | 685 | 2894 | 5103 | 5103 | 1157.600 | 12 | 135 | 514 | 990 |
| 2 | 53 | 177 | 290 | 2295 | 597 | 2892 | 5187 | 5187 | 11560800 | 12 | 126 | 354 | 1450 |
| 3 | 54 | 159 | 169 | 1607 | 438 | 2045 | 3652 | 3652 | 818.000 | 17 | 194 | 318 | 845 |
| 4 | 55 | 270 | 158 | 2059 | 660 | 2719 | 4778 | 4778 | 1087.600 | 22 | 227 | 540 | 790 |
| 5 | 56 | 259 | 166 | 2172 | 625 | 2797 | 4969 | 4969 | 1118.800 | 20 | 242 | 518 | 830 |
| 6. | 57 | 191 | 168 | 1809 | 553 | 2362 | 4171 | 4171 | 944.800 | 10 | 115 | 382 | 840 |
| 7. | 58 | 402 | 122 | 2665 | 823 | 3488 | 6153 | 6153 | 1395.200 | 22 | 226.5 | 804 | 610 |
| 8. | 258 | 241 | 133 | 1971 | 502 | 2473 | 4444 | 4444 | 989.200 | 03 | 35 | 516 | 665 |
| 9. | 263 | 231 | 212 | 2172 | 669 | 2841 | 5013 | 5013 | 1136.400 | 11 | 121 | 482 | 1060 |
| 10 | 265 | 87 | 249 | 1489 | 381 | 1870 | 3359 | 3359 | 748.000 | 16 | 191 | 462 | 1345 |
| 11 | 308 | 311 | 256 | 2815 | 908 | 3723 | 6538 | 6538 | 1489.200 | 07 | 79 | 616 | 1250 |
| 12. | 321 | 173 | 241 | 2147 | 658 | 2805 | 4952 | 4952 | 1122.000 | 03 | 30 | 642 | 1205 |
| 13. | 382 | 226 | 112 | 1680 | 483 | 2163 | 3843 | 3843 | 805.200 | 06 | 63 | 764 | 560 |
| 14 | 409 | 114 | 181 | 1502 | 483 | 1985 | 3487 | 3487 | 794.000 | 06 | 62 | 818 | 905 |
| 15. | 412 | 112 | 197 | 1608 | 669 | 2277 | 3885 | 3885 | 910.800 | 04 | 42 | 224 | 985 |
| ആകെ | | 3210 | 2852 | 30200 | 9134 | 39334 | 69534 | 69534 | 15733.600 | 171 | 1928.5 | 6420 | 14260 |

# സംസ്കാരം

നൂറ്റാണ്ടുകളിലൂടെ കൈമാറിവന്ന സാംസ്കാരിക പൈതൃകത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും നാമമാത്രമായി നിലനില്ക്കുന്ന ഒരു ചരിത്രദേശമാണ് ചീക്കോട്.

സാമൂതിരി ഭരണത്തിൽ മുതുവല്ലൂർ നാട്ടുരാജ്യത്തിന്റെ കീഴിലുള്ള ഇവിടെ രാജ്യഭരണത്തിന്റെയും സാമ്രാജ്യവാഴ്ചയുടെയും സ്വാദ് നേരിട്ടറിഞ്ഞവരാണ് ഇവിടുത്തെ സാധാരണ ജനങ്ങൾ. സവർണ - സർവ്വാധിപത്യത്തിന്നെതിരെ ചെറുത്തുനിന്ന പോരാട്ടത്തിന്റെ കഥ പറയുന്നതാണ് ഓമാനൂർ ശുഹദാക്കളുടെ ചരിത്രം.

ദേശത്തെ ഇല്ലങ്ങളിലൂടെ രൂപംകൊണ്ട കലാ-സാംസ്കാരിക പൈതൃകം തലമുറകളിലൂടെ കൈമാറി ലോപിച്ച് ഇന്ന് ഓർമ്മകൾ മാത്രമായി അവശേഷിക്കുന്നു. ജനങ്ങളിലധികവും കൃഷിയെ ആശ്രയിച്ചു ജീവിച്ചിരുന്നവരായതിനാൽ കൃഷിയുമായി ബന്ധപ്പെട്ടാണ് ഈ പ്രദേശത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾ രൂപംകൊണ്ടത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാളപൂട്ട് ആഘോഷപൂർവ്വം നടന്നിരുന്നു. ഇന്നും മുതുവല്ലൂരിലെ കാളപൂട്ട് പ്രശസ്തമാണ്. പി.പി. അവറാൻ കുട്ടി സാഹിബ്, ചെമ്പൻ അലവിക്കുട്ടി, കെ.സി. മുല്ലകോയ തങ്ങൾ, തലോളിൽ ഹസ്സനാജി എന്നിവർ ആദ്യകാലങ്ങളിൽ ഈ കലയെ പ്രോത്സാഹിപ്പിച്ചിരുന്നവരായിരുന്നു. പറശ്ശീരി ഇബ്രാഹിംകുട്ടി, വി.കെ. അലവിക്കുട്ടി തുടങ്ങിയവർ ഇന്നും കാളപൂട്ട് നിലനിർത്തിവരന്നു.

ഞാറ്റുപാട്ട്, ചവിട്ടുകളി തുടങ്ങിയവ കൃഷിയുമായി ബന്ധപ്പെട്ട് അപൂർവ്വമായി നടന്നുവരുന്നു. കളരി, പരിചമുട്ട്, കോൽക്കളി, ദഫ്മുട്ട് മുതലായ നാടൻ കലകൾ കൊണ്ട് സമ്പുഷ്ടമായ ഇവിടെ നാമമാത്രമായെങ്കിലും സംരക്ഷിച്ചുവരുന്നുണ്ട്. ക്ഷേത്രകലയായ തിറ, താലപ്പൊലി, അയ്യപ്പൻ വിളക്ക് പോലുള്ള കലകൾ സംരക്ഷിച്ചുവരുന്നു. അയ്യപ്പൻ പാട്ട്, മുസ്ലിം വിവാഹപന്തലിൽ നടന്നിരുന്ന പുതിയാപ്ല പാട്ട്, പുതുക്കപ്പാട്ട് മൺമറഞ്ഞ നാടൻകലയാണ്. ക്ഷേത്രങ്ങളും പള്ളികളും കേന്ദ്രീകരിച്ച് സാമൂഹ്യപരിഷ്കാരപ്രവർത്തനങ്ങൾ തുടക്കം കുറിച്ചു. എഴുത്തച്ഛൻ പള്ളിക്കൂടങ്ങൾ, വിദ്യാഭ്യാസസംസ്കാരത്തിന് വിത്തുപാകി. മുസ്ലിംങ്ങൾക്കിടയിൽ ഓത്തുപള്ളികൾ വ്യാപകമായതോടെ മുസ്ലിംങ്ങൾക്കിടയിലും വിദ്യാഭ്യാസത്തിന് തുടക്കംകുറിച്ചു. എന്നാൽ ആര്യനെഴുത്തിനോട് താല്പര്യമില്ലായ്മ കാരണം ഇതു പൂർണമായും മതപാനത്തിലും അറബി മലയാളത്തിലും ഒതുങ്ങി. സാമൂഹ്യപരിഷ്കർത്താക്കളായി അറിയപ്പെടുന്ന മലയിൽ വീരാൻകുട്ടി മുസ്ല്യാർ, ഹസ്സനുണ്ണി ഹാജി, ആപ്പാട്ട് രായിൻകുട്ടി മുസ്ലിയാർ,വീരാൻ ഓലിയ, തലയതൊടി ശങ്കരൻ നമ്പൂതിരി, കൊളങ്ങര വാസുദേവൻ നമ്പൂതിരി എന്നിവരുടെ പ്രവർത്തനം വിദ്യാഭ്യാസപുരോഗതിക്ക് ആക്കം കൂട്ടി. 1912ൽ പറപ്പൂരിലെ എടക്കാട്ട് കളത്തിൽ ലോവർ പ്രൈമറി സ്കൂൾ സ്ഥാപിച്ചതോടെയാണ് പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നത്. 1925ഓടെ വിദ്യാ

ലയങ്ങളുടെ എണ്ണം വർദ്ധിക്കുകയും അതുവഴി സാധാരണ ജനങ്ങൾ വിദ്യാലയങ്ങളുമായി ബന്ധപ്പെടാൻ തുടങ്ങി.

സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി നടന്ന ഖിലാഫത്ത് പ്രസ്ഥാനത്തിൻറ അലയൊലി ചീക്കോട് പഞ്ചായത്തിലും മാറ്റൊലികൊണ്ടു. ബ്രിട്ടനെതിരായ സമരം ജന്മിത്തത്തിനും സവർണ്ണ മേധാവിത്വത്തിനും എതിരായ കുടിമാന്മാരുടെ സായുധ കലാപമായി മാറി. ഇതു സാമൂഹ്യപ്രശ്നങ്ങൾക്ക് ഇടയായെങ്കിലും മതസൗഹാർദ്ദത്തിൻെറ വെള്ളിരേഖയായി മാറിയ സംഭവങ്ങളുമുണ്ടായി. ലഹളക്കാരിൽ നിന്നും സ്വന്തം ജീവൻ പണയം വെച്ച് പാലക്കൽ ഗോവിന്ദൻ നമ്പൂതിരിയെ രക്ഷിച്ച അയ്യേങ്ങൽ ഉണ്ണീൻകുട്ടിയുടെ ധീരത എടുത്തുപറയേണ്ടതാണ്.

ആദ്യവിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകനായ വൈദ്യനാഥയ്യരുടെ നേതൃത്വത്തിൽ വിളയിൽ, മുതുവല്ലൂർ എന്നിവിടങ്ങളിൽ നൃത്ത സംഗീത നാടക സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ആദ്യകാലങ്ങളിൽ അന്യദേശങ്ങളിൽനിന്നും പ്രഗല്ഭരായവരെ കൊണ്ടുവന്നു കഥകളി, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ എന്നിവ ഇല്ലങ്ങളെ കേന്ദ്രീകരിച്ച് നടന്നിരുന്നു. കാരിയോട്ടുമ്മൽ വേലായുധൻ, മേപ്പള്ളി ശങ്കരൻ നായർ, ഉണ്ണികൃഷ്ണൻ നമ്പീശൻ, കാളിതൊടി കുട്ടികൃഷ്ണൻ നായർ തുടങ്ങിയവരാണ് ആദ്യകാല സംഗീത നാടക സംഘങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത്. സ്ത്രീകളുടെ കൈകൊട്ടിക്കളിയിൽ കിഴക്കെയിൽ ഉണ്ണിപെരി അമ്മ, കീരൻകാവിൽ ചിരുതേവി അമ്മ എന്നിവരും, മാപ്പിളപ്പാട്ടിൽ കണ്ണൻതൊടി കുഞ്ഞാത്തുമ്മ, വട്ടഞ്ചീരി കദീശുമ്മ എന്നിവരിലൂടെ ഈ നൂറ്റാണ്ടിൻെറ മധ്യകാലഘട്ടം വരെ സജീവമായി നിലനിന്നിരുന്ന ഈ കലകളിൽ മിക്കതും അറുപതുകളോടെ അന്യം നിന്നു.

കൊളക്കം മൂച്ചിക്കൽ കുഞ്ഞഹമ്മദ്, മങ്ങാട്ട് കോമുക്കുട്ടി കൊളക്കം മൂച്ചി മോതി എന്നിവരിലൂടെ തലമുറകൾ കൈമാറിവന്ന റാത്തീബ് (അറബന) കെ.വി. കുഞ്ഞുമുഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ ഇന്നും നടന്നുവരുന്നു. മുണ്ടകുളം രായിൻക്കുട്ടി സാഹിബിൽനിന്നും തുടങ്ങിയ ദഫ്മുട്ട് ഒരുപറ്റം ചെറുപ്പക്കാർ ഇന്നും നിലനിർത്തുന്നുണ്ട്. ചാലിയൻ കേളുക്കുട്ടി (നെയ്ത്ത്) മണ്ണാൻ രാമൻ (വൈദ്യം) തലയതൊടി ശങ്കരൻ നമ്പൂതിരി (വേദം) പാലക്കൽ സ്വാമിയാർ (ജ്യോതിഷം) പൂളക്കോട് അപ്പു (വിഷവൈദ്യം) എന്നിവർ നമ്മുടെ സംസ്കാരത്തെ സമ്പന്നമാക്കിയവരിൽ ചിലരാണ്. പഴമയെ ഓർമ്മിച്ചുകൊണ്ട് വിശേഷദിവസങ്ങളിൽ ഇന്നും പകിട മത്സരങ്ങൾ നടക്കാറുണ്ട്.

1957ൽ വിളയിൽ സ്ഥാപിച്ച യുവജന വായനശാല പ്രവർത്തനത്തോടെയാണ് ജനകീയ വിദ്യാഭ്യാസത്തിന് തുടക്കംകുറിച്ചത് ഗോപാലൻ നായർ, രാമവാര്യർ, എം.പി. വേലായുധൻ നായർ, പരമേശ്വരൻ നമ്പൂതിരി തുടങ്ങിയവർ തുടങ്ങിവെച്ച ഈ സ്ഥാപനം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പിന്നീട് 1974ലാണ് ഓമാനൂരിൽ പൊതുജന വായനശാല പ്രവർത്തനം തുടങ്ങിയത്. കക്കോട്ട്പ്പാറ മുഹമ്മദ്, എം. വീരാൻകുട്ടി എന്നിവർ രൂപം നല്കിയ സ്ഥാപനം പ്രവർത്തിക്കുന്നു. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ആദ്യ പ്രസിഡണ്ട് കൊലത്തിക്കൽ മമ്മത്കുട്ടി ഹാജിയുടെ സ്മരണക്കായി 1985ൽ വെട്ടുപാറയിൽ പ്രവർത്തനം ആരംഭിച്ചു. 1992ൽ സാംസ്കാരിക നിലയത്തിനായി മുണ്ടക്കുളത്ത് പണിത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

1958-ൽ തുടങ്ങിയ വിളയിൽ മഹിളാസമാജം, സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടായിട്ടും പ്രവർത്തനരഹിതമാണ്. 1979-ൽ തുടങ്ങിയ മുതുവല്ലൂരിലെ പൂർണ്ണി മഹിളാസമാജം മാതൃകാപ്രവർത്തനങ്ങൾക്ക് ശേഷം നിർജീവമാണ്. അടുത്തകാലത്തായി തുടങ്ങിയ ശ്രുതി മഹിളാസമാജം തെറ്റില്ലാത്ത നിലയിൽ പ്രവർത്തിച്ചുവരുന്നു. പഴയകാലങ്ങളിൽ നടന്നിരുന്ന സന്നദ്ധസംഘടനകളിൽ ഉദയകലാസമിതി വിളയിൽ പ്രവർത്തിച്ചിരുന്നു.

1990-ൽ സാക്ഷരതാ യജ്ഞത്തിൻെറ വിജയം ഗ്രാമീണരിലെ സേവനസന്നദ്ധതയാണ് കാണിക്കുന്നത്. കൂടുതൽ നിരക്ഷരർ വസിക്കുന്നതെന്ന കാരണത്താൽ സംശയത്തോടെ വീക്ഷിച്ചിരുന്ന ചീക്കോട് പഞ്ചായത്തിലാണ് ജില്ലയിലെ ആദ്യസാക്ഷരതാ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഒന്നാംഘട്ടത്തിൻെറ അവസാനംവരെ ഈ സജീവത നിലനിർത്താൻ കഴിഞ്ഞതു പഞ്ചായത്തിലെ സേവനതല്പരരായ യു

വജനങ്ങളെ ഏകോപിപ്പിച്ചു നിർത്താൻ കഴിഞ്ഞതു കൊണ്ടാണ്.

കൊയ്തുകഴിഞ്ഞ പാടങ്ങളിലെ ഫുട്ബോൾ കളിയിൽ തെുങ്ങുന്നതാണ് കായികരംഗം. കഴിവുള്ളവർക്ക് അതു പോഷിപ്പിക്കുന്നതിനുള്ള സാഹചര്യമില്ലാതെ മുരടിക്കുന്നു. ഫുട്ബോളിൽ നിന്ന് ക്രിക്കറ്റിലേക്ക് മാറാൻ ആഗ്രഹക്കുന്നവരാണ് ഇളംതലമുറ. ഗ്രാമീണയുവജനമേളകളിൽ സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ പഞ്ചായത്തിലെ ചിലർക്കു കഴിഞ്ഞിട്ടുണ്ട്. മാപ്പിളപ്പാട്ടിൽ പ്രശസ്തയായ വിളയിൽ ഫസീല സംസ്ഥാന അവാർഡുകൾ നേടുകയുണ്ടായി. പഞ്ചായത്തിലെ ആദ്യഉന്നതബിരുദധാരിയായ പ്രൊഫ: കേശവൻ നമ്പൂതിരി, ഹസ്സനലി ഓമാനൂർ എന്നിവർ അറിയപ്പെടുന്ന കവികളാണ്. റഹ്മാൻ മധുരക്കുഴി, പത്മനാഭൻ നമ്പൂതിരി, അബ്ദുള്ള വാവൂര് തുടങ്ങിയ പത്രപ്രവർത്തകരും ചിരട്ടകൊണ്ട് അന്താരാഷ്ട്രനിലവാരമുള്ള ശില്പങ്ങളും നാടൻ മരങ്ങൾ കൊണ്ട് ജർമ്മൻ മോഡൽ വയലിനും മണ്ണിൽ ഡിഷ് ആൻറിനയും നിർമ്മിക്കുന്ന മുതുവല്ലൂരിലെ കെ.ഒ. ശ്രീധരൻമാസ്റ്റും ഇല്ലത്ത് ഗോപാലകൃഷ്ണനും ഇനിയും ഒട്ടേറെ പടവുകൾ കയറാനുള്ള ശ്രമത്തിലാണ്.

സ്വാതന്ത്ര്യം നേടുന്നതിനു മുമ്പ് തന്നെ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, കമ്മ്യൂണിസ്റ്റ് പാർട്ടികൾ പ്രവർത്തനം തുടങ്ങിയ പഞ്ചായത്തിൽ ഏറ്റക്കുറച്ചിലനുസരിച്ച് മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും നടക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. 10, 9, 11 വാർഡുകളൊഴികെ മറ്റ് 12 വാർഡുകളിലും ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല. സാംസ്കാരിക നിലയത്തിന് കെട്ടിടം പണിതെങ്കിലും പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല.
2. ലക്ഷ്യബോധമില്ലാതെ ആരംഭിക്കുന്ന സന്നദ്ധസംഘടനകൾ അല്പായുഷ്ക്കളായി മാറുന്നു.
3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആധിക്യം ഗ്രാമീണ/നാടൻ കലകളെ നാശോന്മുഖമാക്കുന്നു
4. സാക്ഷരതാ പ്രവർത്തനം നിർജീവമാണ്. കലാ-കായിക സാഹിത്യഅഭിരുചിയുള്ളവർക്ക് കഴിവ് പോഷിപ്പിക്കാൻ അവസരമില്ല.
5. പഞ്ചായത്തിന്റേതായി രണ്ട് മിനി സ്റ്റേഡിയങ്ങൾ ഉണ്ടെങ്കിലും ഉപയോഗശൂന്യമായി കിടക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ഗ്രന്ഥാലയങ്ങൾ ആരംഭിക്കണം.
2. പഞ്ചായത്തിലെ മുഴുവൻ സംഘടനകൾക്കും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു പൊതുവേദി രൂപീകരിക്കണം
3. നിർജീവമായ മഹിളാസമാജങ്ങൾ സജീവമാക്കണം മറ്റ് വാർഡുകളിൽ വനിതാവേദി രൂപീകരിക്കണം. പഞ്ചായത്ത് തലത്തിൽ കോ-ഓഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം.
4. ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കി സാക്ഷരതാ-തുടർവിദ്യാഭ്യാസം ശക്തമാക്കണം.
5. കലാ-കായിക-സാഹിത്യരംഗം സജീവമാക്കാൻ പഞ്ചായത്തു തലത്തിൽ പരിപാടികൾ തയ്യാറാക്കണം.
6. അന്യം നിന്നു കൊണ്ടിരിക്കുന്ന നാടൻ കലകളെയും സാംസ്കാരിക പൈതൃകത്തെയും സംരക്ഷിക്കണം.
7. പഞ്ചായത്ത് സാംസ്കാരിക നിലയം പ്രവർത്തനം തുടങ്ങണം. മിനിസ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കണം.
8. പഞ്ചായത്തിൽ ചുരുങ്ങിയത് ഒരു വാർഡിൽ ഒരു ടെലിവിഷനെങ്കിലും അനുവദിക്കുക

# ഗ്രന്ഥാലയം - വായനശാലകൾ

| വാർഡ് | ക്രമ നമ്പർ | സംഘടനയുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ധനസഹായ വിവരം | അഫിലിയേറ്റ് ചെയ്ത സംഘടന | പ്രവർത്തന വിവരം | പുസ്തകം | മാസ വിതരണം | ഗ്രാൻറ് വർഷം | ലൈബ്രേറിയൻ അലവൻസ് |
|---|---|---|---|---|---|---|---|---|---|---|---|
| V | 1 | യുവജന ഗ്രന്ഥാലയം ആൻറ് വായനശാല, ഓമാനൂർ | 1974 | 250 | ഗ്രാൻറ് | ഗ്രന്ഥശാല സംഘം | വായനശാല പുസ്തകവിതരണം | 1800 | 460 | 1500 | 3600 |
| IX | 2 | കൊലത്തിക്കൽ മമ്മദ്കുട്ടി ഹാജി സ്മാരക വായനശാല, വാവൂർ | 1985 | 75 | പഞ്ചായത്ത് കെട്ടിടം | പഞ്ചായത്ത് ഉടമസ്ഥത | പഞ്ചായത്ത് ഗ്രാൻറ് | 700 | 350 | | |
| XI | 3 | യുവജനസംഘം ഗ്രന്ഥാലയം വിളയിൽ | 1957 | 128 | ഗ്രാൻറ് | ഗ്രന്ഥശാലാ സംഘം | കലാ സാംസ്കാരികം ബാലവിഭാഗം | 2918 | 200 | 1500 | 3600 |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

## ചീക്കോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സന്നദ്ധ സാംസ്കാരികസംഘടനകൾ

| വാർഡ് | ക്രമ നമ്പർ | സംഘടനയുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായ വിവരം | അഫിലിയേറ്റ് ചെയ്ത സംഘടന | പ്രവർത്തനലഘുവിവരം |
|---|---|---|---|---|---|---|---|---|
| I | 1 | കലാരഞ്ജിനി ആരോഗ്യ ബോധന യൂണിറ്റ്, മുതുവല്ലൂർ | 1995 | 23 | വാടക | - | നെഹ്റു യുവ കേന്ദ്ര | ആരോഗ്യബോധവൽക്കരണം, വനിതാ വേദി, ബാലവേദി |
| | 2 | സൗഹൃദ ക്ലബ്ബ്, പള്ളിക്കുത്ത് | 1996 | 31 | വാടക | - | - | കായികരംഗം |
| | 3 | പൂർണിമ മഹിളാസമാജം, മുതുവല്ലൂർ | 1979 | 29 | സ്വന്തം | - | - | സജീവമല്ല |
| III | 1 | ന്യൂ ഫ്രൺസ് ആട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മുണ്ടക്കുളം | 1988 | 40 | വാടക | - | നെഹ്റു യുവ കേന്ദ്ര, സംഗീത നാടക അക്കാഡമി | ബാലജനസംഖ്യം, ജനവിദ്യാകേന്ദ്രം കായികം, സംഗീത ക്ലാസ്, ട്യൂഷൻ |
| | 2 | ചമയം മാതൃഭൂമി സ്റ്റഡി സർക്കിൾ | 1991 | 20 | വാടക | - | മാതൃഭൂമി സ്റ്റഡി സർക്കിൾ | ഗ്രന്ഥാലയം, ബാലവേദി |
| | 3 | യുവശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മുണ്ടക്കുളം | 1985 | 20 | വാടക | - | - | കായികം |
| V | 1 | യുവറൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പാറപ്പള്ളിയാളി | 1996 | | - | - | - | ശ്രമദാന പ്രവർത്തനം |
| | 2 | നെഹ്റു യൂത്ത് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ഓമാനൂർ | 1977 | 23 | വാടക | - | - | ശ്രമദാനം, രക്തദാനം ആരോഗ്യപ്രവർത്തനം |
| VI | 1 | സ്പാർക്ക് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പൊന്നാട് | 1996 | 105 | വാടക | - | നെഹ്റു യുവ കേന്ദ്ര | ഗ്രന്ഥാലയം, കലാ-കായിക പ്രവർത്തനം |
| | 2 | ഉപാസന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പൊന്നാട് | 1989 | 25 | വാടക | - | നെഹ്റു യുവ കേന്ദ്ര | കലാ-കായികരംഗം |
| VIII | 1 | സെവൻ സ്റ്റാർ സ്പോർട്സ് ക്ലബ്ബ്, ചീക്കോട് | 1989 | 30 | വാടക | | - | കായികം |

| വാർഡ് | ക്രമ നമ്പർ | സംഘടനയുടെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായ വിവരം | അഫിലിയേറ്റ് ചെയ്ത സംഘടന | പ്രവർത്തനലഘുവിവരം |
|---|---|---|---|---|---|---|---|---|
| IX | 1 | മില്ലത്ത് സ്പോർട്സ് ക്ലബ്ബ്, വെട്ടുപ്പാറ | 1985 | 30 | വാടക | - | - | കായികം |
| | 2 | വൈറ്റ് ലൈൻ സ്പോർട്സ് ക്ലബ്ബ്, വെട്ടുപ്പാറ | 1988 | 25 | - | - | - | കായികം |
| XI | 1 | ഉദയ കലാസമിതി, വിളയിൽ | 1970 | 108 | വാടക | - | സംഗീത നാടക അക്കാഡമി | കല-സാംസ്കാരികം, കായികം ആരോഗ്യം |
| | 2 | ശ്രുതി മഹിളാസമാജം, പറപ്പൂർ | 1995 | 200 | വാടക | - | - | തൊഴിൽ യൂണിറ്റ് |
| | 3 | ശ്രുതി കലാവേദി, പറപ്പൂർ | 1995 | 40 | വാടക | - | - | സംഗീത പരിശീലനക്ലാസ് |
| | 4 | യംഗ് മെൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, പറപ്പൂർ | 1988 | 100 | - | - | നെഹ്റു യുവ കേന്ദ്ര | സജീവമല്ല |
| XII | 1 | യുവജനസമിതി, വിളയിൽ | 1977 | 25 | - | - | - | സജീവമല്ല |
| XIII | 1 | യംഗ് മെൻസ് സ്പോർട്സ് ക്ലബ്ബ് മുന്നിലാക്കൽ | 1995 | 20 | വാടക | - | - | സജീവമല്ല |
| XV | 1 | ചൈതന്യ ആർട്സ് ആൻറ് സ്പോർട് ക്ലബ്ബ്, മുണ്ടക്കൽ | 1990 | 25 | വാടക | - | നെഹ്റു യുവ കേന്ദ്ര | രക്തഗ്രൂപ്പ്, ശ്രമദാനം |
| | 2 | യുവധാര ആർട്സ് ക്ലബ്ബ്, മുണ്ടക്കൽ | 1989 | 27 | വാടക | - | - | ശ്രമദാനം |
| | 3 | ക്രസൻറ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മുണ്ടക്കൽ | 1989 | | | | | |



# വനിത

വനിതാപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലത്ത് ഈ രംഗത്തേക്കൊന്നും കടന്നുവരാതെ ചീക്കോട് പഞ്ചായത്തിലെ വനിതകൾ വീടുകളിൽ ഒതുങ്ങിക്കൂടുകയാണ്.

46.72ച.കി.മീ.വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം 42125 ആണ്. ഇതിൽ 20836 പുരുഷന്മാരും, 21289 സ്ത്രീകളുമാണ്. 1981ലെ സെൻസസ് പ്രകാരം 16027 പുരുഷൻമാരും, 16154സ്ത്രീകളുമാണ്. ഇത് വെച്ച് പരിശോധിക്കുമ്പോൾ സ്ത്രീ ജനനനിരക്ക് കൂടിയതായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ജനസംഖ്യയിൽ മുസ്ളീംങ്ങളാണ് കൂടുതൽ.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹിന്ദുക്കൾക്കിടയിൽ കെട്ടുകല്യാണം എന്ന ഒരു ആചാരം ഉണ്ടായിരുന്നു. ഇത് 1947-വരെ നിലനിന്നിരുന്നു. വളരെചെറുപ്പത്തിൽ തന്നെ പെൺകുട്ടി വീട്ടുതടങ്കല്ലിൽ കഴിയേണ്ടിവരുന്ന ഒരു അവസ്ഥയായിരുന്നു ഇത് പഴയകാലത്ത് മുസ്ളീം പെൺകുട്ടികളുടെ വിദ്യാഭ്യാസം മത വിദ്യഭ്യാസങ്ങളിൽ ഒതുങ്ങിനിന്നു. ഭൗതികവിദ്യാഭ്യാസം അവർക്ക് നിഷിദ്ധമായിരുന്നു. ഈ അവസ്ഥമാറിയത് വളരെ അടുത്തകാലത്താണ്. ഇന്ന് പെൺകുട്ടികളുടെ വിദ്യഭ്യാസം എസ്സ്. എസ്സ്. എൽ. സി. യോടെയോ, പ്രീഡിഗ്രിയോടയോ തീരുന്നു. ചെറുപ്രായത്തിൽ തന്നെയുള്ള വിവാഹം ഇതിനൊരു കാരണമാകുന്നുണ്ട്. പ്രീഡിഗ്രിക്കുശേഷമുള്ള ഉന്നതവിദ്യാഭ്യാസത്തിനു പോകുന്ന പെൺകുട്ടികൾ വിരളമാണ്. ഉന്നത വിദ്യാഭ്യാസത്തിലും, ഉയർന്നജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപനരംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിയിൽ സ്ത്രീകളാണ്.

മുസ്ളീം സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി യാഥാസ്ഥികരുടെ എതിർപ്പുകളെപ്പോലും വകവെക്കാതെ പ്രവർത്തിച്ച ആളാണ് എടക്കാട് യൂസുഫ് ഹാജി.

ആദ്യത്തെ വനിതാ ഉദ്യോഗസ്ഥ ശ്രീമതി.ടി.യശോദടീച്ചറാണ്. 1954ൽ ചീക്കോട് ഗവ:യു.പി.സ്കൂളിൽ ആണ് ജോലിയിൽ പ്രവേശിച്ചത്. സ്കൂളിനു പരിസരത്തുള്ള ആളുകൾ ടീച്ചർ ക്ളാസെടുക്കുന്നത് വളരെ അത്ഭുതത്തോടെയായിരുന്നു കണ്ടിരുന്നത്. അവരെ വിളിച്ചിരുന്നത് "മേഷ്ടർച്ചി" എന്ന പേരിലായിരുന്നു. ആദ്യത്തെ വനിതാ പഞ്ചായത്ത് മെമ്പർ കച്ചേക്കാട് ഫാത്തിമയാണ് (1964). ആദ്യമായി ജോലിയിൽ പ്രവേശിച്ച മുസ്ളീം വനിത കാളാടൻ പാത്തുമ്മയാണ്. ഇവർ ഇന്ന് വയനാട് ജില്ലയിൽ സ്കൂൾ ടീച്ചറാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തുന്ന വനിതയാണ് കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ പഠിക്കുന്ന മനന്തല പാറപുറത്ത് സഫിയ. പഞ്ചായത്തിൽ 5 വനിതാ സംവരണ വാർഡാണുള്ളത്. ഭൂരിപക്ഷം സ്ത്രീകളും കുടുംബിനികളായി വീട്ടിൽ ഒതുങ്ങി കഴിയുകയാണെങ്കിലും, സ്ത്രീകൾക്ക് തൊഴിലിലുണ്ടായിരുന്ന പ്രധാനപ്പെട്ട മേഖല കാർഷികമേഖലയായിരുന്നു. കാർഷിക മേഖലയുടെ പതനം മൂലം കുറേപേർ നിർമ്മാണരാഗത്തേക്ക് തിരിഞ്ഞിട്ടുണ്ട്. കൂടാതെ കാർഷികമേ

ഖലയിൽ 50–60രൂ. കിട്ടിയിരുന്നത് നിർമ്മാണരംഗത്ത് 50–90 രൂപ എന്ന കൂലിയിലുള്ള അന്തരവും ഇതിനൊരു കാരണമാണ്. ഗൾഫ് മേഖലയെ ആശ്രയിച്ചിട്ടുള്ള നിർമ്മാണരംഗം ഏതു സമയത്തും നിലച്ചുപോകാമെന്നതുകൊണ്ട് കാർഷികമേഖലയിൽ പുതിയൊരു മാറ്റം ഉണ്ടാവുകയും, കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കേണ്ടതുമുണ്ട്. മെറ്റൽ നിർമ്മാണ യൂണിറ്റുകളിലും ധാരാളം സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്.

തൊഴിൽ മേഖലകളിലെ സ്ത്രീപങ്കാളിത്തം സൂചിപ്പിക്കുന്ന 1991ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കാർഷികരംഗം | 431 | 3184 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | – | 96 |
| ചെറുകിട വ്യവസായം | 10 | 74 |
| കരിങ്കൽ, ചെങ്കൽ ക്വാറി | 130 | 260 |
| കെട്ടിട നിർമ്മാണം | 103 | 327 |
| ഗതാഗതം, വാർത്താവിനിമയം | 4 | 220 |
| മറ്റുള്ളവ | 849 | 974 |

തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണന നേരിടുന്നു എന്നാണ് ഈ പട്ടിക വ്യക്തമാക്കുന്നത്. സ്ത്രീകളുടെ പിന്നോക്കാവസ്ഥക്ക് ഒരു പ്രധാന കാരണം പുരുഷമേധാവിത്വമാണ്. സ്ത്രീ അബലയാണെന്ന ധാരണയും, സ്ത്രീകൾ പൊതുരംഗത്ത് വരേണ്ടവർ അല്ലെന്നും എല്ലാം പുരുഷമേധാവിത്വത്തിലാണ് നടക്കേണ്ടതെന്നുമുള്ള ധാരണ വിദ്യാഭ്യാസ സമ്പന്നർക്കിടയിൽ പോലുമുണ്ട്. ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന ഒരു പ്രധാന പ്രശ്നം സ്ത്രീധനമാണ്. ഇതുമൂലം പീഡനം അനുഭവിക്കുന്നവർ ധാരാളമുണ്ട്. ഇതുകൊണ്ട് പാവപ്പെട്ട പെൺകുട്ടികളുടെ ജീവിതം ഇരുളടഞ്ഞുപോവുകയാണ്. ഇത് ശക്തിയായി മാറ്റിയെടുക്കേണ്ട ഒരു ദുരാചാരമാണ്. ഇതിന് പുരുഷന്മാർ കൂടി ഉണർന്നു പ്രവർത്തിച്ചെങ്കിലേ സാധ്യമാകൂ. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങളും, പീഡനക്കേസുകളും നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശ്ക്തികളെ തടുക്കാനുമാവില്ല. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ (കോഴി, താറാവ് വളർത്തൽ, അടുക്കളത്തോട്ടം) എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള അടിയന്തിര പ്രവർത്തനം ആവശ്യമാണ്. തൊഴിൽ മേഖലയിൽ കൂലിയിൽ സ്ത്രീപുരുഷ വിവേചനം നിലനിൽക്കുന്നുണ്ട്. കാർഷിക മേഖലയിൽ പുരുഷന്മാർക്ക് 80–100ഉം, സ്ത്രീകൾക്ക് 50–60ഉം ആണ്. നിർമ്മാണ രംഗത്ത് പുരുഷന് 125–160ഉം, സ്ത്രീക്ക് 70–90ഉം ആണ് കൂലിനിരക്ക്.

സ്ത്രീകൾക്ക് പൊതുരംഗത്ത് വരാൻ വളരെയേറെ പ്രയാസമുണ്ടായിരുന്ന കാലഘട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ വിളയിൽ ഭാഗത്ത് 1958ൽ മഹിളാ സമാജ പ്രവർത്തനം തുടങ്ങിയിരുന്നു എന്നുള്ളത് നമ്മൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. ഇതിന് നേതൃത്വം നൽകിയിരുന്നത് ടി.യശോദ ടീച്ചർ, തിരുവാച്ചോലയിൽ മാധവിയമ്മ, ടി.സരോജിനി, എളഞ്ചിരി ശ്രീദേവി എന്നിവരായിരുന്നു. കലാസാംസ്കാരിക രംഗത്തും ഈ മഹിളാ സമാജം മുൻപന്തിയിലായിരുന്നു. രാമനാട്ടുകര ദാനഗ്രാമത്തിൽ കുറവനും കുറത്തിയും എന്ന നാടകവും, കടുങ്ങം തൊടി ചിരുദേവിയമ്മയുടെ നേതൃത്വത്തിൽ കൈകൊട്ടികളിയും നടത്തിയിട്ടുണ്ട്. ഈ മഹിളാ സമാജത്തിന്റെ പേരിൽ 10സെന്റ് സ്ഥലവും ഒരു ബിൽഡിംഗും ഉണ്ട്. "ചവിട്ടിക്കുഴച്ച മണ്ണ്" എന്ന നാടകം ടിക്കറ്റ് വെച്ച് നടത്തിയാണ് ഇതിനുള്ള സാമ്പത്തികം കണ്ടെത്തിയത്. ഇതിലെ അഭിനേതാക്കൾ യശോദടീച്ചർ, ജാനകി ടീച്ചർ, തങ്കം, അമ്മിണി, വിജയലക്ഷ്മി തുടങ്ങിയ സമാജം പ്രവർത്തകർ തന്നെയായിരുന്നു. തുടക്കത്തിൽ ഇവിടെ നൂൽനൂൽപ്പും പിന്നീട് ബാലവാടി പ്രവർത്തനവും ഉണ്ടായിരുന്നു. കൊണ്ടോട്ടി ബ്ളോക്കിന്റെ കീഴിൽ ഇവിടേക്ക് കെയർ ലഭിച്ചിരുന്നു. 1979ഓടെ ഇതിന്റെ പ്രവർത്തനം നിലച്ചുപോയി, ഇതുപോലെത്തന്നെ 1979ൽ മുതുവല്ലൂരിൽ തുടങ്ങിയ പൂർണ്ണിമ മഹിളാസമാജം. ഈ സമാജത്തിന് സ്വന്തം കെട്ടിടമുണ്ട്.

തയ്യൽ,ബേക്കറി, ബാലവാടി എന്നിവ ഇവിടെ പ്രവർത്തിച്ചിരുന്നു. 1987ൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന തല യുവജനമേളയിൽ ഈ സമാജത്തിൽ നിന്നും ശ്യാമള, ശൈലജ എന്നീ കുട്ടികൾ പങ്കെടുത്തിരുന്നു. ഇപ്പോൾ ഇതിന്റെ പ്രവർത്തനം ഇല്ല.

വനിതാരംഗത്ത് വലിയൊരു മാറ്റത്തിന് തുടക്കമിട്ടത് 1990-91 കാലഘട്ടത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനമാണ്. പഞ്ചായത്തിൽ ആകെയുണ്ടായിരുന്ന 300 ഇൻസ്ട്രക്ടർമാരിൽ 225ഉം വനിതകളായിരുന്നു. ഇതുമൂലം സ്ത്രീകളിൽ സംഘബോധവും, അടിസ്ഥാനപരമായി എഴുത്തും, വായനയും പഠിപ്പിക്കാനും സാധിച്ചു. വീട്ടിൽ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടിയിരുന്ന സ്ത്രീകൾ വളരെ ആവേശത്തോടെ സാക്ഷരതാവിളംബര ജാതകളിലും, പഠനയാത്രകളിലും പങ്കെടുത്തത് ഒരു വലിയ മാറ്റം തന്നെയായിരുന്നു. പക്ഷെ സാക്ഷരതാ പ്രസ്ഥാനത്തിന്റെ പതനം കൊണ്ട് ഇതി നിലനിർത്തി കൊണ്ടുപോകാൻ സാധിച്ചില്ല.

ഇന്ന് മഹിളാ രംഗത്ത് പ്രവർത്തിക്കുന്നത് വിളയിലുള്ള "ശ്രുതി"മഹിളാ സമാജമാണ്. ഇതിന്റെ കീഴിൽ DWCRA ലതർബാഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഇതിൽ 10 വനിതകൾ ഉണ്ട്. കൂടാതെ ഒരു കലാവേദിയും, സ്ത്രീകൾക്കുള്ള ബോധവൽക്കരണക്യാമ്പുകളും നടത്തുന്നുണ്ട്. മറ്റൊന്ന് CBNPയൂണിറ്റാണ്. ഇത് യൂണിസെഫിന്റേയും, കേരളസർക്കാറിന്റേയും മേൽനോട്ടത്തിൽ CDSന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ 12ഓളം വനിതാ പ്രവർത്തരുടെ നേതൃത്വത്തിൽ 912ഓളം മെമ്പർമാരുണ്ട്. ഇന്ന് ഇതിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ പകുതിയോളം വാർഡുകളിൽ മാത്രമെയുള്ളൂ. ഇത് പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലേക്കും വ്യാപിപിക്കേണ്ടതുണ്ട്. ഇതിന്റെ കുനിത്തലകടവിൽ ഒരു വനിത മെറ്റൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് 29 സ്ത്രീകളുണ്ട്. പഞ്ചായത്തിൽ ഇതിന് നേതൃത്വം നൽകുന്നത് പാറപ്പള്ളിയിലെ ഫൂസാലുല ചീക്കോട്ടെ മറിയം എന്നിവരാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്നും പ്രശസ്തിയലേക്ക് എത്തിച്ചേർന്ന വനിതകളുമുണ്ട്. മാപ്പിളപ്പാട്ടു രംഗത്ത് സംസ്ഥാന അംഗീകാരം വരെ നേടിയ വിളയിൽ ഫസീല, മാപ്പിളപ്പാട്ട്, മാലപാട്ട്, എന്നിവയുടേയും കോഴിക്കോട് മാപ്പിള ലൗവേഴ്സ് അസോസിയേഷന്റെ അവാർഡ് കിട്ടിയ വട്ടഞ്ചീരി കദീശുമ്മ, 1991ൽ കോഴിക്കോട് ജില്ലാ കൗൺസിൽ അംഗവും, ഇപ്പോൾ മഹിളാ ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി അംഗവും, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ശ്രീമതി. ടി. യശോദടീച്ചർ വനിതാ ലീഗ് പ്രവർത്തകയും അരീക്കോട് ബ്ലോക്ക് മെമ്പറുമായ ആച്ചെരിക്കുന്നത്ത് ഖദീജ എന്നിവർ.

1993 ന് ശേഷം കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ അമ്മമാർ ശ്രദ്ധിക്കണമെന്ന ബോധം നമ്മുടെ വനിതകൾക്കിടയിൽ ഉണ്ടായിട്ടുണ്ട്. പിതാവിനേക്കാൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് മാതാവാണെന്നുള്ള ഉത്തരവാദിത്വബോധത്തിനുദാഹരണമാണ് ഓമാനൂർ ഹൈസ്കൂളിൽ ഈയടുത്തു നടന്ന മാതൃസംഗമത്തിൽ 614 സ്ത്രീകൾ പങ്കെടുത്തു എന്നുള്ളത്. ഇത്തരം മാതൃസംഗമങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീ പങ്കാളിത്തം നല്ലൊരു വശമായി നമുക്ക് കാണാം.

ജനകീയ ആസൂത്രണ പ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഒന്നാംഘട്ട LRP ക്യാമ്പിൽ 8 വനിതകളും, രണ്ടാംഘട്ട LRP ക്യാമ്പിൽ 5 വനിതകളുമാണ് പങ്കെടുത്തത്. എന്നാൽ ഗ്രാമസഭയിൽ സ്ത്രീ പങ്കാളിത്തം നല്ല രീതിയിൽ ഉണ്ടായിരുന്ന പ്രതികൂല സാഹചര്യത്തിൽ പോലും 1958 ൽ നല്ലൊരു രീതിയിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ മഹിളാ പ്രവർത്തനത്തിന് തുടക്കം കുറിച്ചെങ്കിലും വിദ്യാഭ്യാസരംഗത്തും, സാംസ്കാരിക രംഗത്തും ഇത്ര വലിയ മുന്നേറ്റമുണ്ടായി 4 ദശകങ്ങൾ പിന്നിടുമ്പോഴും മൊത്തത്തിൽ നമ്മൾ പരിശോധിക്കുമ്പോൾ വനിതാരംഗത്ത് ഒരടിപോലും നമുക്ക് മുന്നോട്ടു പോകാൻ സാധിച്ചില്ല എന്ന ഖേദകരമായ വസ്തുത ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. സാമൂഹ്യരംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടുവന്നാലേ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ

പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏററെടുക്കുന്ന ജോലികൾ ഭംഗിയായും ഉത്തരാവാദിത്വത്തോടെയും നിറവേറ്റാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവേ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താല്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. സമൂഹതത്തിലെ ഭൂരിഭാഗം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷൻമാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷന്മാരോടൊപ്പം നില്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമര പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഏതു രംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകൾ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ള പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

## സാധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. കഴിയുന്നത്ര സ്ത്രീകളെ നേതൃത്വനിരയിലേക്ക് കൊണ്ടു വരുന്നതിന് പുരുഷമേധാവിത്വത്തിനെതിരായി പുരുഷന്മാരെ ബോധവല്ക്കരിക്കുന്നതിനും രാഷ്ട്രീയ സാംസ്കാരികസംഘടനകൾ ശ്രമിക്കണം. വനിതകളുടേത് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാനുള്ള സഹായം ചെയ്യുകയും വേണം. പൊതുരംഗത്ത് പരിചയമുള്ള സ്ത്രീകൾ അവരുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. കുടുംബയോഗങ്ങളിലും മാതൃസംഘമങ്ങളിലും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണം. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും, സഹകരണ സംഘങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാധ്യത പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളീകേരം ഉപയോഗിച്ച് തേങ്ങാസംസ്കരണ യൂണിറ്റ്, കയർ, കയറുല്പന്നയൂണിറ്റും, മാങ്ങ, കൈതച്ചക്ക, പറങ്കിമാങ്ങ, ചക്ക എന്നിവ ഉപയോഗിച്ച് പഴംസംസ്കരണവും തുടങ്ങിയ ചെറുകിട യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

റെഡിമെയ്ഡ്, എംബ്രോയിഡറി, പച്ചക്കറി, അടുക്കളത്തോട്ടം, കോഴി, താറാവ് വളർത്തൽ, അച്ചാർ നിർമ്മാണം, പപ്പടം നിർമ്മാണം, ക്ഷീരോല്പാദന യൂണിറ്റ്, തീപ്പെട്ടി നിർമ്മാണം, കുട നിർമ്മാണം, ലെതർബാഗ് യൂണിറ്റ എന്നിവ സ്ത്രീകളുടെ നേതൃത്വത്തിൽ ചെയ്യാവുന്നതാണ്. സ്ത്രീ ഉന്നമനത്തിന് അംഗൻവാടികളെ ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവർത്തനം നിലച്ചു പോയ വിളയിൽ മഹിളാസമാജം. പൂർണ്ണിമ മഹിളാ സമാജം എന്നിവയുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്. CBNP പ്രവർത്തകർക്ക് ഓണറേറിയം ലഭിക്കാത്തതുകൊണ്ട് പ്രവർത്തനം നിലച്ചു പോകുന്ന മട്ടിലാണ്. ഇതിന്റെ പ്രവർത്തനത്തിനും, സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങിലൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.

2. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായി പുറത്ത് വരുന്നില്ല.

3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

5. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.

6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്രപരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.

7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ തടസ്സമാണ്.

8. സർക്കാർ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

9. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധാർഢ്യം സ്ത്രീകളിൽ കുറവാണ്.

10. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്. അംഗൻ വാടികൾക്ക് പലതിനും സൗകര്യങ്ങളില്ല.

11. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്. അതുകൊണ്ട് അന്ധവിശ്വസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.

12. രോഗികൾ കൂടുതലും സ്ത്രീകളാണ്.

13. പുരുഷന്മാരുടെ മദ്യപാനം കൊണ്ട് സ്ത്രീകൾ ദുരിതമനുഭവിക്കുന്നുണ്ട്.

**പ്രശ്ന പരിഹാരത്തിന് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധകിക്കേണ്ടതാണ്.**

1. ഉൽപ്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്ക് ഇടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.

2. വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യ ജോലിക്കു തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

4. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നിതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

6. വിധവാ പെൻഷൻ, അഗതിപെൻഷൻ, മാതൃസഹായപദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരമായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

8. സ്കൂളുകളിലെ പാഠ്യോതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.

9. ആരോഗ്യ സ്ഥാപനങ്ങളുടെ സേവനം വേണ്ട രീതിയിൽ ലഭ്യമാക്കുകയും PHC കളിൽ സ്ത്രീ രോഗവിദഗ്ദ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം.

10. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.

# സഹകരണം

ഒരു പൊതു ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിയുള്ള കൂട്ടായപ്രയ്നമാണല്ലോ സഹകരണം. ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ 1904 ൽ നിലവിൽ വന്ന കോ - ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ പ്രാബല്യത്തിൽ ജന്മം കൊണ്ട ചില കാർഷികസംഘങ്ങളാണ് ഇന്ത്യയിൽ ഈ രംഗത്തെ ആദ്യ ചുവടുവെയ്പ്പുകൾ. ഇന്ന് നിലവിലുള്ളതും 1969 ൽ പ്രാബല്യത്തിൽ വന്നതുമായ കേരളാ കോ - ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന് വിധേയമായി 1964 മാർച്ച് 23 ന് ഇദം പ്രഥമായി ചീക്കോട് പഞ്ചായത്ത് കോ - ഓപ്പറേറ്റീവ് സാർവ്വീസ് സൊസൈറ്റീ NO. F. 1897 നിലവിൽ വന്നു. ചീക്കോട് പഞ്ചായത്ത് ബോർഡ് മുൻ പ്രസിണ്ടുമാരായിരുന്ന കൊലത്തിക്കൽ മുഹമ്മദ് കുട്ടി ഹാജി, എം മുഹമ്മദ്കുട്ടിഹാജി ബോർഡ് മെമ്പർ പാറ അയ്യൻങ്ങൽ മോന്തീൻ എന്നിവരുടെ നതൃത്വത്തിൽ പോത്തട്ടിപ്പാറയിൽ പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ചായിരുന്നു ആദ്യകാല പ്രവർത്തനങ്ങൾ. പിന്നീട് പഞ്ചായത്ത് കേന്ദ്രമായ ഓമാനൂരിലേക്ക് മാറ്റി സ്ഥാപിക്കുകയും ഇപ്പോൾ അവിടെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഒരു സഹ:സൊസൈറ്റിയായി തുടങ്ങി സഹ: ബാങ്കായി വളർന്ന ഒരു ക്രഡിറ്റ് സംഘമാണിത്. കർഷക കുടുംബങ്ങളുടെയും സാധാരണ ജനങ്ങളുടേയും സാമ്പത്തിക ജീവിതത്തിൽ അത്താണിയാകേണ്ട ഈ സംഘത്തിന് ഇന്നതിന് കഴിയുന്നില്ല. അതിന് വിഘാതിമായി നിൽക്കുന്ന മുഖ്യ ഘടകങ്ങൾ മൂലധനത്തിന്റെ അപര്യാപ്തതയും പ്രവർത്തനപരിധിയുടെ വൈപുല്യവും നഷ്ടവുമാണ്.

1990 ൽ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിന് മുഖ്യ പ്രാധാന്യം നൽകികൊണ്ട് മുതുവല്ലൂർ വില്ലേജിലെ മുണ്ടക്കുളത്ത് ചീക്കോട് പഞ്ചായത്ത് പട്ടികജാതി സഹ - സംഘം നിലവിൽ വന്നു. ഇപ്പോൾ ഈ സംഘം പ്രവർത്തിക്കുന്നത് വിളയിലാണ്. സ്വന്തമായി ഒരു ട്രാക്ടറും, ഒരു മെറ്റൽ യൂണിറ്റും സംഘത്തിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

1981 ൽ ചിക്കോട് വില്ലേജിലെ പൊന്നാട് ഒരു ക്ഷീര സഹ: സംഘം സ്ഥാപിക്കപ്പെട്ടു. എന്നാൽ ഫലപ്രദമായ നടത്തിപ്പിന്റെ അഭാവത്തിൽ ഈ സംഘം പ്രവർത്തനം അവസാനിപ്പിക്കുകയാണ് ചെയ്തത്.

1996 ഓക്ടോ 2 ന് ഏതാനും പേരുടെ സഹകരണത്തോടെ വടക്കേപറമ്പിൽ ഗാന്ധി ഗ്രാമ്സ്വരാജ് ചാരിറ്റബിൾ ട്രസ്റ്റ് എന്ന പേരിൽ ഒരു സംഘം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

സഹകരണം അതിന്റെ അനന്ത സാധ്യതകളുമായി നിലനിൽക്കുന്ന വർത്തമാനകാലത്ത് ചീക്കോട് പഞ്ചായത്തിൽ ആകെപ്പാടെ ഈ രംഗത്തുണ്ടായിട്ടുള്ള സംരംഭങ്ങൾ അതീവ ശുഷ്കമാണെന്ന് മേൽ കൊടുത്ത നമ്മുടെ സഹകരണ ചരിത്രം വ്യക്തമാക്കുന്നു.

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

സഹകരണരംഗത്ത് ചീക്കോട് പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നത് ചീക്കോട് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കാണ്. 3200 പ്രാഥമിക അംഗങ്ങളും 9,10000 രൂപ അംഗീകൃത ഓഹരി മൂലധനവും സർക്കാർ ഓഹരിയായി 1,05000 രൂപയും പൊതുജനനിക്ഷേപമായി 27,00000 രൂപയുംമുണ്ടെന്ന് 96ലെ കണക്കുകൾ പ്രകാരം കാണുന്നു. ഈ പഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യാനുപാതികമായി ആവശ്യങ്ങളുമായി താരതമ്മ്യം ചെയ്യുമ്പോൾ ആവശ്യങ്ങൽ നിറവേറ്റുവാൻ സാധിക്കുകയില്ലെന്ന് കാണാം. മാത്രമല്ല ഏകദേശം 18,00000 രൂപ നഷ്ടംവും ബാങ്ക് നേരിടുകയാണ് ബാങ്കിന്റെ ധനസ്ഥിതിയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

മറ്റൊരു സഹകരണസ്ഥാപനമായ ചീക്കോട് പട്ടികജാതി സഹ. സംഘത്തിന്റെ നിലവിലിലുള്ള സ്ഥിതിയും ആശാവഹമല്ല 1990 പ്രവർത്തനം ആരംഭിച്ചെങ്കിലും 428 അംഗങ്ങളും, സർക്കാർ ഗ്രാന്റും അംഗത്വഫീസുമടക്കം 25000 രൂപയുമാണ്. പ്രവർത്തന മൂലധനം കാർഷിക മേഖലയിൽ 22,000 രൂപ വായ്പ

നൽകിയിട്ടുണ്ട് ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

## നിലവിലുള്ള സംഘങ്ങൾ

### പട്ടിക - 1 1995-96 സാമ്പത്തിക വർഷം

| ക്രമനമ്പർ | സംഘത്തിന്റെ പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | സർക്കാർ ഗ്രാന്റ് | പ്രവർത്തന പരിധി | വായ്പ | | വാർഷിക ടേണോവർ | ജീവനക്കാരുടെ എണ്ണം | | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | | സ്ഥിരം | താൽക്കാലികം | |
| 1. | ചീക്കോട് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപതം നമ്പർ F. 1897 | 23.3.64 | 3200 | 9,10000 | 10,5000 | ചീക്കോട് പഞ്ചായത്ത് | 1256000 | 2837655 | 12800000 | 3 | 2 | നഷ്ടം |
| 2. | ചീക്കോട് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം | 1990 | 428 | 4660 | 20340 | ചീക്കോട് പഞ്ചായത്ത് | 22000 | - | - | 1 | - | നഷ്ടം |

### പട്ടിക 2 - ക്രഡിറ്റ് സംഘങ്ങൾ

| ക്രമനമ്പർ | പേര് | വായ്പ |
|---|---|---|
| 1. | ചിക്കോട് പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് ക്ലിപതം നമ്പർ F. 1897 | കാർഷികം/കാർഷികേതരം |
| 2. | ചീക്കോട് പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം | കാർഷികം |

### പട്ടിക - 3 നിർദ്ദേശിക്കപ്പെട്ട സഹകരണസംഘങ്ങൾ

| ക്ര.നമ്പർ | പേര് | പ്രവർത്തന പരിധി |
|---|---|---|
| 1. | കാർഷികവികസന സഹ. സംഘം | ചീക്കോട് പഞ്ചായത്ത് |
| 2. | ക്ഷീരോൽപാദന സഹ.സംഘം | ,, |
| 3. | ചെറുകിട വ്യവസായ വികസന സഹകരണസംഘം | ,, |
| 4. | ഭവനനിർമ്മാണ സഹകരണസംഘം | ,, |
| 5. | ആർട്ടിസാൻസ് ക്ഷേമസഹകരണസംഘം | ,, |
| 6. | കോഴിവളർത്തു സഹ: സംഘം | ,, |
| 7. | ഉപഭോക്തൃ സഹ: സംഘം | ,, |
| 8. | വനിതാ സഹ : സംഘം | ,, |

## കാർഷിക മേഖല

### ചീക്കോട് സർവ്വീസ് സഹകരണ ബാങ്ക്

ഈ സഹകരണബാങ്കിന്റെ പരിധിയിൽ മൊത്തം 6000 കർഷക കുടുംബങ്ങളുണ്ട്. ഹ്രസ്വകാല - ദീർഘ കാല വായ്പകൾ ബാങ്ക് കൊടുത്തു വരുന്നുണ്ട്. ഏറ നാട് താലൂക്ക് കാർഷിക വികസനബാങ്കിന്റെ പരിധി യിലുള്ള ഈ പഞ്ചായത്തിൽ ദീർഘകാല കാർഷിക വായ്പകൾ പ്രസ്തുത ബാങ്ക് നൽകുന്നുണ്ട്. എന്നാൽ വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക പ്രയാസങ്ങൾ കാരണം കർഷകർ വായ്പ വിനിയോഗ്ക്കാത്ത അവ സ്ഥയാണുള്ളത്. ഈ പഞ്ചായത്തിൽ വായ്പാ സഹ കരണ പ്രസ്ഥാനത്തിന്ന് തുടക്കം കുറിച്ച പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് കാർഷിക മേഖലയിൽ 1996 സാമ്പത്തിക വർഷത്തിൽ 12,56000 രൂപ വിത രണം ചെയ്തിട്ടുണ്ട്. 1800000 രൂപ നഷ്ടം നേരിടുന്ന ഈ ബാങ്കിന് കൂടുതൽ വായ്പകൾ അനുവദിക്കാനോ കർഷകന്റെ പരാധീനതകൾ പരിഹരിക്കാനോ സാധി ക്കുന്നില്ല.

### 2. ചീക്കോട് പഞ്ചായത്ത് പട്ടികജാതി സഹ: സംഘം

പട്ടികജാതി വിഭാഗത്തിന്റെ ആവശ്യങ്ങൾ നിറവേ റ്റുന്നതിനോ ഋണബാധ്യതയിൽ നിന്ന് അവരെ കരക യറ്റുന്നതിനോ ഈ സംഘത്തിന്ന് ഇന്ന് വേണ്ട പേലെ സാധിക്കുന്നില്ല. എങ്കിലും ലഭ്യമായ മൂലധനം ഉപയോ ഗിച്ച് കാർഷികവായ്പയായി 22000 രൂപ ഇതിനകം കൊടുത്തിട്ടുണ്ട്.

## വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

### I കാർഷിക മേഖല

1. ചിക്കോട് സർവ്വീസ് സഹ: ബാങ്കിന്റെ കണക്കുപ്ര കാരം കാർഷിക വായ്പ ഇനത്തിൽ 7,60681 രൂപ ഈ സാമ്പത്തിക വർഷം കാലാവധി കഴിഞ്ഞ് പിരിഞ്ഞു കിട്ടാനുണ്ട്. വിവിധ മേഖലകളിലായി 1800000 രൂപ നഷ്ടം കണക്കാക്കുന്നു. ഈ ഋണബാധ്യതകൾ കാരണം പുതിയ കാർഷിക വായ്പകൾ അനുവദി ക്കാൻ ബാങ്കിന് കഴിയുകയില്ല.

അതിനാൽ നഷ്ടസംഖ്യക്ക് തുല്യമായ തുക സർക്കാർ ഓഹരിയായോ പലിശരഹിത വായ്പയായോ അനുവദിക്കേണ്ടതാണ്.

2. ഭരണസമിതികാര്യക്ഷമമായി പ്രവ്ർത്തുക്കുകയും തുക വസൂലാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീക രിക്കുകയും വേണം

3. പഞ്ചായത്തിലെ മുഴുവൻ കർഷകരെയും അംഗ ങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കണം.

4. ഓരോ വർഷവും കാർഷിക മേഖലയിൽ അനു വദിക്കേണ്ട വായ്പ തുക എത്രയെന്ന് മുൻകൂട്ടി നിശ്ച യിക്കണം. പഞ്ചായത്തിലെ മുഴുവൻ കർഷകരെയും സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ കർഷകരജി സ്റ്റർ ഉണ്ടാക്കണം.

5. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു നിക്ഷേപ സമാഹരണസെൽ രൂപീ കരിച്ച് നിക്ഷേപം സമാഹരിക്കണം. ഈ തുക ബാങ്കിന്റെ ലാഭകരമായ മറ്റു പദ്ധതകളിൽ നിക്ഷേ പിച്ച് ലാഭമുണ്ടാക്കണം.

6. കാർഷിക വായ്പകളുടെ ഫലപ്രദമായ ഉപ യോഗം ഉറപ്പുവരുത്തുന്നതിന് കർഷകന് വായ്പ യഥാ സമയത്ത് ലഭ്യമാക്കണം

7. സംഘം വക ചിട്ടികൾ നടത്തുക. ചിട്ടി നിയമ ങ്ങൾ ലളിതവത്കരിക്കുക

8. വായപകൾ സർക്കാർ അനുവദിക്കുന്ന സബ്സിഡി യഥാസമയത്ത് വായ്പക്കാർക്ക് ലഭിക്കു വാൻ വേണ്ട നടപടി സ്വീകിരക്കുക.

9. ആവശ്യാനുസൃതമായി വായ്പ പരിധി ഉയർത്തുക

10. വളവും കാർഷികോപകരണങ്ങളും കർഷകന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിതരണം ചെയ്യുകയും കാർഷികോൽപന്നങ്ങൾ സംഭരിച്ച് പരാമാവധി വില ലഭ്യമാക്കാൻ വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തു കയും വേണം.

11. ചീക്കോട് സർവ്വീസ് ബാങ്കിന് വിളയിൽ, വാവൂര്, തവനൂര്, എന്നിവിടങ്ങളിൽ പുതിയ ശാഖകൾ തുട ങ്ങാൻ നടപടികൾ ആരംഭിക്കണം.

12. റബ്ബർ കൃഷിക്ക് അനുയോജ്യമായ മണ്ണും കാലാ വസ്ഥയുമുള്ള ഈ പഞ്ചായത്തിൽ റബ്ബർബോർഡിന്റെ സഹായത്തോടെ ഒരു റബ്ബർ കൃഷി വികസന സഹ: സംഘം സ്ഥാപിക്കാൻ അടിയന്തിരനടപടികൾ ആരം ഭിക്കണം. ഇതുവഴി ഇപ്പോൾ തരിശായി ക്കിടക്കുന്ന പഞ്ചായത്തിലെ മലപ്രദേശങ്ങളെ സാമ്പത്തിക വളർച്ചയും ഉറവിടമാക്കാൻ സാധിക്കും.

13. നെൽകൃഷി സംരംക്ഷിക്കുന്നതിനും വ്യാപിപ്പി ക്കുന്നതിനും ഗുണമേന്മയുള്ള വിത്ത്, വളം, കീടനാ ശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത മെതിയെന്ത്രങ്ങൾ എന്നിവ ലഭ്യമാക്കണം. പാടശേഖരങ്ങൾ കേന്ദ്രീക രിച്ച് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കണം.

14. വായ്പ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും

യഥാസമയത്ത് ലഭ്യമാക്കുയും വേണം.

## ക്ഷീരോൽപാദന സഹ: സംഘം

ഗ്രാമീണ മേഖലിയിൽ ധാരാളം തെഴിലവസരങ്ങൽക്ക് സാധ്യതയുള്ള ഓന്നാണ് ക്ഷീര വ്യവസായം. കൂടാതെ കുടുംബങ്ങളുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. എന്നാൽ ഈ പഞ്ചായത്തിൽ ഒരെറ്റ ക്ഷീരോൽപാദന യൂണിറ്റുകളും നില വിലില്ല. 6ാം വാർഡിൽ പൊന്നാട്ട് മുമ്പ് പ്രവർത്തിച്ചിരുന്ന ക്ഷീരോൽപാദനസൊസൈറ്റി ഉടൻ പുനരുജ്ജീവിപ്പിക്കണം. 3 വാർഡുകൾക്ക് ഒരു പാൽ സൊസൈറ്റി എന്ന തോതിൽ അനുയോജ്യമായ സ്ഥലങ്ങളിൽ അവ ഉടൻ സ്ഥാപിക്കണം.

### മറ്റു നിർദ്ദേശങ്ങൾ

1. ദിനം പ്രതി 500 ലി. പാൽ സംഭരിക്കുക എന്ന ലക്ഷ്യംത്തോടെ പുതിയ ക്ഷിര സംഘങ്ങൾ പ്രവർത്തനമാരംഭിക്കേണ്ടതാണ്.

2. ക്ഷീര വികസനയൂണിറ്റുകളുടെ നടത്തിപ്പിനും വികസനത്തിനും മിൽമയുടെ ഉപദേശനിർദ്ദേശൾ സ്വീകരിക്കണം. കൂടാതെ കഴിവുള്ള പ്രമോട്ടർമാരെ ഓരോ സംഘത്തിന്റെയും മേൽനോട്ടം ഏൽപ്പിക്കേണ്ടതാണ്.

3. പാൽ ഉൽപാദകരല്ലാത്തവരെ സംഘത്തിൽ അംഗങ്ങളാക്കി ചേർക്കരുത്.

4. കാലിത്തീറ്റ ഒരോ സംഘങ്ങളിലും സുലഭമായി ലഭ്യമാക്കണം

5. നല്ലയിനം കറവമാടുകളെ ആവശ്യക്കാർക്ക് വിതരണചെയ്യണം. പശു വളർത്തുലോണുകൾ പ്രയാസമന്യേ ലഭ്യമാക്കണം. വിതരണ ചുമതല അതതു സംഘങ്ങൽ ഏറ്റെടുക്കണം.

6. പാവപ്പെട്ടവന്റെ പശു വായ ആടിനെ ദരിദ്ര കുടുംബങ്ങൾക്ക് വിതരണം ചെയ്യണം.

7. മൃഗസംരക്ഷണത്തിനാവശ്യമായ സേവനം എളുപ്പത്തിൽ ലഭ്യമാക്കണം അതിനായി നിലവിലുള്ള മൃഗാശുപത്രി കൂടുതൽ വിപുലമാക്കുകയും സബ്സെന്ററുകൾ മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കുകയും വേണം.

8. ഇന്ന് നല്കിവരുന്ന ക്ഷീര വികസന ലോണുകൾ ഏകീകരിച്ച് ക്ഷീര സംഘങ്ങളിലുടെ ലഭ്യമാക്കണം.

## III ചെറുകിട വ്യവസായ വികസന സഹ: സംഘം

ചീക്കോട് പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിൽ വൻ മാറ്റങ്ങൾ ഉണ്ടാക്കാൻ ഉതകുന്നതാണ് ചെറുകിട വ്യവസായങ്ങൾ. ഇന്ന് ഈ മേഖലയിൽ യാതൊരു സംരംഭങ്ങളും കാര്യമായി പ്രവർത്തിക്കുന്നില്ല. വ്യവസായങ്ങൾ തുടങ്ങാൻ താത്പര്യമുള്ള വ്യക്തികൾക്കും ഗ്രീപ്പുകൾക്കും ആവശ്യമായ സാമ്പത്തിക സഹായമോ മാർഗനിർദ്ദേശങ്ങളോ നൽകാൻ പഞ്ചായത്തുതലത്തിൽ യൊതൊരു സംവിധാനവുമില്ല. ഈ സ്ഥിതി മാറ്റുന്ന തിനുവേണ്ടി ഒരു വ്യവസായ വികസനം സഹ: സംഘം സ്ഥാപിക്കേണ്ടതാണ്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായ സഹകരണങ്ങൾ പ്രസ്തുത സംഘത്തിന്ന് ലഭ്യമാക്കണം.

### നിർദ്ദശങ്ങൾ

1. മുഴുവൻ വ്യവസായ സംരംഭകരുടെയും വിവരങ്ങൾ ശേഖരിച്ച് അവരെ അംഗങ്ങളാക്കി സംഘം രൂപീകരിക്കണം.

2. ഓഹിരനിക്ഷേപത്തിലൂടെയും സർക്കാർ ധനസഹായത്തിലൂടെയും ചെറുകിട വ്യവസായങ്ങളിൽ മുതൽ മുടക്കാൻ താത്പര്യമുള്ള ഗൾഫ്കാരിൽ നിന്ന് നിക്ഷേപം സ്വീകരിച്ചും പ്രവർത്തന മൂലധനം സംഭരിക്കണം.

3. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ വ്യവസായ സംരംഭത്വപരിശീലന ക്ലാസുകൽ നടത്തണം.

4. പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള വിഭവങ്ങളുടെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കായിരിക്കണം പ്രാമുഖ്യം നൽകേണ്ടത്

5. വ്യവസായ സംരഭകർക്കാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി അവിടങ്ങളിൽ Industrial Estate അതോ Indudstrial Developement area യോ സ്ഥാപിക്കേണ്ടതാണ്.

6. വനിതാ വ്യവസായ സംരംഭകരെ കുടുതൽ പ്രോത്സാഹിപ്പിക്കണം

7. ലൈസൻസ് രാജ് അവസാനിപ്പിക്കണം.

## IV. പട്ടികജാതി സഹ: സംഘം

ചിക്കോട് പഞ്ചായത്തിൽ വിളയിൽ കേന്ദ്രീകരിചച് ഒരു പട്ടികജാതി സഹ: സംഘം നിലവിലുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കണം.

1. സഹകരണ രംഗത്ത് അറിവും പരിചയമുള്ള ശക്തമായ ഒരു ഭരണസമിതിയെ തെരെഞ്ഞെടുക്കണം.

2. പഞ്ചായത്തിലെ 40 ഹരിജൻ കോളനികളെയും പ്രവർത്തന പരിധിയിൽ കൊണ്ടുവരികയും മുഴുവൻ

ഹരിജൻനങ്ങളെയും അംഗങ്ങളാക്കുകയും വേണം.

3. സർക്കാർ ഹരിജനങ്ങൾക്കുവേണ്ടി വിവിധ മേഖലകളിൽ നടപ്പാക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ സംഘം മുഖേന വിതരണം ചെയ്യുകയും അതു ഗുണഭോക്താക്കൾക്ക് ലഭിക്കണം എന്ന് ഉറപ്പുവരുത്തുകയും വേണം.

## V. ഭവന നിർമ്മാണ സഹ: സംഘം

ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം അതി രൂക്ഷമാണ്. ഓരോ വാർഡിലും വാസയോഗ്യമായ വീടില്ലാത്ത നിരവധി കുടുംങ്ങളുണ്ട്. ഇവരുടെ പാർപ്പിട പ്രശ്നം അടിയന്തിരമായി പരിഹരിക്കപ്പെടുന്നതിന് ഈ രംഗത്ത് ശ്രദ്ധ ചെലുത്തുന്ന ഒരു സഹകരണ സ്ഥാപനം അത്യന്താപേക്ഷിതമാണ്.

1. സ്വന്തമായി വീടില്ലാത്തവരുടെ ഒരു പട്ടിക മുൻഗണനാക്രമത്തിൽ വാർഡടിസ്ഥാനത്തിൽ രൂപീകരക്കണം.

2. കഴിവും പ്രാപ്തിയുമുള്ള ഒരു പ്രമോട്ടറെ മേൽനോട്ടം ഏൽപിക്കണം.

3. ഭവനനിർമാണ മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഈ സംഘങ്ങളിലൂടെ പ്രാവർത്തിക്മാക്കണം (ലഭ്യമാക്കണം)

4. വായ്പാഗഡുക്കൾ ഗുണഭോക്താവിന് യഥാസമയത്ത് ലഭ്യമാക്കണം.

5. വായ്പ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുകയും വ്യവസ്ഥകൾ കൂടുതൽ സുതാര്യവും ലളിതവുമാകണം.

6. ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ പ്രയോഗിക്കണം

7. നിർമ്മാണ സാമഗ്രികൾ വില കുറച്ച് സംഘത്തിലൂടെ ലഭ്യമാക്കണം.

## VI ആർട്ടിസാൻസ് ക്ഷേമ: സഹ: സംഘം

മരപ്പണി, സ്വർണ്ണപ്പണി, ഇരുമ്പുപണി, ഓട്ടുപാത്രം നിർമ്മാണം എന്നീ പരമ്പരാഗതതൊഴിലുമായി ബന്ധപ്പെട്ടു ജീവിക്കുന്ന നിരവധി കുടുംബങ്ങ ` ഈ പഞ്ചായത്തിലുണ്ട്. അവരുടെ സാമ്പത്തിക ε.ചിതത്തിൽ പുരോഗതി കൈവരുക്കുന്നതിനായി ഈ മേഖലയിൽ സഹകരണസംഘം സ്ഥാപിക്കണം.

1. പഞ്ചായത്തിലെ മുഴുവൻ ആർട്ടിസാൻ കുടുംബങ്ങളെയും സംഘത്തിൽ അംഗങ്ങളാക്കി ഓഹരി മൂലധന സംഭരിക്കണം. സംഘത്തിന്റെ പ്രവർത്തന മേൽനോട്ടം ഒരു ചീഫ് പ്രമോട്ടറെ എൽപിക്കണം.

2. സർക്കാർ, ആർട്ടിസാൻസ് വികസന കോർപ്പറേഷൻ എന്നിവയിൽ നിന്ന് പലിശ രഹിത ഗ്രാന്റായി പ്രവർത്തനമൂലധനം സംഭരിക്കണം.

3. പുതിയ പണിശാലകൾ തുടങ്ങുന്നതിനും യന്ത്ര സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും ധന സഹായം ലഭ്യമാക്കണം.

4. പഞ്ചായത്തു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ സാധ്യതയുള്ളവയിൽ സംഘത്തിന്റെ സേവനം ലഭ്യമാക്കണം.

## VII കോഴി വളർത്തു സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതയുള്ള ഒന്നാണ് ഇത്തരമൊരു സംഘം. നമ്മുടെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഇറച്ചി, മുട്ട എന്നിവയുടെ ഉപഭോഗം മൂലം മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഇത് തടയുന്നതോടപ്പം ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനം സാധ്യതയുണ്ട്. അതിനായി ഒരു കോഴി വളർത്തുന്ന സഹകരണസംഘം രൂപീകരിക്കണം. സംഘത്തിന്റെ മേൽനോട്ടത്തിൽ ഒരു "മദർ യൂണിറ്റ്" ആരംഭിച്ച് കോഴിക്കുഞ്ഞുങ്ങളെയും കോഴിത്തീറ്റയും ലഭ്യമാക്കണം. കോഴി രോഗങ്ങൾക്കു ചികിത്സ ലഭ്യമാക്കാൻ മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കുണം. കോഴി, മുട്ട എന്നിവ സംഘം നേരിട്ട് സംഭരിച്ച് കർഷകർക്ക് പരമാവധി വില ലഭ്യമാക്കണം.

## VIII ഉപഭോകൃത സഹകരണസംഘങ്ങൾ

ചിലസ്കുൾ സഹകരണസംഘങ്ങൾ ഒഴിച്ച് ചീക്കോട് പഞ്ചായത്തിൽ ഒരു ഉപഭോകൃത സംഘവും പ്രവർത്തിക്കുന്നില്ല. ഓനാനൂർ GVHS. കോംപ്ലക്സ് സഹ: സംഘം, GUPS ചീക്കോട്, സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാഠ പുസ്തക വിതരണം മാത്രമാണ് ഇവയുടെ ഇന്നത്തെ പ്രവർത്തനം.

**നിർദ്ദേശങ്ങൾ**

1. പൊതു വിതരണം ശക്തിപ്പെടുത്താൻ പഞ്ചായത്തിലെ ഓരോ വില്ലേജും പ്രവർത്തന പരിധിയായി ഓരോ ഉപഭോകൃത സംഘം സ്ഥാപിക്കണം.

2. നിത്യോപയോഗ സാധനങ്ങളും മറ്റു വീട്ടാവശ്യസാധനങ്ങളും ഈ സംഘങ്ങളിൽ ലഭ്യമാക്കണം.

3. സ്കൂൾ സഹ: സംഘങ്ങളുടെ പ്രവർത്തനം വിപുലമാക്കണം. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ. ബാഗുകൾ, കട മറ്റു പഠനോപകരണങ്ങൾ എന്നിവ സംഘങ്ങളിൽ ലഭ്യമാക്കണം.

4. മുഴുവൻ വിദ്യാർത്ഥികളെയും അധ്യാപരെയും സംഘങ്ങളിൽ അംഗങ്ങളാക്കി ചേർക്കണം.

## IX വനിതാ സഹകരണ സംഘങ്ങൾ

വനിതാകൾക്ക് പ്രാമുഖ്യമുള്ള ഒരു സഹ: സംഘം സ്ഥാപിച്ച അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ടതാണ്. ഇതിന്റെ കീഴിൽ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകേണ്ടതും ബാഗ് നിർമ്മാണം, അച്ചാർ കറിപൗഡർ, പായനെയ്ത്ത്. മെഴുകുതിരി നിർമ്മാണം എന്നിവ ആരംഭിക്കേണ്ടതാണ്.

## X കാർഷിക വികസന സഹകരണസംഘം

ചീക്കോട് പഞ്ചായത്തിലെ മുഖ്യകാർഷിക വിളകളായ തെങ്ങ് കവുങ്ങ്, റബ്ബർ, കുരുമുളക് എന്നിവയുടെ വികസനത്തിന്ന് ഒരു സഹകരണസംഘം സ്ഥാപിക്കണം ഇതിന്റെ കീഴിൽ വിവിധ യൂണിറ്റുകൾ തുടങ്ങി കർഷകരെ സഹായിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള ഒരു ആശുപത്രിയും നിലവിലില്ല. സഹകരണ പ്രസ്ഥാനത്തിന്ന് ഈ മേഖലയിൽ പലതും ചെയ്യുവാൻ കഴിയും അതിനായി

ഒരു പഞ്ചായത്ത് സഹകരണ ആശുപത്രി ആരംഭിക്കേണ്ടതാണ്.

മോട്ടോർ തൊഴിലാളികൾ ഉൾപ്പെടെ പഞ്ചായത്തിൽ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിന് ഒരു തൊഴിലാളി സഹ: സംഘം സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്.

## തൊഴിൽ സാധ്യതകൾ

നിലവിലുള്ള സംഘങ്ങളിൽ 5 പുതിയ തസ്തികകൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഉണ്ടാകും.

നിർദ്ദേശിക്കപ്പെട്ട ക്ഷീരോൽപ്പാദകസംഘങ്ങൾ വഴി പ്രത്യക്ഷമായി 10 പേർക്കും മറ്റു അനുബന്ധ പ്രവർത്തനങ്ങളിലൂടെ 250 പേർക്കുംതൊഴിൽ ലഭിക്കും. കൂടുതൽ കറവമാടുകളെ സംഘം വഴി വിതരണം ചെയ്ത് സംഘത്തിന്റെയും അംഗങ്ങളുടെയും വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്.

ചെറുകിട കുടിൽ വ്യവസായ സഹ: സംഘം വഴി 5 പേർക്ക് നേരിട്ടും 20 പേർക്ക് പ്രത്യേകമായും തൊഴിൽ ലഭിക്കും സംഘത്തിന്റെ കീഴിൽ ആരംഭിക്കാവുന്ന വ്യവസായ യൂണിറ്റുകൾ 500 പേർക്കെങ്കിലും തൊഴിൽ സാധ്യതയുണ്ട്.

മറ്റു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭവന നിർമ്മാമ സഹ: സംഘം, ആർട്ടിസാൻസ് സഹ: സംഘം, കോഴി വളർത്തു സഹ: സംഘം ഉപഭോക്തൃ സഹ: സംഘം, വനിതാ സഹ സംഘം കാർഷിക വികസന സഹ സംഘം, തൊഴിലാളി സഹ സംഘം എന്നിവ പ്രവർത്തനം തുടങ്ങുമ്പോൾ 25 പേർക്ക് നേരിട്ടും ഉദ്ദേശം 1000 പേർക്ക് അനുബന്ധമായും തൊഴിൽ ലഭിക്കുന്നതാണ്.

ഇത്രയും സഹകരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി നടത്തികൊണ്ടുപോകുന്നതിന് ആസൂത്രിതമായ സംവിധാനം വേണം. അതിനായി പഞ്ചായത്തിലെ സഹകാരികളെ ഉൾപ്പെടുത്തി ഒരു '' സഹകരണ ഉപദേശക സമിതി'' രൂപീകരിച്ച് സംഘങ്ങൾക്കാവശ്യമായ നിർദ്ദശങ്ങൾ നൽകേണ്ടതും, സംഘങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തി സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കണം.

സകഹകരണ പ്രവർത്തനം കാര്യക്ഷമമാക്കാൻ വിവധ മേഖലകളിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം നേടുന്നതിനും പഞ്ചായത്തിൽ മൊത്തം ഏകദേശം 7 കോടി രൂപയുടെ മുതൽ മുടക്ക് ആവശ്യമാണ്. അതു വഴി 650 പേർക്ക് പ്രത്യക്ഷമായും 1000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും അങ്ങനെ ചീക്കോട് പഞ്ചായത്തിലെ 6791 കുടുംബങ്ങൾക്ക് സാമ്പത്തിക പുരോഗതിയും ഉണ്ടാകുന്നതാണ്.

ഭാരതത്തിന്റെ ഹൃദയത്തുടിപ്പുകൾ ഗ്രാമങ്ങളിലാണെന്ന് മനസ്സിലാക്കിയമഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കാരത്തിനു വേണ്ടി ജനകീയാസൂത്രണത്തിലൂടെ നടത്തുന്ന പ്രയത്നത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് നിസ്തുലമായ പങ്ക് വഹിക്കാനുണ്ട്.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ പട്ടികജാതി വിഭാഗം ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലും പൂർണ്ണമായി എത്തിയ ഒരു കോളനി പോലും പഞ്ചായത്തിൽ ഇല്ല. മലപ്പുറം ജില്ലയിൽ തന്നെ ഏറ്റവും അധികം പട്ടികജാതി കോളനികൾ ഉള്ള ഒരു പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത്.

35 അംഗീകൃത കോളനികളും അംഗീകാരത്തിന് സമർപ്പിച്ച 3 കോളനികളും 10 ഓളം സെറ്റിൽമെന്റുകളി (കോളനിയായി അംഗീകാരം ലഭിക്കാത്തത്) ലും കൂടി പഞ്ചായത്തിൽ ഏകദേശം 1050 കുടുംബങ്ങൾ ഉള്ളതായി കണക്കാക്കുന്നു. 91ലെ സെൻസസ് പ്രകാരം 2347 പുരുഷന്മാരും 2407 സ്ത്രീകളും അടക്കം 4754 അംഗങ്ങൾ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബമെയുള്ളൂ.

വിദ്യാഭ്യാസ സാമൂഹിക മേഖലയിൽ കാര്യമായ നേട്ടങ്ങൾ ഒന്നും തന്നെയില്ല. സാമൂഹികവും സാമ്പത്തികവും ആയി ഈ വിഭാഗം വളരെയധികം അടിച്ചമർത്തപ്പെട്ടിരുന്നു. ഭൂപരിഷ്കരണ നിയമവും അതുവഴി നിലവിൽ വന്ന കുടികിടപ്പാവകാശവും ഒരു പരിധി വരെ ഈ വിഭാഗത്തിന് സാമൂഹികമായ പുരോഗതി കൈ വരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ നിലവുലുണ്ടായിരുന്ന ഉചനീചത്വങ്ങൾ ഒരു പരിധി വരെ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നില്ല.

പഞ്ചായത്ത് ഭരണം നിലവിൽ വന്നശേഷം ഈ വിഭാഗങ്ങൾക്കിടയിൽ നിന്ന് ആദ്യമായി മെമ്പറായത് മുതുവല്ലൂർ സ്വദേശി ശ്രീ നരിക്കോടൻ കണ്ണൻകുട്ടി എന്നയാളാണ്. നിലവിൽ ഒരു ബ്ലോക്ക് പഞ്ചായത്ത് മെമ്പറും 2 പഞ്ചായത്ത് മെമ്പർമാരും ഈ വിഭാഗത്തിൽ ഉണ്ട്. പൊതുപരിപാടികളിൽ ഈ വിഭാഗത്തിന്റെ നാമമാത്രമായ പങ്കാളിത്തം മാത്രമേ ഉള്ളൂ.

പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ. പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും, ഗുണഭോക്താക്കൾക്ക് പദ്ധതിയെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതിനാലും നടപ്പിലാക്കിയ ഒരു പദ്ധയിയും ഇന്നേവരെ ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് വേണ്ട രീതിയിൽ പ്രയോജനപ്പെട്ടിട്ടില്ല. കൂടാതെ കേരളത്തിലെ തന്നെ ഏറ്റവും വിസ്തൃതിയേറിയ പഞ്ചായത്തിൽ പട്ടിക ജാതി ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വളരെ പരിമിതമാണ്. ഇത് നേരെ ഇരട്ടിയെങ്കിലുമാക്കിയാലെ എന്തെങ്കിലും മാറ്റമുണ്ടാക്കാൻ കഴിയൂ. പഞ്ചായത്തിലെ കോളനികളുടെ വിവരം പട്ടിക-1 ൽ ചേർക്കുന്നു.

### വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിന് പറയത്തക്ക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗങ്ങൾക്കിടയിൽ നിരക്ഷരർ അനേകമുണ്ട്. SSLC ക്ക് ശേഷം ഉപരിപഠനം നടത്തുന്നവർ വളരെ വിരളമാണ്. ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതിക്കാർ ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നതാണ്. രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും സാമ്പത്തിക പരാധീനതകളുമാണ് വിദ്യാഭ്യാസരംഗത്തെ പുറകോട്ടടിക്കുള്ള മുഖ്യകാരണം. 1996-97 വർഷത്തിൽ LP, UP, HS എന്നിവയിലായി 1172 കുട്ടികളാണ് പഠനം നടത്തുന്നത്.

LP സ്കൂൾ - 291, UP സ്കൂൾ - 582, ഹൈസ്കൂൾ - 299 ആകെ - 1172.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് ഈ വിഭാഗങ്ങൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണവും SSLC പരാജയപ്പെടുന്ന മുഴുവൻ പട്ടികജാതി കുട്ടികൾക്കും പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം നൽകിയും ഈ വിഭാഗങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

### തൊഴിൽ രംഗം

കാർഷിക മേഖലയാണ് പട്ടിക വിഭാഗങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗം. കാർഷിക മേഖലയിൽ അവരുടെ തൊഴിൽ നഷ്ടപ്പെടുത്തുകയും അവർ മറ്റ് മേഖലകൾ തേടാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. നിർമ്മാണ

മേഖലയിലാണ് ഇവർ ചേക്കേറുന്നത്. ഈ മേഖലയിൽ പുരുഷന് ശരാശി 100 രൂപയും സ്ത്രീക്ക് 65 രൂപയും കൂലി ലഭിക്കുന്നുണ്ട്. പുതിയ തലമുറയിലെ വളരെ കുറച്ച് ആളുകൾ നിർമ്മാണ രംഗത്ത് കടന്നു വരുന്നു എന്നതൊഴിച്ചാൽ ഭൂരിഭാഗം ചെറുപ്പക്കാരും കൂലിപ്പണി മോശമാണെന്ന കാഴ്ച്ചപ്പാടിൽ നഷ്ക്രിയരായി നിൽക്കുന്നു. കൃഷിപ്പണിക്കാരായ ചെറുപ്പക്കാരെ പല സ്ഥലങ്ങളിലും കാണാൻ തന്നെ പ്രയാസമാണ്. കൂലിവേല ചെയ്ത് മാത്രം ഉപജീവനം നടത്തുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പ് വരുത്താനും കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞ് വരുന്നതിനാൽ ഈ വിഭാഗങ്ങളുടെ തൊഴിൽ സംരക്ഷണത്തിന് മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

കുത്തനെയുള്ള പ്രദേശങ്ങളിലാണ് കോളനികൾ നിൽക്കുന്നത് എന്നതിനാൽ തന്നെ മണ്ണൊലിപ്പ് തടയാൻ കഴിയാത്തതുകൊണ്ട് ഉള്ള സ്ഥലങ്ങളിൽ തന്നെ കൃഷികൾ നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

### പാർപ്പിടം.

പാർപ്പിട പ്രശ്നമാണ് പഞ്ചായത്തിലെ പട്ടിക വിഭാഗങ്ങളുടെ ഏറ്റവും വലിയ പ്രശ്നം. പഞ്ചായത്തിൽ 500ൽ അധികം കുടുംബങ്ങൾ ചോർന്നൊലിക്കാത്ത വീടില്ല എന്നതാണ് ഗ്രാമസഭ റിപ്പോർട്ടുകളും വാർഡ് മെമ്പർമാരുടെ കണക്കുകളും കാണിക്കുന്നത്. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകേണ്ടതുണ്ട്. സ്ഥലം സ്വന്തമായി ഇല്ലാത്തതിനാൽ വൂടുവെക്കാൻ കഴിയാത്തവരും പഞ്ചായത്തിൽ ഉണ്ട്. 70% വീടുകൾക്ക് നിലവിൽ കക്കൂസ് ഇല്ല. പട്ടികജാതി വികസന കോർപറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ വളരെ ചെറിയ തോതിൽ മാത്രമേ ഈ പഞ്ചായത്തിൽ നടന്നിട്ടുള്ളൂ. ലോൺ എടുത്തവർ തന്നെ കോർപറേഷന്റെ കടുത്ത നിബന്ധനകളാൽ ഏറെ പ്രയാസപ്പെടുന്നു. ഭൂമിയുടെ രേഖകളും ആഫീസിൽ അകപ്പെട്ടതിനാൽ ഇവർക്ക് മറ്റ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു. കോർപറേഷന്റെ നിബന്ധനകൾ ലളിതമാക്കി മുഴുവൻ വീടില്ലാത്തവർക്കും അത് ലഭ്യമാക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് തലത്തിൽ ഉണ്ടാവേണ്ടതുണ്ട്.

വീടുനിർമ്മാണത്തിന് അനുവദിക്കുന്ന ഗ്രാന്റ് അപര്യാപ്തമായതിനാലും കോളനികളിലേക്ക് ഗതാഗത സൗകര്യമില്ലാത്തതിനാൽ സാമഗ്രികൾ എത്തിക്കാൻ വലിയ ബാധ്യതകൾ വരുന്നതിനാലും പല വീടുകളും പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

വീടുവെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും അനുവദിക്കുകയും വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുകൾ അനുവദിച്ചും നിലവിലുള്ള ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിച്ചും കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് അനുവദിച്ചു കൊണ്ടും ഈ വിഭാഗത്തിന്റെ ഏറ്റവും വലിയ അടിസ്ഥാന പ്രശ്നത്തിന് സത്വര പരിഹാരം ഉണ്ടാവേണ്ടതാണ്.

പഞ്ചായത്തിൽ ചുള്ളിക്കോട് ഓമാനൂർ, വെട്ടുപാറ തടപ്പറമ്പ് എന്നിവിടങ്ങളിൽ ലക്ഷംവീട് കോളനികൾ ഉണ്ടെങ്കിലും ഓമാനൂർ നടപ്പറമ്പ് വെട്ടുപാറ ലക്ഷം വീട്ടിൽ മാത്രമേ ഹരിജനങ്ങൾ താമസിക്കുന്നുള്ളൂ. ചുള്ളിക്കോട് ലക്ഷം വീടിനോട് ചേർന്ന് 70 സെന്റ് പുറംപോക്ക് ഭൂമിയുണ്ട്. ഇത് അർഹതപ്പെട്ട പട്ടികജാതിക്കാർക്ക് (സ്ഥലമില്ലാത്ത) വീതിച്ച് കൊടുക്കേണ്ടതാണ്. വീട്, കക്കൂസ്, തുടങ്ങിയ കോനികളിലെ വിവരങ്ങൾ പട്ടിക-2 ൽ കാണുക.

പഞ്ചായത്തിൽ ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘമുണ്ട്. ചീക്കോട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം M 436. 428 മെമ്പർമാരാണ് സംഘത്തിനുള്ളത്. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും പ്രയോജനപ്പെടുമാറ് സംഘത്തിന്റെ പ്രവർത്തനം ഉയർത്തികൊണ്ടു വരികയും ആയതിനുള്ള എല്ലാ സഹായവും ഗവൺമെന്റ് ചെയ്യേണ്ടതുമാണ്.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈരിച്ചിട്ടില്ല. നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞ് പോകുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞ് വരുന്നു. കാർഷിക മേഖലയിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞ് പോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞ് വരുന്നു. ജീവിതം ദുരിതപൂർണ്ണം.

3. എല്ലാവർക്കും സ്വന്തമായി വീടില്ല, കക്കൂസ് ഇല്ല, വീടുവെക്കാൻ സ്ഥലമില്ല.

4. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ഇല്ല.

5. കോളനികളിലേക്ക് ഗതാഗതയോഗ്യമായ റോഡുകൾ ഇല്ല.

6. പൊതു ശ്മശാനം ഇല്ല.

7. ആരോഗ്യ സംരക്ഷണ സംവിധാനം ഇല്ല.

8. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

9. IRDP യും മറ്റ് പദ്ധതികളും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസന വകുപ്പും വികസന കോർപറേഷനും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന സ്വയം തൊഴിൽ സംരംഭങ്ങളും മറ്റും ലക്ഷ്യം നേടുന്നില്ല.

11. നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമല്ല. നിബന്ധനകൾ ലളിതമല്ല. ഗുണഭോക്താക്കൾക്ക് വേണ്ട ബോധമില്ല.

12. കടക്കെണിയിൽ പെട്ട് പോവുന്നു.

### സാദ്ധ്യതകൾ

പഞ്ചായത്തിൽ കോട്ടപ്പറമ്പ്, തുളിശ്ശേരി, മാനീരി, ഏലാതൊടി മുക്കണ്ണൻ ചോല, ചെറിയതടപ്പറമ്പ്, മേത്തലയിൽ , പള്ളിപ്പുറായ്, പാലാപറമ്പ് എന്നീ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. തിരുവാച്ചോല, മൈലമ്പ്ര, ചെറുതടം തലോളിൽ പുറായ് കോളനി വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി കാത്തു നിൽക്കുകയാണ്. പഞ്ചായത്തിൽ പള്ളിക്കുന്ന് കോളനിയിൽ മാത്രമേ കുടിവെള്ളത്തിന് ടാപ്പുകൾ ഉള്ളൂ. മറ്റ് കോളനികളിലും ഇത് വ്യാപിപ്പിക്കേണ്ടതാണ്. പാലാപറമ്പ് കോളനി കേന്ദ്രീകരിച്ച് X, XI, XII വാർഡുകൾക്ക് പ്രയോജനപ്പെടുന്ന മിനി ജലസേചന പദ്ധതി രൂപപ്പെടുത്തി എടുക്കാവുന്നതാണ്. പഞ്ചായത്തും ബ്ലോക്കും വിവിധ പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും വേനൽക്കാലമാവുന്നതോടുകൂടി അവ ഉപയോഗ ശൂന്യമാവുകയാണ്. മുഴുവൻ കോളനികളിലും സെറ്റിൽമെന്റുകളിലും കുഴൽ കിണറുകളോ പഞ്ചായത്തു കിണറുകളോ കുഴിച്ച് കുടിവെള്ള ക്ഷാമം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

കോളനികളിലേക്കുള്ള റോഡുകൾ ഒന്നുംതന്നെ ഗതാഗത യോഗ്യമല്ല. കോളനി റോഡുകൾ അടിയന്തിരമായി ഗതാഗത യോഗ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലെ ഒരു കോളനിയിലും നിലവിൽ അംഗൻവാടി ഇല്ല. മുഴുവൻ കോളനികളും കേന്ദ്രീകരിച്ച് അംഗൻവാടി സ്ഥാപിക്കാവുന്നതാണ്.

3 IHDP കോളനികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പിന്റെ കർമ്മപദ്ധതി (Action plan) കാര്യക്ഷമമായി നടപ്പിലാവുന്നുണ്ടോ എന്ന് ഗവൺമെന്റ് അവലോകനം നടത്തേണ്ടതാണ്. വിശാലമായ പഞ്ചായത്തിന് IHDP കോളനികൾ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേക പരിഗണന ആവശ്യമാണ്. എങ്കിൽ ഈ വിഭാഗത്തിന് ഇത് ഏറെ പ്രയോജനപ്പെടും.

കോളനികൾ കയ്യാല കെട്ടിസംരക്ഷിച്ചാൽ കാർഷികരംഗത്ത് ഈ വിഭാഗങ്ങൾക്കിടയിൽ മാറ്റങ്ങൾ വരുത്താൻ കഴിയും.

ക്ഷേമപദ്ധതികളെപ്പറ്റി അറിവുണ്ടാകാൻ വേണ്ട ബോധവൽക്കരണം അത്യാവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കണമെങ്കിൽ നിബന്ധന ലളിതമാക്കണം.

പട്ടികജാതി വികസന വകുപ്പും പട്ടികജാതി വികസന കോർപറേഷനും നടപ്പിലാക്കുന്ന പദ്ധതികൾ ഫലപ്രദമാവണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ ലളിതമാക്കേണ്ടതാണ്. ലളിതമായ വ്യവസ്ഥകളിലൂടെ മാത്രമേ വായ്പകളും ധനസഹായങ്ങളും മറ്റും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ.

പട്ടികജാതി കോളനികളിലെ റോഡ്, വൈദ്യുതി, കുടിവെള്ളം, അംഗൻവാടി, കക്കൂസ് തുടങ്ങിയവയുടെ വിവരങ്ങൾ പട്ടിക - 3ലും പഞ്ചായത്തിൽ ഓരോ വാർഡും തിരിച്ച് ആവശ്യമുള്ള വീടുകളുടെയും കക്കൂസുകളുടെയും വിവരങ്ങൾ പട്ടിക 4ലും ചേർക്കുന്നു.

പട്ടികജാതി ക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദേശങ്ങൾ.

കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

കോളനികൾ കയ്യാലകെട്ടി മണ്ണൊലിപ്പ് തടയുക.

പായനെയ്ത്ത്, മെറ്റൽ യൂണിറ്റ്, തയ്യൽ യുണിറ്റുകൾ തുയങ്ങിയവ വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് തൊഴിവ് മേഖല സംരക്ഷിക്കുക.

പട്ടികജാതിയിലെ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുക. വ്യവസായ പരിശീലനം നൽകി പരിശീലനം ലഭിച്ചവർക്ക് സംരംഭങ്ങൾ തുടങ്ങാനാവശ്യമായ ധനസഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.

കോളനികളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ എടുക്കുക.

കോളനികളിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

കോളനികൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ

സ്ഥാപിക്കുക.

പട്ടികജാതി വികസന കോർപറേഷനും വികസന വകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന സ്വയംതൊഴിൽ വാസ്പകളും മറ്റും ലഘൂക രിക്കുകയും പെട്ടെന്ന് ലഭ്യമാകാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക.

നിലവിലുള്ള ചീക്കോട് പഞ്ചായത്ത് പട്ടികജാതി ലർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലമാക്കാനാവശ്യമായ ഗവൺമെന്റ് ധനസഹായം ലഭ്യമാക്കുക.

പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവ സ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം നൽകുകയും ചെയ്യുക.

കൃഷിഭവൻ കോളനികളിൽ നടപ്പിലാക്കുന്ന പദ്ധ തികൾ കാർഷിക വികസനവും പട്ടികജാതി ക്ഷേമവും മുൻനിർത്തി നടപ്പിലാക്കുകയും ശരിയായി വിനിയോ ഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

ഭവനനിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കുക. പഞ്ചായ ത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്ന ഭവന ഗ്രാന്റ് ഇര ട്ടിയെങ്കിലും ആക്കുക.

എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിര ഞ്ഞെടുക്കാനുള്ള അവകാശം പഞ്ചായത്ത് ഭരണ സമി തിക്ക് നൽകി, പദ്ധതി കാര്യക്ഷമമായി നടപ്പിലാവു ന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക.

ലക്ഷം വീട്ടിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ചുള്ളിക്കോട് ലക്ഷം വീടിനോടനുബന്ധിച്ചുള്ള 70 സെന്റ് ഭൂമി അർഹതപ്പെട്ട പട്ടികജാതിക്കാർക്ക് വിത രണം ചെയ്യുക.

വീട് പുതുക്കി പണിയാനും അറ്റകുറ്റപണികൾ നട ത്താനും അടിയന്തിര സഹായം അനുവദിക്കുക.

പാലാപറമ്പ് കോളനിയിലും തിരുവാലിൽ പാടത്തും ഓരോ കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. ഇത് ഉപയോഗശൂ ന്യമായി കിടക്കുന്നു. ഈ രണ്ട് കിണറുകളും റിപ്പയർ നടത്തി പാലാപറമ്പിലോ ഉദരാണി മലയിലോ ടാങ്ക് സ്ഥാപിച്ച് 10,11,12 വാർഡുകളിലും 15-ാം വാർഡിന്റെ കുറച്ച് ഭാഗത്തും കുടിവെള്ളമെത്തിക്കുക.

ഭവനനിർമ്മാണ ലോണുകളും IRDP ലോണുകളും മറ്റ് ധനസഹായങ്ങളും വാങ്ങി തിരിച്ചടക്കാൻ കഴി യാതെ ജപ്തി നടപടി നേരിടുന്ന പാവപ്പെട്ട പട്ടികജാ തിക്കാരുടെ കടം എഴുതി തള്ളാനുള്ള നടപടികൾ സ്വീകരിക്കുക.

ഹരിജൻ കോളനികളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക. ടി.വി. സെറ്റ് സ്ഥാപിക്കുക.

**പട്ടിക-1**

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ | അംഗങ്ങൾ |
|---|---|---|---|---|
| 1 | 8 | മുട്ടിക്കലൊടി | 11 | 59 |
| 2 | xi | തിരുവഞ്ചോല IHDP | 41 | 161 |
| 3 | 1 | പള്ളിക്കുത്ത് | 27 | 117 |
| 4 | XV | മേച്ചീരി | 11 | 51 |
| 5 | XI | വലിയമ്മീരിപുറായ് | 13 | 40 |
| 6 | I | കാളക്കണ്ടി | 16 | 94 |
| 7 | V | നടുലവീട്ടിൽ | 13 | 40 |
| 8 | XII | ചൂരപ്ര | 14 | 58 |
| 9 | IV | പരതക്കാട്ട് | 14 | 58 |
| 10 | XIV | മേത്തലയിൽ | 29 | 149 |
| 11 | I | കോട്ടപ്പറമ്പ് | 29 | 149 |
| 12 | XIII | തുളിശ്ശേരി | 16 | 72 |
| 13 | IV | മുച്ചിക്കൽ | 17 | 90 |
| 14 | | മുക്കണ്ണൻചോല | 40 | 204 |

| | | | | |
|---|---|---|---|---|
| 15 | | മാനീരി | 26 | 143 |
| 16. | XI | ചോലകുന്ന് വിളയാൽ | 11 | 56 |
| 17 | X | കുഞ്ഞുമണ്ണിൽ | 10 | 45 |
| 18 | IV | എരുമത്തടം | 13 | 70 |
| 19 | XIII | പള്ളിക്കുന്നത്ത് | 24 | 132 |
| 20 | II | ചെറിയതടപ്പറമ്പ് IHDP | 66 | 358 |
| 21 | XI | പാലാപറമ്പ് IHDP | 34 | 164 |
| 22 | VI | നീണ്ടപ്പാറ | 42 | 196 |
| 23 | VII | കൊളബലം | 12 | 62 |
| 24 | XII | കാനക്കോട് | 12 | 58 |
| 25 | IX | എലാതൊടി | 19 | 92 |
| 26 | IX | ചോലയിൽപുറായ് | 13 | 63 |
| 27 | X | അവിനങ്ങാട്ടുചാലിൽ | 11 | 47 |
| 28 | V | പള്ളിപുറായ് | 28 | 138 |
| 29 | VII | കാടകൊപ്പറമ്പിൽ | 15 | 72 |
| 30 | VIII | ചുളികാലകണ്ടി | 10 | 52 |
| 31 | XV | തലോളിൽപ്പുറായ് | 10 | 50 |
| 32 | VII | പുളിയാരംകുന്ന് | 11 | 60 |
| 33 | | മണ്ണാറക്കൽ | 11 | 52 |
| 32 | II | മൈലാപ്ര | 15 | 83 |
| 35 | iV | കോഴിക്കോടൻമൂചി | 16 | 63 |

**അംഗീകാരത്തിന് സമർപ്പിച്ചത്**

| | |
|---|---|
| 1 | മാടശ്ശ്രി |
| 2 | പാതിരിക്കച്ചാൽ |
| 3 | ചെറുതടം |

**പട്ടിക 2**

| ക്രമ നമ്പർ | കോളനിയുടെ പേര് | ആകെ വീട് | ഓട് | ഓല | കക്കൂസ് ഉള്ളവർ | വീട് ആവശ്യമുള്ളവർ | കക്കൂസ് ആവശ്യമുള്ളവർ |
|---|---|---|---|---|---|---|---|
| 1 | തീണ്ടാപ്പാറ | 40 | | | 20 | 10 | 20 |
| 2 | കൊളംബലം | 12 | | | | | |
| 3 | കാനക്കോട് | 12 | | | | | |
| 4 | ഏലാതൊടി | 19 | | | 9 | 10 | 10 |
| 5 | ചോലയിൽപുറായ് | 13 | | | | 7 | 7 |
| 6 | അമിനങ്ങാട്ടുചാലിൽ | 11 | 2 | | | 19 | 18 |
| 7 | പള്ളിപുറായ് | 29 | " | | | 18 | 19 |
| 8 | കിഴക്കേപറമ്പ് | 15 | | | | | |
| 9 | പൂളിക്കലകണ്ടി | 31 | | | | 20 | 25 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | തിരവാച്ചോല IHDP | 41 | വീട്പണികൾ നടക്കുന്നു | | | 8 | 8 |
| 11 | പള്ളിക്കുത്ത് | 27 | 2 | 23 | | 23 | 23 |
| 12 | വലിയംഞ്ചീരിപുറായ് | 13 | 8 | 5 | | 5 | 11 |
| 13 | മേഞ്ചീരി | 16 | 8 | 8 | | 8 | 16 |
| 14 | കാളക്കണ്ടി | 16 | 8 | 8 | 8 | 8 | 8 |
| 15 | നടുംവീട്ടിൽ | 13 | | | | 8 | 10 |
| 16 | ചൂരപ്ര | 16 | 3 | 13 | 1 | 13 | 15 |
| 17 | പരതക്കാട് | 20 | 10 | 10 | 5 | 10 | 15 |
| 18 | മേത്തലയിൽ | 19 | | | | 10 | 8 |
| 19 | മുട്ടിക്കലോടി | 11 | 6 | 5 | | 10 | 15 |
| 20 | കോട്ടപ്പറമ്പ് | 29 | 22 | 10 | | 10 | 15 |
| 21 | തുളിശ്ശേരി | 20 | 10 | 10 | | 10 | 15 |
| 22 | പാലപ്പറമ്പ് IHDP | 34 | | | | 8 | 15 |
| 23 | ചെറിയതടപ്പറമ്പ് IHDP | 68 | 62 | 6 | | 26 | 50 |
| 24 | മുച്ചിക്കൽ | 37 | 16 | | | 22 | 20 |
| 25 | മുക്കണ്ണൻചോല | 40 | 20 | 20 | | 20 | 25 |
| 26 | മാനീരി | 50 | 30 | 20 | | 20 | 25 |
| 27 | ചോലക്കുന്ന്വിളയിൽ | 11 | 6 | 5 | | 8 | 8 |
| 28 | കുണ്ടുമണ്ണിൽ | 10 | 3 | 7 | | 8 | 15 |
| 29 | എരുമത്തടം | 14 | 11 | 3 | 8 | 6 | 6 |
| 30 | പള്ളിക്കുന്നത്ത് | 24 | 14 | 10 | | 10 | 15 |
| 31 | നൈലാംപറമ്പ് | 30 | 5 | 25 | | 25 | 25 |
| 32 | തലോളിൽപുറായ് | | 15 | 5 | 10 | 10 | 15 |
| 33 | പുളിയാരംകുന്ന് | 11 | | | | | |
| 34 | മണ്ണാരക്കൽ | 11 | | | | | |
| 35 | കോഴിക്കോടൻമുച്ചി | 16 | | | | 10 | 10 |

**പട്ടിക -3**

| ക്രമ നമ്പർ | കോളനിയുടെ പേര് | ഗതാഗത യോഗ്യം | ഗതാഗത യോഗ്യമല്ല | ഉണ്ട് | ഇല്ല | കിണർ ഉണ്ട് | കിണർ ഇല്ല | അംഗൻ വാടി | പൊതുകക്കൂസ് ഇല്ല |
|---|---|---|---|---|---|---|---|---|---|
| 1. | മുട്ടിക്കലൊടി | | | | | | | | |
| 2. | വലിയഞ്ചീരി പുറായ് | | | | | | | | |
| 3 | തിരുവാച്ചോല | | | | | 1 | | | |
| 4 | പാലപറമ്പ് | | | | | 3 | | | |
| 5 | ചോലക്കുന്നുവിളയിൽ | | | | | | | | |
| 6 | കുണ്ടുമണ്ണിൽ | | | | | | | | |

| | | |
|---|---|---|
| 7 | ചൂരപ്ര | |
| 8 | കാളക്കണ്ടിയിൽ | |
| 9 | നടുലവീട്ടിൽ | |
| 10 | പരതക്കാട് | 1 |
| 11 | കോട്ടപ്പറമ്പ് | |
| 12 | തുളിശ്ശേരി | |
| 13 | മൂച്ചിക്കൽ | |
| 14 | മാനീരി | 2 |
| 15 | എരുമത്തടം | |
| 16 | പള്ളിക്കുന്ന് | |
| 17 | മുക്കണ്ണൻചോല | |
| 18 | ചെറിയതടപ്പറമ്പ് | 1 |
| 19 | മെയ്ച്ചീരി | |
| 20 | മേത്തലിയിൽ | 2 |
| 21 | പള്ളിക്കുന്നത്ത് | 1+1 |
| 22 | തീണ്ടപ്പാറ | 4 |
| 23 | കൊളമ്പലം | |
| 24 | കാനക്കോട് | |
| 25 | ഏലാതൊടി | 1 |
| 26 | ചോലയിൽപുറായ | |
| 27 | അമിനങ്ങാട്ടുചാലിൽ | |
| 28 | പള്ളിപ്പുറായ് | 1 |
| 29 | കിഴക്കേപറമ്പിൽ | |
| 30 | പുളിക്കലക്കണ്ടി | |
| 31 | മൈലാമ്പ്ര | |
| 32 | തലോളിൽ പുറായ് | 1 |
| 33 | പുളിയാരംകുന്ന് | |
| 34 | മണ്ണാറരക്കൽ | |
| 35 | കോഴിക്കോടൻമൂച്ചി | |

| പട്ടിക - 4 | | | |
|---|---|---|---|
| ക്രമനമ്പർ | വാർഡ് | ആവശ്യമുള്ള വീട് | കക്കൂസ് |
| 1 | I | 40 | 60 |
| 2 | II | 65 | 94 |
| 3 | III | 45 | 55 |
| 4 | IV | 15 | 30 |
| 5 | V | 28 | 40 |
| 6 | VI | 50 | 30 |
| 7 | VII | 20 | 20 |
| 8 | VIII | 20 | 20 |
| 9 | IX | 18 | 20 |
| 10 | X | 25 | 30 |
| 11 | XI | 41 | 62 |
| 12 | XII | 20 | 20 |
| 13 | XIII | 28 | 35 |
| 14 | XIV | 40 | 40 |
| 15 | XV | 45 | 65 |

NB: വാർഡ് തിരിച്ച് ആവശ്യമുള്ള വീടുകളും കക്കൂസുകളും 35 അംഗീകൃത കോളനികളും സെറ്റിൽമെന്റ് കോളനികളും ഒറ്റപ്പെട്ട കുടുംബങ്ങളും അടക്കം.

# വിഭവ സമാഹരണം

വിസ്തൃതിയിലും ജനസംഖ്യയിലും മുന്നോക്കം നിൽക്കുന്ന ചീക്കോട് പഞ്ചായത്ത് സാമ്പത്തിക രംഗത്ത് വളരെ പിന്നിലാണ്. കെട്ടിട നികുതി, തൊഴിൽ നികുതി,വിനോദ നികുതി തുടങ്ങിയവയല്ലാതെ കാര്യമായ വരുമാന മാർഗ്ഗങ്ങളൊന്നുമില്ല.

വ്യാവസായിക രംഗത്ത് ആശാവഹമായ ഒരു പുരോഗതിയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വ്യാവസായിക രംഗത്തെ വിഭവ സമാഹരണത്തിന് ധാരാളം സാധ്യതകൾ കണ്ടെത്താൻ കഴിയും. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്താൽ ഈ രംഗത്തേക്ക് കടന്നു വരാൻ തല്പരായവർ ഈ പഞ്ചായത്തിലുണ്ട്. വൈദ്യുതി,വെള്ളം, റോഡ് തുടങ്ങിയ സൗകര്യങ്ങൾ ലഭിക്കുന്ന മിനിവ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാൻ പറ്റിയ സ്ഥലങ്ങൾ ഗ്രാമസഭാറിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തി അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി വ്യവസായ പ്ളോട്ടുകൾ നിർമ്മിച്ചാൽ ഈ രംഗത്തെ മാന്ദ്യം അവസാനിപ്പിക്കുന്നതിനും അതുവഴി സാമ്പത്തികനേട്ടത്തിനും സാധിക്കും. അടുത്ത കാലത്തായി ഓമാനൂരിൽ സംഘടിപ്പിച്ച വ്യവസായ സെമിനാർ ധാരാളം വ്യവസായ സംരംഭകരെ ആകർഷിച്ചിട്ടുണ്ട്. പണംമുടക്കാൻ തല്പരരായ ഗൾഫ്മേഖലയിൽ പ്രവർത്തിക്കുന്ന തദ്ദേശീയരും നമ്മുടെ പഞ്ചായത്തിലുണ്ട്.

കാർഷികരംഗത്തെ മുരടിപ്പ് ഇവിടത്തെ സാമ്പത്തിക മേഖലയെ വളരെയേറെ ബാധിച്ചിട്ടുണ്ട്. കൃഷിനിലങ്ങൾ താമസ പറമ്പുകളായും മറ്റുകാർഷികേതര സ്ഥലങ്ങളായും മാറിയിരിക്കുന്നു. ചെയ്യുന്ന കൃഷികൾ തന്നെ ലാഭകരമാക്കുന്നതിനോ നവീന കൃഷി സമ്പ്രദായം ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനോ കർഷകർ മുതിരുന്നില്ല. കർഷകർക്ക് സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റി യഥാസമയം അറിവ് കൊടുക്കുകയും യഥാർത്ഥ കർഷകർക്ക് അർഹമായ പ്രോത്സാഹനം കൊടുക്കുകയും ചെയ്യുന്നതിലൂടെ ഒരളവുവരെ ഈ രംഗത്തെ ജീർണ്ണത അവസാനിപ്പിക്കാൻ കഴിയും.

നികുതികൾ, ലൈസൻസ് ഫീ മുതലായ പഞ്ചായത്തിന്റെ വരുമാന മാർഗങ്ങൾ യഥാസമയം പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. കെട്ടിട നികുതികൾ ചുമത്തുന്നത് കെട്ടിടത്തിന്റെ സാമ്പത്തിക നിലക്കനുസരിച്ചും മറ്റു സൗകര്യങ്ങൾ കണക്കിലെടുത്തുമായിരിക്കണം. കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ മിനിമം നികുതി ഏർപ്പെടുത്താവുന്നതാണ്. നിലങ്ങൾ മണ്ണിട്ട് നികത്തി വീടുണ്ടാക്കുന്നവരിൽ നിന്നും കൂടുതൽ തുക നികുതിയായി ഈടാക്കാവുന്നതാണ്. നിലവിലുള്ളതും ബിൽഡിങ്ങ് റൂളിന് വിരുദ്ധമായി സ്ഥാപിച്ചതുമായ കെട്ടിടങ്ങൾക്ക് ആവശ്യമായ പിഴചുമത്തി നിയമവിധേയമാക്കി നികുതികൾ ചുമത്തുന്നതിനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ വേണ്ടതാണ്. ചാർട്ട് 1 ൽ വരുമാന വ്യതിയാനം കൊടുക്കുന്നു.

## മറ്റുധനാഗമമാർഗ്ഗങ്ങൾ

1. കരിങ്കൽ ക്വാറികൾ, ചെങ്കൽ ക്വാറികൾ എന്നിവ പഞ്ചായത്തിലെ മുഖ്യനിർമ്മാണ സാമ

| ചാർട്ട് 1 | | | |
|---|---|---|---|
| | വർഷം | | |
| ഇനവിവരം | 93–94 | 94–95 | 95–96 |
| തനത്‌വരുമാനം | 85,000 | 1,45,000 | 1,97,000 |
| കെട്ടിടനികുതി | 85,458 | 92,455 | 1,00,500 |
| വിനോദനികുതി | 49,474 | 62,088 | 73,200 |
| തൊഴിൽനികുതി | 79,970 | 88,000 | 90,220 |
| ഉപാധിരഹിതഫണ്ട് | 1,48,400 | 1,97,372 | 2,00,500 |
| എസ്.സി.പി | 71,400 | 94,962 | 1,14,500 |
| ജെ.ആർ.വൈ | 7,06,610 | 3,57,606 | 3,86,931 |
| ഗ്രാന്റ്+സംഭാവന | 4,03,945 | 6,58,545 | 6,08,829 |
| | ചെലവ് | | |
| അസ്റ്റാബ്ളിഷ്മെന്റ് | 3,12,000 | 3,45,000 | 4,21,195 |

ഗ്രികളുടെ കേന്ദ്രങ്ങളാണ്. ഈ വ്യവസായം നടത്തുന്നതിന് മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് ഏർപ്പെടുത്തിയ നികുതി ഈടാക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുക.

2. കടവ് ലേലം വകയിൽ പഞ്ചായത്തിന് കഴിഞ്ഞവർഷം ലഭിച്ച വരുമാനം കേവലം 11525രൂപയാണ്. നെല്ലാര് കടവിൽ നിന്ന് മാത്രമാണ് ഇപ്പോൾ വരുമാനമുള്ളത്. പൂങ്കുടി മുതൽ ഇരട്ടമുഴിവരെയുള്ള 5കെ.മീ.ദൂരത്തിൽ ചാലിയാറിൽ മറ്റു ഭാഗങ്ങളിൽ കടവുകൾ ഏർപ്പെടുത്താവുന്നതാണ്.

3. മണൽ വാരൽ ലേലംചെയ്യാനും പണം ഈടാക്കാനുമുള്ള അധികാരം മുമ്പത്തെപോലെ പഞ്ചായത്തുകൾക്ക് തന്നെ നൽകേണ്ടതാണ്.

4. സ്റ്റാമ്പ് ഡ്യൂട്ടി, വി.ടി.സി ഇനങ്ങളിലെ മുഴുവൻ തുകയും യഥാസമയം പഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്.

5. പഞ്ചായത്തതിർക്കുള്ളിലെ പി.ഡബ്ളിയു.ഡി റോഡുകൾ ഉൾപെടുയുള്ള പൊതുറോഡുകൾ സ്ഥലങ്ങൾ എന്നിവയിലെ നാണ്യവിളകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നുമുള്ള വരുമാനങ്ങൾ പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

6. ഇപ്പോൾ സർക്കാർ സർവ്വീസിലുള്ളവരിൽ നിന്നു മാത്രമെ നികുതി ഈടാക്കുന്നുള്ളൂ. മറ്റ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൽ ഉൾപ്പെടുത്തി അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

7. പഞ്ചായത്തിലെ വാഹനഉടമകളിൽ നിന്നും വാഹന നികുതി ഈടാക്കാവുന്നതാണ്.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ ഇപ്പോൾ പഞ്ചായത്തിന് കിട്ടുന്ന വരുമാനം എടവണ്ണപ്പാറയിൽ പ്രവർത്തിക്കുന്ന ഒരു സിനിമാതിയേറ്ററിൽ നിന്നു മാത്രമാണ്. ഫലപ്രദമായ നടപടിയിലൂടെ ഈ ഇനത്തിൽ നിന്നും കിട്ടുന്ന വരുമാനം വർദ്ധിപ്പിക്കാൻ നോക്കേണ്ടതാണ്.

ചീക്കോടിന്റെ റാണി എന്ന് വിശേഷിപ്പിക്കാവുന്ന ചാലിയാറിൽ ബോട്ട്സവാരികളും വള്ളംകളികളും സംഘടിപ്പിക്കാവുന്നതാണ്. ടൂറിസ്റ്റികളെപ്പോലും ആകർഷിപ്പിക്കാവുന്ന വിനോദസംരംഭങ്ങൾ ചാലിയാറിനെ ഉൾപ്പെടുത്തി ആവിഷ്കരിക്കാവുന്നതാണ്.

എടവണ്ണപ്പാറയിലെ പഞ്ചായത്തതിർത്ഥിയിലുള്ള ഗ്രാമചന്തവികസിപ്പിക്കുകയും കാലിചന്ത ആരംഭിക്കുകയും ചെയ്ത് വരുമാനം കണ്ടെത്താവുന്നതാണ്. ഇവിടെ ഒരു അറവ് ശാലയും നിർമ്മിക്കാവുന്നതുമാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒന്നോരണ്ടോ സ്ഥലങ്ങളിൽ ഷോപ്പിങ്ങ് കോംപ്ളക്സ് നിർമ്മിക്കാവുന്നതും വാടകക്ക് കൊടുക്കാവുന്ന ഓഡിറ്റോറിയം കല്ല്യണമണ്ഡപം എന്നിവ നിർമ്മിച്ചു വരുമാനം കണ്ടെത്താവുന്നതാണ്.

## ചിലവുകൾ

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ ഇരുപത് ശതമാനവും ചിലവഴിക്കുന്നത് ഭരണ ചിലവുകൾക്കാണ്. ഇത് ചുരുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. റോഡുകളുടെ അറ്റകുറ്റപണികൾക്ക് ചിലവഴിക്കുന്ന തുകക്ക് അർഹിക്കുന്ന പ്രയോജനം കിട്ടുന്നില്ല. മഴക്കാലം തുടങ്ങുന്നതിന് മുമ്പ് കാവച്ചാലുകൾ നന്നാക്കി റോഡുകളുടെ സംരക്ഷണം ഉറപ്പ് വരുത്തേണ്ടതാണ്. റോഡ് നിർമ്മാണത്തിന് ലഭിക്കുന്ന ഫണ്ടുകൾ

മൊത്തം വാർഡുകളിൽ അല്പാല്പം വീതിക്കുന്നതിന്ന് പകരം ഏതെങ്കിലും പ്രധാനപ്പെട്ട ഒരു റോഡ് തിരഞ്ഞെടുത്ത് പൂർണ്ണമായും പൂർത്തീകരിക്കുന്ന സംവിധാനമാണ് അഭികാമ്യം

തെരുവ് വിളക്കുകൾ സ്ഥാപിച്ച വകയിൽ മാസം തോറും ഭീമമായ സംഖ്യപഞ്ചായത്തിന് ചിലവ് വരുന്നുണ്ട്. എന്നാൽ മിക്ക ബൾബുകളും കത്താത്ത അവസ്ഥയാണ്. കത്താത്ത ബൾബുകൾ കത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക വഴി ഈ വകയിൽ പോകുന്ന പാഴ്ച്ചിലവുകൾ ഒഴിവാക്കാൻ കഴിയൂ.

13ാം വാർഡിലെ പള്ളിക്കുന്നിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കിൽ നിന്നും പൈപ്പ് വഴി വടക്കെപറമ്പ് റോഡ് സൈഡിലും തനിയാംപുറം റോഡ് സൈഡിലും സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാപ്പിൽ വളരെ തുച്ഛമായ എണ്ണം മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. പ്രവർത്തനയോഗ്യമല്ലാത്ത ടാപ്പുകൾ റിപ്പയർ ചെയ്ത് കുടിവെള്ളം ലഭ്യമാക്കിയാലേ ആയിനത്തിൽ വരുന്ന ചിലവുകൾക്ക് ന്യായീകരണം കണ്ടെത്താൻ കഴിയുകയുള്ളൂ. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ടാങ്ക് ഉയർത്തിയാൽ ഈ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ലൈനുകളിൽ സദാസമയം ശുദ്ധജലം എത്തുകയും ചെയ്യും.

പഞ്ചായത്തിലെ ദരിദ്രരുടെ ഉന്നമനം ലക്ഷ്യംവെച്ച് വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്നും മറ്റും നൽകി വരുന്ന സാമ്പത്തിക സഹായം യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനായി അഭിപ്രായമില്ല.

## മനുഷ്യ വിഭവം

കാര്യമായ സന്നദ്ധസംഘടനകളോ, ക്ലബ്ബുകളോ പ്രവർത്തിക്കുന്നില്ലെങ്കിലും ശരിയായ ബോധവൽക്കരണം നടത്തിയാൽ ഒരു വൻ നിരയെ സന്നദ്ധസേവന രംഗത്ത് അണിനിരത്താൻ കഴിയും എന്ന് വാർഡ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇങ്ങിനെയുള്ള സന്നദ്ധ സംഘടനകൾ അവരവരുടെ വാർഡുകളിലെ റോഡ് അറ്റകുറ്റപണികളും നടപ്പാത നിർമ്മിക്കലും ശ്രമദാനത്തിലൂടെ ചെയ്യാവുന്നതാണ്. സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഫ്രീ ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയും മറ്റും ഇത്തരക്കാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പൊതുജനാരോഗ്യരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്ന നിലക്ക് പരിസരശുചീകരണത്തിൽ ഈ വിഭാഗത്തിന് പ്രത്യേക സംഭാവന ചെയ്യാൻ കഴിയും. പഞ്ചായത്തിലെ റോഡ് റിപ്പയർ കുളം, തോട്, പാലം തുടങ്ങിയ നിർമ്മാണ പ്രവർത്തികൾ ഇത്തരം സന്നദ്ധസേവാസംഘങ്ങൾക്ക് ഏറ്റെടുത്ത് നടത്തുന്ന പക്ഷം കരാർ ഇനത്തിൽ നഷ്ടമാകുന്ന വൻ ചോർച്ച ഒരളവോളം ഇല്ലാതാക്കാൻ കഴിയും. യുവാക്കളിൽ രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ആവശ്യഘട്ടങ്ങളിൽ രക്ത ദാനം നടത്തുന്നതിന് പ്രോത്സാഹനം നൽകുക, റോഡ് അരികിൽ മരങ്ങൾ വെച്ച്പിടിപ്പിക്കുക. തുടങ്ങിയ സന്നദ്ധപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനെക്കുറിച്ചും വാർഡ് കമ്മിറ്റികളിൽ ചർച്ച വന്നിട്ടുണ്ട്.

മനുഷ്യവിഭവത്തിന്റെ ഉദാത്തമാതൃകയായിരുന്ന പരതക്കാട്ടെ കുഞ്ഞാലൻ മൊല്ലാക്കയുടെ ഈ രംഗത്തുള്ള പ്രവർത്തനം യുവാക്കൾക്കും സന്നദ്ധസംഘടനകൾക്കും മാർഗദീപമായി നിലനിൽക്കുന്നു.

# വികസനരേഖതയ്യാറാക്കിയ മുഖ്യസംഘം



ചെയർമാൻ
കെ.ബീരാൻഹാജി



കൺവീനർ
കെ.എ. സഗീർ

കെ.സി. കെ.തങ്ങൾ

അബ്ദുള്ളവാവൂർ

കെ.എം. മണിരഥൻ

ടി.മരക്കാരുട്ടി

കെ.പി. അബൂബക്കർ

കെ.കെ.ഹസ്സൻകുട്ടി

പി.എ.മുഹമ്മദ്കുട്ടി

പി.എ. അബ്ദുൾഅലി

എ.കെ. ബാലസുബ്രഹ്മണ്യൻ

ടി.പുഷ്പവല്ലി

സി.ഇന്ദിര

കെ. ഫുസാലൂല

ഇ.കെ. മൂസ്സ

സി. സുരേഷ്‌രാജൻ

കെ.പി. ഖാദർ

കെ.പി. സൈതാലിക്കുട്ടി

കെ.സി.ഗോപിനാഥൻ

കെ.പി.അലവിക്കുട്ടി

എം.പി. ഖദീജ

പി.ടി.ആസ്യ

ഡി.ടി മൂസ്സക്കുട്ടി

കെ.പി.മുഹമ്മദാജി

സി.സുബരായൻ

പി.സുരേഷ്

എ.കെ.ഖദീജ

എ. ചിത്രാംഗദൻ

സി.അച്ചുതൻ

ബി.പി. അച്ചുതൻ

സി.അബ്ദുറഹിമാൻ

ടി.പി. മൊയ്തീൻകുട്ടി

വികെ. നാരായണൻകുട്ടി

വി.ടി. ഉണ്ണികൃഷ്ണൻ

രജ്ജിത്

സി. മുഹമ്മദ്

സി.ശ്യാമള.

ഇന്ത്യ ഗ്രാമങ്ങളുട്ടിൽ ജീവിക്കുന്നു.

-മഹാത്മാഗാന്ധി

